
പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്



ജനകീയാസൂത്രണം

സമഗ്ര വികസന റിപ്പോർട്ട്





എന്റെ ജീവിതമാണ് എന്റെ സന്ദേശം

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

പുലാമന്തോൾ ഗ്രാമപഞ്ചായത്ത് വികസന സെമിനാർ

സമഗ്ര വികസന റിപ്പോർട്ട്





എഡിറ്റോറിയൽ ബോർഡ്

കെ.ടി. ഫാത്തിമ സുഹറ
കെ.ടി. നാരായണൻകുട്ടി
കെ. അബുഹാജി
എ. സരോജിനി
പി.പി.കെ. പൊതുവാൾ
കെ.ടി. ജമാൽ
കെ.പി. മുഹമ്മദ്കുട്ടി
ടി. സെയ്തലവിക്കുട്ടി
സി.പി. ചിത്രഭാനു
വേണു പാലൂർ

1. ആമുഖം
2. പഞ്ചായത്ത് പൊതുവിവരണം
3. ചരിത്രം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. സാമൂഹിക സാമ്പത്തിക മേഖലകൾ
   - 5.1 കൃഷിയും, ജലസേചനവും
   - 5.2 മൃഗസംരക്ഷണവും, മത്സ്യബന്ധനവും
   - 5.3 വ്യവസായം
   - 5.4 വിദ്യാഭ്യാസം
   - 5.5 കുടിവെള്ളവും, പൊതുജനാരോഗ്യവും
   - 5.6 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - 5.7 പാർപ്പിടവും, സാമൂഹ്യക്ഷേമവും
   - 5.8 സംസ്കാരം
   - 5.9 വനിത
   - 5.10 സഹകരണം
   - 5.11 പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം
   - 5.12 വിഭവസമാഹാരണം
6. ഉപസംഹാരം

ഭരണ സമിതി



കെ.ടി. ഫാത്തിമ സുഹറ
(പ്രസിഡണ്ട്, പുലാമന്തോൾ ഗ്രാമപഞ്ചായത്ത്)



കെ.ടി. നാരായണൻകുട്ടി
(വൈസ് പ്രസിഡണ്ട്)



കെ. അബുഹാജി
(സ്റ്റാൻറിംഗ്കമ്മിറ്റി ചെയർമാൻ)

മെമ്പർമാർ

പി.കെ. ഉണ്ണികൃഷ്ണപണിക്കർ

പി. വിജയലക്ഷ്മി

പി. ഭാസ്കരൻ

കെ.കെ. ഫൊദ്രോസ്

എ. സരോജിനി

പി. മുഹമ്മദ്കുട്ടി

എം. മൂസ്സാഹാജി

പി.ടി. മൊയ്തീൻ

തങ്കമ്മ കുമാർ

പുലാമന്തോൾ ഗ്രാമപഞ്ചായത്ത്
ഭൂപ്രകൃതി



1. ഉയർന്ന മേഖല
2. കുത്തനെയുള്ള ചെരിവ്
3. ചെറുചെരിവ്
4. താഴ്വര, സമതലം

മുൻ പ്രസിഡണ്ടുമാർ



സി.എം.എസ്. നമ്പൂതിരിപ്പാട്



കെ. അബൂഹാജി



എം. അബ്ദുറഹിമാൻ



ആർ.പി.

കെ.ആർ.പി.മാർ

സലീം കുരുവമ്പലം (ബ്ലോക്ക് കൺവീനർ)
ഗീതാ മാധവൻ
കെ.പി. രമണൻ

ഡി.ആർ.പി.മാർ

കെ. ടി. ജമാൽ
(പഞ്ചായത്ത് കൺവീനർ)
കെ. പി. മുഹമ്മദ് കുട്ടി
വേണു പാലൂർ
എം.വി. സെയ്തലവി
പി. രാമചന്ദ്രൻ
എൻ. പി. മരയ്ക്കാർ
പി.ഡി. സുഭാഷ്
സി.വി. മുരളി
എൻ. മണിലാൽ

വിദഗ്ദ്ധർ

കെ. അബുഹാജി
എൻ. അബുബക്കർ
എം. അബ്ദുറഹിമാൻ
കെ. പി. മുഹമ്മദ് മാസ്റ്റർ
കെ. ഹംസക്കുട്ടി
ഡോ. മുഹമ്മദാലി (മെഡിക്കൽ ഓഫീസർ)
കെ. ഐ. മുഹമ്മദ്കുട്ടി (റിട്ട. കോളെജ് പ്രിൻസിപ്പാൾ)
ടി. സെയ്തലവിക്കുട്ടി
ടി.ജെ. അബ്രഹാം മാസ്റ്റർ
എൻ. യു. സദാനന്ദൻ (കൃഷി ഓഫീസർ)
കെ ഷാനവാസ് B.Tech
എം. ചാത്തൻ
എം.വേണുഗോപാൽ
കെ. സതീഷ്



അധികാരം ജനങ്ങൾക്ക്

- അധികാര വികേന്ദ്രീകരണം വഴി ജനകീയവും ശാസ്ത്രീയവുമായ ഗ്രാമതല ആസൂത്രണം

പുലാമന്തോൾ ഗ്രാമ പഞ്ചായത്ത്

- 9-ാം പദ്ധതി ജനകീയ പദ്ധതി
- 40% പദ്ധതി വിഹിതം പഞ്ചായത്തുകൾക്ക്
- വികസനപ്രക്രിയ ആഴിമതി രഹിതമാകുന്നു
- ബഹുജന സഹകരണം അനിവാര്യം



ആമുഖം

1997

ഏപ്രിൽ മാസത്തോടെ നമ്മുടെ രാജ്യം ഒൻപതാം പഞ്ചവത്സര പദ്ധതിയിലേക്ക് പ്രവേശിക്കുകയാണ്. കഴിഞ്ഞ പദ്ധതി കാലയളവിലുണ്ടായ നേട്ടങ്ങൾ നിലനിർത്തി, കോട്ടങ്ങൾ കണ്ടെത്തി പരിഹരിച്ച് രാജ്യത്തെ ഒരു പുതിയ നൂറ്റാണ്ടിലേക്ക് കൈപിടിച്ചുയർത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ് നാം.

കേരളത്തിൽ ഒൻപതാം പദ്ധതിയുടെ നടത്തിപ്പ് മേല്പറഞ്ഞ ലക്ഷ്യങ്ങളെ മുൻനിർത്തി പുനഃക്രമീകരിച്ചുവരികയാണ്. നാളിതുവരെയുള്ള നമ്മുടെ ആസൂത്രണ പ്രക്രിയയുടെപ്രധാന ദൗർബല്യങ്ങളിൽ ഒന്ന് അതിലുള്ള കേന്ദ്രീകരണ സ്വഭാവമായിരുന്നു. ഗ്രാമങ്ങളുടെ ആസൂത്രിത വികസന പ്രക്രിയയിൽ ജനങ്ങൾക്കോ, ഗ്രാമപഞ്ചായത്തുകൾക്കോ പങ്കുണ്ടായിരുന്നില്ല. ഇതു പരിഹരിക്കുന്നതിനായി സംസ്ഥാന ആസൂത്രണബോർഡ് രൂപീകരിക്കുന്നത് പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. കേന്ദ്ര ആസൂത്രണ കമ്മീഷനേയും, സംസ്ഥാന ഗവർമ്മെന്റിനേയും പൊതുകാഴ്ചപ്പാടനുസരിച്ച് വിവിധ മേഖലകളിൽ നടപ്പാക്കേണ്ടുന്ന പദ്ധതി ആസൂത്രണമാണ് ഇതിൽ ഒന്നാമത്തേത്. രണ്ടാമത്തേതാകട്ടെ, ഇന്ന് ഏറെ ചർച്ച ചെയ്യപ്പെടുന്ന ത്രിതല പഞ്ചായത്ത് തലത്തിലും മുനിസിപ്പാലിറ്റികളിലും നടക്കുന്ന ജനകീയാസൂത്രണ പരിപാടിയാണ്.

അധികാരം ജനങ്ങളിലെത്തിക്കുക എന്നതാണല്ലോ 73-ാം ഭരണഘടനാ ഭേദഗതിയുടെ മുഖ്യലക്ഷ്യം. ഇതിന്റെ ഭാഗമായാണ് 1994 ഏപ്രിൽ 23 ന് കേരള പഞ്ചായത്ത്‌രാജ് നിയമം നിലവിൽവന്നത്. കൂട്ടുത്തിൽ ജനപങ്കാളിത്തം. അതിനനുസൃതമായ അധികാരങ്ങൾ. ത്രിതല പഞ്ചായത്ത് സമിതികൾ എന്നിവ ഈ നിയമത്തിന്റെ മുഖ്യ ലക്ഷ്യങ്ങൾ ആണ്. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി നടക്കുന്ന ജനകീയാസൂത്രണ പരിപാടിയിൽ നമ്മുടെ പഞ്ചായത്തും ഭാഗഭാക്കാവുകയാണ്. ഇതിനായി സംസ്ഥാന ആസൂത്രണബോർഡ് തയ്യാറാക്കിയ സമയബന്ധിത പരിപാടി ഏറെക്കുറെ കിടയായി പാലിക്കുന്നതിന് നമുക്ക് കഴിഞ്ഞിട്ടുണ്ട്. ആദ്യഘട്ട പരിശീലന പരിപാടിയിൽ നിർദ്ദേശാനുസൃതം പ്രവർത്തകരെ നാം പങ്കെടുപ്പിച്ചിട്ടുണ്ട്. കേരള പഞ്ചായത്ത്‌രാജ് നിയമത്തിലെ രണ്ടാം അദ്ധ്യായംവകുപ്പ് 31 വിഭാവനം ചെയ്യുന്ന ഗ്രാമസഭാ യോഗങ്ങൾ വഴിയുള്ള ജനപങ്കാളിത്തത്തോടെ സജീവമായി നടത്താൻ നമുക്ക് സാധിച്ചിട്ടുണ്ട്.

ഈ ഗ്രാമസഭായോഗങ്ങളിൽ നടന്ന ചർച്ചകളും, ഉയർന്നുവന്ന നിർദ്ദേശങ്ങളും കൂടുതൽ വിശദമായി ചർച്ചചെയ്യുന്നതിനുവേണ്ടിയാണ് ഗ്രാമപഞ്ചായത്ത് തല വികസന സെമിനാർ സംഘടിപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുള്ളത്. മുൻഗണനാ മേഖലകളിലെ മൂർത്തമായ പ്രശ്നങ്ങൾ സെമിനാറിനു മുൻപായെ സമർപ്പിക്കേണ്ടതായിട്ടുണ്ട്. അതിന്റെ ഭാഗമായാണ്ഈ വികസന നിപ്പോർട്ട് നിങ്ങളുടെ കൈകളിൽ എത്തുന്നത്. ഇതൊരു നിപ്പോർട്ട് മാത്രമാണ് വികസന പദ്ധതിയെന്നു പ്രത്യേകം ഓർമ്മിപ്പിക്കട്ടെ, അനുഭവസമ്പന്നരായ നിങ്ങളാണ്ഇതിനെ പൂർണ്ണമാക്കേണ്ടത്.

പഞ്ചായത്ത് നിലവിൽവന്നശേഷം ഭരണപരമായ അനിവാര്യതകളിൽ യാതൊരു മാറ്റവും വന്നിട്ടില്ല. പഞ്ചായത്തിൽ നിലവിലുള്ള സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ അനുബന്ധത്തിൽ പ്രതിപാദിച്ചിട്ടുണ്ട്. പഞ്ചായത്തിന്റെ നിലവിലുള്ള വിഭവസമാഹരണരീതിയും, ചെലവഴിക്കൽ രീതിയും ഇതുസംബന്ധിച്ച ഭാഗത്ത് ചേർത്തിട്ടുണ്ട്.

ഈ വസ്തുതകളെ മുൻനിർത്തിവേണം വികസന രേഖയെ സമീപിക്കാൻ.

സ്വാതന്ത്ര്യസമരത്തിന്റെ ചരിത്രത്തിൽ നടക്കുന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു കാൽവെപ്പിനാണ്തുടക്കം കുറിക്കുകയാണ് നമ്മൾ. ദേശമായി വർത്തിക്കുന്ന അധികാരം അധികാരമില്ല എന്ന ഗാന്ധിജിയുടെ വാക്കുകൾക്ക് പ്രസക്തി ഏറിവരുന്നു. ജനാഭിലാഷങ്ങളുടെ സാക്ഷാത്കാരത്തിന് ചിന്തിക്കേണ്ടതും പ്രവർത്തിക്കേണ്ടതും ജനങ്ങൾതന്നെയാണ്. ആസൂത്രണം ഗ്രാമതലത്തിൽനിന്നും ആരംഭിക്കണമെന്ന് ഗാന്ധിജി നിഷ്കർഷിച്ചതിനു കാരണവും മറ്റൊന്നല്ല. അവകാശങ്ങളെപ്പോലെ കടമകളെ കുറിച്ചും നാം ബോധവാന്മാരായേ പറ്റൂ. അതിനുള്ള ഒരു ചെറിയ തുടക്കം കുറിക്കാൻ ഈ സെമിനാറിനു കഴിയട്ടെ.

പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്		-	പുലാമന്തോൾ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ		-	1. പുലാമന്തോൾ 2. കുരുവമ്പലം
ബ്ലോക്ക് പഞ്ചായത്ത്		-	മങ്കട
താലൂക്ക്		-	പെരിന്തൽമണ്ണ
അസംബ്ലി മണ്ഡലം		-	മങ്കട
ബ്ലോക്ക് ഡിവിഷൻ		-	പുലാമന്തോൾ, കുരുവമ്പലം
പാർലമെൻറ് മണ്ഡലം		-	പൊന്നാനി
വിസ്തീർണ്ണം		-	32.15 ച. കീ.മീ.
അതിരുകൾ	വടക്ക്	-	പുഴക്കാട്ടിരി ഗ്രാമപഞ്ചായത്ത്, അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്ത്
	തെക്ക്	-	കുലുക്കല്ലൂർ ഗ്രാമപഞ്ചായത്ത്, വിളയൂർ ഗ്രാമപഞ്ചായത്ത്
	കിഴക്ക്	-	ഏലങ്കുളം ഗ്രാമപഞ്ചായത്ത്
	പടിഞ്ഞാറ്	-	മൂർക്കനാട് ഗ്രാമപഞ്ചായത്ത്
	ജനസംഖ്യ	-	29603
	സ്ത്രീകൾ	-	15447
	പുരുഷൻമാർ	-	14156
	ജനസാന്ദ്രത	-	920.8
	സാക്ഷരർ	-	21463
	വാർഡുകൾ	-	12
പ്രസിഡണ്ട്		-	കെ.ടി. ഫാത്തിമ സുഹ്റ
വൈസ് പ്രസിഡണ്ട്		-	കെ.ടി. നാരായണൻകുട്ടി
സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ		-	കെ. അബുഹാജി

ചരിത്രം

ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴയുടെ വടക്കേതീരത്ത് സമതലങ്ങളുംചെറിയ മലനിരകളും അടങ്ങിയതാണ് പുലാമന്തോൾ. ജലസമ്പത്ത് കൊണ്ടും, ഫലഭൂയിഷ്ഠത കൊണ്ടും സമ്പന്നമായ ഈ നദീതീരത്ത് പഴയ മനുഷ്യ സംസ്ക്കാരങ്ങളുടെ ചരിത്രമുണ്ട്.

ചരിത്രത്തിന് ഒരു ശാപമുണ്ട്. കാലപ്രവാഹത്തിൽ ചരിത്രപുരുഷൻമാർ വിസ്മരിക്കപ്പെടുകയും, സ്ഥാപിത താൽപര്യക്കാരുടെ കരങ്ങളിൽപെട്ട് സത്യം വിസ്മൃതമാവുകയും ചെയ്യുന്ന ദുരവസ്ഥ.

യഥാർത്ഥ ചരിത്രം അൽപം വയോവൃദ്ധരിൽ മാത്രമായി ചുരുങ്ങുന്നു. അവർ കാലക്രമത്തിൽ മറയുമ്പോൾ സത്യംപൂർണ്ണമായും കുഴിച്ചുമൂടപ്പെടുന്നു. പുതിയ തലമുറയിലെ ചരിത്രാന്വേഷികൾ ലഭിക്കുന്നത് വികലമായ ചരിത്രമായിരിക്കും. ഈ വസ്തുതയുടെ പശ്ചാത്തലത്തിൽ ഈ ചരിത്രാന്വേഷണത്തിന് വന്ദ്യവയോധികരായ വ്യക്തികളുടെ മൊഴികളും ചില പുസ്തകങ്ങളിലെ പരാമർശങ്ങളും ആണ് ആധാരമായി സ്വീകരിച്ചിട്ടുള്ളത്.

തെക്കേ മലബാറിലെ വള്ളുവക്കോനാതിരിയുടെ വെള്ളാട്ടിരി അഥവാ ആദിവള്ളുവനാടിലും പിന്നീട് മൈസൂർ അധിനിവേശത്തിലും ഉൾപ്പെട്ട 26 അംശങ്ങളിൽ കുരുവമ്പലവും, പുലാമന്തോളും ഉൾപ്പെട്ടിരുന്നു (മലബാർ മാന്വൽ - പേജ് 706, 707).

ബ്രിട്ടീഷ് ഇന്ത്യയിലെ മറ്റ് പ്രദേശങ്ങൾക്കുണ്ടായിരുന്ന പൊതുസാമൂഹ്യചുറ്റുപാടുകൾ പുലാമന്തോളിന്റെ ചരിത്രത്തേയും സ്വാധീനിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ പ്രബലസമുദായമായ മുസ്ലീകളും, ഹിന്ദുക്കളിൽ ബഹുഭൂരിപക്ഷം വരുന്ന പട്ടികജാതിക്കാരും,പിന്നോക്ക സമുദായങ്ങളും പട്ടിണിപ്പാവങ്ങളായ കുടിയാൻമാരോ, കൃഷിത്തൊഴിലാളികളോ ആയിരുന്നു. ഇവരെ പിഴിഞ്ഞ് ജീവിച്ചിരുന്ന ജാതിയിലും സമ്പന്നതയിലും മുൻപന്തിയിൽ നിന്നിരുന്ന ചില ജൻമി കുടുംബങ്ങളുടെ കയ്യിലായിരുന്നു എല്ലാ അധികാരങ്ങളും. ബ്രിട്ടീഷ് അധികാരികളുമായി ചങ്ങാത്തത്തിലായിരുന്ന അവർ കാട്ടിക്കൂട്ടിയ പേക്കൂത്തുകളുടേയും വീഴ്ത്തിയ രക്തത്തിന്റേയും എഴുതപ്പെടാത്ത കഥകൾ വളരെ ബുദ്ധിപൂർവ്വം വിസ്മരിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ മിന്നലാട്ടങ്ങൾ ചെറുകാടിന്റെ ജീവിതപ്രാത തുടങ്ങിയ രചനകളിൽ മാത്രമാണ് അവശേഷിക്കുന്നത്. ജീവിതത്തിന്റെ എല്ലാ ദുരിതങ്ങളുംപേറി മണ്ണുമായി മല്ലടിച്ച ഒരു മഹാഭൂരിപക്ഷത്തിന്റെ സംസ്ക്കാരവും കലകളും വിസ്മൃതമാവുകയും നേരംപോക്കിനും അനുഷ്ഠാനങ്ങൾക്കും വേണ്ടി സംരക്ഷിക്കപ്പെട്ടവമാത്രം ചരിത്രത്താളുകളിൽ കയറിപ്പറ്റുകയും ചെയ്യുന്ന വിധിവൈപരീത്യം ചരിത്രത്തിന്റെ പ്രത്യേകതയാണ്.

പുരാതന കേരളീയ ചരിത്രത്തിലെ മുഖ്യഘടകം കൃഷിയാണല്ലോ. കാർഷിക വ്യവസ്ഥിതിയെപ്പറ്റി മില്യം ലോഗൻ വിശദമായി പ്രസ്താവിക്കുന്നുണ്ട്. യഥാർത്ഥ കൃഷിക്കാരനിൽ നിന്ന് കാണാം. പാട്ടം, മിച്ചവാരം തുടങ്ങിയവ പിരിച്ചെടുക്കുന്ന ഭൂജൻമിക്ക്നികുതി ഏർപ്പെടുത്തിയത് കാർഷിക ചരിത്രത്തിൽ മൈസൂർ ഭരണം ഏർപ്പെടുത്തിയ മാറ്റമായിരുന്നു. പിന്നീട് 1793 ഒക്ടോബർ 28 ന് ബ്രിട്ടീഷുകാർ നടപ്പിലാക്കിയ ജൻമി - കുടിയാൻ പുനഃസംഘടനയും 1803 ൽ ജില്ലാകളക്ടർ മേജർ മക്ലിയോഡ് നടപ്പിലാക്കിയ ഭൂനികുതി പുനഃസംഘടനയും മലബാറിൽ ആകെ കലാപങ്ങൾക്ക് കാരണമായി. ഇവ ആദ്യകാലത്തെ മാപ്പിളകലാപങ്ങൾ എന്ന പേരിലറിയപ്പെടുന്നു. (മലബാർ മാന്വൽ - 663, 665). 1857 ൽ ഈ അതിക്രമങ്ങളെക്കുറിച്ചന്വേഷിച്ച മിസ്റ്റർ സ്ട്രെയിഞ്ച് കമ്മീഷൻ റിപ്പോർട്ട് ചെയ്യുന്നത് എല്ലാ അതിക്രമങ്ങളുടേയും അന്തഃപ്രേരണ കൃഷിഭൂമിയിൽ നിന്ന് ജൻമിമാർ മാപ്പിളകൃഷിക്കാരെ അന്യായമായി ഒഴിപ്പിക്കുകയും ദ്രോഹിക്കുകയും ചെയ്യുന്നതിലുള്ള അമർഷവും പ്രതികാരവും ആണെന്നാണ്. (മലബാർ മാന്വൽ - പേജ് 667). ഭൂനികുതി, ക്രയവിക്രയ സമ്പ്രദായം, ജൻമി -കുടിയാൻ ബന്ധം എന്നിവയിൽ ചെറിയ ചെറിയ മാറ്റങ്ങൾ പിന്നീടുണ്ടായെ

ങ്കിലും അടിസ്ഥാന വർഗ്ഗത്തിന്റെ ജീവിത കഷ്ടപ്പാടുകൾ നിലനിന്നതിനാൽ അസ്വാസ്ഥ്യങ്ങൾ തുടർന്നു. 1921 ൽ നടന്ന വാഗൺ ട്രാജഡിയാണ്പിന്നീട് എടുത്തുപറയാവുന്ന ഒരു ചരിത്രസംഭവം. മനുഷ്യസംസ്ക്കാരത്തിനുനേരെ കൊഞ്ഞനം കുത്തുന്ന നരമേധത്തിന്റെ കഥ. ജാലിയൻവാലാബാഗ് നൽകിയത് ക്ഷണ മരണമായിരുന്നെങ്കിൽ മണിക്കൂറുകളിൽ നിന്ന് ദിവസങ്ങളിലേക്ക് നീളുന്ന, ഇഞ്ചിഞ്ചായികൊല്ലുന്ന പരീക്ഷണം. ചരിത്രത്തിൽ തുല്യതയില്ലാത്ത ക്രൂരതയുടെ അരങ്ങേറ്റം. വെളിച്ചം കയറാത്ത ഇരുട്ടറയിൽ കടിച്ചുകീറപ്പെട്ട, വാർന്നൊലിക്കുന്ന സഹോദരന്റെ രക്തം കുടിച്ച്ദാഹം തീർക്കാൻ വിധിക്കപ്പെട്ടവർ. തിരൂരിൽ നിന്ന് കോയമ്പത്തൂരിലേക്ക് പോകുന്ന എം.എസ്. റെയിൽവേയുടെ 77 -ാം നമ്പർ വണ്ടിയിൽ ചരക്ക്കയറ്റാൻ കൊളുത്തിയ 1711നമ്പർ വാഗൺ കാറ്റ്കടക്കാത്ത ഈ ഇരുമ്പുവാഗണിൽ കുത്തിനിറക്കപ്പെട്ടവർ. ഹിച്ച്കോക്ക് പോലീസിന്റെ മർദ്ദനത്തിൽ പാതിജീവൻ പോയ യുവാക്കളായ നൂറോളം മനുഷ്യർ! അലറിപ്പായുന്ന തീവണ്ടിക്കൊപ്പം ശ്വാസംമുട്ടി മരിക്കുന്ന പച്ചമനുഷ്യന്റെ ദീനരോദനം. 1921 നവ. 20 ന് കോയമ്പത്തൂരിൽ എത്തിയ വാഗൺ തുറന്നപ്പോൾ 3 ഹിന്ദു സഹോദരൻമാരടക്കം 56 പേർ മരിച്ചിരുന്നു. ശ്വാസംമുട്ടി പിടഞ്ഞ് കെട്ടുപിണഞ്ഞ് കിടക്കുന്ന വൈകൃതമായ ശരീരങ്ങൾ. അവയ്ക്കിടയിൽ ദൈവനിശ്ചയംകൊണ്ടുമാത്രം ജീവന്റെ നേരിയ നാളം അവശേഷിച്ചവരിൽ 25 പേരെ അന്നു തന്നെ കോയമ്പത്തൂർ ജയിലിലാക്കി. മരണം ഉറപ്പായ 13 പേരെ ആസ്പത്രിയിലും. ആകെ എഴുപതുപേർ മരിച്ചു.ബ്രിട്ടീഷ് പത്രങ്ങൾപോലും ഇതിനെ തുല്യതയില്ലാത്ത ക്രൂരതയെന്ന് മുഖപ്രസംഗമെഴുതി. ഉത്തരവാദികളായ ബ്രിട്ടീഷ് ഉദ്യോഗസ്ഥരെ തൂക്കിക്കൊല്ലണമെന്ന് വാദിച്ചു.

ചരിത്രത്തിന്റെ മുറിവിൽ സ്മാരകം കെട്ടിയുണ്ടാക്കുമ്പോഴും മനുഷ്യസംസ്ക്കാരത്തെനോക്കി ഉള്ളുണങ്ങാത്ത ഈ മുറിവ് കൊഞ്ഞനം കുത്തുന്നു.

വാഗൺ ട്രാജഡിയിൽ മരിച്ച എഴുപതുപേരിൽ 41 പേരും പുലാമന്തോൾ പഞ്ചായത്തിലെ കുരുവമ്പലം, വളപുരം, ചെമ്മലശ്ശേരി ഭാഗങ്ങളിലുള്ളവരാണ്.

ഭാരത ചരിത്രം തിരുത്തിക്കുറിക്കുകയും സാമൂഹിക സാംസ്ക്കാരിക രംഗങ്ങളിൽ ആഴത്തിൽ വേരോടുകയും ചെയ്ത ഒരു മഹാപ്രസ്ഥാനമാണല്ലോ ഇന്ത്യൻ സ്വാതന്ത്ര്യസമരം. ദശകങ്ങൾ നീണ്ടുനിന്ന ഈ മഹാപ്രസ്ഥാനത്തിൽ സമീപ പഞ്ചായത്തുകളെ അപേക്ഷിച്ച് പുലാമന്തോളിന്റെ പങ്ക് വളരെ വലുതാണ്. ആനി ബസൻറിന്റെ നേതൃത്വത്തിൽ ഒറ്റപ്പാലത്തു നടന്ന കോൺഗ്രസ്സിന്റെ സമ്മേളനത്തിൽ ഇവിടെ നിന്നും ആളുകൾ പങ്കെടുത്തിരുന്നു. പോക്കർഹാജി, മൊയ്തുട്ടിഹാജി, മരക്കാർഹാജി തുടങ്ങിയവർ. 1921ന്റെ ആദ്യത്തിൽ തന്നെ ഇവിടെ ഖിലാഫത്തു കമ്മിറ്റികൾ പ്രവർത്തനമാരംഭിച്ചിരുന്നു. അതിന്റെ സെക്രട്ടറി കെ.പി. പോക്കർഹാജി ആയിരുന്നു. ഈ കലാപത്തോടനുബന്ധിച്ച് കട്ടുപ്പാറയിലെ കണ്ടപ്പത്തുപാലം പൊളിക്കുകയും പുലാമന്തോൾ പുഴയിലെ ചങ്ങാടം തകർക്കുകയുമുണ്ടായി. അതിനുപുറമെ കട്ടുപ്പാറയിലെ ഒരു കള്ള്ഷാപ്പ് കത്തിച്ചു. വർഗ്ഗീയ സംഘട്ടനങ്ങൾ ഉണ്ടായില്ല. പട്ടാളം ചില ബ്രിട്ടീഷ് ഏജൻറുമാരുടെ സഹായത്തോടെ നടത്തിയ പേക്കൂത്തുകൾ വർണ്ണനാതീതമാണ്. കട്ടുപ്പാറയിൽവെച്ച് പട്ടുക്കുത്ത് മൊയ്തീൻകുരിക്കൾ, കണക്കൻതൊടി അലവി, പള്ളിത്തൊടി ഉണ്ണിപ്പ, പാറപ്പുറയൻ മൊയ്തീൻകുട്ടി, ഞെളിയത്തൊടി മമ്മു എന്ന ബാപ്പുട്ടി എന്നിവരേയും പുലാമന്തോൾ ഭാഗത്തുനിന്ന് കൊല്ലിയത്ത് മമ്മദ്, കാഞ്ഞിരക്കടവത്ത് കുഞ്ഞുണ്ണേൻ എന്നിവരേയും വെടിവെച്ചുകൊന്നു.

ഇതിനോടനുബന്ധിച്ച് ജയിലിൽ അടക്കപ്പെട്ടവർ

1. ചെമ്മല ഉണ്ണ്യേൻഹാജി, 2. പള്ളത്തൊടി വലിയ അവറ, 3. പള്ളത്തൊടി സ്രാജു, 4. പാറപ്പുറയൻ മമ്മദ്, 5. ചരലിൽ മമ്മദ് മാസ്റ്റർ, 6. കാരാട്ടുപറമ്പിൽ അയമു, 7. കറുത്തോടൻ ഉണ്ണീൽകുട്ടി, 8. കറുത്തോടൻ രായൻ,

9. ചരലിൽ അഹമ്മദ്, 10. കുളക്കണ്ടൻ മമ്മദ്, 11. കാഞ്ഞിരക്കടവത്ത് മരക്കാർഹാജി, 12. കെ. പി. പോക്കർഹാജി, 13. ഞെളിയത്ത് ചേക്കു, 14. ഞെളിയത്ത് മൊയ്തുട്ടിഹാജി, 15. ഞെളിയത്ത് വീരാൻ, 16. തോട്ടുംപള്ളത്ത് ഉണ്യേൻകുട്ടി, 17. കൊല്ലിയത്ത് കുഞ്ഞീതീൻ എന്ന പാലക്കിരി കുഞ്ഞീതീൻ, 18. കെ.എസ്. കോയക്കുട്ടിതങ്ങൾ, 19. താഴത്തേതിൽ കുട്ടിഹസ്സൻ, 20. തച്ചർകുഴി കുഞ്ഞുമ്മു, 21. വാഴയിൽ കുഞ്ഞയമ്മു, 22. കോഴിപറമ്പത്ത് അബ്ദുറഹി, മാൻ, 23. കോഴിപ്പറമ്പത്ത് കുഞ്ഞിമരക്കാർ, 24. തോട്ടുങ്ങൽ അലവി, 25. സ്രാമ്പിയക്കൽ അബ്ദുള്ള, 26. തോട്ടാണി കുഞ്ഞീതു, 27. അരങ്ങനാത്ത് വീരാൻ, 28. അരങ്ങനാത്ത് ഏന്തീൻകുട്ടിഹാജി, 29. തോട്ടുങ്ങൽ പോക്കർ, 30. കൂരുതൊടി ഏനുഹാജി, 31. വലിയതൊടി അയമ്മു, 32. ആനേങ്ങാടൻ വീരാൻ, 33. പുലാക്കാട്ടുതൊടി എറത്താലി, 34. പൊട്ടിപ്പാറ കുഞ്ഞീതു, 35. വാര്യത്ത് പള്ള്യാലിൽ കുഞ്ഞലവി.

മാർഷൽ ലോ പ്രകാരം അക്കാലത്ത് കട്ടുപ്പാറയിലുണ്ടായിരുന്ന അനവധി വീടുകൾ കത്തിക്കുകയുണ്ടായി. കത്തിക്കപ്പെട്ട വീടുകൾ:

1. ചെമ്മല (വെള്ളുവക്കാട്ടിൽ) ഉണ്ണിപാത്തു
2. കറുത്തോടൻ കുഞ്ഞീതീൻ
3. കറുവക്കുന്നൻ സെയ്താലി ഹാജി
4. കണ്ടപ്പത്ത് തിത്തി
5. പള്ളത്തൊടി അഹമ്മദ്
6. പാറപ്പുറയൻ മമ്മദ്

ലഹളക്കാലത്ത് എടുത്തുപറയാവുന്ന മറ്റൊരു പ്രത്യേകത അന്നു ബ്രിട്ടീഷ് ഏജന്റുമാരായി പ്രവർത്തിക്കുകയോ ശത്രുത കാണിക്കുകയോ ചെയ്യാത്ത എല്ലാ ഹിന്ദുജൻമികുടുംബങ്ങൾക്കും മാപ്പിളമാർ സംരക്ഷണം നൽകിയിരുന്നു എന്നതാണ്. ഇ.എം.എസ്സിന്റെ തറവാടായ ഏലംകുളം മന സംരക്ഷിക്കുന്നതിന് കട്ടുപ്പാറയിൽ നിന്നുപോലും മാപ്പിള യുവാക്കൾ പോയതായി കേൾക്കുന്നു.

പുലാമന്തോൾ മനയിലുള്ളവരെ കോട്ടയത്തേക്ക് സുരക്ഷിതമായി അയക്കുകയും അവർ മടങ്ങിവരുന്നതുവരെ ഒന്നും നഷ്ടപ്പെടാതെ സംരക്ഷിക്കുകയും ചെയ്തത് സമീപ പ്രദേശങ്ങളിലെ മാപ്പിളമാരായിരുന്നുവെന്ന് പുലാമന്തോൾ മൂസ്സ് തന്നെ റിപ്പോർട്ട് ചെയ്യുന്നു.

പുലാമന്തോളിലെ കോൺഗ്രസ്സ് സ്വാതന്ത്ര്യ പ്രസ്ഥാനങ്ങൾക്ക് വ്യവസ്ഥാപിത രൂപം നൽകുന്നത് ചുണ്ടംപറ്റ സ്വദേശിയായ വടക്കെമഠത്തിൽ രാമചന്ദ്രൻ തിരുമുൽപ്പാടും ഒരു സംഘം യുവാക്കളുമാണ്. ഇതിൽ ബാലൻ തിരുമുൽപ്പാട്, കുഞ്ഞുണ്ണി തിരുമുൽപ്പാട്എന്നീ സഹോദരൻമാരും പി.സി. കലന്തർ, മലവട്ടത്ത് ഹൈദ്രു, അച്ചൂരത്തൊടി മാധവൻനായർ, മലവട്ടത്ത് മുഹമ്മദ്ഹാജി, രാഘവപിഷാരടി (ആർ. പി.), ബാപ്പുട്ടിമാസ്റ്റർ, വി.എം. ആലിക്കുട്ടി സാഹിബ്ബ്, സുന്ദരയ്യർ, എലിക്കോട്ടിൽ പരമനെഴുത്തച്ഛൻ, ഇ.പി. ഗോപാലൻ, മരക്കാർഹാജി, മൂലത്തിൽ അയമുഹാജി തുടങ്ങി പലരും പ്രമുഖ പങ്കുവഹിച്ചിട്ടുണ്ട്.

1930 കളുടെ ആദ്യത്തിൽ ശ്രീ. കേളപ്പൻ, ശ്രീമതി എം. കാർത്ത്യായനിഅമ്മ, ശ്രീ. മുഹമ്മദ്ഷാഫി തുടങ്ങിയ നേതാക്കൾ പങ്കെടുത്ത ഒരു മഹാസമ്മേളനം പുലാമന്തോൾ പുഴയുടെ തീരത്ത് നടക്കുകയുണ്ടായി. ആയിരക്കണക്കിന് ആളുകൾ പങ്കെടുത്ത ഈ സമ്മേളനത്തിൽ ബഹുഭൂരിപക്ഷവും മുസ്ലിങ്ങളായിരുന്നു. ഇതേ കാലഘട്ടത്തിൽ നടന്നഒരു വലിയ സാമൂഹ്യ പ്രവർത്തനമാണ് യുവജന സംഘത്തിന്റെ ആവിർഭാവം. ഈ സംഘത്തിന്റെ നേതൃത്വത്തിൽ ഒരു പൊതുവായനശാല ആരംഭിക്കുകയും മാതൃഭൂമി,അൽ അമീൻ, പ്രഭാതം എന്നീ പത്രങ്ങളും പല പുസ്തകങ്ങളും ലഭ്യമാക്കുകയുണ്ടായി. ഇതേ സംഘത്തിന്റെ പ്രവർത്തന ഫലമായാണ് പഞ്ചായത്തിലെ ആദ്യത്തെ യു. പി. സ്കൂൾ (ഹയർ എലിമൻററി) ആരംഭിച്ചത്. വായനശാലക്കും സ്കൂളിനും ആവശ്യമായ സ്ഥലം സൗജന്യമായി മരക്കാർ ഹാജിയുടെ പീടികമുകളിൽ ലഭിക്കുകയുണ്ടായി. ഇതിൽ ആദ്യത്തെ വിദ്യാർത്ഥി മടവട്ടത്ത് മുഹമ്മദ്ഹാജിയായിരുന്നു. പ്രധാന അദ്ധ്യാപകൻ ടി.കെ. നാരായണഅയ്യർ ആയിരുന്നു.

1934 - 35 കളിൽ അന്നത്തെ ഓൾ ഇന്ത്യാ കോൺഗ്രസ്സ് കമ്മിറ്റി പ്രസിഡണ്ട് ശ്രീ. ബാബു രാജേന്ദ്രപ്രസാദ് പുലാമന്തോളിൽ വരികയുണ്ടായി. ചുണ്ടംപറ്റയിലെ ഹരിജനോദ്ധാരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനവുമായി എത്തിയ അദ്ദേഹത്തെ ശ്രീ മാധവ്ജിയുടെ നേതൃത്വത്തിൽ സ്വീകരിക്കുകയും 51 രൂപ പണക്കിഴി നൽകുകയും ഉണ്ടായി. ഇതോടനുബന്ധിച്ചാണ് പിൽക്കാലത്ത് പ്രസിദ്ധ സാഹിത്യകാരനായ ചെറുകാട് പൊതുരംഗത്തിറങ്ങുന്നത്. ഇതേ കാലയളവിൽ അന്നത്തെ കെ. പി.സി.സി. നേതാക്കളായിരുന്ന അബ്ദുറഹിമാൻ സാഹിബ്, ഇ.എം.എസ്., കട്ടിലശ്ശേരി മുഹമ്മദ് മൗലവി, എം.പി. നാരായണമേനോൻ തുടങ്ങിയവരുടെ സാന്നിദ്ധ്യവും സ്വാധീനവും ഇവിടത്തെ പ്രവർത്തനത്തിലുണ്ടായിരുന്നു.

1933 ൽ കട്ടിലശ്ശേരിയുടെ നേതൃത്വത്തിൽ നടന്ന സമ്മേളനത്തോടനുബന്ധിച്ചാണ് പുലാമന്തോളിലെ ആദ്യത്തെ മദ്രസാരൂപീകരണത്തിന്റെ പ്രവർത്തനം. ആരംഭിച്ചത്. ഇതേ കാലഘട്ടത്തിൽ തന്നെ ഇ.എം.എസ്സിന് ഒരു സ്വീകരണം നൽകുകയുണ്ടായി. പുലാമന്തോളിന്റെ ചരിത്രത്തിൽ ഏറ്റവും വലിയ സമ്മേളനം 1936 ൽ ജയിൽവാസം കഴിഞ്ഞുവരുന്ന എം.പി. നാരായണമേനോന് നൽകിയ സ്വീകരണമാണ്. 1935 ൽ യുവജനസംഘം വക 'നവയുഗം' എന്ന കയ്യെഴുത്തുമാസിക ആരംഭിക്കുകയുണ്ടായി. ശ്രീ. മാധവ്ജിയുടെ നേതൃത്വത്തിൽ ചെറുകാട് പത്രാധിപരായി തുടങ്ങിയ ഈ കയ്യെഴുത്തുമാസിക സാമൂഹ്യപ്രവർത്തനത്തോടൊപ്പം സാഹിത്യാഭിരുചിയും വളർത്തുകയുണ്ടായി.

1933 ൽ നടന്ന മറ്റൊരു സംഭവമാണ് പുലാമന്തോൾ ക്ഷേത്രത്തിലുണ്ടായ മണിയടിച്ചു തൊഴൽ. സർവ്വശ്രീ. പാലൊളി വാസുദേവൻനമ്പൂതിരി, ചെറുകര രാമുണ്ണി പിഷാരടി, പുലാമന്തോൾ അച്യുതപിഷാരടി, നാരായണ പിഷാരടി, അച്ചൂരതൊടിയിൽ മാധവൻനായർ എന്നിവരെല്ലാംകൂടി തിരുവേഗപ്പുറ അയിത്തോച്ചാടന യോഗംകഴിഞ്ഞ് മടങ്ങുന്ന സമയം പുലാമന്തോൾ പുഴയിൽ കുളിച്ച് ധന്വന്തരീക്ഷേത്രത്തിൽപോയി ദർശനം ചെയ്യുകയുണ്ടായി. തൊഴുമ്പോൾ നമ്പൂതിരിയോടൊപ്പം മറ്റുള്ളവരും മണിയടിച്ചു. തിരുനാരായണപുരം വിഷ്ണുക്ഷേത്രത്തിൽ നടന്നുവന്നിരുന്ന വാരസദ്യയിൽ താഴ്ന്ന ജാതിക്കാരടക്കം കയറിച്ചെന്ന് പങ്കെടുത്ത സംഭവവും സ്മരണീയമാണ്. ചെറുകാട് അടക്കംഅന്നത്തെ പ്രാദേശിക നേതാക്കളാണ് താഴ്ന്ന ജാതിക്കാരെ വാരസദ്യയിൽ പങ്കെടുപ്പിച്ചത്.

1938 ൽ ഇന്നത്തെ പുലാമന്തോൾ യു.പി. യിൽ ഉള്ള എൽ.പി. സ്കൂളിൽ വെച്ച് വള്ളുവനാട് താലൂക്ക് കർഷകസംഘം സമ്മേളനം നടക്കുകയുണ്ടായി. വളരെ വിപുലമായി നടന്ന ഈ സമ്മേളനത്തിൽ ഇസഡ്.എ. അഹമ്മദ്, പി. രാമമൂർത്തി, എൻ.സി. ശേഖർ, കെ. ദാമോദരൻ എന്നീ നേതാക്കൾ പങ്കെടുക്കുകയുണ്ടായി. അക്കാലത്തുതന്നെ എ.കെ.ജി. യുടെ നേതൃത്വത്തിൽ മലബാർ കളക്ടറേറ്റിലേക്ക് നടത്തിയ ആയിരംപേരുടെ ജാഥയിൽ സർവ്വശ്രീ ബാപ്പുട്ടിമാസ്റ്റർ, മുഹമ്മദ്ഹാജി എന്നിവർ പങ്കെടുക്കുകയുണ്ടായി. അതുപോലെ ഹിച്ച്കോക്ക് സ്മാരകവിരുദ്ധ ജാഥയിലും ഇവർ പങ്കെടുത്തു. കൂടാതെ 1939 ൽ നടന്ന തിരുവിതാംകൂർ ഉത്തരവാദ ഭരണപ്രക്ഷോഭത്തോടനുബന്ധിച്ച് മുഹമ്മദ്യൂസഫ് നയിച്ച ജാഥയിൽ മലവട്ടത്ത് മുഹമ്മദ്ഹാജി, ബാപ്പുട്ടിമാസ്റ്റർ, പി. എസ്. അയമുഹാജി എന്നിവർ ആലുവ, പെരുമ്പാവൂർ (രണ്ട് പേർവീതം) എന്നിവിടങ്ങളിൽഅറസ്റ്റ് വരിക്കുകയുണ്ടായി. 1939 ന് മുമ്പ് തന്നെ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പ്രസ്ഥാനംഇവിടെ ആരംഭിച്ചിരുന്നു. ഇത് പിന്നീട് കമ്യൂണിസ്റ്റ് പാർട്ടിയാവുകയും 42-43 കാലത്ത്ഇന്ത്യൻ കമ്യൂണിസ്റ്റ് പാർട്ടി എന്ന പേരിൽ പരസ്യമായി രംഗത്തുവരികയും ചെയ്തു. 1942-43 കാലങ്ങളിൽ ഉണ്ടായ മറ്റൊരു പ്രധാന സംഭവമാണ് വ്യാപകമായി പടർന്നുപിടിച്ചകോളറ മരണങ്ങൾ. ഇതിലേറ്റവും കൂടുതൽ മരണം നടന്ന തിരുത്തിൻമേൽ ഹരിജൻകോളനിയിൽ ശവം മറവുചെയ്യുവാൻപോലും ആളില്ലാത്ത അവസ്ഥ വന്നു. അക്കാലത്ത് ഈ

ദേശീയ പ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ചിരുന്ന വർ മുന്നിട്ടിറങ്ങി പ്രവർത്തിച്ചത് എക്കാലത്തും ഓർമ്മിക്കത്തക്കതാണ്. എടുത്തുപറയത്തക്ക മറ്റൊരു സംഭവമാണ് മണ്ണെണ്ണ കേസ്. പൊന്നാനിയിൽ നിന്ന് പുലാമന്തോൾ വഴി കൊണ്ടുപോയിരുന്ന മണ്ണെണ്ണ ഈ നാട്ടിലും ആവശ്യക്കാർക്ക് വിൽക്കണമെന്നാവശ്യപ്പെട്ടുണ്ടായ തടയലും തുടർന്നുണ്ടായ പോലീസ് കേസും എടുത്തുപറയത്തക്ക മറ്റൊരു സംഭവമാണ്. ഇതിൽ നാരായണയ്യർ, മരക്കാർഹാജി, ഞെളിയത്ത് ബീരാൻ, അയമുഹാജി, ആലിക്കുട്ടിസാഹിബ്, സി.ആർ. മാസ്റ്റർ, തട്ടാൻ രാമൻ എന്നിവർക്ക് മൂന്നുമാസം തടവും 50 രൂപ പിഴയും വിധിച്ചെങ്കിലും അപ്പീലിൽ വിട്ടയക്കുകയുണ്ടായി.

ആദ്യകാലത്തുണ്ടായ കോൺഗ്രസ്സ് സോഷ്യലിസ്റ്റ് പ്രസ്ഥാനവും അതിൽ നിന്നുണ്ടായ കമ്യൂണിസ്റ്റ് പ്രസ്ഥാനവും ഇവിടെ ആഴത്തിൽ വേരോടുകയുണ്ടായി. ഇതോടനുബന്ധിച്ച്തന്നെ അദ്ധ്യാപക പ്രസ്ഥാനങ്ങളും നടന്നിരുന്നു. ജൻമി കുടിയാൻ പ്രശ്നത്തിലുണ്ടായ 'കുറ്റിനിക്കരി' സമരം ഈ വിഷയത്തിൽ എടുത്തുപറയത്തക്കതാണ്. ജൻമി പാട്ടബാക്കിക്ക്വേണ്ടി കുടിയാനെ ഒഴിപ്പിക്കുകയും സ്വന്തമായി വിളയിടുകയും ചെയ്തു. ഇതിനെതിരെ കർഷകസംഘം രംഗത്തിറങ്ങുകയും കന്നുപൂട്ടി വിളയിറക്കുകയും ചെയ്തു. ഇത് കർഷകസംഘം പ്രവർത്തനത്തിന് ഊർജ്ജസ്വലത പകർന്നെങ്കിലും 1948 ൽ ഭൂമി വീണ്ടും ജൻമിയുടെ കൈവശത്തിലായി. അദ്ധ്യാപക സംഘടനാ പ്രവർത്തനങ്ങളിൽ 40 കളിൽ നടന്നമറ്റൊരു സംഭവമാണ് 'ഗുരുജന സമാജം ബഹിഷ്ക്കരണം'. ഈ സമരത്തോടനുബന്ധിച്ച് ശിക്ഷിക്കപ്പെട്ടവരാണ് ബാപ്പുട്ടിമാസ്റ്റർ, ടി.പി. മൊയ്തീൻകുട്ടിമാസ്റ്റർ, കണ്ണത്ത് ഗോപാലൻനായർ, രാമൻനായർ, സി.പി. ഉണ്ണികൃഷ്ണപിഷാരടിമാസ്റ്റർ തുടങ്ങിയവർ.

1940 കളുടെ ചരിത്രത്തെ സ്വാധീനിച്ച മറ്റൊരു മുഖ്യഘടകമാണ് കമ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങൾ. നിരോധിക്കപ്പെട്ടതിനാൽ ഒളിഞ്ഞും പിന്നീട് തെളിഞ്ഞും ആഴത്തിൽ വേരോടിയ ഈ പ്രവർത്തനം രാഷ്ട്രീയ മണ്ഡലങ്ങളിൽ മാത്രമല്ല, മറ്റു രംഗങ്ങളിലും സ്വാധീനം തെളിയിച്ചു. അക്കാലത്തെ പ്രമുഖ പ്രവർത്തകനായിരുന്നു ഐ.സി.പി. നമ്പൂതിരി, ഇ.പി. ഗോപാലൻ, ആർ.പി., മുഹമ്മദ്ഹാജി, ബാപ്പുട്ടിമാസ്റ്റർ, ചെറുകാട് തുടങ്ങിയവർ.

1940 കളിൽ നടന്നിരുന്ന മറ്റൊരു പ്രവർത്തന മേഖലയാണ് സ്വാതന്ത്ര്യസമര പ്രസ്ഥാനത്തോടൊപ്പമുണ്ടായിരുന്ന മജ്ലിസ് പ്രവർത്തനം. അബ്ദുറഹിമാൻസാഹിബ്, കട്ടിലശ്ശേരി എന്നിവരുടെ സ്വാധീനം ഇതിലുണ്ടായിരുന്നു. 1946 ൽ ഒരു വലിയ മജ്ലിസ് സമ്മേളനം നടക്കുകയുണ്ടായി. ഇതിൽ മുഹ്യിദ്ദീൻ ബയാബാനി, എച്ച്.എം.ജെ. മൗലാന, മൊയ്തുമൗലവി, കെ. സി. കോമുക്കുട്ടി മൗലവി എന്നിവർ പങ്കെടുത്തു. പാറപ്പുറയൻ മമ്മദ്, മൊയ്തുണ്ണി മുസ്ലിയാർ തുടങ്ങിയവരും മറ്റു കോൺഗ്രസ്സ് നേതാക്കളോടൊപ്പംഇതിൽ സജീവമായി പ്രവർത്തിച്ചിരുന്നു.

സ്വതന്ത്ര ഭാരതത്തിലെ അവിഭക്ത മദ്രാസിലെ മലബാർ ജില്ലയുടെ ഭാഗമായിരുന്നു പുലാമന്തോൾ. സ്വാതന്ത്ര്യ ലഭ്യതയോടനുബന്ധിച്ചുണ്ടായ ഹൈദരാബാദ് ആക്ഷനിൽ കട്ടുപ്പാറയിൽ നിന്ന് എരുവത്ത് കിഴക്കേത്തൊടി മുഹമ്മദ് വൈദ്യർ അറസ്റ്റ് ചെയ്യപ്പെട്ടു. 1952 ലെ ആദ്യത്തെ പൊതുതെരഞ്ഞെടുപ്പ് - ഇതോടെ എല്ലാ രാഷ്ട്രീയ പാർട്ടികളും രംഗത്തിറങ്ങി. ഈ തെരഞ്ഞെടുപ്പോടെ മുമ്പുണ്ടായിരുന്ന കോൺഗ്രസ്സ്, കമ്യൂണിസ്റ്റ് പാർട്ടി എന്നിവയോടൊപ്പം മുസ്ലിംലീഗിനേറയും പ്രവർത്തനം വ്യവസ്ഥാപിത രൂപത്തിലായി. അക്കാലത്തെ പ്രധാന പ്രവർത്തകരാണ് കണ്ടപ്പത്ത് കുഞ്ഞാലൻഹാജി, പി.സി. മൊയ്തീൻകുട്ടിഹാജി, വി. കെ. കുഞ്ഞുണ്ണീൻഹാജി എന്നിവർ. ഇക്കാലത്ത് തന്നെ മലബാർ ഡിസ്ട്രിക്ട് ബോർഡിന്റെ പ്രവർത്തനം ആരംഭിച്ചിരുന്നു. 1956 ൽ അന്നത്തെ മദ്രാസ് മുഖ്യമന്ത്രി കാമരാജനാടാർക്ക് പുലാമന്തോളിൽ സ്വീകരണം നൽകുകയുണ്ടായി.

1956 നവംബർ 1 ന് ഭാഷാ സംസ്ഥാന രൂപീകരണവും കേരളപ്പിറവിയും 1957 ലെആദ്യത്തെ സംസ്ഥാന തെരഞ്ഞെടുപ്പും

വരെ അഡ്വൈസർ ഭരണം നടന്നു. ഡിസ്ട്രിക്ട് ബോർഡിന്റെ ഭരണമായിരുന്നു ഇക്കാലത്തെ ഏക ജനകീയ ഭരണം. പി.ടി. ഭാസ്ക്കര പണിക്കർ പ്രസിഡണ്ടായ അവസാനത്തെ ഈ ഡിസ്ട്രിക്ട് ബോർഡിൽ വി.വി.എസ്. മൂസ്സ, പൂക്കോയതങ്ങൾ എന്നിവർ മങ്കട മണ്ഡലത്തിന്റെ പ്രതിനിധിയായിരുന്നു. 1957ൽ ആദ്യത്തെ മുഖ്യമന്ത്രി ഇ.എം.എസിന് പുലാമന്തോളിൽ സ്വീകരണം നൽകി. 1957 ന്ശേഷം കേരളത്തിലുണ്ടായ വികസന പ്രവർത്തനങ്ങൾ തന്നെയാണ് നമ്മുടെ ചരിത്രം.എങ്കിലും 60 കളുടെ അവസാനം നടന്ന മലപ്പുറം ജില്ലാ രൂപീകരണം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. അതുവരെ പാലക്കാട്ജില്ലയുടെ ഭാഗമായിരുന്ന പുലാമന്തോൾ മലപ്പുറം ജില്ലയിലെ അതിർത്തി പഞ്ചായത്തായി മാറി.

ക്രിസ്ത്യൻ കുടിയേറ്റം

പഴയ തിരു - കൊച്ചി പ്രദേശത്തുനിന്ന് മല ബാറിലേക്കുണ്ടായ കുടിയേറ്റം പുലാമന്തോൾ പഞ്ചായത്തിന്റെ സമസ്ത മേഖലകളിലും വിശിഷ്യാ കാർഷിക രംഗത്തും സ്വാധീനം ചെലുത്തി. 1950 കളിൽ നമ്മുടെ പഞ്ചായത്തിന്റെ മലമ്പ്രദേശങ്ങളിൽ നിവാസമാരംഭിച്ചഈ അദ്ധ്വാനവർഗ്ഗം നമ്മുടെ സംസ്ക്കാരത്തിന് പുതിയ രൂപഭാവങ്ങൾ നൽകി.

പുലാമന്തോൾ പഞ്ചായത്ത് 20.11.1961 ലെ ജി.ഒ. (എം.എസ്) 161/61(1) നമ്പർ സർക്കാർ ഉത്തരവനുസരിച്ച് 1.1.1962 ൽ നിലവിൽ വന്നു. 1.1.1964 മുതൽ ആദ്യത്തെ തെരഞ്ഞെടുക്കപ്പെട്ട ഭരണസമിതിയും നിലവിൽ വന്നു. സി.എം. ശങ്കരനാരായണൻനമ്പൂതിരിപ്പാടായിരുന്നു ആദ്യത്തെ പ്രസിഡണ്ട്. വി. രാമൻനായർവൈസ് പ്രസിഡണ്ടും ടി.പി. മൊയീതൻകുട്ടി, കെ. അബുഹാജി, സി.ഇ. രാഘവപിഷാരടി, കെ. പി. കമ്മാലിഹാജി, പി.ടി. കുഞ്ഞിമരക്കാർഹാജി, എം.ഇ. കുഞ്ഞലവിഹാജി എന്നിവർ തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും പി. കമലാക്ഷി സർക്കാർ നോമിനേറ്റഡ് വനിതാ അംഗവുമായിരുന്നു. ഈ ഭരണസമിതിയുടെ കാലത്ത് പ്രസിഡണ്ട് ശ്രീ. സി.എം.എസ്. നമ്പൂതിരിപ്പാട് സംഭാവന നൽകിയ സ്ഥലത്ത് നിർമ്മിച്ച കെട്ടിടം തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി ശ്രീ. അവുക്കാദർകുട്ടി നഹ സാഹിബ്ബ് ഉദ്ഘാടനം ചെയ്തു. 1972 നവംബർമാസം 15 -ാം തീയതി ശ്രീ കെ. അബുഹാജി ആക്ടിംഗ് പ്രസിഡണ്ടായി ചുമതലയേറ്റു. അദ്ദേഹം ഇപ്പോഴത്തെ സ്റ്റാൻറിംഗ്കമ്മിറ്റി ചെയർമാനുമാണ്. 4.6.77 ന്സ്പെഷൽ ഓഫീസർ ഭരണം തുടങ്ങുന്നതു വരെ അദ്ദേഹമായിരുന്നു പ്രസിഡണ്ട്.

18.9.1979 ന് നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പനുസരിച്ച് ശ്രീ. മഠത്തിൽ അബ്ദുറഹിമാൻ പ്രസിഡണ്ടായ ഭരണസമിതി 1.10.79 ന് നിലവിൽ വന്നു. ശ്രീ ജോയി തോമസ് ആയിരുന്നു വൈസ് പ്രസിഡണ്ട്. ശ്രീ മലവട്ടത്ത് മുഹമ്മദാലി, എൻ. അബൂബക്കർ, വി. കദീജ, എം. ചാത്തൻ, എളേടത്ത് മമ്മദ്ഹാജി, എം. മൂസ്സ, കെ. മുറത്ത് വൈദ്യർ എന്നിവർ ഈ ഭരണസമിതിയിൽ അംഗങ്ങളായിരുന്നു. ഈ ഭരണസമിതിയുടെ കാലാവധി 1984 ൽ അവസാനിച്ചു. പിന്നീട് 10.2.1988 വരെ സ്പെഷൽ ഓഫീസറുടെ ഭരണമായിരുന്നു.

10.2.1988 മുതൽ ശ്രീ. സി.ഇ. രാഘവപിഷാരടി പ്രസിഡണ്ടും പി. അബ്ദുൾഖാദർ എന്നകുഞ്ഞാപ്പ വൈസ് പ്രസിഡണ്ടുമായിരുന്നു. കുഞ്ഞാപ്പ പിന്നീട് മരണപ്പെട്ടു. ഈ ഭരണസമിതി 1995 ലെ പഞ്ചായത്ത്രാജ് തെരഞ്ഞെടുപ്പുവരെ നിലവിലുണ്ടായിരുന്നു. ഈ ഭരണസമിതിയിൽ കെ. ഹംസക്കുട്ടി, എം. മുഹമ്മദാലി, കെ. ഉസ്മാൻ, എം. ചാത്തൻ, എ. മുഹമ്മദുകുട്ടി, കെ. അബുഹാജി, പി.പി. ജനാർദ്ദനൻനമ്പ്യാർ, ശ്രീമതി മറിയമ്മ ആൻറണി,ശ്രീമതി പി. പാത്തുമ്മ എന്നിവരും അംഗങ്ങളായിരുന്നു.

ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് 1995 സെപ്തംബർ 30 ന് കെ.ടി. ഫാത്തിമ സുഹറയുടെ നേതൃത്വത്തിൽ അധികാരമേറ്റു. ഈ ഭരണസമിതിയിൽ കെ.ടി. നാരായണൻകുട്ടി (വൈസ് പ്രസിഡണ്ട്), കെ. അബുഹാജി (സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ),പി.കെ. ഉണ്ണികൃഷ്ണപണിക്കർ, പി. വിജയലക്ഷ്മി, പി. ഭാസ്ക്കരൻ, കെ.കെ. ഹൈദ്രോസ്, എ. സരോജിനി, പി. മുഹമ്മദ്കുട്ടി, എം. മൂസ്സാഹാജി, പി.ടി. മൊയ്തീൻ, തങ്കമ്മ ക്ലമൻറ് എന്നിവർ അംഗങ്ങളാണ്.

പട്ടിക 1

പുലാമന്തോൾ പഞ്ചായത്തിൽ നിന്ന് വാഗൺട്രാജഡിയിൽ മരണപ്പെട്ടവർ

1. വാഴപ്പള്ളിയാലിൽ വീരാൻ - വളപുരം
2. പോങ്ങക്കാട് മരക്കാർ - കുരുവമ്പലം
3. വടക്കേപാട്ട് കുഞ്ഞയമ്മദ് - കുരുവമ്പലം
4. ഒറക്കോട്ടിൽ ഏന്തി - വളപുരം
5. കുരിതൊടി യൂസഫ് -കുരുവമ്പലം
6. പുത്തൻവീട്ടിൽ കുഞ്ഞഹമ്മദ് - വള പുരം
7. കല്ലേത്തോടി അഹമ്മദ് -വളപുരം
8. ചെറിങ്ങോടൻ അബു -വളപുരം
9. ചീരമ്പത്തൂർ കുഞ്ഞയമു - വളപുരം
10. അത്താണിക്കൽ മൊയ്തീൻഹാജി - കുരുവമ്പലം
11. നല്ലൻകിനാറ്റിങ്ങൽ മമ്മദ് - വളപുരം
12. പുറയൻപള്ളിയാലിൽ സെയ്താലി - വളപുരം
13. മടത്തിൽ അഹമ്മദ്കുട്ടി - വളപുരം
14. കൊങ്കത്ത് മൊയ്തീൻ - വളപുരം
15. പെരിങ്ങോടൻ കാദർ -വളപുരം
16. കൊരക്കാക്കോട്ടിൽ അഹമ്മദ് - വള പുരം
17. കളക്കണ്ടത്തിൽ മൊയ്തീൻകുട്ടി - കുരു വമ്പലം
18. കുട്ടപ്പിലാക്കൽ കോയാമു - കുരുവമ്പലം
19. അപ്പകണ്ടൻ അയമുട്ടി - വളപുരം
20. പുളക്കൽ തൊടിക കുഞ്ഞയമു -വള പുരം
21. എറശ്ശേനി പള്ളിയാലിൽ അലി - വള പുരം
22. കൊങ്കത്ത് ചെറിയ മൊയ്തീൻ - വള പുരം
23. തറക്കുഴിയിൽ ഏനി - കുരുവമ്പലം
24. മേലേതിൽ കുഞ്ഞലവി - വളപുരം
25. വലയിൽ തൊടി കുഞ്ഞായൻ - കുരു വമ്പലം
26. മാങ്കാവിൽ കുമ്മത്ത് അഹമ്മദ് - വള പുരം
27. തേക്കത്ത് അലവി -വളപുരം
28. മേലതിൽ വലിയ മൊയ്തീൻകുട്ടി - വളപുരം
29. മേലേതിൽ ചെറിയ മൊയ്തീൻകുട്ടി - വളപുരം
30. പുറയൻ പള്ളിയാലിൽ കുഞ്ഞയമു - വളപുരം
31. പങ്ങോടൻതൊടി മമ്മദ് - വളപുരം
32. കല്ലേതൊടി കൊരക്കാക്കോട്ടിൽ അവ റാൻകുട്ടി - വളപുരം
33. കോഴിപ്പറമ്പത്ത് ഹൈദർമാൻ - കുരു വമ്പലം
34. പുത്തൻപീടികയിൽ വീരാൻ - കുരു വമ്പലം
35. പെരിമ്പാടി കുഞ്ഞിമൊയ്തീൻ - കുരു വമ്പലം
36. ഇരിക്കുപറമ്പൻ സെയ്താലി - ചെമ്മ ലശ്ശേരി
37. തട്ടാൻതൊപ്പിയിട്ട അയമ്മദ് -ചെമ്മല ശ്ശേരി
38. തെക്കേതിൽ മൊയ്തീൻ - ചെമ്മല ശ്ശേരി
39. താഴത്തേതിൽ കുട്ടിഹസ്സൻ -ചെമ്മല ശ്ശേരി
40. തെക്കേതിൽ മൊയ്തീൻ - ചെമ്മല ശ്ശേരി
41. വെളുത്തങ്ങാടൻ കുഞ്ഞയമു - ചെമ്മ ലശ്ശേരി



4

ഭൂപ്രകൃതിയും വിഭവങ്ങളും

കേരളത്തിന്റെ കിഴക്ക് പശ്ചിമഘട്ടം എന്നപോലെ പുലാമന്തോൾ പഞ്ചായത്തിന്റെ വടക്കുഭാഗത്ത് കിഴക്കുമുതൽ പടിഞ്ഞാറുവരെ നീണ്ടുകിടക്കുന്ന കുന്നിൻപ്രദേശമാണ്. മാലാപ്പറമ്പ് ചീരാട്ടാമല പ്രദേശങ്ങൾ. ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴ പഞ്ചായത്തിന്റെ തെക്കെ അതിർത്തിയിലൂടെ ഒഴുകുന്നു. വടക്കു സ്ഥിതിചെയ്യുന്ന കുന്നിൻ പ്രദേശം പഞ്ചായത്തിന്റെ മൊത്തം വിസ്തീർണത്തിന്റെ പകുതിയോളം വരും. ചെറുകാട്ട് കുന്ന്, കിളിക്കുന്ന്, ചേലാർകുന്ന്, കക്കുന്ന്, കട്ടുപ്പാറയിലെ കിളിയൻപാറ, കുന്നത്തു പറമ്പ് തുടങ്ങിയവയാണ് മറ്റു ഉയർന്ന പ്രദേശങ്ങൾ.

പഞ്ചായത്തിലെ മൊത്തം പാടശേഖരങ്ങളുടെ അറുപതു ശതമാനം വരുന്ന പാലൂർ പാടം ഉൽപാദനക്ഷമതയുടെ കാര്യത്തിൽ സംസ്ഥാന ശരാശരിയേക്കാൾ വളരെ മുന്നിലാണ്. ഇവിടെ 4,000 കി.ഗ്രാം വരെ നെല്ല് വിളയുന്ന പ്രദേശങ്ങളുണ്ട്. പ്രധാന പാടശേഖരങ്ങൾ താഴെ പറയുന്നു. കുരുവമ്പലം പാടം, വളപുരം പാടം, ചെമ്മലപാടം, ചെറുകാട് പാടം, ചേലക്കാട്ട് പാടം, തിരുനാരായണപുരം പാടം, പാമ്പാടം.

നെല്ല്, റബ്ബർ, തെങ്ങ്, കവുങ്ങ് കുരുമുളക് വാഴ മരച്ചീനി തുടങ്ങിയവയാണ് പ്രധാന വിളകൾ.

അക്ഷാംശം $10^0$55' ഉം $10^0$57' ഉം രേഖാംശം 7609' ഉം 76 02 ഉം ഇടയിൽ മലപ്പുറം ജില്ലയുടെ തെക്കേഅറ്റത്ത്, മദ്ധ്യഭാഗത്തായി പുലാമന്തോൾ പഞ്ചായത്ത് സ്ഥിതിചെയ്യുന്നു. നിമ്നോന്നതിയുടെ അടിസ്ഥാനത്തിൽ നമ്മുടെ പഞ്ചായത്ത് mid land ആണ്. സമുദ്രനിരപ്പിൽ നിന്നും 40 മീററിനും 160 മീറ്ററിനും ഇടയിലുള്ള സ്ഥലങ്ങൾ ഇവിടെയുണ്ട്. പഞ്ചായത്തിലെ ശരാശരി താപനില 27^0 c (അവലംബം: കരുവമ്പലം വാട്ടർ ഷെഡ് പ്രോജക്ട് റിപ്പോർട്ട്)

ഭൂപ്രകൃതി അനുസരിച്ച് നമ്മുടെ പഞ്ചായത്തിനെ ആറായി തരംതിരിക്കാം.

1. ഉയർന്ന മേഖല


2. കുത്തനെയുള്ള ചെരിവ്
3. ചെറു ചെരിവ്
4. താഴ്വര
5. സമതലം
6. തോടുകൾ, പുഴ

ക്കുന്നുണ്ട്. വർഷത്തിൽ ശരാശരി 2900 മി.മീ. മഴ കിട്ടുന്നു.

ചീരട്ടാമലയിൽ നിന്ന് ഉത്ഭവിക്കുന്ന മലയകുളക്കാട് ചോല 4 കി.മീ. ഒഴുകി താമുള്ളി തോടായി പുഴയിൽ ചേരുന്നു. മാലാപറമ്പിൽ

പട്ടിക 1

മണ്ണിന്റെ ഘടന



ഇവിടങ്ങളിൽ കടുപ്പമുള്ള പാറകൾ, കടുപ്പമുള്ള വെട്ടുക്കല്ല്, ലാറ്ററൈറ്റ്, വെട്ടുകൽ മണ്ണ്, മണൽകലർന്ന കളിമണ്ണ്, കളിമണ്ണ്, മണൽ എന്നിവയുണ്ട്. പാടശേഖരങ്ങളിലും മറ്റു കൃഷി ഭൂമികളിലും അമ്ലം കൂടുതലാണ്. P^H. Value 5.6 ആണ്. ഇത് 7 വരെയെങ്കിലുമായി ഉയർത്തേണ്ടിയിരിക്കുന്നു. കുമ്മായം ഇട്ടാൽ ഇത് ഒരു പരിധി വരെ ഉയർത്താം.

വടക്കൻ പ്രദേശങ്ങളിൽ ഇടതൂർന്നു നിന്നിരുന്ന കാടുകൾ വെട്ടിത്തെളിച്ച് കൃഷി ഇറക്കിയതുമൂലം ജലസംഭരണികളിലെ വെള്ളം കാര്യമായി കുറഞ്ഞിട്ടുണ്ട്. മണ്ണൊലിപ്പ് വർദ്ധിച്ചുവരുന്നു. ജൂൺ മുതൽ നവമ്പർ വരെ സാമാന്യം നല്ല മഴ ലഭിനിന്നും ഉത്ഭവിക്കുന്ന എടത്തറ ച്ചോല, ഫാത്തിമാപുരം എസ്റ്റേറ്റിൽ നിന്നാരംഭിക്കുന്ന എടപ്പല ക്കോട് ചോലയുമായി ചേർന്ന് ഏകദേശം 6 കി.മീ. സഞ്ചരിച്ച് വളപുരത്ത് പുഴയിൽ ലയിക്കുന്നു. കട്ടുപ്പാറയിൽ നിന്നു തുടങ്ങി കുന്നത്തുപ്പറമ്പിനെയും, കിളിക്കുന്നിനെയും ചുറ്റി വളപുരത്തെത്തുന്ന കുന്തിപ്പുഴ പഞ്ചായത്തിന്റെ അതിരിലൂടെ ഏകദേശം 11 കി.മീ. ദൂരം ഒഴുകുന്നുണ്ട്. ചെറുതും, വലുതുമായ എഴുപതോളം കുളങ്ങളും മറ്റു ഉറവകളും നമുക്കുണ്ട്. ഇങ്ങനെ പ്രകൃതി ജലസമൃദ്ധി ഒരുക്കിയിട്ടുണ്ടെങ്കിലും മൂന്ന് നാലു മാസം രൂക്ഷമായ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളും നമുക്കുണ്ട്.

പട്ടിക 2

പ്രധാന കുളങ്ങൾ

നമ്പർ	പേര്	വിസ്തീർണ്ണം	വാർഡ്	ഇന്നത്തെ നില
1.	പാലൂർക്കുളം	1 ഏക്ര	5	വിസ്തീർണ്ണം കുറഞ്ഞു
2.	കോരങ്ങാട്ട് കുളം	64 സെൻറ്	5	വിസ്തീർണ്ണം കുറഞ്ഞു
3.	പൂക്കോട്ടു കുളം	50 സെൻറ്	4	ഭിത്തികെട്ടി സംരക്ഷിച്ചിട്ടുണ്ട്
4.	പാമ്പാടം കുളം	50 സെൻറ്	8	വിസ്തീർണ്ണം കുറഞ്ഞു
5.	തൈക്കാട്ട് കുളം	40 സെൻറ്	7	വിസ്തീർണ്ണം കുറഞ്ഞു
6.	പുത്തൻ കുളം	31 സെൻറ്	11	വിസ്തീർണ്ണം കുറഞ്ഞു
7.	ചാത്തൻ കുളം	30 സെൻറ്	5	തൂർന്നു കിടക്കുന്നു
8.	തിരുമംഗലം കുളം	30 സെൻറ്	5	തൂർന്നു കിടക്കുന്നു
9.	കരിമ്പനക്കൽ കുളം	30 സെൻറ്	5	തൂർന്നു കിടക്കുന്നു
10.	മങ്ങാട്ട് കുളം	30 സെൻറ്	3	തൂർന്നു കിടക്കുന്നു
11.	കണ്ടം കുളം	30 സെൻറ്	7	തൂർന്നു കിടക്കുന്നു
12.	കുയിളം കുളം	28 സെൻറ്	5	പൂർണ്ണമായും നശിച്ചു
13	കരുവമ്പലം പാടം കുളം	22 സെൻറ്	11	തൂർന്നു കിടക്കുന്നു
14.	വെള്ളുവ കും	20 സെൻറ്	5	തൂർന്നു കിടക്കുന്നു
15.	പൊതുവായ മനകുളം	20 സെൻറ്	7	തൂർന്നു കിടക്കുന്നു
16.	ചോഴിയകുളം	20 സെൻറ്	6	തൂർന്നു കിടക്കുന്നു
17.	ചെറുത്ത് കുളം	20 സെൻറ്	5	തൂർന്നു കിടക്കുന്നു
18.	പുത്തൻ കുളം	10 സെൻറ്	7	തൂർന്നു കിടക്കുന്നു
19.	പുപ്പറ്റ കുളം	10 സെൻറ്	7	തൂർന്നു കിടക്കുന്നു
20.	കൃഷ്ണന്റെ പടിക്കലുള്ള കുളം	10 സെനാറ്	7	തൂർന്നു കിടക്കുന്നു

പത്തുസെൻറിൽ താഴെയുള്ള അമ്പതോളം കുളങ്ങൾവിവിധ പ്രദേശങ്ങളിലായി ഉണ്ട്. ഇതിൽ ഭൂരിഭാഗവും പൂർണ്ണമായും തുടർന്നു പാടമായിട്ടുണ്ട്.

കൂടാതെ എട്ട് അമ്പലക്കുളങ്ങൾ പഞ്ചായത്തിലുണ്ട്.

അവസാനമായി നടന്ന ഭൂസർവ്വേക്കുശേഷം ഭൂമിയിൽ ഒരുപാടു മാറ്റങ്ങൾ വന്നിട്ടുള്ളതായി കാണാം. പല ജലസ്രോതസ്സുകളും നാമാവ ശേഷമായിട്ടുണ്ട്. ഇത് സംരക്ഷിക്കുന്നതിന് റീസർ വ്വേ നടത്തി ഭൂമിയുടെ കൃത്യമായ വിനിയോഗം നടത്താൻ വേണ്ട ഏർപ്പാടുകൾ ഉടനെ ചെ യ്യേണ്ടതുണ്ട്.

(പട്ടിക - 3 മറുപുറം നോക്കുക)

ജനപ്രകൃതി

1991 ലെ സെൻസസ് കണക്കുകൾ പ്രകാരം പുലാമന്തോൾ ഗ്രാമപഞ്ചായത്തിലെ ജനസംഖ്യ 29603 ആയിരുന്നു. ഇതിൽ 14,156 പുരുഷന്മാരും 15,447 സ്ത്രീകളുമാണ്. പുരുഷന്മാരേക്കാൾ 1291 സ്ത്രീകൾ കൂടുതലായുണ്ട്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 921 ആണ്. ആറുവയസ്സിനു താഴെ 2760 ആൺകുട്ടികളും, 2660 പെൺകുട്ടികളുമുണ്ട്. പട്ടികജാതി ജനസംഖ്യ 1155 പുരുഷന്മാരും 1249 സ്ത്രീകളുമടക്കം 2404 ആണ്. പട്ടിക വർഗ്ഗത്തിൽപ്പെട്ടവർ ഇല്ല. ആകെയുള്ള ജനസംഖ്യയിൽ 21463 പേർ സാക്ഷരരാണ്. ഇതിൽ 10606 പുരുഷന്മാരും 10857 സ്ത്രീകളുമാണ്. 1990 ലെ സാക്ഷരതാ പ്രവർത്തനത്തിനുവേണ്ടി തയ്യാറാക്കിയ സർവ്വേ റിപ്പോർട്ടുപ്രകാരമുള്ള നിരക്ഷരരിൽ 90 ശതമാനം പേരെ സാക്ഷരരാക്കാൻ കഴിഞ്ഞു.

ഉന്നത വിദ്യാഭ്യാസ രംഗത്ത് സ്ഥാപനങ്ങളൊന്നും തന്നെയില്ലങ്കിലും വളരെയധികം പേർ ഉന്നതവിദ്യാഭ്യാസം നേടിയിട്ടുണ്ട്. പ്രാഥമിക വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടെങ്കിലും നിലവാരത്തിൽ പിന്നോക്കമാണ്. അതിനു പരിഹാരം കാണേണ്ടതുണ്ട്.

അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയും പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ടിത വിദ്യാഭ്യാസത്തിന് ഊന്നൽ നല്കിയാലേ ഇതിന് മാറ്റമുണ്ടാക്കാൻ സാധിക്കൂ. ഈ പഞ്ചായത്തിൽ 8610 പുരുഷന്മാരും 14051 സ്ത്രീകളും തൊഴിൽ രഹിതരായുണ്ട്. കാർഷിക രംഗം ആദായകരമല്ലാതായതോടുകൂടി ഈ രംഗത്ത് തൊഴിൽ ലഭ്യത കുറഞ്ഞിരിക്കുന്നു. സാധാരണ തൊഴിലാളികളിൽ ഭൂരിഭാഗവും കെട്ടിട നിർമ്മാണ രംഗത്താണ്.


പട്ടിക 3

RAINFALL DATA FOR THE PERIOD FROM 1981 - 1991

Month	1981	1982	1983	1984	1985	1986	1987	1988	1989	1990	1991
JAN	--	--	--	--	77.4	27.2	--	--	--	--	--
FEB	--	--	--	50.0	--	--	--	--	--	--	--
MAR	117.0	1.0	--	--	--	20.4	--	19.2	9.6	--	--
APR	2.0	6.0	--	4.0	22.4	42.8	--	178.3	73.4	--	28.0
MAY	69.9	138.0	78.0	38.0	158.0	168.8	74.0	71.2	153.3	385.8	50.8
JUNE	1105.6	595.7	434.0	886.0	977.1	759.4	579.3	576.3	799.5	497.5	1952.4
JULY	634.8	526.0	597.0	632.1	511.8	316.0	375.5	645.9	523.8	626.2	1003.5
AUG	745.8	653.0	455.0	333.0	410.4	442.0	291.7	370.8	284.5	335.3	440.5
SEP	362.0	163.5	435.0	134.7	106.3	279.8	229.8	386.0	242.2	77.0	81.3
OCT	262.0	137.2	181.0	292.4	244.0	134.6	459.0	50.4	273.8	381.2	295.8
NOV	154.0	256.0	142.0	434.0	204.0	203.4	206.6	14.5	37.2	45.6	85.6
DEC	24.0	--	14.0	21.4	46.6	29.3	110.3	68.2	--	--	--
	371.8	2486.8	2336.0	2831.6	2758.0	2527.9	2326.2	2380.8	2391.3	2348.6	3937.9

Source Cashew Research Station Anakayam

വ്യവസായങ്ങൾ കുറവായതിനാൽ ആ രംഗത്ത് തൊഴിൽ സാദ്ധ്യത ഇല്ല.



മലപ്പുറം ജില്ല

5

സാമൂഹിക സാമ്പത്തിക മേഖലകൾ



5 1

കൃഷിയും ജലസേചനവും

പുലാമന്തോൾ ഒരു കാർഷിക ഗ്രാമമാണ്. ആദ്യകാലത്ത് പഞ്ചായത്തിന്റെ പകുതിയോളം വരുന്ന വടക്കൻ പ്രദേശങ്ങൾ കൃഷിക്ക് ഉപയുക്തമല്ലാത്ത വനപ്രദേശമായിരുന്നു. ചില താഴ്വരകളിലും സമതലങ്ങളിലും മാത്രമേ കൃഷി ഉണ്ടായിരുന്നുള്ളു. നെൽകൃഷിക്കു തന്നെയായിരുന്നു പണ്ടും മുഖ്യസ്ഥാനം

പണ്ടുകാലത്ത് നിലങ്ങൾ കുണ്ടറയ്ക്കൽ നായർ, അവുഞ്ഞിക്കാട്ടു മന, പാതായ്ക്കരമന, വെള്ളാനിമന, ചൊവ്വൂർ മന, വടക്കുംകര മന, പാലാനാട്ടുമന, പുലാമന്തോൾ ഇല്ലം, കൊണ്ടോട്ടി തങ്ങൾ തുടങ്ങിയ വൻകിട ജന്മിമാരുടെയായിരുന്നു.

ആര്യൻ, പൊന്നാര്യൻ, അരുവക്കാരി, തവളക്കണ്ണൻ, ആറ്റക്കഴമ, വെള്ളരി, തെക്കൻചീര, നവര, പറമ്പുവെട്ടൻ, ചീരചെമ്പൻ തുടങ്ങിയ വിത്തുകളായിരുന്നു അന്നുപയോഗിച്ചിരുന്നത്. ചാമ, രാഗി, എള്ള്, പയർ, ചേന, ചേമ്പ് കാവുത്ത്, മധുരക്കിഴങ്ങ്, പച്ചക്കറികൾ, വാഴ തുടങ്ങിയ ഇടവിളകളും ഉണ്ടായിരുന്നു.

പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു കൃഷി. കുളങ്ങൾ, തോടുകൾ, പുഴ എന്നിവ വളരെ സമർത്ഥമായി കൃഷിയ്ക്ക് ഉപയോഗിച്ചിരുന്നു. പരമ്പരാഗതമാർഗ്ഗങ്ങൾ സ്വീകരിച്ച് മെച്ചപ്പെട്ട ജലസേചനം നടത്താൻ അന്ന് നമുക്ക് കഴിഞ്ഞിരുന്നു. തോടിന്റെ ഇരുപുറവും കൈതവച്ച് മണ്ണൊലിപ്പ് തടയുകയും തോട് സംരക്ഷിക്കുകയും, ചെയ്തിരുന്നു. താൽക്കാലിക ചിറകൾ നിർമ്മിച്ച് ജലസേചനം നടത്തിയിരുന്നു. ഏത്തം, കാളത്തേക്ക്, കയറ്റുകൊട്ടത്തേക്ക്, തുടങ്ങിയ മാർഗ്ഗങ്ങളിലൂടെ വെള്ളം വേണ്ടിടത്ത് എത്തിച്ചിരുന്നു.

തോട്ടങ്ങളിൽ തെങ്ങും, കവുങ്ങും ധാരാളം കൃഷി ചെയ്തിരുന്നു. പലതരം മാവുകൾ, പ്ലാവ്, മറ്റു ഫലവൃക്ഷങ്ങൾ തുടങ്ങിയവകരഭൂമികളിൽ സമൃദ്ധമായിരുന്നു. കാർഷികോൽപ്പന്നങ്ങൾ പുഴയിലൂടെ പൊന്നാനിയിലേക്കും, മണ്ണാർക്കാട്ടേക്കും മറ്റും കൊണ്ടുപോയി വിപണനം നടത്തിയിരുന്നു.

1950ൽ തിരുകൊച്ചിയിൽ നിന്നും വന്ന ക്രി

സ്ത്യാനികൾ വടക്കൻ പ്രദേശത്തെ കാടുവെട്ടി ത്തെളിച്ച് കൃഷിയിറക്കുകയും, കുടിയേറ്റം ആരംഭിക്കുകയും ചെയ്തു. അദ്ധ്വാനശീലരും, കരുത്തരുമായ അവരുടെ കാർഷികമേഖലയിലെ ഇടപെടൽ പഞ്ചായത്തിലെ കൃഷിയിൽ കാര്യമായ മാറ്റം വരുത്തി. കാടുകൾ വെട്ടിത്തെളിച്ച് റബ്ബറും, കപ്പയും, കുരുമുളകും, മറ്റു മലഞ്ചരക്കുകളും കൃഷി തുടങ്ങി.

പുലാമന്തോൾ പഞ്ചായത്ത് കൈവശഭൂമി വിസ്തീർണ്ണം

നാമമാത്ര കർഷകർ (1 ഹെക്ടറിൽ താഴെ)	ചെറുകിട കർഷകർ (1-2 ഹെക്ടർ)	വൻകിട കർഷകർ (2 ഹെക്ടറിനു മുകളിൽ)
4358	204	60

Ref. അടിസ്ഥാന റജിസ്റ്റർ കൃഷിഭവൻ

1957ലെ ഒഴിപ്പിക്കൽ നിർത്തിവെക്കൽ ഓർഡിനൻസും, 1970ൽ പൂർത്തിയായ ഭൂപരിഷ്ക്കരണ നിയമനിർമ്മാണവും മൂലം ഭൂമിയുടെ ഉടമകളായി തീർന്ന കർഷകർ സ്വന്തം മണ്ണിൽ എല്ലാം മറന്ന് അദ്ധ്വാനിച്ചു. ഇക്കാലഘട്ടത്തിൽ കേരളമാകെ ഉണ്ടായ കർഷകന്റെ ഉണർവും, വിളകളുടെവർദ്ധനവും ഇവിടെയും കാണാമായിരുന്നു. കർഷക തൊഴിലാളികളുടെ ഐക്യവും അർപണമനോഭാവവും ഏകോപിപ്പിച്ച് സമൃദ്ധമായോരു കാർഷിക മേഖല തന്നെ നാം പടുത്തുയർത്തിയിരുന്നു. പാട്ട ബാക്കി, നമ്മളൊന്ന് തുടങ്ങിയ മണ്ണിന്റെ മണമുള്ള ജനകീയ നാടകങ്ങൾ ഇതിന് ആക്കം കൂട്ടുകയും ചെയ്തു.

കാരാട്ട് അമ്പലത്തിനടുത്തുനിന്ന് കൃഷി വകുപ്പിൽ നിന്ന് വാടകയ്ക്കെടുത്ത ഡീസൽ എഞ്ചിൻ പ്രവർത്തിപ്പിച്ച് പാലൂർപ്പടത്തേയ്ക്ക് വെള്ളം എത്തിച്ചതാണ് നമ്മുടെ ആദ്യത്തെ ഇറിഗേഷൻ പ്രവർത്തനം. 1964 ൽ ആരംഭിച്ച കട്ടുപ്പാറലിഫ്റ്റ് ഇറിഗേഷൻ പഞ്ചായത്തിലെ കാർഷിക രംഗത്ത് ഒരു വലിയ മാറ്റത്തിന് തുടക്കം കുറിച്ചു. അതുവരെ ഇരുപ്പൂ മാത്രം കൃഷി ചെയ്തിരുന്ന മിക്ക സ്ഥലങ്ങളിലും ഇറിഗേഷൻ വന്നതോടെ പുഞ്ച കൃഷി വ്യാപകമായി. 600 ഏക്രയോളം സ്ഥലത്ത് ജലസേചനം നൽകുന്ന ഈ പദ്ധതി നമ്മുടെ പഞ്ചായത്തിന്റെ നട്ടെല്ലായിത്തീർന്നു. എന്നാൽ പദ്ധതി ആരംഭിച്ച് 13 വർഷമായപ്പോഴേക്കും പദ്ധതിയുടെ ആയക്കട്ട് കുറഞ്ഞു വന്നു. ഇലക്ട്രിസിറ്റി ബോർഡ്, മൈനർ ഇറിഗേഷൻ വകുപ്പ്, കൃഷി വകുപ്പ് തുടങ്ങിയ ഏജൻസികളുടെ പൊരുത്തമില്ലായ്മയും, മോട്ടോറിന്റെയും കനാലിന്റെയും അറ്റകുറ്റപണികളിൽ കാണിച്ച കുറ്റകരമായ അനാസ്ഥയും ഇടക്കാലത്തുവന്ന ജലക്ഷാമവും പദ്ധതിയെ നാമാവശേഷമാക്കി. ഇപ്പോൾ ഏകദേശം 50 എക്രയിൽ താഴെ മാത്രമായി ഈപദ്ധതി കുറഞ്ഞു. നമ്മുടെ പഞ്ചായത്തിലെ വികസന പ്രവർത്തനങ്ങളിൽ ഈ പദ്ധതിയ്ക്ക് പ്രഥമസ്ഥാനം നൽകി യുദ്ധകാല അടിസ്ഥാനത്തിൽ പ്രവർത്തിപ്പിക്കേണ്ടിയിരിക്കുന്നു.

പട്ടിക B

പുലാമന്തോൾ പഞ്ചായത്ത് ഭൂവിനിയോഗം

ആകെ ഭൂമി	കൃഷി യോഗ്യമായത്	കൃഷിക്ക് ഉപയോഗിക്കുന്നത്
3210	2910 ഹെക്ടർ	2450 ഹെക്ടർ

Ref: അടിസ്ഥാന റജിസ്റ്റർ കൃഷി ഭവൻ

ഭൂമികൾ തുണ്ടം തുണ്ടമായി മുറിച്ചതും, വലിയതറവാടുകൾ ഇല്ലാതായതും, പല ഭൂമികളും, പുരയിടങ്ങളാക്കിയതും, പഴയ ജലസ്രോതസ്സുകൾ വറ്റിയും, തൂർന്ന് ഇല്ലാതായതും, ജൈവവളപ്രയോഗത്തെക്കാൾ കൂടുതൽ രാസവളങ്ങൾ ഉപയോഗിച്ച് മണ്ണിന്റെ ഘടനമാറിയതും, സാമൂഹ്യ മാറ്റം മൂലം കൃഷിവൃത്തിക്ക് വന്ന മാനക്കേടും, തൊഴിലാളികളുടെ ദൗർലഭ്യവും എല്ലാം കൂടി ആയപ്പോൾ കൃഷി ലാഭകരമല്ലാതായി.

കൃഷിക്കാരും, തൊഴിലാളികളും ജീവിതമാർ

ഗ്രത്തിന് മറ്റു മേഖലകൾ തേടുന്ന കാഴ്ചയാണ് ഇന്നുള്ളത്. കർഷകന് പണ്ട് ഉണ്ടായിരുന്ന മാന്യ തയും, സ്ഥാനവും ഉണ്ടാവേണ്ടിയിരിക്കുന്നു. കൃഷി ലാഭകരവും, ആനന്ദപ്രദവും ആക്കുന്നതി നുള്ള പദ്ധതികൾ ഉടനെ ആരംഭിക്കേണ്ടിയിരി ക്കുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിലെ ആകെ ഭൂമി 3210 ഹെക്ടർ ആണ്. ഇതിൽ കൃഷി യോഗ്യമായ 2910 ഹെക്ടറിൽ മാത്രമെ കൃഷിയുള്ളൂ. നമ്മുടെ പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്നത് റബ്ബറാണ്. 850 ഹെക്ടറിൽ. പകുതിയിലധികം വരുന്ന കുന്നുകളും, ചെരിവുകളും മൂലമാണിത്. പണ്ടുണ്ടായിരുന്ന കാടുകളെല്ലാം തന്നെ ഇങ്ങനെ എസ്റ്റേറ്റുകളായി മാറിയിരിക്കുന്നു. രണ്ടാമത്തെ കൃഷി നെല്ലും, മൂന്നാം സ്ഥാനം തെങ്ങിനുമാണ്. വിശദവിവരം പട്ടികയിൽ ചേർത്തിട്ടുണ്ട്.

നെൽകൃഷി

പതിനൊന്നു പാടശേഖരങ്ങളിലായി 380 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ട്. നെൽ പ്പാടം മറ്റു കൃഷികൾക്ക് ഉപയോഗിക്കുന്ന പ്രവണത കൂടിവരുന്നുണ്ട്. ഇത് കർശനമായി നിരോധി ക്കേണ്ടിയിരിക്കുന്നു. പാടം തരിശിടുന്ന സ്വഭാവം താരതമ്യേന കുറവാണ്. കരിങ്കുറ വിതച്ച് ചെലവു ചുരുക്കുന്ന രീതിയാണ് പല ചെറുകിട കർഷകരും ചെയ്യുന്നത്. നാടൻ വിത്തിന് ഹെക്ടറിൽ ശരാ ശരി 2000 - 2200 കി.ഗ്രാം ലഭിക്കുന്നുണ്ട്. സങ്കരയിനം വിത്തുകൾക്ക് 2700 - 3000 കി. ഗ്രാം വരെ ശരാശരി ഉൽപ്പാദനക്ഷമതയുണ്ട്. കർഷകന് പ്രോത്സാ ഹനവും ശാസ്ത്രീയ കാഴ്ചപ്പാടും മറ്റു ഭൗതിക സാഹചര്യവും നൽകിയാൽ ഇത് 4000 കി.ഗ്രാം വരെ ആക്കാമെന്നാണ് കൃഷിക്കാരുടെ അഭിപ്രായം. കട്ടു പ്പാറയിലെ ചില പ്രദേശങ്ങൾ ഒഴികെ മറ്റു പാട ശേഖരങ്ങളിൽ രണ്ടു വിളകളെ ഇപ്പോൾ എടു

പട്ടിക C

പുലാമന്തോൾ ഗ്രാമ പഞ്ചാ.യത്ത്
വിള വിസ്തീർണ്ണവും ഉൽപ്പാദനവും

Ref . അടിസ്ഥാന രജിസ്റ്റർ കൃഷിഭവൻ

വിള	വിസ്തീർണ്ണം	മൊത്തം ഉൽപ്പാദനം	ഉൽപ്പാദനക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാംവിള)	350 ഹെ	980,000 kg	2800 kg
നെല്ല് (രണ്ടാംവിള)	380ഹെ	98,000 kg	2,600 kg
നെല്ല് (മൂന്നാം വിള)	28 ഹെ	81,200 kg	2900 kg
എള്ള്	10ഹെ	2,050 kg	205 kg
പച്ചക്കറികൾ	90 ഹെ	90,000 kg	1,000 kg
തെങ്ങ്	340ഹെ	2,720,000 Nuts	8,000 Nut/he
വാഴ	205 ഹെ	3,28,000 kg	1,600 kg/He
മരച്ചീനി	40ഹെ	52,000 kg	1300 kg/He
കുരുമുളക്	110ഹെ	27,500 kg	250 kg/He
കശുമാവ്	95 ഹെ	80,750 kg	850 kg
റബ്ബർ	850ഹെ	722,500 Nuts	18,200 Nuts/Hec
കവുങ്ങ്	235 ഹെ	4,277,000 Nurs	18,200 Nuts/Hec
മഞ്ഞൾ	15ഹെ	27,000 kg	1,800 kg/Hec
ഇഞ്ചി	25ഹെ	70,250 kg	2810 kg.

ാറുള്ളൂ. മറ്റു മാസങ്ങളിൽ ഭൂരിപക്ഷം കൃഷിക്കാരും പാടം തരിശിടുകയാണ് പതിവ്.

തെങ്ങ്

3240 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ചെയ്യുന്നുണ്ട്. തെങ്ങു ശാസ്ത്രീയമായി കൃഷി ചെയ്യുന്ന തോട്ടങ്ങളും, മറ്റു വിളകളുടെ കൂടെയുള്ള തെങ്ങു കൃഷിയും ഉൾപ്പെടെയാണിത്.ഉൽപ്പാദനക്ഷമത സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. ഹെക്ടറിൽ 6000 ആണ് സംസ്ഥാന ശരാശരിയെങ്കിൽ നമ്മുടെ പഞ്ചായത്തിൽ ഇത് 8000 ആണ് എന്നാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. നെൽക്കൃഷി നഷ്ടമാവാൻ തുടങ്ങിയപ്പോൾ ധാരാളം കൃഷിയിടങ്ങൾ തെങ്ങിൻതോപ്പുകളായി മാറ്റിയിട്ടുണ്ട്. ശാസ്ത്രീയമായ വളക്രമം, ജലസേചന സൗകര്യം എന്നിവ ഉണ്ടെങ്കിൽ ഉൽപ്പാദനം ഇനിയും വർദ്ധിപ്പിക്കാവുന്നതേയുള്ളൂ.

പുലാമന്തോൾ ഗ്രാമപഞ്ചായത്ത്
നടീൽ വസ്തുവിതരണം

ഇനം	എണ്ണം 1995 – 96
തെങ്ങ്	595
കശുമാവ്	640
കുരുമുളക്	3200
കവുങ്ങ്	250

Ref. അടിസ്ഥാനരജിസ്റ്റർ കൃഷിഭവൻ

മറ്റു വിളകൾ, പച്ചക്കറികൾ

കവുങ്ങാണ് മറ്റൊരു പ്രധാന കൃഷി. പുഴയോരത്തെ തോട്ടങ്ങളിൽ നല്ല നിലയിൽ കവുങ്ങു കൃഷിചെയ്യുന്ന ധാരാളം കൃഷിക്കാരുണ്ട്. വാഴ, മരച്ചീനി, എള്ള്, കുരുമുളക്, കശുമാവ്,ഇഞ്ചി, മഞ്ഞൾ, പച്ചക്കറികൾ എന്നിവയും വിവിധ പ്രദേശങ്ങളിൽ കൃഷി ചെയ്യുന്നു. വാഴക്കൃഷി പണ്ടത്തെക്കാൾ ശാസ്ത്രീയമായതിനാൽ ലാഭകരമായിട്ടുണ്ട്. അതുകൊണ്ടുതന്നെ വാഴകൃഷിയുടെ വിസ്തീർണ്ണം അടുത്ത കാലത്ത് വർദ്ധിച്ചുവരുന്നുണ്ട്. മാലാപ്പറമ്പിലും ചീരട്ടാമലയിലും വ്യാപകമായിരുന്ന മരച്ചീനി ഇന്ന് അവിടങ്ങളിൽ തീരെ കുറഞ്ഞിട്ടുണ്ട്. പള്ള്യാലുകളിലേക്കും, പാടത്തേക്കും, മരച്ചീനികൃഷി ഇറങ്ങിവന്നിട്ടുണ്ട്. കശുമാവിന് പറ്റിയ പ്രദേശങ്ങളും മണ്ണും ഉണ്ടെങ്കിലും വ്യാപകവും ശാസ്ത്രീയവുമായ രീതിയിൽ ഇതിന്റെ കൃഷി വർദ്ധിച്ചിട്ടില്ല. കുരുമുളക്, മറ്റു മലഞ്ചരക്കുകൾ എന്നിവയും കൃഷി ചെയ്തു വരുന്നു.

ജലസേചനം

മഴയെമാത്രം ആശ്രയിച്ചാണ് ഇന്നത്തെ കൃഷി എന്നു പറയാം. കട്ടുപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പൂർണ്ണമായും നിലച്ചമട്ടാണ്. 600 ഏക്രയോളം കൃഷി സ്ഥലത്തേക്ക് വെള്ളമെത്തിക്കാൻ കട്ടുപ്പാറയിൽ 75 കുതിരശക്തിയുള്ള 5 മോട്ടോറുകൾ സ്ഥാപിച്ച് 5 കി.മീ. ദൂരം കനാൽ നിർമ്മിച്ച് അതിലൂടെ ചെറുകാട്ടുപാടത്തേയ്ക്ക് വെള്ളമെത്തിക്കാനായിരുന്നു പദ്ധതി. പുലാമന്തോൾ സഹകരണ ബാങ്കിന്റെ ഒരു മിനി ഇറിഗേഷൻ പദ്ധതിയായിരുന്നു മറ്റൊരു ജലസേചന സംവിധാനം. ഇതു രണ്ടും ഇന്ന് പ്രവർത്തനക്ഷമമല്ല. കുരുവമ്പലം വില്ലേജിൽ ഇറിഗേഷൻ പദ്ധതികൾ ഒന്നും ഇല്ലാത്തതിനാൽ അന്നും ഇന്നും മഴയെ ആശ്രയിച്ച കൃഷിയാണ് അവിടെ. വടക്കൻ മലകളിൽ നിന്നാരംഭിക്കുന്ന ചെറുതും, വലുതുമായ പത്തോളം തോടുകളും എഴുപതോളം കുളങ്ങളും കിണറുകളും പുഴയുമാണ് നമുക്ക് ആശ്രയിക്കാനുള്ളത്.

പട്ടിക F

ദുരിതാശ്വാസ വിതരണം

വർഷം	സഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
1993 - 94	39	10,775
1994 - 95	550	31,436
1995- 96	2	1825

Ref അടിസ്ഥാന രജിസ്റ്റർ കൃഷിഭവൻ.

തോടുകൾ

പഞ്ചായത്തിലൂടെ മൊത്തം 20 കി.മീറ്ററിലധികം വരുന്ന ചെറുതും വലുതുമായ ധാരാളം തോടുകൾ ഒഴുകുന്നുണ്ട്. 1 മീറ്റർ മുതൽ 6 മീറ്റർ വരെ വീതി ഇവയ്ക്ക് വിവിധ പ്രദേശങ്ങളിൽ ഉണ്ട്. ശരാശരി 3 മീറ്റർ വീതി എന്നു കണക്കാക്കാം. 5 മാസം ഭൂരിപക്ഷം തോടുകളും വറ്റി വരണ്ടുകിടക്കും.

പുഴ

പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടെ 12 കിലോമീറ്ററോളം പുഴ ഒഴുകുന്നുണ്ട്. ശരാശരി വീതി 75 മീറ്റർ എന്നു കണക്കാക്കാം. ജൂലായ് മാസത്തിൽ നിറഞ്ഞു കവിഞ്ഞൊഴുകുന്ന കുന്തിപ്പുഴ, തീരപ്രദേശങ്ങളിലും പാടത്തും കയറി നാശനഷ്ടങ്ങൾ വരുത്താറുണ്ട്. ഒരു മാസത്തിലധികം വെള്ളം തീരെ കുറഞ്ഞുപോകുകയും ചെയ്യും. ചില വർഷങ്ങളിൽ ഒഴുക്ക് തീരെ നിൽക്കാറുമുണ്ട്. മോട്ടോർ വാഹനങ്ങൾ കഴുകൽ, പട്ടയിടൽ തുടങ്ങി വെള്ളം നശിപ്പിക്കുന്ന പ്രണതകാണുന്നു. മണൽ ഖനനം ചെയ്യുന്നതുമൂലം ഉണ്ടാകുന്ന പരിസ്ഥിതിപ്രശ്നം പരിഹരിക്കേണ്ടിയിരിക്കുന്നു. പ്രകൃതി കനിഞ്ഞരുളിയ നമ്മുടെ പുഴയെ സംരക്ഷിക്കാനും, വേണ്ടപ്പോൾ ഉപയോഗിക്കാനും ശാസ്ത്രീയമായ ഇടപെടൽ ആവശ്യമായിരിക്കുന്നു.

കുളങ്ങൾ

എഴുപതോളം കുളങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട് 10 സെൻറിനു മുകളിൽ വിസ്തീർണ്ണമുള്ള കുളങ്ങളുടെ പട്ടിക അന്യത്ര ചേർത്തിരിക്കുന്നു. ബഹുഭൂരിപക്ഷം കുളങ്ങളും ഇടിഞ്ഞുതൂർന്നുപോയിട്ടുണ്ട്. പണ്ടുണ്ടായിരുന്ന ചില കുളങ്ങൾ പൂർണ്ണമായും തൂർന്ന് കൃഷിയിടമാക്കിയിട്ടുണ്ട്. ഇത് സംരക്ഷിച്ച് ചെറിയ ചെറിയ ജലസേചനപദ്ധതികൾ ആരംഭിക്കാൻ വേണ്ട നടപടി ഉണ്ടാക്കണം.

മണ്ണ് - ജലസംരക്ഷണം

കൃഷിയുടെ മുഖ്യ ഘടകങ്ങളായ ഫലഭൂയിഷ്ടമായ മണ്ണും, ജലവും സംരക്ഷിക്കാൻ വേണ്ട മുൻകരുതലുകളോ, നടപടിയോ ഈ ആധുനിക കാലഘട്ടത്തിൽ പോലും നമുക്കില്ല. മണ്ണൊലിപ്പ് വ്യാപകമാണ്. ഇതുമൂലം കുളങ്ങളും തോടുകളും തൂർന്നു കിടക്കുന്നു. മഴക്കാലത്ത് വെള്ളം കുത്തനെ പുഴയിലേക്ക് ഒഴുക്കിക്കളയുന്നു. ആവശ്യമുള്ള വെള്ളം വേണ്ട സമയത്ത് ഉപയോഗിക്കുകയും, ബാക്കി വരുന്ന വെള്ളം സംഭരിച്ച് നിർത്തി, വേണ്ടപ്പോൾ ഉപയോഗിക്കാനുള്ള സംവിധാനം ഇന്നില്ല എന്നത് വസ്തുതയാണ്.

കാർഷികോപകരണങ്ങൾ

പഞ്ചായത്തതിർത്തിയിൽ ഇപ്പോൾ 2 ട്രാക്ടറുകളും, 5 ട്രില്ലറുകളുമുണ്ട്. ഇത് 2 എണ്ണം പാടശേഖരകമ്മിറ്റിയുടെയും , സഹകരണ ബാങ്കിന്റെയുമാണ്. നാടൻ കലപ്പകളുടെ ഉപയോഗം വളരെ കുറഞ്ഞുവരുന്നു. 70 കലപ്പകളേ ഉള്ളൂ എന്നാണ് ഏകദേശ കണക്ക്. 25 റോക്സ്പ്രയറുകളും, 68 നാപ്സ്റ്റാക്ക്സ്പ്രേയറുകളുമുണ്ട്. മെതിയന്ത്രം ഇവിടെയില്ല. 1 തെങ്ങുകയറ്റ യന്ത്രം മാലാപ്പറമ്പിലുണ്ട്. 160 ഷോർട്ടബിൾ പമ്പുസെറ്റുകൾ 1112 വൈദ്യുത മോട്ടോറുകൾ എന്നിവ ജലസേചനത്തിനായി വിവിധ സ്ഥലങ്ങളിൽ ഉപയോഗിക്കുന്നു. പൂട്ടുന്നതിന് പണ്ടു ആശ്രയിച്ചിരുന്ന കന്നുകളുടെ ദൗർലഭ്യം കൂടിവരുന്നു. പണ്ടു ഒരു കൃഷിക്കാരനു തന്നെ രണ്ടും മൂന്നും സെറ്റ് കന്നുകൾ ഉണ്ടായിരുന്നെങ്കിൽ ഇന്ന് 70ഓളം സെറ്റ് കന്നുകൾ മാത്രമെ പഞ്ചായത്തിലുള്ളൂ. (Ref. അടിസ്ഥാന രജിസ്റ്റർ കൃഷിഭവൻ)

വളം

കുരുവമ്പലം സഹകരണ ബാങ്കിന്റെ 2 വളം ഡിപ്പോകളും, സ്വകാര്യ വ്യക്തികളുടെ 5 ഏജൻസികളുമാണ് ഉള്ളത്. 75 ശതമാനവും രാസവളങ്ങളാണ് കൃഷിയ്ക്കുപയോഗിക്കുന്നത്. ശാസ്ത്രീയമായ സമീപനം ഇല്ല. താൽക്കാലിക ലാഭം നോക്കി രാസവളം ഉപയോഗിക്കുന്നതുമൂലം മണ്ണിന്റെ ഘടന തന്നെ മാറിയിട്ടുണ്ട്. ജൈവവളം വളരെ കുറച്ചേ ഉപയോഗിക്കുന്നുള്ളൂ. അടുത്ത കാലത്തായി രാസവള ഉപയോഗം കുറയുന്നു എന്ന് കണക്കുകൾ കാണിക്കുന്നു. (പട്ടിക നോക്കുക) തമിഴ്നാട്ടിൽ നിന്ന് ചാണകവും, കോഴികാഷ്ഠവും ഇറക്കുന്ന രീതിയും അടുത്തകാലത്ത് ആരംഭിച്ചിട്ടുണ്ട്.

പുലാമന്തോൾ ഗ്രാമപഞ്ചായത്ത് രാസവള കീടനാശിനി വിപണനം

ക്രമ നമ്പർ	സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി		രാസവളം	കീടനാശിനി	
		കി.ഗ്രാം	ദ്രവം	ഖരം	കി.ഗ്രാം	ദ്രവം	ഖരം	ക്രി.ഗ്രാം	ദ്രവം	ഖരം
1	2	3	4	5	6	7	8	9	10	11
1.	സഹകരണം	59,577 Kg	23,400 ml	50 Kg	43,745	4,500 ml	1,047 Kg	16,314	20,600 ml	1,231 Kg
2.	സ്വകാര്യം (ഏകദേശം)	62,000 Kg	22,000 ml	1,4000 Kg	55,000	64,000 ml	1,310 Kg	30,000	48,000	1,100 Kg

കീടനാശിനി

വിഷമാണ് കൈകാര്യം ചെയ്യുന്നതെന്ന ധാരണയോ മുൻകരുതലോ ഇല്ലാതെയാണ് പലരും കീടനാശിനി ഉപയോഗിക്കുന്നത്. നെല്ല്, പച്ചക്കറി, വാഴ, മറ്റു വിളകൾ, എന്നിവക്കെല്ലാം കീടനാശിനി അമിതമായി ഉപയോഗിക്കുന്നുണ്ട്. കൃഷിക്കാരുടെ അറിവില്ലായ്മ ഇതിനൊരു കാരണമാണ്.

പാടശേഖര സമിതികൾ

ക്രമ നമ്പർ	പാടശേഖരം	രജിസ്റ്റർ നമ്പർ	ഏരിയ ഹെക്ടറിൽ	കൃഷിക്കാർ
1.	വളപുരം	248	40	201
2.	കരുവമ്പലം	67	30	195
3.	ചെമ്മലശ്ശേരി	361	30	186
4.	ചെമ്മല	262	30	184
5.	കാവുവട്ടം	495	20	98
6.	തിരുനാരായമപുരം	326	45	112
7.	കട്ടുപ്പാറ	456	15	66
8.	പുലാമന്തോൾ	191	25	92
9.	സൗത്ത് പാലൂർ	357	40	218
10.	നോർത്ത് പാലൂർ	189	25	91
11.	പാമ്പാട്ട്	ഇല്ല	20	60
			320	1,503

പഞ്ചായത്തിൽ മൊത്തം 11 പാടശേഖര സമിതികളുണ്ട്. നല്ലരീതിയിൽ പ്രവർത്തിക്കുകയും കർഷകന്റെ ദൈനംദിനപ്രശ്നങ്ങളിൽ ഇടപെടുകയും ചെയ്യുന്ന സമിതികൾ ഉണ്ട്. കടലാസ് സമിതികളും ഇല്ലാതില്ല. കർഷകന്റെ താൽപര്യത്തിനും കൃഷി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ കൂട്ടായ ചർച്ചകൾ സമിതികൾ നടത്തേണ്ടതുണ്ട്.

മറ്റു സമിതികൾ

കേര വികസന സമിതിയും റബ്ബർ ഉൽപാദനസമിതിയും രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. റബ്ബർ ബോർഡിന്റെ കീഴിലാണ് റബ്ബർ കൃഷി എന്നതിനാൽ കൃഷിഭവന് കാര്യമായ ഇടപെടലൊന്നും ഇതിലില്ല. സെറികൾച്ചർ സൊസൈറ്റി രൂപീകരിച്ചിരുന്നുവെങ്കിലും ഇപ്പോൾ നിർജ്ജീവമാണ്.

കൃഷി ഭവൻ

ഇന്നത്തെ രീതിയിലുള്ള കൃഷിഭവൻ ആരംഭിച്ചത് 1987 സെപ്തമ്പർ 1 നാണ്. പഞ്ചായത്തിന്റെ ഏകദേശം മദ്ധ്യഭാഗത്താണ് ഇപ്പോൾ കൃഷിഭവൻ പ്രവർത്തിക്കുന്നത്. ഒരു കൃഷി ഓഫീസറും 3 കൃഷി അസിസ്റ്റന്റുമാരും രണ്ടു സ്വീപ്പർമാരും

ഒരു പി.ജി. അപ്രൻറിസും ഉണ്ട്.

കൂലി നിലക്ക്

കാർഷിക പ്രവർത്തികൾക്ക് തൊഴിലാളികൾ കുറഞ്ഞുവരുന്നുണ്ട്. പ്രത്യേകിച്ചും പുരുഷന്മാർ. വൈദഗ്ദ്ധ്യം ആവശ്യമുള്ള പ്രത്യേക ജോലികൾക്ക് തൊഴിലാളികൾ തീരെയില്ല. വിദ്യാഭ്യാസം സാർവത്രികമായതും വൈറ്റ്കോളർ ജോലി ഒഴികെ മറ്റെല്ലാം മോശമാണെന്ന ധാരണയും ഇതിന് കാരണമാണ്. ഏകദേശം 2000 പേർ മാത്രമെ കാർഷികതൊഴിലാളികളായി നമ്മുടെ പഞ്ചായത്തിലുള്ളൂ. ശരാശരി കൂലി പുരുഷന് 100 രൂപയും സ്ത്രീക്ക് 55 രൂപയുമാണ്. ഏകീകൃത നിരക്ക് ഇല്ല.

1991ലെ സെൻസസ് പ്രകാരം കർഷകരും കർഷക തൊഴിലാളികളും

തൊഴിലാളി	പുരുഷൻ 1679	സ്ത്രീ 566
കർഷകൻ	പുരുഷൻ 1016	സ്ത്രീ 50

പ്രശ്നങ്ങൾ

- കട്ടുപ്പാറ ലിഫ്റ്റ് ഇറിഗേഷന്റെ പ്രവർത്തനം കാലാകാലം വിലയിരുത്താതിരുന്നതും വേണ്ട അറ്റകുറ്റ പണി നടത്താതിരുന്നതും മൂലം വെള്ളം ലഭിക്കാതെ കൃഷി സ്ഥലം ചുരുങ്ങുകയും കൃഷിയടെ മൂരടിപ്പിന് കാരണമാവുകയും ചെയ്തു. പണ്ടുണ്ടായിരുന്ന ജലസ്രോതസ്സുകൾ നാമാവശേഷമാവുകയോ ക്ഷയിക്കുകയോ ചെയ്തു. മഴ മാത്രമേ ഇന്ന് കൃഷിക്ക് ആശ്രയമുള്ളുവെന്നു വന്നതുമൂലം രണ്ടാം വിളയ്ക്ക് വരൾച്ച ബാധിക്കുകയും ഉൽപ്പാദനം കുറയുകയും ചെയ്യുന്നുണ്ട്. മൂന്നാം വിള എടുക്കുന്ന കൃഷി ഭൂമി തീരെ കുറഞ്ഞു.
- മണ്ണു പരിശോധിക്കുന്ന രീതിയോ സംവിധാനമോ ഇല്ല. അശാസ്ത്രീയമായ വളപ്രയോഗം മണ്ണിന്റെ ഗുണനിലവാരം കുറച്ചു., ജൈവവളങ്ങളുടെ ദൗർലഭ്യം മണ്ണിന്റെ ഘടനയേയും ഉൽപ്പാദനത്തെയും ബാധിച്ചു.
- രാസവളത്തിന്റെയും കീടനാശിനികളുടെയും അമിത ഉപയോഗം മണ്ണിന്റെ ഘടനയിൽ മാറ്റം വരുത്തി. ശാസ്ത്രീയമായ വളചേരുവയെപ്പറ്റി കൃഷിക്കാർക്കറിയില്ല.
- മണ്ണൊലിപ്പു മൂലം വളക്കൂറുള്ള മേൽ മണ്ണ് ഒലിച്ചുപോകുന്നു. തടയാൻ ഒന്നും ചെയ്യുന്നില്ല.
- പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ മുഞ്ഞ രോഗം, പോളരോഗം, പോളീച്ച രോഗം, മഞ്ഞളിപ്പു രോഗം, കോടപ്പുഴു രോഗം എന്നിവയാണ്. തെങ്ങിന് കൂമ്പുചീയ്യൽ, തെങ്ങോലപ്പുഴു എന്നിവയും കുരുമുളകിന് ദ്രുതവാട്ടവും വ്യാപകമാണ്. ഇതിനെ പ്രതിരോധിക്കാൻ കഴിഞ്ഞിട്ടില്ല.
- ആധുനിക കൃഷി ഉപകരണങ്ങൾ ഉപയോഗിക്കുന്ന രീതി വ്യാപകമല്ല. സാമ്പത്തിക പ്രശ്നങ്ങളും ട്രാക്റ്റർ പോലുള്ളവയ്ക്കുള്ള വഴിയും പ്രശ്നമാണ്.
- കൃഷിഭൂമിയിൽ സ്വന്തമായി കൃഷിയിറക്കാതെ മറ്റുള്ളവർക്ക് പകുതിക്ക് കൊടുക്കുന്ന ഏർപ്പാട് വ്യാപകമാകുന്നുണ്ട്. ഇത് ആശാസ്യമല്ല. അതുപോലെ കൂട്ടുമുണ്ടക കൃഷിയും വർദ്ധിക്കുന്നു.
- ഉൽപ്പാദനചെലവിന്റെ വർദ്ധനവാണ് മറ്റൊരു പ്രധാന പ്രശ്നം. തൊഴിലാളികളുടെകുറവ്, കൂലിഘടനയിൽ വന്ന വർദ്ധനവ്, ചെയ്യുന്ന ജോലിയുടെ അവള് കുറവ് എന്നിവയും വലിയ പ്രശ്നങ്ങൾ തന്നെ. ഉപജീവനത്തിനായി കർഷകരും, തൊഴിലാളികളും കാർഷികമേഖലയെ കാണുന്നില്ല. പണ്ടു കൃഷിയെമാത്രം ആശ്രയിച്ചിരുന്നവർ ഇന്ന് മറ്റു മേഖലകളിലേക്ക് ചേക്കേറുന്നു.
- വേനൽക്കാല പച്ചകൃഷിയും, മറ്റ് ഇടവിളകളും നന്നേ കുറഞ്ഞുവരുന്നു എന്നതും പ്രശ്നം സൃഷ്ടിക്കുന്നു. വെള്ളത്തിന്റെ ലഭ്യതയാണ് വേനൽകാല പച്ചകൃഷി നേരിടുന്ന പ്രധാന പ്രശ്നം.

നിർദ്ദേശങ്ങൾ

1.

a1. കട്ടുപ്പാറ ലിഫ്റ്റ് ഇറിഗേഷൻ പ്രവർത്തനക്ഷമമാക്കുകയും മൂന്നു വിളയും എടുക്കാൻ പാകത്തിൽ

പദ്ധതി പ്രദേശത്തേക്ക് മുഴുവൻ വെള്ളം എത്തിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക. കനാലിന്റെ സംരക്ഷണം ജനകീയ സമിതിയ്ക്ക് കൈമാറുക.

2. പഞ്ചായത്തിലെ പടിഞ്ഞാറൻ പ്രദേശത്തേക്ക് ഉതകുന്ന തരത്തിൽ പുതിയൊരു ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി ആരംഭിക്കുക.

3. ഈ രണ്ടു ഇറിഗേഷൻ പദ്ധതിക്കും വേണ്ട വെള്ളം വേനൽക്കാലത്തും ലഭിക്കുന്നതിനുവേണ്ടി അനുയോജ്യമായ സ്ഥലങ്ങളിൽ തുരപ്പൂഴയിൽ ചെക്ക് ഡാമുകൾ നിർമ്മിക്കുക.

4. കട്ടുപ്പാറ ഇറിഗേഷന്റെ വെള്ളം ചെമ്മലപ്പാടത്തേക്ക് എത്തിക്കാൻ കഴിയില്ലെങ്കിൽ ആലഞ്ചേരി കടവത്ത് ഒരുമിനി ഇറിഗേഷൻ ആരംഭിയ്ക്കുക.

5. പുലാമന്തോൾ സഹകരണ ബാങ്കിന്റെ ഇറിഗേഷൻ സ്കീം വിപുലവും കാര്യക്ഷമവുമാക്കുക.

6. മറ്റു പാടശേഖരങ്ങളിലേക്ക് പുഞ്ചകൃഷി വ്യാപിപ്പിക്കുന്നതിന് ചെറിയ ചെറിയ ഇറിഗേഷൻ പദ്ധതികൾ ആവശ്യമുള്ള സ്ഥലങ്ങളിൽ ആരംഭിക്കുക.

b. നിലവിലുള്ള ജലസ്രോതസ്സുകൾ മുഴുവൻ (പുഴ, തോട്, കുളം, കിണർ, ഉറവകൾ) സംരക്ഷിക്കാൻ വേണ്ട പദ്ധതികൾ മുൻഗണനാക്രമത്തിൽ ആവിഷ്ക്കരിക്കുക.

c. നിലവിലുള്ള തോടുകളുടെ ഇരുവശങ്ങളും കെട്ടി അനുയോജ്യമായ സ്ഥലങ്ങളിൽ ചിറകൾ നിർമ്മിക്കുക. ചിറയും, ചീർപ്പുകളും യഥാകാലം സംരക്ഷിക്കുന്നതിന് പാടശേഖര സമിതികൾക്ക് ഇവ കൈമാറുക.

2. മണ്ണു പരിശോധിക്കുന്നതിനും ശാസ്ത്രീയമായ രീതിയിൽ വളപ്രയോഗം നടത്താൻ കൃഷിക്കാരെ സഹായിക്കുന്നതിന്. സ്ഥിരം സംവിധാനം പഞ്ചായത്ത് കേന്ദ്രത്തിൽ കൃഷിഭവനിൽ ആരംഭിയ്ക്കുക.

3. നഴ്സറികൾ, നടീൽ വസ്തുക്കൾ

a. വിത്ത് : നാടൻ വിത്തുകളും, അത്യുൽപാദനശേഷിയുള്ള വിത്തുകളും യഥാകാലം വിതരണം ചെയ്യണം. പഞ്ചായത്തിൽ ഒരു നഴ്സറി ആരംഭിച്ച് നടീൽ വസ്തുക്കൾ യഥാസമയവും ചുരുങ്ങിയ വിലയ്ക്കും കർഷകന് വിതരണം ചെയ്യുക.

b. നഴ്സറി : വികസന സാദ്ധ്യതയുള്ള പൂച്ചെടികൾ, അലങ്കാരചെടികൾ ഓർക്കിഡുകൾ, ആന്തൂറിയം, പച്ചക്കറി തൈകൾ എന്നവയ്ക്ക് നഴ്സറി ആരംഭിക്കണം.

4. ഔഷധച്ചെടികൾ : ഔഷധച്ചെടികൾ സംരക്ഷിക്കുന്നതിനും, വ്യവസായികാടിസ്ഥാനത്തിൽ കൃഷിചെയ്യുന്നതിനും, ആവശ്യമായ പദ്ധതി ഉണ്ടാക്കണം.

5. പച്ചക്കറി : എല്ലാ വീട്ടിലും പച്ചക്കറി ഉണ്ടാക്കാനുള്ള പദ്ധതി ആലോചിക്കണം. പഞ്ചായമൂ സഹകരണാടിസ്ഥാനത്തിൽ പച്ചക്കറി ഉൽപാദിപ്പിച്ച് വിതരണ് ചെയ്യാൻ ഉള്ള സാദ്ധ്യത ആരായണം. ഗുണമേന്മയുള്ള വിത്തുകൾ വിതരണം ചെയ്തു ജൈവ വളത്തിന് മുന്തൂക്കം നൽകിയുള്ളതാവണം പച്ചക്കറി കൃഷി. അംഗൻ വാടികൾ, സ്കൂളുകൾ, തുടങ്ങിയ സ്ഥലങ്ങളിൽ പച്ചക്കറിത്തോട്ടങ്ങൾ മാതൃകാപരമായി ഉണ്ടാക്കുകയും, കുട്ടികളിൽ കൃഷിപ്പണിയോടുള്ള താൽപര്യക്കുറവ് ക്രമേണ മാറ്റുകയും വേണം. വാർഡു തലത്തിൽ പച്ചക്കറി ക്ലബ്ബുകൾ ഉണ്ടാക്കണം.

6. വളം,കീടനാശിനി

a. സഹകരണ സംഘങ്ങൾ വളം കീടനാശിനി എന്നിവയുടെ വിതരണം ഏറ്റടുക്കണം. പഞ്ചായത്തിൽ പ്രധാന സ്ഥലങ്ങളിൽ ഡിപ്പോകൾ ഉണ്ടാകണം. ശാസ്ത്രീയമായ വളം കീടനാശിനി പ്രയോഗത്തിന് ബോധവൽക്കരണ പരിപാടികൾ ആവിഷ്ക്കരിക്കണം. ജൈവവളം പ്രോത്സാഹിപ്പിക്കുന്നതിന് ഡെയ്ഞ്ച കൊഴിഞ്ഞിൽ എന്നിവ വ്യാപകമായി കൃഷി ചെയ്യണം. ശീമക്കൊന്നയുടെയും മറ്റു മരത്തോലുകളുടെയും ഉപയോഗംവർദ്ധിപ്പിക്കണം. പാടശേഖര കമ്മിറ്റികൾ കമ്പോസ്റ്റുവളം ഉണ്ടാക്കാനും, ഉപയോഗിക്കാനും നേതൃത്വം നൽകണം.

b. കൃഷി മിത്രങ്ങളായ കീടങ്ങളെ പരമാവധി നശിപ്പിക്കാതെയുള്ള മിതമായതും ശാസ്ത്രീയമായതുമായ കീടനാശിനി ഉപയോഗസംസ്കാരം ആവിഷ്ക്കരിക്കണം. ഈ രംഗത്തു നടക്കുന്ന പുത്തൻ പരിശീലനങ്ങൾ കൃഷിക്കാർക്ക് കൈമാറണം.

7. ജല വിനിയോഗം

a. ജലം ആവശ്യത്തിന് ഉപയോഗിക്കുകയും അല്ലാത്തപ്പോൾ ഒരു നിയന്ത്രണവുമില്ലാതെ ഒഴുക്കിക്കളയുകയും ചെയ്യുന്ന മനസ്ഥിതി മാറ്റാൻ വേണ്ട ബോധവൽക്കരണം നടത്തണം. ജലം സംഭരിച്ചു നിർത്താനും ആവശ്യത്തിനു മാത്രം ഉപയോഗിക്കാനുള്ള കാഴ്ചപ്പാടും ഉണ്ടാക്കിയെടുക്കണം.

b. തെങ്ങിൻ തോപ്പുകളിലും മറ്റും ഡ്രിപ്പ് ഇറിഗേഷൻ, സ്പ്രീംഗ് ഇറിഗേഷൻ എന്നിവയ്ക്കുള്ള സാധ്യത പരമാവധി ഉപയോഗപ്പെടുത്തണം.

ഇൻഷൂറൻസ്, ബോണസ്

എല്ലാ കൃഷികൾക്കും ഗ്രൂപ്പ് ഇൻഷൂറൻസ് പദ്ധതി നടപ്പാക്കണം. രോഗം മൂലം കൃഷി നശിച്ചാലും ഇൻഷൂറൻസ് കിട്ടണം. കാർഷിക വായ്പയുടെ പരിധി 5,000ൽ നിന്ന് 25,000 രൂപയായി വർദ്ധിപ്പിക്കണം. അതോടൊപ്പം വായ്പകൾക്കും മറ്റു സഹായങ്ങൾക്കുമുള്ള വരുമാനപരിധി കുറയ്ക്കുകയും ചെയ്യണം. കാർഷിക വായ്പ്പാ തോതിൽ മാറ്റം വരുത്തണം. നെൽകൃഷിക്കായിരിക്കണം കൂടുതൽ സംഖ്യ നൽകേണ്ടത്. നെൽകൃഷിക്ക് ഏക്കറിന് 500 രൂപ ബോണസ് നൽകണം. വൈദ്യുതിയും മണ്ണെണ്ണയും സൗജന്യ നിരക്കിൽ ലഭ്യമാക്കണം.

വിപണനം, സംസ്കരണം :

a. പ്രധാന ഉൽപ്പന്നങ്ങൾ വാങ്ങുന്നതിനും സംഭരിക്കുന്നതിനും വേണ്ട കേന്ദ്രങ്ങൾ ആരംഭിക്കണം. പഞ്ചായത്ത് കാർഷിക വികസന സമിതിയോ, സഹകരണ സ്ഥാപനങ്ങളോ ഇതിനു മുന്നോട്ടുവരണം. പച്ചക്കറിയ്ക്ക് പൊതുമാർക്കറ്റിങ്ങ് സൗകര്യം ഉണ്ടാക്കണം. പഞ്ചായത്തിലെ 3/4 സ്ഥലങ്ങളിൽ പച്ചക്കറി സ്റ്റാളുകൾ ആരംഭിക്കണം. സഹകരണ ബാങ്കുകളിൽ കീലോൺ സംവിധാനം ഏർപ്പെടുത്തണം.

b. സംസ്കരിക്കാൻ സാധിക്കുന്ന ഉൽപ്പന്നങ്ങൾ സംസ്കരിക്കുന്നതിനും വ്യാവസായികാടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതിനുമുള്ള വിപുലമായ ശൃംഖല രൂപപ്പെടുത്തണം.

ഗ്രൂപ്പ് ഫാമിങ്ങ് :

ഗ്രൂപ്പ് ഫാമിങ്ങ് ഫലപ്രദവും വ്യാപകവും ആക്കണം. തെങ്ങ്, പച്ചക്കറി, മേഖലകളിലേക്കും ഗ്രൂപ്പ്ഫാമിങ്ങ് വ്യാപിപ്പിക്കണം. വേനൽക്കാല പച്ചക്കറിക്ക് ഗ്രൂപ്പ് ഫാമിങ്ങിന്റെ സാദ്ധ്യത ഏറെയാണ്. ഇത് പ്രയോജനപ്പെടുത്തണം.

ഭൗതീക സാഹചര്യം ഒരുക്കൽ

കർഷകന് ട്രാക്റ്റർ, ട്രില്ലർ, മെതിയന്ത്രം, തുടങ്ങിയവ ലഭ്യമാക്കുന്നതിന് സംവിധാനം ആവിഷ്ക്കരിക്കണം. കാർഷിക യന്ത്രങ്ങൾ ചുരുങ്ങിയ വാടകയ്ക്ക് വിതരണം ചെയ്യുന്നതിന് പാടശേഖര സമിതികൾക്ക് ദികാരം നൽകുകയും, യന്ത്രങ്ങൾ വാങ്ങുന്നതിന് സമിതികൾക്ക് ധനസഹായം നൽകുകയും ചെയ്യണം. പാടശേഖരങ്ങളിലേക്ക് ട്രാക്ടറും മറ്റും ഇറക്കാൻ വേണ്ട റോഡുകൾ നിർമ്മിക്കണം. കനാൽ ബണ്ടുറോഡ് പാലൂർ മുതൽ കട്ടുപ്പാറ വരെ ഇതിനുപയോഗിക്കാം. പാടശേഖരത്തിലേക്കുള്ള ഗതാഗതത്തിന് മുൻഗണന നൽകി കർഷകനെ സഹായിക്കണം.

കൃഷിഭവൻ

കൃഷിഭവന്റെ പ്രവർത്തനം പാടത്തേക്കിറങ്ങിചെല്ലണം. ഓരോ പാടശേഖരത്തിനും വേണ്ട നിർദ്ദേശങ്ങളും സഹായങ്ങളും നൽകാൻ ആവശ്യമായ സ്റ്റാഫ് കൃഷി ഭവനിൽ ഉണ്ടാക്കണം. ആഴ്ചയിലൊരിക്കൽ ഉദ്യോഗസ്ഥരും കൃഷിക്കാരും പാടശേഖരത്ത് കൂടിയിരിക്കാൻ വേണ്ട 'കൃഷിസഭകൾ' വിഭാവനം ചെയ്യണം. ഭവനെറ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തണം. അഗ്രോ ക്ലിനിക്കുകൾ സ്ഥാപിക്കണം.

നടപ്പു പദ്ധതികൾ

കൃഷിഭവൻ മുഖേന ഇപ്പോൾ നടപ്പാക്കുന്ന പദ്ധതികൾ തുടരണം. അവ കൂടുതൽ ഫലപ്രദവും കാര്യക്ഷമവുമാക്കണം. സ്കീമുകളെപ്പറ്റി കർഷകർ ബോധവാന്മാരല്ല. 52 തരം സ്കീമുകൾ ഇപ്പോൾ തന്നെ കൃഷിഭവൻ മുഖേനയുണ്ട്. ഇവ കൃഷിക്കാരിലെത്തിക്കണം. ബോധവൽക്കരണം കൂടിയേ കഴിയൂ.

തരിശുഭൂമി വികസനം

തരിശുകിടക്കുന്ന ഭൂമിയിൽ അനുയോജ്യമായ വിളകൾ ഇറക്കാൻ പദ്ധതി ആവിഷ്ക്കരിക്കണം. ഉദാഹരണം ചീരട്ടാമലയിൽ കശുമാവ് കൃഷി.

ഭൂവിനിയോഗം :

ഭൂമിതരം മാറ്റുന്നത് കർശനമായി നിരോധിക്കണം. നെൽപ്പാടങ്ങളുടെ അളവും ഇനിയെങ്കിലും കുറയാതെ നോക്കണം. പാടങ്ങൾ തരിശിടുന്നതും, മറ്റു വിളകൾ ഉണ്ടാക്കുന്നതും, പാടം മറ്റു

വ്യവസായങ്ങൾക്ക് ഉപയോഗിക്കുന്നതും, നിരോധിക്കാൻ വേണ്ട നടപടി ഉണ്ടാകണം.

വാട്ടർഷെഡ് :

നാഷണൽ വാട്ടർ ഷെഡ് പദ്ധതി കുരുവമ്പലം പുലാമന്തോൾ വില്ലേജുകളിലെ 923 ഹെക്ടർ സ്ഥലത്ത് നടപ്പിലുണ്ട്. ഇത് പഞ്ചായത്തിലെ ഇറിഗേഷൻ സൗകര്യമില്ലാത്ത മറ്റു സ്ഥലങ്ങളിലേക്കും വ്യാപിപ്പിക്കണം. ഉൽപാദനവർദ്ധനവിൽ ഊന്നിയായിരിക്കണം പദ്ധതി നടപ്പാക്കേണ്ടത്.

പഞ്ചായത്ത് കാർഷിക വികസന സമിതി

പഞ്ചായത്തിൽ നെല്ല്, തെങ്ങ്, പച്ചക്കറി, റബ്ബർ, പട്ടുനൂൽ പുഴു, മറ്റു വിളകൾ എന്നിവയ്ക്ക് പ്രത്യേക സബ്കമ്മറ്റികൾ രൂപീകരിക്കണം. കാർഷിക ഉദ്യോഗസ്ഥരും, കൃഷിക്കാരും തമ്മിൽ വ്യാപകമായ ചർച്ചകളും ക്ലാസ്സുകളും സംഘടിപ്പിക്കണം. പഞ്ചായത്തിലെ കാർഷിക മേഖലയിലെ ഇടപെടലിനും, പുരോഗതിക്കും ഈ സമിതി നേതൃത്വം നൽകണം. സ്കൂളുകളിൽ വിദ്യാർത്ഥി കാർഷിക ക്ലബ്ബുകൾ, യുവജന കാർഷിക ക്ലബ്ബുകൾ എന്നിവയുടെ സാദ്ധ്യത ആരായണം.

കർഷകനെ ആദരിക്കൽ :

കർഷകന് സമൂഹത്തിൽ മാന്യതയും സ്ഥാനവും നൽകുന്നതിനാവശ്യമായ പ്രോത്സാഹനങ്ങൾ നൽകണം. ഓരോ ഇനം വിളയ്ക്കും പഞ്ചായത്തിലെ നല്ല കർഷകന് അവാർഡ് നൽകണം. കാർഷിക ദിനത്തിൽ കർഷകർക്ക് കാർഷിക മത്സരങ്ങളും മറ്റു കലാപരിപാടികളും സംഘടിപ്പിക്കണം. ഏറ്റവും നല്ല പാടശേഖര സമിതിയ്ക്കും ഗ്രൂപ്പ് ഫാമിങ്ങ് പാടശേഖരത്തിനും അവാർഡുകൾ നൽകണം.

കർഷകതൊഴിലാളിയുമായി നല്ല ബന്ധം

കർഷകതൊഴിലാളികളുമായി നല്ലബന്ധം ഉണ്ടാക്കുകയും ഏകീകൃത കൂലി പഞ്ചായത്തിൽ നടപ്പാക്കുകയും വേണം.കർഷകതൊഴിലാളികളെ പാടശേഖര സമിതികൾ രജിസ്റ്റർ ചെയ്യുകയും, തൊഴിലാളി ആനുകൂല്യങ്ങൾ ഇവയിലൂടെ ആക്കുകയും വേണം. കർഷക തൊഴിലാളികൾക്ക് പണി ആയുധങ്ങൾ സൗജന്യനിരക്കിൽ നൽകണം. ഓരോ പാടശേഖരത്തെയും നല്ല കർഷകതൊഴിലാളിക്ക് അവാർഡ് നൽകണം. കർഷക തൊഴിലാളികൾക്ക് ആധുനിക കൃഷി രീതിയിൽ പരിശീലനങ്ങൾ സംഘടിപ്പിക്കണം.

കാർഷിക മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികളുടെ നിർദ്ദേശങ്ങളാണ് മുകളിൽ പറഞ്ഞത്. ഗ്രാമസഭകളിൽ നിന്നും, പഞ്ചായത്തിലെ വിവിധ മേഖലകളിൽ പോയി സംഘടിപ്പിച്ച കർഷക സംഗമത്തിൽ നിന്നും, കൃഷി ഉദ്യോഗസ്ഥരിൽ നിന്നും വന്ന നിർദ്ദേശങ്ങളുടെ ക്രോഡീകൃതരൂപമാണിത്. വിശദമായ ചർച്ചകൾക്കും മൂർത്തമായ നിർദ്ദേശങ്ങൾക്കും ശേഷം സ്കീമുകളായി ഇവ മാറ്റേണ്ടതുണ്ട്.

പ്രകൃതി നൽകിയ ജലസ്രോതസ്സുകളും, കൃഷിക്കനുയോജ്യമായ മണ്ണും മൂലം സമ്പന്നമാണ് നമ്മുടെ കാർഷിക മേഖല. സമർത്ഥവും ബുദ്ധിപൂർവകവുമായ ഇടപെടലുകളും കൂട്ടായ യത്നവും ഉണ്ടെങ്കിൽ ഉൽപാദനത്തിന്റെ കാര്യത്തിൽ വലിയൊരു മുന്നേറ്റം സൃഷ്ടിക്കുവാൻ നമുക്ക് കഴിയും.



മൃഗസംരക്ഷണവും മത്സ്യബന്ധനവും

മൃഗസംരക്ഷണം

കാർഷിക ഗ്രാമമായ പുലാമന്തോൾ പഞ്ചായത്തിൽ മിക്ക വീടുകളിലും ഏതെങ്കിലും വളർത്തുമൃഗങ്ങൾ ഉണ്ടായിരുന്നു(ഒരു കാലത്ത് നാടൻ പശുക്കളും, ആടുകളും ധാരാളമായി ഉണ്ടായിരുന്നു). കന്നുകാലികൾക്ക് മേയാനുള്ള ഒഴിഞ്ഞ പ്രദേശങ്ങളും(ചിരട്ടാമല, മാലാപറമ്പ് എന്നിവ) ഇവിടെ സുലഭമായിരുന്നു. കറവ വറ്റിയ സമയത്ത് പശുക്കളെയും, കൃഷിപ്പണിയില്ലാത്ത സമയത്ത് ഉഴവുമൃഗങ്ങളെയും(കാള,പോത്ത്) ഈ പ്രദേശങ്ങളിൽ താമസിച്ചിരുന്നവർ കുറഞ്ഞ വേതനത്തിന് പരിപാലിക്കുന്ന സമ്പ്രദായവും നിലനിന്നിരുന്നു. പശുവിനെ നോക്കുന്നവർക്ക് ആദ്യ പ്രസവത്തിലെകുട്ടിയെ പ്രതിഫലമായി കൊടുക്കുന്ന സമ്പ്രദായവും നിലനിന്നിരുന്നു.

എന്നാൽ പഞ്ചായത്തിലെ മുകളിൽ പറഞ്ഞ മിക്ക പ്രദേശങ്ങളും ജനവാസമുള്ളവയും, കൃഷിക്ക് ഉപയോഗിക്കുന്നവയും ആയി മാറിയപ്പോൾ ഈ സൗകര്യം ജനങ്ങൾക്ക് നഷ്ടപ്പെട്ടു. സ്വാഭാവികമായും പശുക്കളെ വളർത്തുന്നവരുടെ എണ്ണം കുറഞ്ഞുവന്നു. കാർഷിക മേഖലയിലെ യന്ത്രവൽക്കരണത്തിന്റെ ഭാഗമായി വന്ന മാറ്റം കാള, പോത്ത് എന്നിവയുടെ എണ്ണത്തിലും കുറവുവരുത്തി.

അപൂർവ്വമായി ഉണ്ടായിരുന്ന കാളവണ്ടികളുടെ ഉപയോഗം കുറഞ്ഞതും ഇവയുടെ എണ്ണത്തിൽ വന്ന കുറവിനു കാരണമായിട്ടുണ്ട്.

പ്രധാന കാരണം കന്നുകാലികൾക്ക് നൽകേണ്ട തീറ്റപ്പുല്ലിനും, വൈക്കോലിനും ഉള്ള ദൗർലഭ്യവും വിലകൂടുതലുമാണ്. കാലിതീറ്റകൾ ആളുകൾ സർവ്വസാധാരണമായി ഉപയോഗിച്ചിരുന്നെങ്കിലും അവയുടെ വിലയിലുണ്ടായ വർദ്ധനവ് മുമ്പത്തേപ്പോലെ കാലിതീറ്റ വാങ്ങുന്നതിന് ജനങ്ങൾക്ക് കഴിവില്ലാതാക്കിയിരിക്കുന്നു. കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങളായ അകിടുവീക്കം, കുളമ്പുരോഗം, ഉദരരോഗം, പനി എന്നിവമൂലവും പശുക്കളുടെ എണ്ണത്തിൽ ഗണ്യമായ കുറവുവന്നു.

ഈ സാഹചര്യത്തിലും സാർവ്വത്രികമല്ലെങ്കിലും സങ്കരയിനം പശുക്കളെ വളർത്തുന്ന കുടുംബങ്ങളും, ഉഴവുമാടുകളെ വളർത്തുന്ന കുടുംബങ്ങളും ഈ പഞ്ചായത്തിൽ ഉണ്ട്.

മുൻകാലങ്ങളിൽ കോഴികൾ ഇല്ലാത്ത വീടുകൾ ഉണ്ടായിരുന്നില്ല. മുട്ടക്കുവേണ്ടിയും ഇറച്ചിക്കുവേണ്ടിയും ഇവയെ ഉപയോഗിച്ചിരുന്നു. എന്നാൽ ഇന്ന് അത്തരം കുടുംബങ്ങളുടെ എണ്ണവും കുറഞ്ഞിരിക്കുന്നു. കോഴികൾക്കുണ്ടാകുന്ന രോഗമാണ്മറ്റൊരു കാരണം. കുടുംബങ്ങളുടെ ഘടനയിൽ ഉണ്ടായ മാറ്റവും ഒരു പരിധിവരെ ശുചിത്വബോധവും, മുൻകാലങ്ങളിൽ ഉണ്ടായിരുന്ന കോഴിവളർത്തൽ രീതി ഇല്ലാതാവാൻ കാരണമായിട്ടുണ്ട്. വ്യവസായികാടിസ്ഥാനത്തിൽ കോഴികളെ വളർത്താനുള്ള ശ്രമങ്ങൾ ഈ പഞ്ചായത്തിൽ കാര്യമായി നടന്നിട്ടില്ല. ഒന്നു രണ്ടു ചെറിയ യൂണിറ്റുകൾ ആരംഭിച്ചിരുന്നെങ്കിലും അവ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഇതാണ് സ്ഥിതി എങ്കിലും മുൻകാലങ്ങളേക്കാൾ വളരെയധികം മുട്ടയും കോഴിമാംസവും ഇന്ന് ജനങ്ങൾ വാങ്ങി ഉപയോഗിക്കുന്നുണ്ട്. ഏതാണ്ട് അറുപതിനായിരം മുട്ടയും മൂവ്വായിരത്തോളം കോഴികളും മാസത്തിൽ ചിലവാകുന്നുണ്ട്.

പഞ്ചായത്തിൽ ഒരു മൃഗാശുപത്രിയുള്ളത് പഞ്ചായത്തിന്റെ അതിർത്തിയിൽ ആളുകൾക്കെത്താൻ ബുദ്ധിമുട്ടുള്ള പ്രദേശമായ ചിരട്ടാമലയിലാണ്. അതുകൊണ്ടുതന്നെ മറ്റുഭാഗങ്ങളിൽ ഉള്ളവർക്ക് ചികിത്സാ സൗകര്യം വേണ്ടവിധം ലഭിക്കുന്നില്ല. പഞ്ചായത്തിൽ വളപുരം, ചിരട്ടാമല എന്നിവിടങ്ങളിലായി രണ്ടു ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്. മാലാപറമ്പിൽ ഒരു ക്ഷീര സഹകരണസംഘം പ്രവർത്തിക്കുന്നുണ്ടെങ്കിലും അതിന്റെ പ്രവർത്തനം ഒരു ചെറിയ മേഖലയിൽ മാത്രം ഒതുങ്ങിനിൽക്കുകയാണ്.

പ്രധാന പ്രശ്നങ്ങൾ

1) തീറ്റപ്പുൽ, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്.

2) കാലിതീറ്റയുടെ വിലക്കൂടുതൽ

3) ചികിത്സാ സൗകര്യത്തിന്റെ അപര്യാപ്തത

4) പാൽ വിപണനത്തിനുള്ള സൗകര്യമില്ലായ്മ.

5) കാലികളെ വാങ്ങുന്നതിനുള്ള സാമ്പത്തിക സഹായത്തിന്റെ അപര്യാപ്തത.

സാധ്യതകൾ-നിർദ്ദേശങ്ങൾ

പഞ്ചായത്തിൽ മൊത്തം പ്രവർത്തനാധികാരമുള്ള ക്ഷീരസഹകരണസംഘം സ്ഥാപിക്കുക,എല്ലാ വാർഡുകളിലും പാൽ സംഭരിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുക, പശുക്കളെ വാങ്ങി വളർത്താനുള്ള സാമ്പത്തികസഹായം നൽകുക, കാലികൾക്ക് ഇൻഷുറൻസ് സുരക്ഷ ഏർപ്പെടുത്തുക, സഹകരണസംഘം വഴി കാലിത്തീറ്റ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുക, എല്ലാ പ്രദേശങ്ങളിലും ചികിത്സാ സൗകര്യം ഉണ്ടാക്കുക, മനങ്ങനാട്(കോടിയിൽകുന്ന്) പ്രദേശത്ത് മൃഗാശുപത്രിക്ക് നാട്ടുകാർ സംഭാവന ചെയ്ത സ്ഥലത്ത് കെട്ടിടം പണിത് ആശുപത്രി സൗകര്യം വർദ്ധിപ്പിക്കുക, ബയോഗ്യാസ് പ്ലാൻറുകൾ കുറഞ്ഞ ചെലവിൽ നിർമ്മിക്കാനുള്ള സഹായംഏർപ്പെടുത്തുക, തീറ്റപ്പുൽ കൃഷിയ്ക്കാവശ്യമായ വിത്തുംവളവും നൽകുക, കൂടുതൽ ഊർജ്ജിത കന്നുകാലി വികസന ഉപകേന്ദ്രങ്ങൾ പഞ്ചായത്തിൽ ആരംഭിക്കുക, മാതൃകാ തൊഴുത്തുനിർമ്മിക്കാനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുക, ആട്, മുയൽ എന്നിവ വളർത്താനുള്ള സൗകര്യം ഉണ്ടാക്കുക.

കോഴികളെ വളർത്താൻ തയ്യാറുള്ള നിരവധി കുടുംബങ്ങൾ ഉണ്ട്. കുറഞ്ഞ വിലയ്ക്ക് നല്ലയിനം കോഴിക്കുഞ്ഞുങ്ങളെ ലഭ്യമാക്കുക (മുട്ടക്കോഴി, ഇറച്ചിക്കോഴികളും), കോഴിക്കൂടുകൾ നിർമ്മിച്ചു കൊടുക്കുകയോ സാമ്പത്തികസഹായം നൽകുകയോ ചെയ്യുക, കോഴികൾക്ക് വൈദ്യസഹായം ലഭ്യമാക്കുക, ഉല്പാദിപ്പിക്കപ്പെടുന്ന കോഴിക്കും, മുട്ടയ്ക്കും വിപണന സൗകര്യം ഉണ്ടാക്കുക, ശാസ്ത്രീയമായ പഠനം നടത്തി താറാവുകൃഷിക്ക് അനുകൂലമായ സാഹചര്യമുണ്ടാക്കുക, ആടുവളർത്തുന്നതിന് ആവശ്യമായ സാമ്പത്തികസഹായം നൽകുക, പഞ്ചായത്തിനെ പേപ്പട്ടി വിഷബാധയിൽനിന്നും മോചിപ്പിക്കുന്നതിനാവശ്യമായ ബോധവൽക്കരണം, കുത്തിവെപ്പ് എന്നിവ നടത്തുക.

മത്സ്യബന്ധനം

പഞ്ചായത്തിന്റെ അതിർത്തിയിലൂടെ ഏകദേശം പതിനൊന്ന് കിലോമീറ്ററോളം നീളത്തിൽ ഒഴുകുന്ന കുന്തിപ്പുഴയുടെ ഭാഗമാണ് മത്സ്യബന്ധനത്തിന് സാധ്യതയുള്ള ഒരു പ്രധാന സ്രോതസ്സ്. തോടുകളിൽ വേനൽക്കാലത്ത് വെള്ളമില്ലാത്തതുകൊണ്ട് മത്സ്യബന്ധനത്തിനുള്ള സാധ്യത കുറവാണ്. പഞ്ചായത്തിൽ വലിയ കുളങ്ങൾ (13 എണ്ണം) ഉണ്ടെങ്കിലും അവയിൽ മത്സ്യം വളർത്താനുള്ള സാധ്യതകൾ പ്രയോജനപ്പെടുത്തിയിട്ടില്ല. മത്സ്യബന്ധനം ഉപജീവനമാക്കിയ ആളുകൾ ഈ പഞ്ചായത്തിൽ ഇല്ല. എന്നാലും പുഴയിലെ മത്സ്യസമ്പത്ത് ചെറിയതോതിൽ വ്യക്തികൾ ചൂഷണം ചെയ്യുന്നുണ്ട്. പ്രധാനമായും പരൽമീനാണ് ഈ പുഴയിൽനിന്നും ലഭിക്കുന്നത്. പുഴയിൽ വിഷം കലക്കിയും, തോട്ടപൊട്ടിച്ചും നിയമവിരുദ്ധമായി മീൻപിടുത്തവും നടക്കാറുണ്ട്.

പ്രശ്നങ്ങൾ

1) മത്സ്യബന്ധനം ഉപജീവനമാക്കാനുള്ള സാഹചര്യം നിലവിലില്ല.

2) മത്സ്യകൃഷിയെക്കുറിച്ച് ജനങ്ങൾ അജ്ഞരാണ്.

3) മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കാനുള്ള ബുദ്ധിമുട്ട്.

4) പുഴയിൽ തോട്ടപൊട്ടിച്ചും വിഷം കലക്കിയും മത്സ്യനാശം വരുത്തുന്നു.


സാധ്യതകൾ

1) പഞ്ചായത്തിലുള്ള വലിയ കുളങ്ങളിൽ മത്സ്യം വളർത്തുന്നതിനുള്ള നിർദ്ദേശങ്ങളും സഹായവും ലഭ്യമാക്കണം. പൊതുകുളങ്ങളും, സ്വകാര്യ കുളങ്ങളും ഇതിനുവേണ്ടി ഉപയോഗിക്കാം. മത്സ്യകൃഷി നടത്താൻ താല്പര്യമുള്ളവർ ഈ പഞ്ചായത്തിൽ ഉണ്ട്. കുറഞ്ഞനിരക്കിൽ മത്സ്യക്കുഞ്ഞുങ്ങളെ ലഭിക്കാനുള്ള സാഹചര്യം ഉണ്ടാക്കണം.

2) പഞ്ചായത്തിലെ മിക്ക വീടുകളിലും ഭക്ഷ്യവിഭവങ്ങളിൽ ഒരു പ്രധാന ഇനം മത്സ്യമാണ്. എല്ലാ പ്രദേശത്തും നിത്യേന മത്സ്യം വിറ്റഴിക്കപ്പെടുന്നുണ്ട്. എന്നാൽ ഏറ്റവും സാധ്യതയുള്ള ഈ കൃഷി വികസിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കണം.

3)എല്ലാ ജലാശയങ്ങളിലും മത്സ്യം വളർത്താനുള്ള സൗകര്യവും കുടുംബങ്ങളിൽ ബോധവൽക്കരണവും നടത്തണം.

4) മത്സ്യ വിപണനരംഗത്ത് പഞ്ചായത്തിന് ഇടപെടാൻ കഴിയണം.



5 3

വ്യവസായം

വ്യവസായ രംഗത്ത് ഏറെ പാരമ്പര്യങ്ങളൊന്നും അവകാശപ്പെടാനില്ലാത്ത പഞ്ചായത്താണ് പുലാമന്തോൾ. വളരെക്കാലം മുമ്പ് കട്ടുപ്പാറ കേന്ദ്രീകരിച്ച് കുന്തിപ്പുഴയിലൂടെ പൊന്നാന്നിയിലേക്ക് വഞ്ചിയിൽ ഭക്ഷ്യധാന്യങ്ങളും മലഞ്ചരക്കുകളും കൊണ്ടുപോവുകയും തിരികെ ഉപ്പും, ഓടും മറ്റും കൊണ്ടുവരികയും ചെയ്തിരുന്നു. ഈ പ്രദേശത്ത് ഒരു ആഴ്ചച്ചന്തയും ഉണ്ടായിരുന്നു. നാളികേരത്തിന്റെയും അടയ്ക്കയുടേയും തുടർന്ന് റബ്ബറിന്റേയും ഉല്പാദനത്തിൽ മുന്നോട്ടുപോയെങ്കിലും ഇവ അടിസ്ഥാനമാക്കി വ്യവസായങ്ങസ് തുടങ്ങുവാൻ കഴിഞ്ഞിട്ടില്ല. ആയുർവേദ ചികിത്സാരംഗത്ത് വലിയൊരു പാരമ്പര്യം നമുക്കുണ്ടെങ്കിലും ഔഷധവ്യവസായം ഇതിനനുബന്ധമായി വളർത്തിക്കൊണ്ടുവരാൻ കഴിഞ്ഞിട്ടില്ല.

പുലാമന്തോൾ പഞ്ചായത്തിൽ പൊതുമേഖലയിലും, സ്വകാര്യമേഖലയിലും വൻകിട വ്യവസായങ്ങൾ ഒന്നുംതന്നെ ഇല്ല. 1975 ൽ ചെമ്മലശ്ശേരിയിൽ സ്ഥാപിച്ച മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റും, 1980ൽ വളപുരത്ത് തുടങ്ങിയ ഖാദിബോർഡിനുകീഴിൽ പ്രവർത്തിക്കുന്ന നൂൽനൂൽപ്പ് കേന്ദ്രവും, ആലമ്പാറയിൽ 1989ൽ സ്ഥാപിച്ച 'കുടീർ' സോപ്പുനിർമ്മാണ യൂണിറ്റും സ്വകാര്യ മേഖലയിലെ ചില ചെറുകിട യൂണിറ്റുകളും ആണ് പ്രധാനമായും ഈ രംഗത്തുള്ളത്

നമ്മുടെ പഞ്ചായത്തിൽ വിവിധ മേഖലകളിലായി ആകെ 6461 പേർ ജോലി ചെയ്യുന്നു. ഇതിൽ 5158 പേർ പുരുഷന്മാരും, 1303 പേർ സ്ത്രീകളുമാണ്. ആകെ വ്യവസായ തൊഴിലാളികൾ 641 (ആകെ തൊഴിലാളികളുടെ 10 ശതമാനത്തോളം) കുറെ പേർ പഞ്ചായത്തിനു പുറത്തുള്ള വ്യവസായ സ്ഥാപനങ്ങളിൽ ജോലിചെയ്യുന്നവരാണ്. പഞ്ചായത്തിനകത്ത് ജോലിചെയ്യുന്ന 496 പേരിൽ 369 പേർ പുരുഷന്മാരും 127 പേർ സ്ത്രീകളുമാണ്. ചെറിയ കുട്ടികളെക്കൊണ്ടു ജോലി ചെയ്യിക്കുന്ന പ്രവണത ഈ മേഖലയിൽ ഇല്ല.

നിലവിലുള്ള സ്ഥാപനങ്ങളും തൊഴിലാളികളുടെ എണ്ണവും പട്ടിക I ൽ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പട്ടിക II ൽ

പട്ടിക I

ക്രമ നമ്പർ	വിഭാഗം	തൊഴിലാളികൾ പുരു	സ്ത്രീ	ആകെ	ശത മാനം
1	ഖാദി	--	20	20	
2.	പരമ്പരാഗതം	44	36	80	
3.	മിനി ഇൻറസ്ട്രിയൽ എസ്റ്റേറ്റ്	41	3	44	
4.	സോപ്പു നിർമ്മാണ യൂണിറ്റ്	--	11	11	
5.	DWCRA റെഡിമെയ്ഡ് യൂണിറ്റ്	--	3	3	
6.	സ്വകാര്യ യൂണിറ്റുകൾ	284	54	338	
	ആകെ	369	127	496	

അവലംബം : സെക്കൻറി ഡാറ്റ, ഗ്രാമസഭാ ചർച്ച

പരമ്പരാഗത കുടിൽ വ്യവസായ മേഖലയിൽ ഏർപ്പെട്ടിരിക്കുന്ന ഒട്ടേറെ കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഓടയും മുളയും ഉപയോഗിച്ച് ഉള്ള പനമ്പുനെയ്ത്തും, മൺപാത്രനിർമ്മാണവും ഓലക്കുടനിർമ്മാണവും പപ്പട നിർമ്മാണവുമാണ് ഇതിൽ പ്രധാനപ്പെട്ടവ.

പട്ടിക III

പരമ്പരാഗത വ്യവസായങ്ങൾ,തൊഴിലാളികൾ

ക്രമ നമ്പർ	ഇനം	എണ്ണം	തൊഴിലാളികളുടെ എണ്ണം പുരു	സ്ത്രീ	ആകെ
1.	മൺപാത്ര നിർമ്മാണം	6	12	13	25
2.	പനമ്പു നെയ്ത്ത്	5	9	9	18
3.	പപ്പടം	6	9	9	18
4.	ഓലക്കുട	5	6	5	11
5.	പണിയായുധ നിർമ്മാണം	6	8	--	8
ആകെ		28	44	36	80

അവലംബം: ഗ്രാമസഭ ചരച്ച

പട്ടിക II

ചെറുകിട വ്യവസായ യൂണിറ്റുകൾ


ക്രമ നമ്പർ	ഇനം	എണ്ണം	തൊഴിലാളികളുടെ എണ്ണം പുരു	സ്ത്രീ	ആകെ
1.	നാളികേരം (മില്ല്)	4	7	--	7
2.	മരമില്ല്	6	35	--	35
3.	മോട്ടോർ വർക്ക്ഷോപ്പ്	6	26	--	26
4.	ആയുർവേദ മരുന്ന്	1	5	--	5
5.	അച്ചടി	2	5	3	8
6.	റൈസ് & ഫ്ലോർമിൽ, അവിൽ മിൽ	19	27	--	27
7.	തീപ്പെട്ടി മിൽ	2	13	21	34
8.	ഹോളോ ബ്രിക്സ്	2	5	1	6
9.	സോഡ നിർമ്മാണം	2	5	--	5
10.	വെൽഡിംഗ് ഇൻറസ്ട്രിയൽ	6	14	--	14
11.	ഖാദി	1	--	20	20
12.	സോപ്പ്	1	--	11	11
13.	മിനി ഇൻറസ്ട്രിയൽ എസ്റ്റേറ്റ്	1	41	3	44
14.	ഫർണീച്ചർ നിർമ്മാണം	18	47	--	47
15	ബീഡി	5	10	2	12
16.	റെഡിമെയ്ഡ് യൂണിറ്റ്	1	--	3	3
17.	മറ്റുള്ളവ	33	85	27	112
	ആകെ	110	325	91	416

അവലംബം : ഗ്രാസമഭാ ചർച്ച സെക്കൻറി ഡാറ്റ

തൊഴിലാളികളിൽ 20% പേർ സ്ത്രീകളാണ്. വ്യവസായ മേഖലയിൽ ഇത് 25.6 % ആണ്.


തൊഴിൽ മെഖലയിലെ സ്ത്രീ പുരുഷ അനുപാതം

ചിത്രം 1



വ്യവസായ മേഖലയിലെ സ്ത്രീ പുരുഷ അനുപാതം

ചിത്രം 2



തീപ്പെട്ടി, ഖാദി, സോപ്പ് മേഖലയിലാണ് കൂടുതൽ സ്ത്രീകളുള്ളത്. ഈ രംഗങ്ങളിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ വേതന നിരക്ക് തീരെ കുറവാണ്. ഇത് മെച്ചപ്പെടുത്തുകയും, കൂടുതൽ വേതന സാദ്ധ്യതയുള്ള തൊഴിൽ സംരംഭങ്ങൾ തുടങ്ങുകയും ചെയ്താലേ വ്യവസായ മേഖലയിലേക്ക് കൂടുകൽ സ്ത്രീകളെ ആകർഷിക്കാൻ കഴിയൂ.

പ്രാഥമിക മേഖലയിലെ തെങ്ങ് മരം, റബർ, ധാന്യങ്ങൾ തുടങ്ങിയവയെ ആശ്രയിക്കുന്നവയാണ് 60 ശതമാനത്തിൽ അധികം ചെറുകിട വ്യവസായ സ്ഥാപനങ്ങളും.

പ്രശ്നങ്ങൾ

തീരപ്രദേശത്തിനും, മലമ്പ്രദേശത്തിനും ഇടയിൽ കിടക്കുന്ന ചെറിയകുന്നുകൾ നിറഞ്ഞ പ്രദേശമാണ് പുലാമന്തോൾ. വൻകിട വ്യവസായങ്ങൾ ഉണ്ടാകുന്നതിന് ഇതൊരു മുഖ്യ തടസ്സമാണ്. കുന്തിപ്പുഴയുടെ തീരപ്രദേശങ്ങൾ ജലസമ്പന്നമെങ്കിലും ജലക്ഷാമമനുഭവിക്കുന്ന നല്ലൊരു മേഖല ഈ പഞ്ചായത്തിലുണ്ട്. റെയിൽവേ ലൈനുകൾ ഒന്നും തന്നെ പഞ്ചായത്തിനകത്തുകൂടി കടന്നു പോകുന്നില്ല. വോൾട്ടേജ് ക്ഷാമം രൂക്ഷമായി അനുഭവപ്പെടുന്ന ഒരു പ്രദേശമാണ് ഈ പഞ്ചായത്ത്.

32.15 ചതുരശ്ര കിലോമീറ്റർ വിസ്തീർണ്ണവും, 30042ൽ പരം വരുന്ന ജനസംഖ്യയും (1991ലെ സെൻസസ് അനുസരിച്ച്) 6881 വീടുകളും ഉള്ള ഈ പഞ്ചായത്തിൽത്തന്നെ നിത്യോപയോഗസാധനങ്ങളുടെ നല്ലൊരുവിപണി ഉണ്ടായിട്ടും പ്രസ്തുത ഉല്പന്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായ സ്ഥാപനങ്ങൾ വളർന്നുവരാത്തത് ഗൗരവമായ പരിഗണനയർഹിക്കുന്നു. പ്രാദേശിക ഉല്പന്നങ്ങൾ ഉപയോഗിക്കുവാൻ ഉള്ള സന്നദ്ധത ജനങ്ങളിൽ വളർത്തിയെടുക്കാൻ ശ്രമമുണ്ടായാൽ നിത്യോപയോഗസാധനങ്ങൾ മുതൽ ആഡംബരവസ്തുക്കൾ വരെ ഉല്പാദിപ്പിക്കുന്ന ഒട്ടേറെ ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് നമ്മുടെ പഞ്ചായത്തിൽ തന്നെ വിപണി കണ്ടെത്താം.

ഉപഭോഗ നിലവാരം വർധിക്കുവാനുള്ള ഒട്ടേറെ അനുകൂല ഘടകങ്ങൾ നമുക്കുണ്ട്. ഉയർന്ന സാക്ഷരത, ഉയർന്ന രാഷ്ട്രീയ ബോധം നല്ല ആരോഗ്യ പരിരക്ഷ, വാർത്താവിനിമയ സൗകര്യങ്ങൾ, ഗതാഗത സൗകര്യങ്ങൾ, സുഖസൗകര്യങ്ങളോടെ ജീവിക്കാനുള്ള താല്പര്യം, സമ്പന്ന ഇടത്തരക്കാരുടെ സാന്നിദ്ധ്യം തുടങ്ങിയവയെല്ലാം ഇവിടെയുണ്ട്.

പഞ്ചായത്ത് വ്യവസായികമായി വളരാത്തതിന്റെ പ്രധാന കാരണങ്ങൾ താഴെ പറയുന്നവയാണ്.

1. വ്യവസായങ്ങൾ സ്ഥാപിക്കുവാൻ അനുയോജ്യമായ സ്ഥല സൗകര്യത്തിന്റെ കുറവ്.
2. വൈദ്യുതി കണക്ഷൻ ലഭിക്കാൻ ഏറെ താമസം വരുന്നു.
3. വോൾട്ടേജ് ക്ഷാമം അനുഭവപ്പെടുന്നു.
4. വിദഗ്ധ തൊഴിലാളികളെ വേണ്ടത്ര കിട്ടാനില്ല.
5. പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്ക് വിപണനത്തിനുള്ള ബുദ്ധിമുട്ടുകളും, അസംസ്കൃതസാധനങ്ങൾ ലഭിക്കാനുള്ള പ്രയാസവും.
6. മുഖ്യ കാർഷികോല്പന്നങ്ങളായ റബറും, നാളികേരവും, അടയ്ക്കയും വ്യവസായ രംഗത്ത് വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല.

7. ഉയർന്ന സാങ്കേതിക പരിജ്ഞാനത്തിന്റെ കുറവ്.
8. പ്രാദേശിക വിപണന സാധ്യത കുറവ്
9. ഖാദി, സോപ്പ്, മേഖലകളിലെ കൂലികുറവ് (വിവിധ മേഖലകളിലെ കൂലി നിരക്ക് പട്ടിക IV ൽ)

പട്ടിക IV

വിവിധ മേഖലകളിലെ കൂലിനിരക്ക്

ക്രമ നമ്പർ	മേഖല	കൂലിനിരക്ക്	
		പുരു	സ്ത്രീ
1.	തടി	100	--
2.	റൈസ് & ഫ്ലോർമിൽ,	30	--
3.	അവിൽ മിൽ	80	--
4.	കൊപ്ര മിൽ	30	--
5.	വെൽഡിംഗ് ഇൻറസ്ട്രിയൽ	100	--
6.	മോട്ടോർ വർക്ക്ഷോപ്പ്	60	--
7.	സ്പ്രേ പെയിൻറിംഗ്	70	--
8.	ആയുർവേദ മരുന്ന്	60	--
9.	പ്രിൻറിംഗ്	40	30
10.	തീപ്പെട്ടി മില്ല്	55	35
11.	ഹോളോ ബ്രിക്സ്	80	50
12.	ഫർണീച്ചർ നിർമ്മാണം	100	--
13.	കസേര മെടയൽ	--	40
14.	ബേക്കറി	100	--
15.	സോഡ നിർമ്മാണം	80	--
16.	ഇഷ്ടിക	90	60
17.	അടയ്ക്ക സംസ്കരണം	80	35
18.	ഖാദി	--	12
19.	സോപ്പ്	--	15
20	മിനി ഇൻറസ്ട്രിയൽ	45	40

അവലംബം : സെക്കൻററി ഡാറ്റ, ഗ്രാമസഭാ റിപ്പോർട്ട്

10. വനിതകൾക്ക് തൊഴിലവസരം കുറവ്.
11. തൊഴിൽ പരിശീലനം ലഭിച്ചവർക്ക് തൊഴിൽ നൽകുവാനുള്ള സാദ്ധ്യത ഇല്ല.
12. വ്യവസായ സംരംഭകനുണ്ടാകേണ്ട മാനസിക തയ്യാറെടുപ്പിന്റെ കുറവും, സംരംഭകരെ പ്രോത്സാഹിപ്പിക്കാത്ത സമൂഹത്തിന്റെ സ്വഭാവവും.
13. വിജയികളായ വ്യവസായികളുമായുള്ള സമ്പർക്കക്കുറവ്.
14. ശാസ്ത്രീയമായ വ്യവസായ ബോധവൽക്കരണത്തിന്റെ കുറവ്
15. മരവ്യവസായത്തിനാവശ്യമായ തടികിട്ടാനുള്ള വിഷമം
16. പ്രാദേശിക ഉല്പന്നങ്ങൾ നിലവാരം കുറഞ്ഞതാണെന്നുള്ള തെറ്റിദ്ധാരണ

സാദ്ധ്യതകൾ:

മുപ്പതിനായിരത്തിൽ പരം ജനസംഖ്യയുള്ള ഈ പഞ്ചായത്തിലെ ഒട്ടേറെപേർ വിദേശത്തും, കേരളത്തിനുപുറത്ത് ഇന്ത്യയിൽ തന്നെയും ജോലിചെയ്യുന്നുണ്ട്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതയുവാക്കൾക്കും നമ്മുടെ പഞ്ചായത്തിൽ കുറവില്ല. യുവാക്കളിൽ വ്യവസായ സംരംഭകത്വം വളർത്തിയെടുക്കുകയും, വിദേശത്ത് ജോലി ചെയ്യുന്നവരുടെ വരുമാനം വ്യവസായ രംഗത്ത് ഉപയോഗപ്പെടുത്താൻ വഴിയൊരുക്കുകയും, അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കാൻ ഭരണസ്ഥാപനങ്ങൾ മുൻകയ്യെടുക്കുകയും ചെയ്താൽ വ്യവസായ രംഗത്ത് നമുക്ക് ഏറെ മുന്നേറുവാൻ കഴിയും.

പരമ്പരാഗത കുടിൽ വ്യവസായ രംഗത്ത് ഏർപ്പെട്ടിരിക്കുന്ന കുറെ പേർ നമ്മുടെ പഞ്ചായത്തിലുണ്ട്. മൺപത്ര നിർമ്മാണം, പനമ്പു നെയ്ത്ത്, ഓലക്കുട നിർമ്മാണം, പപ്പട നിർമ്മാണം എന്നവയാണ് പ്രധാനപ്പെട്ടവ.

മൺപാത്ര നിർമ്മാണം.

പഞ്ചായത്തിലെ 6 കുടുംബങ്ങവിലെ പുരുഷന്മാരും, സ്ത്രീകളും ഈ തൊഴിലിൽ ഏർപ്പെടുന്നവരാണ്. സാമ്പത്തികമായി ഉന്നമനം നേടുന്നതിന് ഈ തൊഴിലെടുക്കുന്നവർക്ക് ഇനിയും കഴിഞ്ഞിട്ടില്ല. ഈവ്യവസായത്തിനുവേണ്ട എല്ലാ അസംസ്കൃത വസ്തുക്കളും പ്രാദേശികമായി ലഭിക്കുന്നവയാണ്. ചൂളവയ്ക്കാനുള്ള ഇന്ധനം കിട്ടുന്നതിലെ വിഷമതകളും, ചൂളയിൽ വച്ചുതന്നെ നല്ലൊരു ഭാഗം പാത്രങ്ങൾ പൊ

ട്ടുന്നതും, ഈ തൊഴിലിന്റെ ലാഭം കുറയ്ക്കുന്നു. ലോഹപാത്രങ്ങൾ വിപണി കയ്യടക്കിയതിനാൽ ഉല്പന്നങ്ങളുടെ വിപണനതതിനും ഏറെ ബുദ്ധി മുട്ടുകൾ അനുഭവപ്പെടുന്നു. ഈ രംഗത്തുള്ള ഒട്ടേറെ പേർ മറ്റു തൊഴിലിൽ മേഖലകളിലേക്ക് ആകർഷിക്കപ്പെടുന്നു. അടുത്ത കാലത്ത് മൺ പാത്രങ്ങളുപയോഗിക്കുന്നതിനോട് ജനങ്ങൾക്ക് അല്പം താല്പര്യം വർദ്ധിച്ചത് ഈ വ്യവസായത്തി ന്റെ കാര്യത്തിൽ ആശാജനകമായവസ്തുതയാ ണ്.

കളിമണ്ണുകൊണ്ടുള്ള കൗതുക വസ്തു ക്കളും, പുതിയ തരം പാത്രങ്ങളും നിർമ്മിക്കുന്ന തിൽ ഈ തൊഴിലിലേർപ്പെട്ടവർക്ക് പരിശീലനം നൽകുകയും, സാമ്പത്തികം ലഭ്യമാക്കാനും, വി പണനത്തിനും, സംവിധാനമുണ്ടാക്കുകയും ചെയ്താൽ കളിമൺപാത്ര വ്യവസായത്തിന് നമ്മു ടെ പഞ്ചായത്തിൽ ശോഭനമായ ഭാവിയുണ്ട്.

പനമ്പു നെയ്ത്ത്

പഞ്ചായത്തിലെ 5 കുടുംബങ്ങവിലെ പുരു ഷന്മാരും സ്ത്രീകവും ഈ തൊഴിലിൽ ഏർ പ്പെടുന്നുണ്ട്. ഇവർ വളരെ സാമ്പത്തിക വിഷമത അനുഭവിക്കുന്നുണ്ട്. പ്ലാസ്റ്റിക്ക്, ഹാർഡ്ബോർഡ് തുടങ്ങിയവയുടെ പ്രചാരം ഈ രംഗത്ത് തൊഴി ലെടുക്കുന്നവരുടെ ഉല്പന്നങ്ങൾക്ക് മാർക്കറ്റ് ഇല്ലാ താക്കുന്നു. ഓട, മുള എന്നീ അസംസ്കൃത വസ്തു ക്കളുടെലഭ്യത കുറഞ്ഞത് ഈ വ്യവസായം നേരി ടുന്ന ഒരു പ്രധാന വൈഷമ്യമാണ്. പനമ്പുകൊ ണ്ടുള്ള കൗതുകവസ്തുക്കൾ നിർമ്മിക്കുന്നതിൽ പരിശീലനം നൽകുകയും, പനമ്പുല്പന്നങ്ങൾ ഉപയോഗിക്കുന്നതിൽ ഔദ്യോഗിക സ്ഥാപനങ്ങൾ മാതൃകകാണിക്കുകയും, വിപണനത്തിന് ഒരു സംഘടിതസംവിധാനമുണ്ടാക്കുകയും ചെയ്താൽ ഈ രംഗത്തും നമുക്ക് ഏറെ വളർച്ചയുണ്ടാക്കാൻ കഴിയും.

പപ്പട നിർമ്മാണം

പാരമ്പര്യമായി പപ്പടനിർമ്മാണത്തിലേർ പ്പെടുന്ന 6 കുടുംബങ്ങൾ ഈ പഞ്ചായത്തിലുണ്ട്. പ്രാദേശികമായി നല്ല വിപണിയുള്ള ഒരു ഉല്പന്നമാ ണ്. ഈ രംഗത്ത് യന്ത്രവൽക്കരണത്തിന് വേണ്ട സാമ്പത്തികവും, പരിശീലനവും ലഭ്യമാക്കിയാൽ ഈ വ്യവസായം വളരും.

മറ്റു പ്രദേശങ്ങളിലെ പോലെ നമ്മുടെ പഞ്ചാ യത്തിലും പരമ്പരാഗതമായി മരപ്പണി, ലോഹപ്പണി ഇരുമ്പുപണി, സ്വർണ്ണപ്പണി എന്നീ മേഖലയിൽ പ്രവർത്തിച്ചുവരുന്ന തൊഴിലാളികൾ ഇതിൽ ലോ ഹപാത്രനിർമ്മാണം ഇപ്പോൾ ഇല്ല.

അതിവിദഗ്ദരായ മരപ്പണിക്കാർ നമ്മുടെ ഗതകാല ചരിത്രത്തിലെന്നപോലെ ഇന്നും നിർണ്ണായക സ്വാധീനം ചെലുത്തുന്നവരാണ്. കാർ ഷിക വൃത്തിയുമായി ബന്ധപ്പെട്ട ഒരു ലോഹപ്പണി യെടുക്കുന്ന കുടുംബങ്ങൾ അല്പാല്പമായി ഇന്നും അവശേഷിക്കുന്നു. സ്വർണ്ണാഭരണ നിർ മ്മാണ സാദ്ധ്യതകൾ പണ്ടത്തെപോലെ ഇന്നും സജീവമാണ്.

ഓലക്കുട നിർമ്മാണം

വിപണി കുറഞ്ഞുവരുന്ന ഒരുല്പന്നമാണ് ഓലക്കുട. ഈ രംഗത്ത് തൊഴിലെടുത്തുപോന്നി രുന്നവർ മറ്റു തൊഴിൽ രംഗത്തേക്ക് മാറിക്കൊണ്ടി രിക്കുകയാണ്. കൗതുകകരമായ പുതിയ രൂപഭാ വങ്ങൾ വരുത്തി ഈ ഉല്പന്നത്തിന് വിപണികൾ കണ്ടെത്താവുന്നതാണ്.

ചെറുകിട വ്യവസായങ്ങൾ

മിനി ഇൻറസ്ട്രിയൽ എസ്റ്റേറ്റ്

1975ൽ ചെമ്മലശ്ശേറിയിൽ സ്ഥാപിക്കപ്പെട്ടു. ഒരേക്കറിലധികം വരുന്ന സ്ഥലത്ത് 8 യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നു. 10 യൂണിറ്റുകൾക്കുള്ള കെട്ടിടം ഉണ്ട്. 4 പേർ ചേർന്നുള്ള പാർട്ട്ണർഷിപ്പ് ഫേം അടിസ്ഥാനത്തിലാണ് ഓരോ യൂണിറ്റും പ്രവർത്തിക്കുന്നത്.

6 യൂണിറ്റുകളിൽ ട്രെഡ് റബറാണ് ഉല്പന്നം. പ്രാ ദേശികമായി ലഭിക്കുന്ന ഷീറ്റ് റബറും, കാർബൺ ബ്ലാക്കും, ചില രാസവസ്തുക്കളുമാണ് അസംസ്കൃത വസ്തുക്കൾ. 36 തൊഴിലാളികൾ ഈ ആറ് യൂണിറ്റുകളിലായി ജോലിചെയ്യുന്നു. 1200 മുതൽ 2000 രൂപ വരെ വേതനം ലഭിക്കുന്നുണ്ട്. പ്രതിമാസം ശരാശരി 18 ടൺ ഷീറ്റ് റബർ ഉപയോ ഗിക്കപ്പെടുന്നു.

പട്ടിക V

മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്

ക്രമ നമ്പർ	വിഭാഗം	എണ്ണം	തൊഴിലാളികളുടെ എണ്ണം പുരുഷ	സ്ത്രീ	ആകെ	ലാഭം / നഷ്ടം
1.	ട്രെഡ് റബർ യൂണിറ്റ്	6	33	3	36	ലാഭം
2.	ഗ്രിപ്മെയ്ക്കിംഗ് യൂണിറ്റ്	1	4		4	ലാഭം
3.	പ്ലാസ്റ്റിക്ക് ഗ്രാന്യൂൾ യൂണിറ്റ്	1	4		4	ലാഭം
		ആകെ 8	41	3	44	

അവലംബം : സെക്കൻററി ഡാറ്റ

ഒരു യൂണിറ്റ് റീട്രേഡിംഗ് റോളുകളിൽ ഗ്രിപ്പ് നിർമ്മിക്കുന്നു. ഈ യൂണിറ്റ് ഈ വർഷമാണ് പ്രവർത്തനം തുടങ്ങിയത്. ഷീറ്റ് റബറിനു പുറമെ ഈ യൂണിറ്റിലേക്ക് സിന്തറ്റിക്ക് റബറും ആവശ്യമുണ്ട്.

1987 ൽ പ്രവർത്തനം തുടങ്ങിയ രെു പ്ലാസ്റ്റിക്ക് ഗ്രാന്യൂൾ നിർമ്മിക്കുന്ന യൂണിറ്റും ഇവിടെയുണ്ട്. ഒരു തവണ പ്രോസസ് ചെയ്ത ഉപയോഗശൂന്യമായ പ്ലാസ്റ്റിക്ക് സാധനങ്ങളാണ് ഇവിടുത്തെ അസംസ്കൃത വസ്തു. ഇതിന്റെ പ്രാദേശികലഭ്യത വളരെ കുറവാണ്. കേരളത്തിന്നു പുറത്തുനിന്നും, പലപ്പോഴും, ഇന്ത്യയ്ക്കു പുറത്തുനിന്നുമാണ് ഇത് കിട്ടാറുള്ളത്. ഇവിടെ 4 തൊഴിലാളികളുണ്ട്. 1200 രൂപ മുതൽ ശമ്പളം ലഭിക്കുന്നുണ്ട്. മലിനീകരണ പ്രശ്നം ഇല്ലാത്ത യൂണിറ്റാണ്.

ഈ യൂണിറ്റുകളെല്ലാം ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നാണ് സാമ്പത്തിക സഹായം ലഭിക്കുന്നത്. വേനൽകാലത്തെ ജലക്ഷാമവും,വൈദ്യുതി പ്രശ്നങ്ങളുമാണ് പ്രധാന ബുദ്ധിമുട്ടുകൾ. വിദേശത്തുനിന്ന് ഇറക്കുമതി ചെയ്യുന്ന സിന്തറ്റിക്ക് റബർ കിട്ടാനും പലപ്പോഴും വൈകുന്നു.

ട്രെഡ് റബർ ഉപയോഗിച്ചുള്ള ഒരു ടയർ റീട്രേഡിംഗ് യൂണിറ്റിനും, പ്ലാസ്റ്റിക്ക് ഗ്രാന്യൂൾസ് ഉപയോഗിച്ചുള്ള കണ്ടെനറുകൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്കും ഇവിടെത്തന്നെയോ,പഞ്ചായത്തിൽ മറ്റെവിടെയെങ്കിലുമോ സ്ഥലം കണ്ടെത്തിയാൽകൂടുതൽ വികസന സാധ്യതകളുണ്ട്.

ഖാദി നൂൽനൂൽപ്പു കേന്ദ്രം

1980ൽ വളപ്പുരത്ത് പ്രവർത്തനമാരംഭിച്ചു. 50 സെൻറു സ്ഥലത്തുള്ള ഒരു ഷെഡിലാണ് പ്രവർത്തിക്കുന്നത്. 20 സ്ത്രീകൾ ജോലി ചെയ്യുന്നു. ഒരു ദിവസം 12 രൂപ മുതൽ 15 രൂപ വരെ വേതനം ലഭിക്കുന്നു.

കുറഞ്ഞ വേതന നിരക്ക് ഈ മേഖലയിലെ തൊഴിലാളികളെ അസംതൃപ്തരാക്കുന്ന ഒരു ഘടകമാണ്. ഈ നൂല് ഉപയോഗിച്ച് മൂന്നോ നാലോ തറികളുള്ള ഒരു നെയ്ത്തു ശാല ഇവിടെ പ്രവർത്തിച്ചാൽ ഈ പ്രശ്നം ഒരുപരിധിവരെ പരിഹരിക്കാം. തീപ്പെട്ടി നിർമ്മാണം പോലെ പ്രാദേശിക വിഭവ ലഭ്യതയുള്ളതും,ഖാദി ബോർഡിന്റെ സ്കീമിൽ ഉൾപ്പെടുന്നതുമായ ഒട്ടേറെ പദ്ധതികൾക്ക്ഇതിനോടനുബന്ധിച്ച് സാധ്യതയുണ്ട്.

കുടിർ സോപ്പു നിർമ്മാണ യൂണിറ്റ് :

ആര്യാപ്പള്ളം സ്മാരക മഹിളാ സമാജത്തിൻ കീഴിൽ 11 വനിതകൾ ചേർന്ന് 1989ൽ ആണ് ഈ യൂണിറ്റ് ആരംഭിച്ചത്. തുടക്കത്തിൽ നന്നായി പ്രവർത്തിച്ചിരുന്ന ഈ യൂണിറ്റ് KSO (കേരള സോപ്സ് ആൻറ് ഓയിൽസ്) പൂട്ടിയതോടെ നല്ല അസംസ്കൃത വസ്തുക്കൾ കിട്ടാതെയായതിനാൽ പുറകോട്ടു പോയി. 15 മുതൽ 20 രൂപ വരെ പ്രതിദിന വേതനം ലഭിച്ചിരുന്നു.

നല്ല അസംസ്കൃത വസ്തുക്കൾ കിട്ടുവാൻ സംവിധാനമുണ്ടാക്കിയാൽ ദിവസം 500 സോപ്പിലധികം നിർമ്മിക്കാൻ ശേഷിയുള്ള ഈ യൂണിറ്റിന് പുരോഗതിയുണ്ടാകും. ജല ദൗർലഭ്യവും, മാർക്കറ്റിങ്ങുമാണ് ഈ യൂണിറ്റ് നേരിടുന്ന മറ്റു പ്രശ്നങ്ങൾ. അലക്കുസോപ്പ്, സോപ്പുപൊടി, തുടങ്ങിയവ നിർമ്മിക്കുന്ന ഒരു യൂണിറ്റും, ഇതിനോടു ചേർന്ന് സാധ്യതയുണ്ട്.

DWCRA റെഡിമെയ്ഡ് യൂണിറ്റ്

11 പേർ ചേർന്ന് തുടങ്ങിയ ഈ യൂണിറ്റ് ഇപ്പോഴും പാലൂരിൽ പ്രവർത്തിക്കുന്നുണ്ട്. ടെക്

സ്റ്റൈൽ ഷോപ്പുകളിൽ നിന്നുതന്നെ ധാരാളം ഓർഡറുകൾ ലഭിക്കുന്നുണ്ട്. ഈ മാതൃകയിൽ കൂടുതൽ യൂണിറ്റുകൾ തുടങ്ങുകയും തുണിയും മറ്റും വാങ്ങുന്നതിനും, വിപണനത്തിനും സമാന്തര സംവിധാനമുണ്ടാക്കുകയും, കൂടുതൽ യൂണിറ്റുകൾ ഹൗസ് ഹോൾഡ് രീതിയിൽ ആരംഭിക്കുകയും ചെയ്തു ഈ രംഗത്ത് ഏറെ പുരോഗതിയുണ്ടാക്കാം.

റബർ അസംസ്കൃത വസ്തുവായും, കേരോല്പന്നങ്ങളേയും, അടയ്ക്കയേയും അടിസ്ഥാനമാക്കിയുമുള്ള വ്യവസായങ്ങൾക്ക് പഞ്ചായത്തിൽ ഇനിയും സാധ്യതുണ്ട്. ലഭ്യമായ അസംസ്കൃത വസ്തുക്കളെ അടിസ്ഥാനമാക്കി വ്യവസായിക വികസനത്തിന് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കേണ്ടതാണ്.

രജിസ്റ്റർ ചെയ്ത ഒരു മൾബറി സൊസൈറ്റി പഞ്ചായത്തിൽ നിലവിലുണ്ട്. ഇതിനു കീഴിൽ കർഷകരെ ചേർത്ത് സഹകരണ അടിസ്ഥാനത്തിൽ മൾബറി കൃഷിക്കും, പട്ടുനൂൽ പുഴുവളർത്തലിനും, പട്ടുനൂൽ ഉല്പാദനത്തിനുമുള്ള സാധ്യത ആരായണം.

തടിയുടെ ദാർലഭ്യവും, വിലയും കണക്കിലെടുക്കുമ്പോൾ കോൺക്രീറ്റ് കട്ടിള ജനൽ യൂണിറ്റുകൾക്ക് നല്ല സാധ്യതകാണുന്നു.

ഇവിടെകിട്ടുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് കുറഞ്ഞ ചിലവിൽ ആരംഭിക്കാൻ സാധ്യതയുള്ള ചില യൂണിറ്റുകൾ നോക്കാം.

(പട്ടിക VIട്ടി നോക്കുക)

പ്രാദേശികമായ വിപണി ലഭിച്ചാൽതന്നെ വിജയിപ്പിക്കാൻ സാധിക്കുന്ന ഒട്ടേറെ സംരംഭങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും. ചെറുകിട വ്യവസായരംഗം വികസിക്കുന്നതിന് ശാസ്ത്രീയമായ വ്യവസായ ബോധവൽക്കരണത്തോടൊപ്പം പ്രാദേശീക ഉല്പന്നങ്ങൾ ഉപയോഗിക്കുന്നതിൽ താല്പര്യവും അഭിമാനവും ഉള്ള സമൂഹത്തെ വളർത്തി എടുക്കാനും തുല്യപ്രാധാന്യം നൽകണം.

ചുരുങ്ങിയ മുതൽ മുടക്കിൽ കമ്പോളം ലഭിക്കാൻ സാധ്യതയുള്ള ചില വ്യവസായങ്ങൾ പട്ടിക VII ൽ

പട്ടിക VI

പ്രാദേശിക അസംസ്കൃത വസ്തുക്കൾ കൊണ്ട് തുടങ്ങാവുന്ന ചില വ്യവസാ യങ്ങൾ

ക്രമ നമ്പർ	ഇനം
01.	ടയർ റീട്രേഡിംഗ്
02.	ടയർ റ്റ്യൂബ് നിർമ്മാണം
03.	റബർ ബാൻറ്, റബർ ഇറേസർ
04.	റബർ ബലൂൺ, ഗൗല്സ് വിരലുറ
05.	സുഗന്ധപ്പാക്ക് നിർമ്മാണം
06.	സീസൺ ചെയ്ത റബർ തടി ഫർണീച്ചർ
07.	നെയ്ത്തുകേന്ദ്രം
08.	ഹവായ് ചെരുപ്പ്
09.	യന്ത്രവൽകൃത ചരിരിനാര്
10.	യന്ത്രവൽകൃത ചൂടിനിർമ്മാണം
11.	ചരികിച്ചാറ് വളം നിർമ്മാണം
12.	തെങ്ങിൻ തടി ഫർണീച്ചർ
13.	കോക്കനട്ട് പൗഡർ, ക്രീം
14.	വെളിച്ചെണ്ണ, കാലിത്തീറ്റ
15.	ചിപ്സ് നിർമ്മാണം (പൂള, കായ)
16.	കൗതുക വസ്തുക്കൾ (ചിരട്ട, ചകിരി)
17.	അച്ചാറുകൾ, ജാം
18.	കമ്പനി ഇഷ്ടിക നിർമ്മാണം
19.	ഹോളോബ്രിക്സ് നിർമ്മാണം
20.	തീപ്പെട്ടി നിർമ്മാണം

(പട്ടിക VII മറുപുറം നോക്കുക)

പട്ടിക VII

കമ്പോള സാധ്യതയുള്ള ചില ചെലവു കുറഞ്ഞ വ്യവസായങ്ങൾ

	ക്രമ നമ്പർ	ഇനം
ജനറൽ	01.	ശാസ്ത്രീയ കോഴി വളർത്തൽ
	02.	തേനീച്ച വളർത്തൽ
	03.	മരം ഫർണീച്ചർ
	04.	ബ്ലോക്ക് മോർഡ്സ് പ്ലാസ്റ്റിക് പാത്രം
	05.	സ്കൂൾ ബാഗുകൾ
	06.	ഇൻജക്ഷൻ മോഡൽപ്ലാസ്റ്റിക് ഉല്പന്നങ്ങൾ
	07.	പ്ലാസ്റ്റിക്ക് ബട്ടൻ
	08.	ഡിറ്റർജൻറ് പൗഡർ
	09.	വാഷിംഗ് സോപ്പ്
	10.	ടൂവീലർ വർക്ക്ഷോപ്പ്
	11.	അലുമിനിയം പാത്രം
	12.	ക്ലീനിംഗ് പൗഡർ
	13.	ഓട്ടോ ഇലക്ട്രിക് ഷോപ്പ്
	14.	ഇലക്ട്രിക്കൽ വക്ക്ഷോപ്പ്
	15.	ഇലക്ട്രാണിക്ക് ചോക്ക് നിർമ്മാണം
	16.	ബേക്കറി
	17.	ഇലക്ട്രോണിക് ഓവർലോഡ് കട്ട്ഓഫ്
	18.	സ്വിച്ച് ബോർഡ്
	19.	കുട്ടികളുടെ ഷൂ
വനിത	20.	റെഡിമെയ്ഡ് നിർമ്മാണം
	21.	പേപ്പർ കവർ നിർമ്മാണം
	22.	നോട്ടുബുക്ക്, കുട നിർമ്മാണം
	23.	റെക്സിൻ ബാഗ്, മഴക്കോട്ട് നിർമ്മാണം
	24.	കറിപൗഡർ നിർമ്മാണം
	25.	കരിങ്കല്ല് ജില്ലിയാക്കൽ
	26.	കൂൺ കൃഷി
സഹകരണം	27.	നെയ്ത്ത് പവർലൂം
	28.	സിമൻറ് കട്ടിള ജനൽ
	29.	സ്റ്റീൽ ഫർണീച്ചർ
	30.	കിടക്ക നിർമ്മാമം
	31.	നീറ്റുകക്ക വ്യവസായം
	32.	ക്ഷീരോല്പന്ന സംസ്കരണം
	33.	പട്ടുനൂൽ വ്യവസായം

വൻകിട വ്യവസായം

തേങ്ങ, ചകിരി അടിസ്ഥാനമാക്കിയുള്ള സംരംഭങ്ങൾക്കുള്ള സാധ്യത ആരായണം.

ടൂറിസം വികസനം

മാലാപറമ്പുപോലെയുള്ള പ്രകൃതിരമണീയമായ പ്രദേശങ്ങളിലെ ടൂറിസം സാധ്യത പരിഗണിക്കാം.

ഗതാഗതസൗകര്യങ്ങൾ

വ്യവസായവൽക്കരണത്തിന് അവശ്യം വേണ്ട ഒരു അടിസ്ഥാന സൗകര്യമാണല്ലോ ഗതാഗത സൗകര്യം. പുലാമന്തോൾ മലപ്പുറം റോഡ് ഹൈവേ ആക്കി മാറ്റേണ്ടത് മുഖ്യ പരിഗണന അർഹിക്കുന്ന പ്രശ്നമാണ്.

വൈദ്യുതി ഉല്പാദനവും വിതരണവും

12-ാം വാർഡിൽ എടത്തറ ച്ചോലയിൽ ഒരു മൈക്രോ ഹൈഡൽ പദ്ധതിക്കുള്ള സാധ്യത ആരായണം.

മാലാപറമ്പിൽ 110KV സബ്സ്റ്റേഷൻ സ്ഥാപിച്ച് പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുക. കൂടുതൽ ശക്തിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക.

വൈദ്യുതി സംരക്ഷണം

CFL വിളക്കുകൾ പ്രചരിപ്പിക്കുക. കോളാർ ലാമ്പുകൾ സ്ഥാപിക്കുവാൻ നേതൃത്വം നൽകുക.

മറ്റു ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. മെഴുകുതിരി നിർമ്മാണ യൂണിറ്റ്
2. യന്ത്രവൽകൃത പപ്പട നിർമ്മാണ യൂണിറ്റ്
3. ആടുവളർത്തൽ കേന്ദ്രം
4. ആനി, സ്ക്രൂ നിർമ്മാണ യൂണിറ്റ്
5. പണിയായുധ നിർമ്മാണ യൂണിറ്റ്
6. യന്ത്രവൽകൃത കല്ലുവെട്ട് സംരംഭങ്ങൾ
7. കശുവണ്ടി സംസ്ക്കരണ കേന്ദ്രം
8. ഗ്ലാസ്സ് നിർമ്മാണം

ചില നിർദ്ദേശങ്ങൾ

1. റബർ, നാളികേരം അടയ്ക്ക ഇവ് ടിസ്ഥാനമാക്കിയുള്ള വിവിധ വ്യവസായങ്ങളെപ്പറ്റി ബോധവൽക്കരണം നടത്തുവാൻ Regional Research Laboratory, Thiruvananthapuram , നാളികേര വികസന ബോർഡ്, കയർ ബോർഡ്, ഇവയുമായും ജില്ലാ വ്യവസായ കേന്ദ്രവുമായും ബന്ധപ്പെട്ട് പരിശീലനം സംഘടിപ്പിക്കുക.

2.
   a. മിനി ഇൻറസ്ട്രിയലിനോടുചേർന്നോ, പഞ്ചായത്തിൽ അനുയോജ്യമായ മറ്റെവിടെയെങ്കിലുമോ സ്ഥലം കണ്ടെത്തി അവിടെ കൂടുതൽ വ്യവസായയൂണിറ്റുകൾതുടങ്ങുക.
   b. നിലവിലുള്ള യൂണിറ്റുകൾക്ക് സമാനമായവയോ, അവയിലെ ഉല്പന്നങ്ങൾ ഉപയോഗപ്പെടുത്തുന്നവയോ ആയ യൂണിറ്റുകൾക്ക് മുൻ പരിഗണന നൽകുക
   c. ഉപയോഗപ്പെടുത്താതെ കിടക്കുന്ന 2 യൂണിറ്റുകൾ പ്രവർത്തിപ്പിക്കാനുള്ള സംവിധാനം ഉണ്ടാക്കുക.

3. വ്യവസായം ആരംഭിക്കുവാൻ താല്പര്യമുള്ളവരുടെ ഒരു പട്ടിക പഞ്ചായത്തിൽ ശേഖരിക്കുന്നതിനാവശ്യമായ പരസ്യം നൽകുകയും, അതിൽ നിന്ന് വ്യവസായ സംരംഭകരെ വാർത്തെടുക്കുന്നതിന് വിദഗ്ദ പരിശീലനം നൽകുകയും ചെയ്യുക. പരിശീലനത്തിന് ജില്ലാതലത്തിൽ ഒരു സ്ഥിലം സംവിധാനമുണ്ടാക്കുക.

4. റെഡിമെയ്ഡ് വ്യവസായം തുടങ്ങാനാഗ്രഹിയ്ക്കുന്നവർക്ക് പ്രസ്തുത രംഗത്തുള്ള നവീന രീതികളെപ്പറ്റിയും അതിൻെറ വിപണന സാധ്യതകളെപ്പറ്റിയും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി, മദ്രാസ് എന്ന സ്ഥാപനത്തിൽ നിന്ന് വിദഗ്ധ പരിശീലനം കിട്ടാൻ സംവിധാനമുണ്ടാക്കുക.

5. കരകൗശല രംഗത്ത് താല്പര്യമുള്ളവർക്ക് വിദഗ്ധ പരിശീലനത്തിന് അവസരമൊരുക്കുക.

6. സംരംഭകർക്ക് വേഗത്തിൽ വൈദ്യുതി കിട്ടാനുള്ള നടപടികൾ ഉണ്ടാക്കുക. വോൾട്ടേജ് പ്രശ്നം പരിഹരിക്കാൻ 110 KV സബ്സ്റ്റേഷൻ സ്ഥാപിക്കുക.

7.
   a. മൾബറി സൊസൈറ്റിക്കു കീഴിൽ കർഷകരുടെ മൾബറി കൃഷി, പട്ടുനൂൽ പുഴു വളർത്തൽ,പട്ടുനൂൽ ഉല്പാദനം എന്നിവസഹകരണ മേഖലയിൽ തുടങ്ങാൻ ശ്രമിക്കുക.
   b. സെറിഫെഡ് മലപ്പുറം ജില്ലാ ഓഫീസുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിപാടികൾ നടത്തുക.

8. മുന്നോട്ടു വരുന്ന വ്യവസായ സംരംഭകരെ നിരന്തരമായി പ്രോത്സാഹിപ്പിച്ച് വ്യവസായം തുടങ്ങുവാനും അത് നല്ലനിലയിൽ പ്രവർത്തിക്കുമെന്നുറപ്പു വരുത്തുവാനും, ഒരു സ്ഥിരം മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കുക.

9. ഗൾഫിലും വിദേശത്തും ജോലിചെയ്യുന്ന നമ്മുടെ പഞ്ചായത്തുകാരുടെ വിവരം ശേഖരിക്കുക. ഇതിൽ വ്യവസായ താൽപര്യരെ കണ്ടെത്തുക. ഇവരുടെ ധനം വ്യവസായ രംഗത്ത് മുതൽ മുടക്കുവാൻ പ്രേരിപ്പിക്കുക.

മേൽപറഞ്ഞ നിർദേശങ്ങളെ ചർച്ചയുടെ അടിസ്ഥാനത്തിൽ മുൻഗണനാക്രമം നിശ്ചയിച്ച് നടപ്പിലാക്കിയാൽ അടുത്ത ഏതാനുംവർഷങ്ങൾ കൊണ്ട് പഞ്ചായത്തിൽ ചെറുകിട വ്യവസായ രംഗത്ത് കാര്യമായപുരോഗതിയുണ്ടാക്കാൻ കഴിയും. ഇവിടുത്തെ കാർഷികോല്പന്നങ്ങളെ ഇവിടെത്തന്നെ ഉപയോഗപ്പെടുത്താനും, കുറെപേർക്ക് തൊഴിൽ നൽകുവാനും കഴിയും. ഇത് പഞ്ചായത്തിൻെറ സാമ്പത്തിക നില മെച്ചപ്പെടുത്തുകയും,സാമൂഹ്യ സാംസ്കാരിക പുരോഗതിയ്ക്ക് ആക്കം കൂട്ടുകയും ചെയ്യും.



5 4

വിദ്യാഭ്യാസം

സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിലൂടെയും സാംസ്കാരിക പ്രവർത്തനങ്ങളിലൂടെയും പഴയ വള്ളുവനാടിന്റെ കേന്ദ്രമായി അറിയപ്പെട്ടിരുന്ന പെരിന്തൽമണ്ണക്കടുത്ത് സ്ഥിതിചെയ്യുന്ന പുലാമന്തോൾ വിദ്യാഭ്യാസ രംഗത്ത് പണ്ട് തന്നെ മുൻപന്തിയിലാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഈ പഞ്ചായത്തിലില്ലെങ്കിലും ഉന്നത വിദ്യാഭ്യാസം നേടിയ വളരെ പേർ ഇവിടെയുണ്ട്. സ്വാതന്ത്ര്യ സമര പ്രസ്ഥാനത്തിനൊപ്പം ഈ ദേശത്ത് വിദ്യാഭ്യാസ രംഗത്ത് പുത്തനുണർവ് ഉണ്ടായി. ഇന്ത്യൻ സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിൽ പങ്കെടുത്തിരുന്ന ഇന്നാട്ടിലെ പ്രമുഖരെല്ലാം വിദ്യാഭ്യാസ രംഗത്തും വളരെയധികം സംഭാവനകൾ നൽകിയവരാണ്.

1911ൽ വളപുരം കാവുവട്ടം ഭാഗത്ത് ആദ്യമായി ഒരു ഹിന്ദു എലിമെൻററി സ്കൂൾ ആരംഭിച്ചു. ഇതിന്റെ പേർ കുരുവമ്പലം സ്കൂൾ എന്നായിരുന്നു. കുറച്ചു കാലത്തിന് ശേഷം ഈ സ്കൂൾ ഇല്ലാതാവുകയും മലവട്ടത്ത് മമ്മുമാസ്റ്റുടെ നേതൃത്വത്തിൽ വളപുരം ഓത്തപള്ളിയോടനുബന്ധിച്ച് തുടങ്ങിയിരുന്ന മാപ്പിള സ്കൂൾ തുടരുകയും ചെയ്തു. ഇതാണ് ഇന്നത്തെ വളപുരം ജി. എം.യു.പി. സ്കൂൾ 1923ൽ പരുത്തിയിൽ നാരായണൻ നായർ പാലൂരിൽ ഒരു എലിമെൻററി സ്കൂൾ സ്ഥാപിച്ചു. (ഇന്നത്തെ എ. എൽ പി. സ്കൂൾ, പാലൂർ) വിദ്യാഭ്യാസ സ്നേഹിയായിരുന്ന ശ്രീ. ആലിമുസ്ല്യാരുടെ നേതൃത്വത്തിൽ ചെമ്മല ശ്ശേരിയിലും ശ്രീ. അയമുമൊല്ലായുടെ നേതൃത്വത്തിൽ ചെമ്മലയിലും വിദ്യാലങ്ങൾ സ്ഥാപിക്കപ്പെട്ടു. ശ്രീ. മലവട്ടത്ത് മമ്മിച്ച മൊല്ലയുടെ ശ്രമത്തിൽ പാലൂർ കാഞ്ഞിരക്കടവത്ത് പറമ്പിൽ ആരംഭിച്ച എലിമെൻററി സ്കൂൾ കുന്നത്ത് പറമ്പിലേക്ക് മാറ്റി സ്ഥാപിക്കുകയും ചെയ്തു. കുരുവമ്പലത്ത് ശ്രീ കുരുതൊടി ഏനു ഒരു മാപ്പിള സ്കൂൾ സ്ഥാപിച്ചു. അക്കാലത്ത് പുലാമന്തോൾ ദേശത്തുണ്ടായിരുന്ന എലിമെൻററി സ്കൂളുകളിലെല്ലാം 5ാം തരം വരെ മാത്രമേ പഠനമുണ്ടയിരുന്നുള്ളു. തുടർന്ന് പഠിക്കുവാനുള്ള സൗകര്യത്തിനുവേണ്ടി പുലാമന്തോൾ യുവജന സംഘത്തിന്റെ പ്രവർ

ത്തനഫലമായി 6 മുതൽ 8 വരെ ക്ലാസ്സുകളോടുകൂടിയ ഒരു ഹയർ എലിമെൻററി സ്കൂൾ പുലാമന്തോൾ കുന്നത്ത് പറമ്പിൽ സ്ഥാപിച്ചു. പിന്നീട് ഈ സ്കൂൾ സൗകര്യാർത്ഥം തിരുനാരായണപുരത്ത് ക്കുമാറ്റി. അന്ന് അവിടെയുണ്ടായിരുന്ന പ്രൈമറി സ്കൂളുമായി ചേർന്ന് ഉണ്ടായതാണ് ഇന്നത്തെ പുലാമന്തോൾ യു. പി. സ്കൂൾ. ചേലക്കാട്ട് മാരാപറമ്പിൽ കുഞ്ഞാലൻ മൊല്ലയും കളരിക്കൽ കുഞ്ഞമ്മത് മൊല്ലയും കൂടി നടത്തിയിരുന്ന ഓത്തുപള്ളിയോടനുബന്ധിച്ച് ഒരു മാപ്പിള സ്കൂൾ സ്ഥാപിച്ചു. അതാണ് ഇന്നത്തെ ചേലക്കാട് യു പി. സ്കൂൾ.

സ്വാതന്ത്ര്യാനന്തര വിദ്യാഭ്യാസ രംഗത്ത് എല്ലാ പ്രദേശങ്ങളിലും വമ്പിച്ച മുന്നേറ്റമാണ് ഉണ്ടായത്. ഇവിടെയുള്ള വരെല്ലാം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനായി പട്ടാമ്പിയിലോ, പെരിന്തൽ മണ്ണയിലോ പോകേണ്ടിയിരുന്നു. 1957 ൽ മങ്കട വർക്കയിലെ ആദ്യത്തെ ഹൈസ്കൂളായി പുലാമന്തോളിൽ ഇന്നുള്ള ഗവഃ ഹൈസ്കൂൾ ആരംഭിച്ചു. ശ്രീ. സി. എം. എസ്.നമ്പൂതിരിപ്പാട്, കണ്ണംപിലാവിൽ കുഞ്ഞുണ്ണ്യോൻ, വില്ലങ്ങാട്ടിൽ കുട്ടികൃഷ്ണൻ, മൂലത്തിൽ മായിൻ ഹാജി, മൂലത്തിൽ അയമു ഹാജി എന്നിവർ സ്കൂളിന് സ്ഥലം സംഭാവ നൽകുകയും ജനങ്ങളിൽ നിന്ന് ധനവും സാധനങ്ങളും അധ്വാനവും സ്വീകരിച്ച് ജനകീയമായി സ്കൂൾ കെട്ടിടം നിർമ്മിക്കുകയും ചെയ്തു. 1957 മെയ് 10 ന് അന്നത്തെ കേരള മുഖ്യമന്ത്രിയായിരുന്ന ശ്രീ. ഇ. എം. എസ്. നമ്പൂതിരിപ്പാട് ഹൈസ്കൂളിന് ശിലാസ്ഥാപനം നടത്തി.

മലബാർ അധ്യാപക പ്രസ്ഥാനത്തിന്റെ സജീവ കേന്ദ്രങ്ങളിൽ പ്രമുഖമായിരുന്നു പുലാമന്തോൾ. ശ്രീമാൻമാർ ടി. സി. നാരയണൻ നമ്പ്യാർ, പി. ആർ നമ്പ്യാർ, വള്ളത്തോൾ കുമാരൻ മേനോൻ തുടങ്ങിയ ആദ്യകാല അധ്യാപക നേതാക്കളൊക്കെ അവരുടെ പ്രവർത്തന രംഗമായി എടുത്തത് ഈ പ്രദേശമായിരുന്നു. നാട്ടിൽ നിന്ന് പിടിയരി പരിച്ചു ഉച്ചക്കഞ്ഞി വിതരണം ചെയ്യാനും പട്ടിണിമാറ്റുന്നതോടൊപ്പം തൊട്ടുകൂടായ്മയുടെ പേരിൽ മാറ്റി നിർത്തിയിരുന്ന കുട്ടികളെ കൂടി സ്കൂളിൽ എത്തിക്കുന്നതിനും വിദ്യാഭ്യാസം നൽകുന്നതിനും മുൻ നിന്ന് പ്രവർത്തച്ച അധ്യാപകരാണ് പുലാമന്തോൾ പഞ്ചായത്തിൽ ഉണ്ടായിരുന്നത്.

1930 കളിൽ തന്നെ ഈ ദേശത്തെ മുസ്ലീം സമുദായവും വിദ്യാഭ്യാസ താൽപര്യം പ്രകടിപ്പിച്ചിരുന്നു. നിസ്വാർത്ഥമായി സ്കൂളുകൾ തുടങ്ങുന്നതിനും സ്വന്തം വീടുകൾ പോലും വിദ്യാഭ്യാസ സ്ഥാപനങ്ങളായി രൂപപ്പെടുത്തുന്നതിലും മുസ്ലീം സമുദായം കാണിച്ച താൽപര്യം എക്കാലത്തും ഓർമ്മിക്കപ്പെടുന്നതാണ്. ആ കാലഘട്ടത്തിൽ തന്നെ സ്കൂളുകളിൽ പെൺകുട്ടികൾ അടക്കം 10% ത്തോളം മുസ്ലീംകുട്ടികൾ ഉണ്ടായിരുന്നു. ഇന്ന് പുലാമന്തോൾ ഹൈസ്കൂളിൽ 71% മുസ്ലീംകുട്ടികളിൽ പകുതിയലധികവും മുസ്ലീം പെൺകുട്ടികളാണ് പഠിക്കുന്നത്. മുസ്ലീം ബാലികമാരെ വിദ്യാഭ്യാസരംഗത്തക്ക് ആകർഷിക്കുവാൻ വേണ്ടി ശ്രി. സി. എഛ്. മുഹമ്മദ് കോയ വിദ്യാഭ്യാസ മന്ത്രിയായിരുന്ന കാലത്ത് ചെയ്ത പ്രവർത്തനങ്ങളുടെ സദ്ഫലമാണ് ഇത്. ആദ്യകാലത്ത് അധ്യാപനരംഗത്ത് മുഴുവൻ പുരുഷന്മാർ ആയിരുന്നുവെങ്കിൽ പിന്നീട് സ്ത്രീകളും അവിടേക്ക് കടന്നു വരാൻ തുടങ്ങി. ഈ പഞ്ചായത്തിലെ ആദ്യത്തെ അധ്യാപിക ശ്രീമതി ലകഷ്മിക്കുട്ടി പിഷാരസ്യാർ (മിസിസ് ചെറുകാട്) ആയിരുന്നു. മുസ്ലിം സമുദായത്തിൽ നിന്നും ധാരാളം പേർ ആദ്യം മുതലേ അധ്യാപന രംഗത്തേക്ക് വന്നിട്ടുണ്ട്. അധ്യാപനരംഗത്തേക്ക് ആദ്യം വന്ന മുസ്ലീം വനിതയാണ് ശ്രീമതി. ടി പി. തിത്തുമ്മ.

ഇന്ന് പുലാമന്തോൾ ഗവഃ ഹൈസ്കൂൾ അടക്കം 12 സ്കൂളുകൾ നമ്മുടെ പഞ്ചായത്തിൽ ഉണ്ട് മുപ്പിതനായിരിത്തിലധികം ജനസംഖ്യയുള്ള നമ്മുടെ പഞ്ചായത്തിൽ ഈ 12 വിദ്യാലയങ്ങളിലായി 7621 വിദ്യാർത്ഥികൾ അധ്യയനം നടത്തുന്നു. അധ്യാപകരുടെ എണ്ണം 234 പട്ടിക 1A, 1B, 1C ॥

(പട്ടിക 1A, 1B, 1C ॥ മറുപുറം നോക്കുക)

ആകെയുള്ള വിദ്യാലയങ്ങളിൽ സർക്കാർ മേഖലയിൽ ഒരു ഹൈസ്കൂളും ഒരു യു. പി. സ്കൂളും മാത്രമേയുള്ളൂ. മറ്റുള്ള വിദ്യാലങ്ങളെല്ലാം എയ്ഡഡ് മേഖലയിലാണ്. പ്രൈവറ്റ് മേഖലയിൽ രണ്ട് പ്രീപ്രൈമറി സ്കൂളും നമ്മുടെ പഞ്ചായത്തിലുണ്ട്. അതിൽ ഒന്ന് പൂർണ്ണമായും ഇംഗ്ലീഷ് മീഡിയമാണ്. പഞ്ചായത്ത് വക ഒരു ശിശു വിഹാറും സാമൂഹ്യക്ഷേമ വകുപ്പിൽ 28 അങ്കൺവാടികളും ഇവിടെ പ്രവർത്തിക്കുന്നുണ്ട്. മൂക-ബധിര വി

പട്ടിക 1 വിദ്യാർത്ഥികൾ, അധ്യാപകർ

നമ്പ്	സ്കൂളിന്റെ പേര്		മാനേജമെൻറ്	വിദ്യാർത്ഥികൾ			അധ്യാപകർ		
				ആൺ	പെൺ	ആകെ	പുരു	സ്ത്രീ	ആകെ
1	GHS പുലാമന്തോൾ	HS	സർക്കാർ	930	979	2342	42	33	75
		UP		210	223				
2	GMUPS വളപുരം	LP	,,	236	256	955	8	13	21
		UP		222	241				
3	AMUPS ചേലക്കാട്	LP	എയിഡഡ്	272	270	1067	9	26	35
		UP		272	253				
4	AUPS പുലാമന്തോൾ	LP	,,	130	152	652	9	14	23
		UP		208	162				
5	AUPS ചെമ്മല	LP	,,	262	239	1024	9	18	27
		UP		266	257				
6	AMLPS തിരുനാരായണപുരം		,,	109	94	203	2	5	7
7	AMLPS പാലൂർ		,,	41	42	83	3	2	5
8	ALPS പാലൂർ		,,	221	221	442	2	11	13
9	YMLPS ചെമ്മല		,,	58	62	120	3	2	5
10	AMLPS കുരുവമ്പലം		,,	214	255	469	4	10	14
11	St. Josephøs LPS മാലാപറമ്പ്		,,	78	59	137	-	4	4
12	ALPS ചിരട്ടാമല		,,	71	56	127	1	4	5
	TOTAL			3800	3821	7621	92	142	234

അവലംബം : സെക്കൻററി ഡാറ്റ

പട്ടിക 1 (b) വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	LP			UP			HS		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
7621	1692	1706	50.21	1178	1136	49.09	930	979	51.28

ആകെ 3821 ശതമാനം - 50.14%

പട്ടിക 1 (c) പട്ടിക ജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

ആകെ	LP			UP			HS	
	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
3398	249	7.33	2314	165	7.13	1909	123	6.44

ആകെ 537 ശതമാനം - 7.05%

അവലംബം സെക്കൻററി ഡാറ്റ

പട്ടിക (IIIA)SSLC വിജയശതമാനം (GHSപുലാമന്തോൾ)

91 - 92	92 - 93	93 - 94	94 - 95	95 - 96
35%	33%	37%	27%	23%

അവലംബം സെക്കൻററി ഡാറ്റ

പട്ടിക 2

ഗവ:സ്കൂളുകളിലെ അധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്ക്

ആകെ അധ്യാപകർ	ഗവ:വിദ്യാലയങ്ങളിലെ അധ്യാപകരുടെ എണ്ണം	ശതമാനം	പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ:വിദ്യാലയങ്ങളിലെ വിദ്യാർത്ഥികളുടെ എണ്ണം	ശതമാന
234	96	41.03%	7621	3297	43.26%

അവലംബം സെക്കൻററി ഡാ

ദ്യാർത്ഥികൾക്ക് മാലാപറമ്പിൽ ഒരു വിദ്യാലയം പ്രവർത്തിക്കുന്നുണ്ട്- അസീസി ബധിര വിദ്യാലയം. ഇവിടെ 49 വിദ്യാർത്ഥികൾ പഠിക്കുന്നുണ്ട്. (ആൺ 35, പെൺ 14) മാലാപറമ്പ് പള്ളി വകയായി ഒരു ഹോം സയൻസ് കോഴ്സും നടത്തുന്നുണ്ട്. സ്വകാര്യ വ്യക്തികളുടേതായി കട്ടുപ്പാറയിലും പുലാമന്തോളിലും, പാലൂരിലും, മാലാപറമ്പിലും ഓരോ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തിക്കുന്നുണ്ട്. കമ്പ്യൂട്ടർ പടനത്തിൻ മുൻഗണന ലഭിച്ചതോടെ ടൈപ്പ് റൈറ്റിംഗ് പഠിക്കാൻ ഇന്ന് വിദ്യാർത്ഥികൾ വളരെ കുറവാണ്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇവിടെ ഇല്ലാത്തതിനാൽ അതിനായി നാം മറ്റു സ്ഥലങ്ങളെ ആശ്രയിക്കേണ്ടി വരുന്നു. പുലാമന്തോൾ ഹൈസ്കൂളിൽ കഴിഞ്ഞ വർഷം മുതൽ ഒരു കമ്പ്യൂട്ടർ കോഴ്സും ആരംഭിച്ചിട്ടുണ്ട്. ഇവിടെയുള്ള വിദ്യാലയങ്ങളിലെ ഭൂരിഭാഗം അധ്യാപകരും ഈ ദേശവാസികൾ തന്നെയാണ്.. അധ്യാപനരംഗത്ത് പുരഷന്മാരേക്കാൾ സ്ത്രീകളാണുള്ളത്. മുസ്ലീം മതപഠന സ്ഥാപനമായ മദ്രസ്സകൾ 17 എണ്ണം നമ്മുടെ പഞ്ചായാത്തിലുണ്ട്.

നമ്മുടെ പഞ്ചയായത്തിലെ ഏക ഹൈസ്കൂളിലെ S.S.L.C. വിജയശതമാനം സംസ്ഥാന ശരാശരിയേക്കാൾ താഴെയാണ്. (പട്ടിക III A) വിജയിക്കുന്നവരുടെ മാർക്കും കുറവായതിനാൽ അഫ്ലിയേറ്റഡ് കോളേജുകളിൽ വളരെ ചെറിയൊരു വിഭാഗത്തിനുമാത്രമേ പ്രവേശനം ലഭിക്കുന്നുള്ളു. ബാക്കിയുള്ളവർ പാരലൽ കോളേജുകളെ ആശ്രയിക്കേണ്ടി വരുന്നു. പുലാമന്തോൾ ഹൈസ്കൂളിലേ വിജയശതമാനം ഓരോ വർഷവും കുറഞ്ഞു വരുന്നതായാണ് കാണുന്നത് (പട്ടിക III A)

പട്ടിക 3A

SSLC വിജയശതമാനം (GHS പുലാമന്തോൾ)

91-92	92-93	93-94	94-95	95-96
36 %	33 %	37 %	27 %	23 %

പട്ടിക III B കാണിക്കുന്നത് കഴിഞ്ഞ വർഷത്തെ പരീക്ഷാനിലവാരമാണ്. 60 % ത്തിനു മുകളിൽ മാർക്ക് ലഭിച്ചവർ കുറവാണ് എന്ന് കാണാം. 30 % ത്തിനു താഴെ മാർക്ക് വാങ്ങിയവരാണ് കൂടുതൽ എന്നും കാണാം. സാമ്പത്തിക സൗകര്യമുള്ള കുട്ടികൾ ട്യൂഷൻ ക്ലാസുകളെ ആശ്രയിക്കുന്നു.

പഞ്ചായത്തിലെ ഭൂരിപക്ഷം വിദ്യാലയങ്ങളിലും വിദ്യാഭ്യാസ നിലവാരം കുറഞ്ഞു വരുന്നതായാണ് കാണുന്നത്. കലാ - കായിക രംഗങ്ങളിൽ ഒറ്റപ്പെട്ട പ്രകടനങ്ങൾ കാഴ്ച വെക്കുന്നുണ്ടെങ്കിലും അവയിലും നാം പിന്നിൽ തന്നെയാണ്.

ഭൂരിപക്ഷം വിദ്യാലയങ്ങളിലും അക്കാഡമിക് സൗകര്യങ്ങളും, ഭൗതിക സാഹചര്യങ്ങളും വളരെ മോശമാണ്. (പട്ടിക IV, V) അധികം വിദ്യാലയങ്ങളിലും ലൈബ്രറി, ലബോറട്ടറി, പംടനേ

പട്ടിക 3B

95 - 96 ലെ മൂല്യനിർണ്ണയം

ക്ലാസ്സുകൾ	30% താഴെ മാർക്ക് ലഭിച്ചവർ	30% - 40% മാർക്ക് ലഭിച്ചവർ	40% 50% മാർക്ക് ലഭിച്ചവർ	50% - 60% മാർക്ക് ലഭിച്ചവർ	60% മുകളിൽ മാർക്ക് ലഭിച്ചവർ
3	298	217	178	110	135
4	211	218	166	104	174
5	238	255	76	55	100
6	272	217	112	53	93
7	245	160	156	65	109
8	145	156	178	153	86
9	151	135	191	130	69
10	131	128	126	94	36

അവലംബം സെക്കൻററി ഡാറ്റ

പട്ടിക 4

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

	ഉള്ളത്	ഇല്ലാത്തത്	പ്രവർത്തിക്കാത്തത്
ലൈബ്രറി	12	-	12
ലാബ്	8	4	1
പഠനോപകരണങ്ങൾ	4	8	-
റേഡിയോ	8	4	-
ടേപ്പ് റിക്കാർഡർ	8	4	-
ടെലിവിഷൻ	-	12	-
സിനിമാ പ്രൊജക്ടർ	1	11	-
സ്ലൈഡ് പ്രൊജക്ടർ	2	10	-
ബ്ലാക്ക് ബോർഡ് ആവശ്യമുള്ള സ്കൂളുകൾ	11	-	-
മാതൃസംഘം സജീവം	11	1	-
ക്ലാസ്സ് പി. ടി. എ. പ്രവർത്തിക്കുന്നുണ്ടോ	-	12	-

അവലംബം സെക്കൻററി ഡാറ്റ

പട്ടിക 5

ഭൗതിക സാഹചര്യങ്ങൾ

സ്കൂളിന്റെ പേര്	ആകെ വിദ്യാർത്ഥികൾ	ആകെ അധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1 GHS പുലാമന്തോൾ	2342	76	4	1	ഉണ്ട്	ഉ ണ്ട്
2 GMUPS വളപുരം	955	21	1	ഇല്ല	-	ഉണ്ട്
3 AMUPS ചേലക്കാട്	1067	35	1	ഇല്ല	ഉണ്ട്	ഇല്ല
4 AUPS പുലാമന്തോൾ	652	23	2	1	ഉണ്ട്	ഉണ്ട്
5 AUPS ചെമ്മല1024	27	2	1	ഇല്ല	ഇല്ല	
6 AMLPS തിരുനാരായണപുരം	203	7	1	1	ഉണ്ട്	ഉണ്ട്
7 AMLPS പാലൂർ	83	5	1	ഇല്ല	ഇല്ല	ഇല്ല
8 ALPS പാലൂർ442	13	1	ഇല്ല	ഉണ്ട്	ഇല്ല	
9 YMLPS ചെമ്മല	120	5	ഇല്ല	ഇല്ല	ഉണ്ട്	ഇല്ല
10 AMLPS കുരുവമ്പലം	469	14	1	3	ഉണ്ട്	ഇല്ല
11 St. Josephøs LPS മാലാപറമ്പ	137	4	1	3	ഉണ്ട്	ഇല്ല
12 ALPS ചിരട്ടാമല	127	5	ഇല്ല	1	ഇല്ല	ഇല്ല

അവലംബം : സെക്കൻറി ഡാറ്റ

പകരണങ്ങൾ, ദൃശ്യ - ശ്രാവ്യ ഉപകരണങ്ങൾ, ബോർഡുകൾ, ഫർണീച്ചർ എന്നിവയുടെ അപര്യാപ്തതയുണ്ട്. ഭൗതിക സാഹചര്യങ്ങളും ഭൂരിപക്ഷം വിദ്യാലയങ്ങളിലും കുറവാണ്. പല സ്കൂളിലേയും കെട്ടിടങ്ങളും ഫർണീച്ചറുകളും വളരെ മോശമായ അവസ്ഥയിലാണ്. മൂത്രപുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവയുടെ ലഭ്യത പട്ടികയിൽ ചേർത്തിരിക്കുന്നു.(പട്ടിക 5)

ഒന്നാംഘട്ട സാക്ഷരതാ പ്രവർത്തനം മാതൃകാപരമായി നടന്നുവെങ്കിലും തുടർ സാക്ഷരതാ പ്രവർത്തനം വേണ്ടപോലെ നടന്നിട്ടില്ലാത്തതിനാൽ പലരും വീണ്ടും നിരക്ഷരരായിട്ടുണ്ട്. അതുപോലെ വിദ്യാർത്ഥികൾക്കിടയിലും നിരക്ഷരരുടെ സംഖ്യ കൂടിക്കൊണ്ടിരിക്കുകയാണ്. ഈ പ്രശ്നത്തിനും അടിയന്തിരമായി പരിഹാരം കാണേണ്ടതുണ്ട്. പണ്ട് തന്നെ ഗ്രന്ഥശാലാ പ്രസ്ഥാനം ഇവിടെ സജീവമായിരുന്നു. ഇപ്പോൾ 6 ഗ്രന്ഥശാല/വായനശാലകൾ പഞ്ചായത്തിലുണ്ട്.

12 ഗ്രാമസഭകളിലും വിദ്യാഭ്യാസരംഗം സജീവ ചർച്ചയ്ക്ക് വിധേയമായി. ഓരോ വാർഡിലുമുള്ള വിദ്യാലങ്ങളുടെ ഭൗതിക സാഹചര്യങ്ങൾ, വിദ്യാഭ്യാസ നിലവാരം, ഉച്ചഭക്ഷണപരിപാടി, അധ്യാപക രക്ഷാകർതൃ സമിതി തുടങ്ങിയവയെക്കുറിച്ച് ഗൗരവമായ ചർച്ച നടന്നു. പഞ്ചായത്തിലെ 6,7,10 വാർഡുകളിൽ ഒരു പ്രൈമറി സ്കൂൾ പോലുമില്ല.

ആകെയുള്ള ഒരു ഹൈസ്കൂളിൽ പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്ക് പഠിക്കുവാനുള്ള സൗകര്യങ്ങളുമില്ല. ഇന്നത്തെ അധ്യാപക - വിദ്യാർത്ഥി അനുപാതം, ഓൾ പ്രമോഷൻ, പാഠപുസ്തകങ്ങളുടെ ലഭ്യതയിലുണ്ടാവുന്ന കാലതാമസം, സ്കൂളിലെ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്നതിൽ മാനേജർമാരുടെ ഭാഗത്ത് നിന്നുണ്ടാകുന്ന വീഴ്ചകൾ തുടങ്ങിയവയെ കുറിച്ചെല്ലാം ഗ്രാമസഭകളിൽ ചർച്ച നടന്നതായി കാണുന്നു.

ഗ്രാമസഭാ റിപ്പോർട്ടുകളുടെഅടിസ്ഥാനത്തിൽ ഭാവിയിൽ നമ്മുടെ പഞ്ചായത്തിൽ നടപ്പിലാക്കേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം തഴെകൊടുക്കുന്നു.

1. 6-ാം വാർഡിൽ ഏകദേശം മധ്യഭാഗത്തായും 7-ാം വാർഡിൽ കുരുവമ്പലം ബാങ്ക് കെട്ടിടത്തിനടുത്തായും 10-ാം വാർഡിൽ കുന്നത്ത് പള്ളിയാൽ കുളമ്പിലും ഓരോ L.P. സ്കൂളുകൾ ആരംഭിക്കുക.
2. വളപുരം G.M. U. P. സ്കൂൾ അപ്ഗ്രേഡ് ചെയ്ത് ഹൈസ്കൂൾ ആക്കുക.
3. പുലാമന്തോൾ ഗവ:ഹൈസ്കൂളിന് ആവശ്യമായ കെട്ടിടങ്ങളും സൗകര്യങ്ങളും ഏർപ്പെടുത്തി ഇപ്പോഴുള്ള സെഷണൽ സമ്പ്രദായം അവസാനിപ്പിക്കുക.
4. പുലാമന്തോൾ ഗവ:ഹൈസ്കൂളിനെ ഒരു വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ആയി ഉയർത്തുക.
5. പുലാമന്തോൾ ഹൈസ്കൂളിൽ കൂടുതൽ കമ്പ്യൂട്ടറുകൾ സ്ഥാപിച്ച് കമ്പ്യൂട്ടർ കോഴ്സ് കാര്യക്ഷമമാക്കുക.
6. കട്ടുപ്പാറയിൽ ഒരു ഹൈസ്കൂൾ സ്ഥാപിക്കുകയും അതിൽ കമ്പ്യൂട്ടർ പഠനത്തിന് സൗകര്യമേർപ്പെടുത്തുകയും ചെയ്യുക.
7. എല്ലാ പ്രൈമറി സ്കൂളിൻെറയും കൂടെ പ്രീപ്രൈമറി വിദ്യാഭ്യാസത്തിനുള്ള സൗകര്യം ഏർപ്പെടുത്തുക.
8. ഒരു സർവ്വേയുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ ആവശ്യമായ സ്ഥലങ്ങളിൽ U. P. H.S. എന്നിവ സ്ഥാപിക്കുക. (മലാപറമ്പ്, ചിരട്ടാമല, കുരുവമ്പലം, വടക്കേകര - കിഴക്കേകര ഭാഗം എന്നിവടങ്ങളിൽ സ്കൂളുകളുടെ ആവശ്യങ്ങൾ ഗ്രാമസഭാ റിപ്പോർട്ടുകളിൽ വന്നിട്ടുണ്ട്)
9. പഞ്ചായത്തിൽ സൗകര്യ പ്രദമായ സ്ഥലത്ത് ഒരു കോളേജ്/ITI/ITC സ്ഥാപിക്കുക.
10. സ്കൂളുകളിൽ ടെക്സ്റ്റു പുസ്തകങ്ങൾ യഥാസമയം എത്തിക്കാനുള്ള നടപടി സ്വീകരിക്കുക.
11. ഹൈസ്കൂൾ കേന്ദ്രമാക്കി സ്കൂൾ കോംപ്ലക്സ് സംഘടിപ്പിക്കുകയും അധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ, ഒരേ പോലെയുള്ള മൂല്യനിർണ്ണയം, വിദ്യാർത്ഥികൾക്കായി കലാ-കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിക്കാൻ നടപടികൾ ആവിഷ്ക്കരിക്കുക.
12. ഗവ: വിദ്യാലയങ്ങളിലെ ഒഴിവുകൾ അതാതു സമയങ്ങളിൽ തന്നെ നികത്തുവാൻ നടപടികൾ സ്വീകരിക്കുക.
13. വിദ്യാഭ്യാസ വിദഗ്ധരെ ഉൾപ്പെടുത്തി പഞ്ചായത്ത് വിദ്യാഭ്യാസ സമിതി രൂപീകരിക്കുകയും എല്ലാ സ്കൂളുകളിലെയും വിദ്യാഭ്യാസ നിലവാരവും സൗകര്യങ്ങളും പരിശോധിച്ച് നിലവാരം ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
14. എല്ലാ സ്കൂളുകളിലും P.T.A. കളും M.P. T.A.കളും കാര്യക്ഷമമാക്കുക.
15. 1, 2, ക്ലാസുകൾ ഒരു യൂണിറ്റ് ആയി കണക്കാക്കി മുഴുവൻ വിദ്യാർത്ഥികളും ആർജ്ജിക്കേണ്ട നൈപുണ്യങ്ങൾ നേടിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുക.
16. ഉച്ച ഭക്ഷണ പരിപാടി ഫലപ്രദമാക്കുന്നതിന് സംവിധാനമുണ്ടാക്കുക.
17. വിദ്യാലയങ്ങളിൽ അടിസ്ഥാനപരമായ സൗകര്യങ്ങൾ (മൂത്രപ്പുര, കക്കൂസ്, കുടിവെള്ളം തുടങ്ങിയവ) ഉണ്ടാക്കുന്നതിന് പഞ്ചായത്ത് നിർദ്ദേശം നൽകുകയും നടപടികൾ സ്വീകരിക്കുകയും ചെയ്യുക.
18. എല്ലാ വിദ്യാലയങ്ങളിലും മാതൃഭാഷാപഠനം നിർബന്ധമാക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യുക.
19. അങ്കൺവാടികൾ ഇല്ലാത്ത പ്രദേശങ്ങളിൽ അവ ഉണ്ടാക്കുകയും ഇപ്പോഴുള്ളവർക്ക് സ്ഥലവും കെട്ടിടവും ഉണ്ടാക്കി കാര്യക്ഷമമായി നടത്തുകയും ചെയ്യുക.

ഇതിനുപുറമെ, അധ്യാപക വിദ്യാർത്ഥി അനുപാതം കുറയ്ക്കുക, ഓൾ പ്രമോഷൻ നിർത്താലാക്കുക, അധ്യാപകനിയമനം ഡഫൈണക്ക് വിടുക തുടങ്ങിയ ചില നിർദ്ദേശങ്ങളും ഗ്രാമസഭകളിലെ ചർച്ചകളിൽ ഉയർന്നു വന്നിട്ടുണ്ട്.

വിദ്യാഭ്യാസരംഗം ഊർജ്ജസ്വലമാക്കാൻ അടിയന്തിരമായി ചെയ്യേണ്ടത് ഇപ്പോൾ നിർജ്ജീവമായികിടക്കുന്ന സ്കൂൾ കോംപ്ലക്സുകൾ സജീവമാക്കുകയാണ്. കോംപ്ലക്സിൻെറ കീഴിൽ പാഠ്യ

പ്രവർത്തനങ്ങൾക്കു പുറമെ പാഠ്യേതര പ്രവർത്തനങ്ങൾക്കും ഊന്നൽ നൽകിക്കൊണ്ടു ള്ള പദ്ധതികൾ ആരംഭിക്കണം. സ്കൂൾ പാർല മെൻറുകൾ, സ്കാഡുകൾ, ക്ലബ്ബുകൾ, സാഹിത്യ സമാജങ്ങൾ, കൈയെഴുത്ത് - ചിത്രമാസികകൾ, പൂന്തോട്ട - പച്ചക്കറി തോട്ടങ്ങൾ, കായികപരിശീ ലന പരിപാടികൾ, ദിനാചരണങ്ങൾ, പഠനവിനോ ദയാത്രകൾ തുടങ്ങിയ അനേകം പരിപാടികൾ അനായാസം ഏറ്റെടുക്കാവുന്നതാണ്. ക്ലസ്റ്റർ, പി. ടി. എ. കളും അയൽ കൂട്ട സംവിധാനങ്ങളും മാതൃസംഗമങ്ങളും എല്ലാ വിദ്യാലയങ്ങളിലും സജീ വമാക്കുകയും ചെയ്താൽ നമ്മുടെ വിദ്യാഭ്യാസ മേഖലയെ ഇന്നത്തെ നിലവാരത്തകർച്ചയിൽ നിന്ന് ഉയർത്തിക്കൊണ്ടുവരാൻ സാധിക്കും.



കുടിവെള്ളവും ആരോഗ്യവും

കുടിവെള്ളം

ജലം, വെളിച്ചം, ശബ്ദം, വായു എന്നിവ നമ്മുടെ ദൈനംദിന ജീവിതത്തെ നിയന്ത്രിക്കുന്നഭൗതിക ഘടകങ്ങളാണ്. ഈ അടിസ്ഥാന ആവശ്യങ്ങളിൽ ശുദ്ധജലത്തിന്റെ സ്ഥാനം വളരെയധികം പ്രാധാന്യമർഹിക്കുന്നു. പുലാമന്തോൾ പഞ്ചായത്തിൽ ശുദ്ധജലലഭ്യത പ്രകൃതിസ്രോതസ്സുകളെ മാത്രം ആശ്രയിച്ചായിരുന്നു.

പുലാമന്തോൾ, ഏലങ്കുളം, പെരിന്തൽമണ്ണ, അങ്ങാടിപ്പുറം പഞ്ചായത്തുകൾക്കായി ഇരുപത്തിയഞ്ച് വർഷങ്ങൾക്കുമുമ്പ് കട്ടുപ്പാറയിൽ ആരംഭിച്ച ശുദ്ധജല പദ്ധതിയാണ് ഈ മേഖലയിലെ ശുദ്ധജലവിതരണ രംഗത്തെ ആദ്യത്തെ കാൽവെപ്പ്. ഇന്നും കട്ടുപ്പാറ, തിരുനാരായണപുരം തുടങ്ങിയ പ്രദേശങ്ങളിൽ ഈ പദ്ധതിയിൽ നിന്നാണ് ജലവിതരണം നടത്തുന്നത്. ഉയർന്ന പ്രദേശങ്ങളിൽ ജനവാസം കൂടിയതിനാൽ ഈ പദ്ധതി ഈ പ്രദേശത്തുള്ളവർക്ക് മുഴുവൻ പ്രയോജനപ്രദമല്ല. അതിനു മുമ്പ് ഒരു ടാങ്ക് നിർമ്മിച്ച്പത്തു പൊതുടാപ്പുകൾ പ്രവർത്തിപ്പിച്ചുവന്നിരുന്നെങ്കിലും ആ ജല സംഭരണി ഇപ്പോൾ ഉപയോഗിക്കുന്നില്ല.

1982-83 കാലത്ത് തുടങ്ങിയ കുരുവമ്പലം ഹരിജൻകോളനി ലൈൻ ആണ് പുലാമന്തോൾ പഞ്ചായത്തിലെ മറ്റൊരു ശുദ്ധജലവിതരണ പദ്ധതി. അതിനുവേണ്ടി ആലമ്പാറക്കടുത്ത ചേലാർകുന്നിൽ നിർമ്മിച്ച വാട്ടർടാങ്ക് അധികാരികളുടെ കുറ്റകരമായ അനാസ്ഥകൊണ്ടും ഇതുവരേയും ഉപയോഗപ്രദമാക്കിയിട്ടില്ല. കുന്തിപ്പുഴയിൽ പുലാമന്തോളിൽ നിർമ്മിച്ച കിണറിൽ നിന്നും വിതരണ ലൈനിലേക്ക് വെള്ളം പമ്പുചെയ്താണ് പുലാമന്തോൾ, പാലൂർ, ചെമ്മലശ്ശേരി, വടക്കൻ പാലൂർ, കുരുവമ്പലം എന്നിവിടങ്ങളിൽ ജലവിതരണം നടത്തുന്നത്. അതിനാൽ ജലക്ഷാമമുള്ള മാസങ്ങളിൽ ജനങ്ങൾക്ക് പൊതുടാപ്പിനുമുന്നിൽ കാത്തുനിൽക്കേണ്ടതായും ഉയർന്ന പ്രദേശങ്ങളിൽ ശുദ്ധജലം ലഭിക്കാത്ത അവസ്ഥയുമുണ്ട്.

ഈ പദ്ധതിയുടെ ഗുണം ലഭിക്കാത്ത നിരവധി പ്രദേശങ്ങൾ ഈ പഞ്ചായത്തിലുണ്ട്. എഴുപതു ശതമാനം ജനങ്ങൾക്കും പരമ്പരാഗത ജലസ്രോതസ്സുകളും ഭൂഗർഭജലവും മാത്രമാണ് ആശ്രയം. ചെമ്മല, വളപുരം, മാലാപറമ്പ്, ചീരട്ടാമല, കാവുവട്ടം തുടങ്ങിയ സ്ഥലങ്ങൾക്ക് പ്രയോജനപ്പെടുന്ന ശുദ്ധജലവിതരണ പദ്ധതികൾ ഇപ്പോൾ നിലവിലില്ല.കിണർ കുഴിച്ചാൽ വെള്ളം കിട്ടാത്തതും വേനൽക്കാലത്ത് വെള്ളത്തിനായി 200 മീറ്ററിലധികംദൂരം വരെ പോകേണ്ടിവരുന്നതുമായ പ്രദേശങ്ങൾ നിരവധിയാണ്. ഈ പഞ്ചായത്തിന്റെ തെക്കുഭാഗത്തുകൂടി ഒഴുകുന്ന കുന്തിപ്പുഴയാണ് വലിയൊരു ജനവിഭാഗത്തിന്റെ ആശ്രയവും ഭാവിയിൽ ശുദ്ധജല വിതരണ പദ്ധതികളെക്കുറിച്ചുള്ള പ്രതീക്ഷയും. ഈ പുഴയിൽ എല്ലായ്പ്പോഴും ജലം ലഭ്യമാകുന്ന സ്ഥലങ്ങളും പുഴയോരത്ത് ചെറുകിട ഇടത്തരം പദ്ധതികൾക്ക് പ്രയോജനപ്പെടുത്താവുന്ന ഉയരമുള്ളകുന്നിൻ പ്രദേശങ്ങളുമുണ്ട്. ഗ്രാമസഭകളിൽ നിന്നുമുള്ള റിപ്പോർട്ടുകളിൽ വിവിധ വാർഡിലെ പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും നിർദ്ദേശിച്ചിട്ടുള്ളത് കുടിവെള്ള പ്രശ്നത്തിന് പരിഹാരമായി സ്വീകരിക്കാവുന്നതാണ്.

ആരോഗ്യം

ലോകാരോഗ്യ സംഘടനയുടെ നിർവ്വചനപ്രകാരം ശാരീരികവും, മാനസികവും, സാമൂഹ്യവുമായ ഒരു സമ്പൂർണ്ണ സന്തുലിതാവസ്ഥയാണ് ആരോഗ്യം എന്നത്. ഈ സന്തുലിതാവസ്ഥക്ക് കോട്ടം തട്ടുമ്പോഴാണ് ഒരു വ്യക്തി ആരോഗ്യമില്ലാത്തവനായി തീരുന്നത്. ആരോഗ്യമില്ലാത്ത അവസ്ഥ ഉണ്ടാകുമ്പോൾ ചികിത്സാസൗകര്യം അത്യാവശ്യമാണ്. ഈ പഞ്ചായത്തിലെ ജനങ്ങൾ അടുത്തകാലംവരെ ആയുർവ്വേദ ചികിത്സയും നാട്ടുചികിത്സയുമാണ് പ്രധാനമായും ഉപയോഗപ്പെടുത്തിയിരുന്നത്.

ആയുർവ്വേദ ചികിത്സാരംഗത്ത് അറിയപ്പെ

ട്ടിരുന്ന അഷ്ടവൈദ്യൻമാരിൽ പുലാമന്തോൾ മൂസ്സ് ഈ പഞ്ചായത്തിലെ ചികിത്സാ ചരിത്രത്തിൽ തിളങ്ങിനിൽക്കുന്നു. പുലാമന്തോൾ പഞ്ചായത്ത് പ്രദേശത്ത് അറിയപ്പെട്ടിരുന്ന വൈദ്യൻമാരാണ് പുലാന്തോൾ ശങ്കരൻമൂസ്സ്, തെക്കത്ത് കൃഷ്ണൻനായർ, തിരുനാരായണപുരം കൃഷ്ണപിഷാരടി, പുലാമന്തോൾ ഗോവിന്ദൻവൈദ്യർ, കട്ടുപ്പാറ ഇ.കെ. മുഹമ്മദ് വൈദ്യർ തുടങ്ങിയവർ. വിഷചികിത്സാരംഗത്ത് അറിയപ്പെട്ടിരുന്ന കാത്തിരക്കടവത്ത് വൈദ്യർ, മമ്മൂട്ടിവൈദ്യർ,പുതാനി കോയാമ എന്നിവരും ഈ പഞ്ചായത്ത് പ്രദേശത്തുണ്ടായിരുന്നു. ഭൂരിഭാഗംവരുന്ന ദരിദ്രരായ ജനവിഭാഗം പച്ചമരുന്ന്, ഒറ്റമൂലികൾ എന്നിവ ഉപയോഗിച്ച് സ്വയം ചികിത്സയും നടത്തിയിരുന്നു. വളപുരം, കട്ടുപ്പാറ, പുലാമന്തോൾ എന്നീ പ്രദേശങ്ങളിൽ മാറ്റിമാറ്റിസ്ഥാപിച്ച പുലാമന്തോൾ സഹകരണാശുപത്രി ഇന്ന് പ്രവർത്തനക്ഷമമല്ല.ഈ സ്ഥാപനത്തിന്റെ പ്രശ്നം ശാസ്ത്രീയമായി പഠിച്ച് പുനരുജ്ജീവിപ്പിക്കേണ്ടതാണ്.

രോഗപ്രതിരോധ മാർഗ്ഗങ്ങൾ ഇല്ലാതിരുന്ന കാലത്ത് പകർച്ചവ്യാധികളും ദാരിദ്ര്യജന്യ രോഗങ്ങളും ധാരാളമായിരുന്നു. വിധിയായും ദൈവകൽപനയായും കണക്കാക്കി കൂട്ടത്തോടെ മരിച്ചുപോയവർ ഈ മേഖലയിൽ നിരവധിയാണ്. വസൂരി, കോളറ തുടങ്ങിയ പകർച്ചവ്യാധികൾ പിടിപെട്ട് നാമാവശേഷമായ കുടുംബങ്ങൾ വളരെയധികമുണ്ട്.

വിദ്യാഭ്യാസരംഗത്തും ആരോഗ്യബോധനരംഗത്തും ഉണ്ടായ വളർച്ചയെ തുടർന്ന് പകർച്ചവ്യാധികൾ പലതും നാട്ടിൽ നിന്നും പോയെങ്കിലും പരിസര മലിനീകരണവും ആരോഗ്യപ്രവർത്തനരംഗത്തെ പിന്നോക്കംപോകലും മലേരിയപോലുള്ള രോഗങ്ങൾവീണ്ടും തിരിച്ചുവരുന്നതിനുള്ള അവസ്ഥയിലെത്തിച്ചിരിക്കുന്നു.

ഇന്ന് ഈ പഞ്ചായത്തിൽ ഒരു ഗവ. ആയുർവ്വേദ ഡിസ്പെൻസറിയും ഒരു ഗവ. പ്രാഥമികാരോഗ്യ കേന്ദ്രവുമുണ്ട് (അലോപ്പതി). ആറ് ഐ.പി.പി. സബ്സെൻററുകളും സർക്കാർ മേഖലയിലുണ്ട്. സർക്കാർ പ്രാഥമികാരോഗ്യകേന്ദ്രവും ആയുർവ്വേദ ഡിസ്പെൻസറിയും പഞ്ചായത്ത് നിർമ്മിച്ചുകൊടുത്ത കെട്ടിടത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ഗ്രാമസഭകളിൽ നിന്നുള്ള റിപ്പോർട്ടുകളിലും വിവരശേഖരണങ്ങളിൽനിന്നും ഇവയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് കാണാൻ കഴിയുന്നു. ഒമ്പത് ജീവനക്കാരുള്ള പി.എച്ച്.സി. (ചെമ്മലശ്ശേരി) യിൽ കഴിഞ്ഞ നാലുകൊല്ലക്കാലം വർഷത്തിൽ 7514 മുതൽ 9587 പേരാണ് ചികിത്സക്കെത്തിയതെങ്കിൽ നാലു ജീവനക്കാരുള്ള ആയുർവ്വേദ ഡിസ്പെൻസറിയിൽ 23000 മുതൽ 36375 വരെ പേർ ചികിത്സക്കായി എത്തിയതായി വിവരശേഖരണത്തിൽ കാണാൻ കഴിയുന്നു. കൂടുതൽപേർ അലോപ്പതി ചികിത്സ സ്വീകരിക്കുന്ന ഈ പ്രദേശത്ത് പി.എച്ച്.സി. യിൽ നിന്നും ജനങ്ങൾക്ക് കിട്ടിയ സേവനം കുറഞ്ഞുപോകാനുള്ള കാരണം സെമിനാറിൽ സജീവമായിചർച്ച ചെയ്യേണ്ടതുണ്ട്. സ്വകാര്യ ക്ലിനിക്കുകളുടെ സേവനം നല്ലൊരു വിഭാഗം പ്രയോജനപ്പെടുത്തുന്നുണ്ട്.

കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ഒരു ആരോഗ്യസ്ഥാപനവും പൊതുമേഖലയിലോ സ്വകാര്യ മേഖലയിലോ ഈ പഞ്ചായത്തിൽ ഇല്ലാത്തതിനാൽ ജനങ്ങൾ കാര്യമായ അസുഖങ്ങൾക്ക് വിവിധ പ്രദേശങ്ങളിൽ നിന്നും 8 കിലോമീറ്റർ മുതൽ 20 കിലോമീറ്റർവരെ ദൂരമുള്ള പെരിന്തൽമണ്ണയിലെ താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിലുംസ്വകാര്യ ആശുപത്രികളിലുമാണ് ചികിത്സ തേടുന്നത്. അതിനാൽ ഈ പഞ്ചായത്തിലെ ജനങ്ങൾക്ക് പൂർണ്ണമായും ചികിത്സ ലഭിക്കേണ്ടതിന് 20 കിടക്കകളുള്ള ഒരാശുപത്രിയെങ്കിലും സ്ഥാപിക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ രോഗവിവരങ്ങളെപ്പറ്റിയുള്ള വിവരശേഖരണത്തിൽ നിന്നും ഞെട്ടിപ്പിക്കുന്ന വസ്തുതകളാണ് ലഭിച്ചിരിക്കുന്നത്. അത് ആരോഗ്യബോധവൽരക്കണവും രോഗപ്രതിരോധ പ്രവർത്തനവും സംഘടിപ്പിക്കേണ്ട ആവശ്യകതയിലേക്ക് വിരൽചൂണ്ടുന്നു. ഇക്കാര്യത്തിൽ നിലവിലുള്ള സംവിധാനം ഫലപ്രദമല്ലെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്.

ശുദ്ധജല സ്രോതസ്സുകൾ

പട്ടിക 1

കിണറുകൾ

പൊതു കിണറുകൾ; വെള്ളമുള്ളത് 14, വെള്ളമില്ലാത്തത് 16, സ്വകാര്യ കിണറുകൾ; വെള്ളമുള്ളത് 1805, വെള്ളമില്ലാത്തത് 1190, പൊതു കുഴൽകിണറുകൾ 40, മൊത്തം കിണറുകൾ 3065.

പട്ടിക 2

K.W.A പദ്ധതികൾ

കട്ടുപ്പാറ പദ്ധതി (പുലാമന്തോൾ, ഏലങ്കുളം, പെരിന്തൽമണ്ണ, അങ്ങാടിപ്പുറം എന്നീ നാലു പഞ്ചായത്തുകൾക്കുവേണ്ടിയുള്ളത്).

കുരുവമ്പലം ഹരിജൻ കോളനി ലൈൻ

മൊത്തം ടാപ്പുകൾ - 98, സ്വകാര്യ കണക്ഷനുകൾ 690

പട്ടിക 3

കുടിവെള്ള പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ് 1

പ്രശ്നങ്ങൾ

a. നിലവിലുള്ള ശുദ്ധജലസംവിധാനം കാര്യക്ഷമമല്ല.

b. പൊതുശുദ്ധജലവിതരണമില്ലാത്ത പ്രദേശങ്ങളിൽ ജലക്ഷാമമുണ്ട്.

സാധ്യതകൾ

a. ചേലാർകുന്നിനു മുകളിൽ 12 വർഷം മുമ്പ് നിർമ്മിച്ച വാട്ടർടാങ്ക് പരിശോധിച്ച് പ്രവർത്തനക്ഷമമാക്കുക. വാട്ടർടാങ്ക് ഉപയോഗശൂന്യമാണെങ്കിൽ പുതിയ ടാങ്ക് നിർമ്മിക്കുക.

b. പാറമ്മൽ, നീലത്ത് പാലശ്ശേരി കുളമ്പ് ഭാഗത്തേക്ക് പൈപ്പ്ലൈൻ എത്തിക്കുക.

c. ചെമ്മല കൊള്ളിത്തോട് ഭാഗത്ത് പുഴയിൽ കിണറും പമ്പ്ഹൗസും സ്ഥാപിക്കുക.

d. പുലാമന്തോൾ പുഴറോഡ്, കുംഭരകോളനി, പാലൂർ മില്ലിൻപടി, ഊരങ്ങോട്ടുപറമ്പ്, പരുത്തിയിൽപടി, പനങ്ങാട്ട്പറമ്പ് കോളനി എന്നിവിടങ്ങളിൽ പൊതുടാപ്പ് സ്ഥാപിക്കുക.

e. പുലാമന്തോൾ പുഴ റോഡ്, മില്ലിൻപടി - കണ്ടേങ്കാവ് പള്ള്യാൽറോഡ്, മില്ലിൻപടി പുളക്കൽപള്ള്യാൽ റോഡ്, ആറ്റുപുറത്ത് മനറോഡ് എന്നിവിടങ്ങളിലേക്ക് പൈപ്പ്ലൈൻനീട്ടി പൊതുടാപ്പ് സ്ഥാപിക്കുക.

വാർഡ് 2

പ്രശ്നങ്ങൾ

1. ശുദ്ധജലവിതരണം കാര്യക്ഷമമല്ല
2. പൊതുടാപ്പുകളുടെ അപര്യാപ്തത

സാധ്യതകൾ

1. ചേലാർകുന്ന്, പുലാമന്തോൾ എന്നിവിടങ്ങളിലുള്ള വാട്ടർടാങ്കുകൾ ഉപയോഗ്യമാക്കുക.രാത്രിയും പകലും പമ്പിംഗ് (വെള്ളമടിക്കൽ) സംവിധാനം ഏർപ്പെടുത്തുക.

2. തിരുനാരായണപുരം പള്ളി ഇടവഴി, മേക്കാടത്ത്കോളനി എന്നിവിടങ്ങളിൽ ശുദ്ധജലമെത്തിക്കുക.

3. പള്ളിയാലിൽ മൂപ്പൻമാർ കോളനി, യു. പി. താഴെഭാഗം, മാടായിത്തൊടി കോളനി, പുലാമന്തോൾ പഴയമാർക്കറ്റ് റോഡ്, മരക്കാടത്ത് പറമ്പ്, തിരുത്ത് ഹരിജൻകോളനി എന്നിവിടങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക.

4. മലവട്ടത്തുപറമ്പിൽ കുഴൽകിണർ നിർമ്മിക്കുക. ടി.എൻ.പുരം ലക്ഷംവീട് കോളനിയിൽ കുഴൽകിണറിൽ നിന്നും ടാങ്കിൽ വെള്ളം സംഭരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

വാർഡ് 3

പ്രശ്നങ്ങൾ

1. പൊതുടാപ്പുകളുടെ അപര്യാപ്തത

സാധ്യതകൾ

1. വെളുത്തേടത്തുപാറ, കൊല്ലക്കോടൻറോഡ്, പറമ്പിൽപീടികക്കിൽ ഇടവഴി, വടുവച്ചോല കോളനി, കുണ്ടുകണ്ടം കോളനി, വടക്കേക്കര കുമൻകുഴി, മില്ലിൻപടിയിൽനിന്നും ചോലപറമ്പിലേക്കുള്ള ഇടവഴി, എൽ.പി. സ്കൂൾ എന്നിവിടങ്ങളിൽ പൊതുടാപ്പ് സ്ഥാപിക്കുക.

2. കട്ടുപ്പാറ വാട്ടർടാങ്ക് കൂടുതൽ ഉയർന്ന പ്രദേശത്ത് പുതുക്കിപ്പണിയുക.

വാർഡ് 4

പ്രശ്നങ്ങൾ

1. നിലവാരമുള്ള ജലവിതരണ സമ്പ്രദായത്തിന്റെ പോരായ്മ

സാധ്യതകൾ

1. കട്ടുപ്പാറയിലെ ഏറ്റവും ഉയർന്ന പ്രദേശമായ ലക്ഷംവീട് കോളനിയുടെ സമീപംപുതിയ ടാങ്ക് നിർമ്മിക്കുക. ആവശ്യമായ സ്ഥലങ്ങളിൽ പൊതുടാപ്പ് സ്ഥാപിക്കുക.

വാർഡ് 5

പ്രശ്നങ്ങൾ

1. നിലവിലുള്ള ശുദ്ധജലവിതരണ സമ്പ്രദായത്തിന്റെ പോരായ്മ

2. പൊതുടാപ്പുകളുടെ അപര്യാപ്തത

സാധ്യതകൾ

1. പാലൂർ ആലമ്പാറ ഭാഗത്തെ ടാങ്ക് വൃത്തിയാക്കി വെള്ളം സംഭരിച്ച് വിതരണം ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കുക.

2. പാലൂർ അങ്കണവാടി, ചേലാർകുന്ന് ഹരിജൻകോളനി, നാലുസെന്റ് കോളനി, കല്യാട് കോളനി, പുഴിക്കുന്ന് മലയച്ചംപുലാക്കൽ കോളനി, ചോലപറമ്പത്ത് കോളനി, പുതുശ്ശേരിപറമ്പ് കോളനി, പൂത്രക്കോവിൽ അമ്പലവട്ടം എന്നിവിടങ്ങളിലേക്ക് പൈപ്പ്ലൈൻ നീട്ടുക. ആവശ്യമായ സ്ഥലങ്ങളിൽ പൊതുടാപ്പുകൾ സ്ഥാപിക്കുക.

3. പാലൂർ മെയിൻറോഡിൽ റേഷൻകട, പരുത്തിയിൽപടി, പനങ്ങാട്ടുപറമ്പത്ത് കോളനിയുടേയും ലക്ഷംവീട് കോളനിയുടേയും ഇടയിൽ കിഴക്കേക്കര ഭാഗത്തേക്ക് പോകുന്ന പൈപ്പ്ലൈൻ തുടങ്ങിയ സ്ഥലങ്ങളിൽ പൊതുടാപ്പ് സ്ഥാപിക്കുക.

4. തിരുത്തിൻമേൽ പൊതുകിണറോ, കുഴൽകിണറോ നിർമ്മിക്കണം.

5. മലയച്ചം പുലാക്കൽ, ചീനിക്കുഴി എന്നീ ഭാഗങ്ങളിലുള്ള പഞ്ചായത്ത് കിണറുകൾ ഉപയോഗയോഗ്യമാക്കണം.

വാർഡ് 6

പ്രശ്നങ്ങൾ

1. ശുദ്ധജലവിതരണ സംവിധാനത്തിന്റെ അപര്യാപ്തത

സാധ്യതകൾ

1. ചേലാർകുന്ന് വാട്ടർടാങ്ക് ഉപയോഗ്യമാക്കുക.

2. അയ്യാലിപറമ്പ്, പുഴിക്കുന്ന്, കുട്ട്യാലിമുക്ക്, കിഴക്കേക്കര, കല്യാട് പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുകയും കുഴൽകിണറുകൾ നിർമ്മിക്കുകയും ചെയ്യുക.

വാർഡ് 7

പ്രശ്നങ്ങൾ

1. വാർഡിൽ മിക്ക ഭാഗങ്ങളിലും കുടിവെള്ളക്ഷാമമുണ്ട്. ശുദ്ധജല വിതരണ സംവിധാനം കുറച്ചു പ്രദേശങ്ങളിൽ മാത്രമേ ഉള്ളൂ.

2. നീളൻകുന്ന്, മലങ്കീഴ്നാട്, പാറമ്മൽ കുണ്ടറപ്പടി, ചാമക്കുണ്ട്, ലക്ഷംവീട്, കാവുവട്ടം തുടങ്ങിയ ഭാഗങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.

സാധ്യതകൾ

1. ആലമ്പാറ ശുദ്ധജല സംഭരണി ഉപയോഗയോഗ്യമാക്കുക.

2. കിളിക്കുന്നിന്റെ അല്ലെങ്കിൽ കക്കുന്നിന്റെ മുകളിൽ ടാങ്ക് സ്ഥാപിച്ച് പുഴയിൽനിന്നും വെള്ളം പമ്പുചെയ്ത് വിതരണം ചെയ്യുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.

3. ചെമ്മലശ്ശേരി ആശുപത്രിക്ക് സമീപമുള്ള പള്ളിയാലിൽ കുഴൽകിണർ കുഴിച്ച് വെള്ളം പമ്പുചെയ്ത് പൈപ്പ് ലൈൻ ചെമ്മല യു.പി. സ്കൂൾവരെ ദീർഘിപ്പിക്കുക.

4. കാരക്കട ഭാഗത്ത് കുഴൽകിണർ നിർമ്മിക്കുകയോ പൈപ്പ് ലൈൻ നീട്ടി പൊതുടാപ്പ് സ്ഥാപിക്കുകയോ ചെയ്യുക.

5. നീളൻകുന്ന്, പനയംകുന്നത്തുപറമ്പ്, കാവുവട്ടം, പടിഞ്ഞാറേകുളമ്പ്, പൂപ്പറ്റ റോഡ്, മലങ്കീഴ്നാട് എന്നിവിടങ്ങളിൽ കുഴൽകിണർ സ്ഥാപിക്കുക.

6. ചാമക്കുണ്ട് പാറമ്മൽ സ്കൂൾ ഭാഗം എന്നിവിടങ്ങളിലുള്ള കുഴൽകിണറുകളിൽനിന്നും വെള്ളം പമ്പുചെയ്ത് ശുദ്ധജല ക്ഷാമം പരിഹരിക്കുക.

7. ബ്ലോക്കിനു വിട്ടുകൊടുത്ത പുളക്കുളം

നന്നാക്കി ചെറുകിട ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കുക.

വാർഡ് 8

പ്രശ്നങ്ങൾ

1. ശുദ്ധജല വിതരണ പദ്ധതിയില്ല.

സാധ്യതകൾ

1. തുടിക്കല്ല് കേന്ദ്രീകരിച്ച് പമ്പ്ഹൗസ് നിർമ്മിച്ച് കക്കുന്നിൽ ടാങ്കുകെട്ടി ശുദ്ധജല വിതരണം നടത്താവുന്നതാണ്.

വാർഡ് 9

പ്രശ്നങ്ങൾ

1. ശുദ്ധജല വിതരണ പദ്ധതിയില്ല.

സാധ്യതകൾ

1. മോതിരപ്പറ്റയിൽനിന്ന് വെള്ളം പമ്പു ചെയ്ത് ചേരേങ്ങിൽ കുണ്ടുപറമ്പിൽ വാട്ടർടാങ്ക് സ്ഥാപിച്ച് പൈപ്പ് ലൈൻ മുഖേന ശുദ്ധജലമെത്തിക്കുക.

2. കാവുകുന്നിന്റെ മുകളിൽ ടാങ്ക് കെട്ടി മൂച്ചിക്കുണ്ടിൽനിന്നും വെള്ളം പമ്പുചെയ്താൽ 7-ാം വാർഡിലേക്കുകൂടി ശുദ്ധജലമെത്തിക്കാൻ കഴിയും.

വാർഡ് 10

പ്രശ്നങ്ങൾ

1. വാർഡിൽ എല്ലായിടത്തും ശുദ്ധജലക്ഷാമമുണ്ട്.

സാധ്യതകൾ

1. പരപ്പള്ളിയാലിൽ ഇപ്പോൾ നിലവിലുള്ള ടാങ്കിലേക്ക് പുഴയിൽനിന്നും വെള്ളം എടുക്കാനുള്ള പദ്ധതി വിപുലീകരിക്കുക.

2. നീലിക്കാവിൽ കുളമ്പിൽ കൊടേയികുളം നന്നാക്കുക.

3. ഓട്ടുപാറ ഹരിജൻ കോളനിയിലും ഒറക്കോട്ടു കുളമ്പ് മേലേകുളമ്പിലും കുഴൽകിണർ നിർമ്മിക്കുക.

4. മോതിരപ്പറ്റയിൽനിന്ന് വെള്ളം പമ്പു ചെയ്ത് ചേരേങ്ങിൽ കുണ്ടുപറമ്പിൽ വാട്ടർടാങ്ക് നിർമ്മിച്ച് പൈപ്പ് ലൈൻ മുഖേന ശുദ്ധജലമെത്തിക്കുക.

വാർഡ് 11

പ്രശ്നങ്ങൾ

1. കരുവാൻ പറമ്പ്, പൊട്ടിപ്പാറ കുളമ്പ്, പൂതാനിക്കുളമ്പ്, ചാമക്കുണ്ട്,കുണ്ടിൽ പള്ളിയാൽ, തിരുത്ത് എന്നീ സ്ഥലങ്ങളിൽ രൂക്ഷമായ കുടിവെള്ളക്ഷാമമുണ്ട്.

സാധ്യതകൾ

1. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലേക്ക് പൈപ്പ് ലൈൻ എത്തിക്കുക.

2. ഉപയോഗശൂന്യമായ കുഴൽ കിണറുകൾ നന്നാക്കുക.

3. ഓട്ടുപാറ കോളനിയിലേക്കുള്ള ഉപയോഗശൂന്യമായ പൈപ്പ് ലൈൻ നന്നാക്കുക.

4. ആലുക്കൽ ക്ഷേത്രത്തിനടുത്തുള്ള പാറക്കടവിൽനിന്നും വെള്ളം പമ്പുചെയ്ത് കാവുക്കുന്നിനു മുകളിൽ ജലസംഭരണി നിർമ്മിച്ച് ശുദ്ധജല വിതരണം നടത്തുക.

5. ഇടത്രച്ചോലയിൽ ബണ്ടു കെട്ടി മാലാപറമ്പിൽ ജലസംഭരണി നിർമ്മിക്കുക.

6. ആലമ്പാറ ടാങ്കിൽ വെള്ളം സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കുക.

7. വടക്കേ കുളമ്പു ഭാഗത്ത് മാധവൻനായരുടെ ഉടമസ്ഥതയിലുള്ള കുളം നന്നാക്കി ചെമ്പൻകുന്ന് ഭാഗത്ത് ശുദ്ധജലവിതരണം നടത്തുക.

വാർഡ് 12

പ്രശ്നങ്ങൾ

1. വർഷക്കാലത്തുപോലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു.

സാധ്യതകൾ

1. ഓണപ്പുടവരെ വരുന്ന പൈപ്പ് ലൈൻ പാലച്ചോട്ടിലേക്ക് ദീർഘിപ്പിച്ച്, പാലച്ചോട്ടിൽ ടാങ്കു നിർമ്മിച്ച് ചീരട്ടാമലയിലേക്കും പാലൂർകോട്ടയിലേക്കും പരിസര പ്രദേശങ്ങളിലേക്കും ജലവിതരണം നടത്തുക.

2. രാമൻ ചാടിയിൽനിന്നും ചീരട്ടാമലയിൽ ടാങ്കുകെട്ടി വെള്ളം സംഭരിച്ച് ചീരട്ടാമല, പാലൂർകോട്ട, മാലാപറമ്പ്, എന്നീ പ്രദേശങ്ങളിൽ വിതരണം ചെയ്യുക.

3. കോരങ്ങാട്ടുകുളം ശുദ്ധജല സംഭരണിയാക്കി മാലാപറമ്പ്, പാലൂർകോട്ട, ചീരട്ടാമല എന്നിവിടങ്ങിൽ ശുദ്ധജലമെത്തിക്കുക.

4. അലക്കുറിശ്ശി ചോല, ഇല്ലിചോല, എടത്ര ചോല, മേച്ചേരി ചോല, മണ്ണാത്തിചോല, മേനോൻ ചോല എന്നിവ ശുദ്ധജല സംഭരണികളാക്കുക.

5. കറുവച്ചോലയിലേക്ക് പൈപ്പ് ലൈൻ നീട്ടുക.

പ്രാവർത്തികമാക്കാവുന്ന ശുദ്ധജലപദ്ധതികൾ

പുലാമന്തോൾ പഞ്ചായത്തിൽ നിലവിലുള്ള ജലവിതരണ പദ്ധതിയുടെ പ്രയോജനം ലഭിക്കാത്ത പ്രദേശങ്ങൾക്കായി ചെറുകിട പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാവുന്നതാണ്. ഗ്രാമസഭകളിൽ നിന്നും ഇതുസംബന്ധിച്ച് വന്ന നിർദ്ദേശങ്ങൾ പ്രായോഗികാടിസ്ഥാനത്തിൽ ചർച്ച ചെയ്ത് തീരുമാനിക്കേണ്ടതുണ്ട്.

ഗ്രാമസഭകളിൽ നിന്നും വന്ന തീരുമാനങ്ങളിൽ കുന്തിപ്പുഴയിൽ നിന്നും വെള്ളം പമ്പു ചെയ്ത് കക്കുന്ന്, കിളിക്കുന്ന്, കാവുകുന്ന്, മോതിരപ്പറ്റ എന്നീ സ്ഥലങ്ങളിൽ ജലസംഭരണികൾ നിർമ്മിച്ച് വിതരണം ചെയ്യുന്നതിന് നിർദ്ദേശങ്ങളുണ്ട്. അതിൽ നിന്നുംഏറ്റവും ഉപയോഗപ്രദമായ നിർദ്ദേശം തെരഞ്ഞെടുത്ത് ഇടത്തരം പദ്ധതികൾ രൂപപ്പെടുത്താവുന്നതാണ്.

നിലവിലുള്ള കുരുവമ്പലം ഹരിജൻകോളനിലൈനിനുവേണ്ടി ചേലാർകുന്നിൽ 1982-83 കാലത്ത് നിർമ്മിച്ച ശുദ്ധജലസംഭരണി ഇതുവരെ ഉപയോഗപ്പെടുത്തിയിട്ടില്ല. അത് പരിശോധിച്ച് ഉപയോഗപ്രദമല്ലെങ്കിൽ പുതിയ പദ്ധതി ആവിഷ്ക്കരിച്ച് എല്ലാ പ്രദേശങ്ങളിലേക്കും കുടിവെള്ളം എത്തിക്കാനുള്ള സംവിധാനമുണ്ടാക്കണം. കട്ടുപ്പാറയിലുള്ള ശുദ്ധജലസംഭരണി പൂർണ്ണമായും പ്രയോജനമല്ലാത്തതിനാൽ കൂടുതൽ ഉയരമുള്ള സ്ഥലത്ത് പുതിയ ടാങ്ക് നിർമ്മിക്കേണ്ടതുണ്ട്. പൊതുവിതരണ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാൻ പറ്റാത്ത പ്രദേശങ്ങളിൽ കുഴൽകിണറുകൾ കുഴിച്ചും ചെറുകിട പദ്ധതികൾ ഏർപ്പെടുത്തിയും കുടിവെള്ള പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. പൊതുവിതരണ പദ്ധതിയിൽ നിന്നുള്ള ജലം വാഹനങ്ങൾ കഴുകുന്നതിനും ജലസേചനത്തിനും ഉപയോഗിക്കുന്നത് തടയുന്നതിന് ജനപങ്കാളിത്തത്തോടെയുള്ള ഇടപെടലുകൾ അത്യാവശ്യമാണ്.

ആരോഗ്യം (പട്ടിക 1)

സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

ക്രമനമ്പർ	സ്ഥാപനങ്ങൾ	സ്ഥാപിച്ചവർഷം	ജീവനക്കാരുടെഎണ്ണം
1	പി.എച്ച്.സി.ചെമ്മലശ്ശേരി	1989	9
2	ഗവ.ആയുർവ്വേദ ഡിസ്പെൻസറി പുലാമന്തോൾ വളപുരം	1960	4
3.	ഐ.പി.പി.സബ്സെന്റർ വളപുരം	1986	1
4.	ഐ.പി.പി. സബ്സെന്റർ തിരുനാരായണപുരം	1986	1
5.	ഐ.പി.പി. സബ്സെന്റർ മാലാപറമ്പ്	1986	1
6.	ഐ.പി.പി. സബ്സെന്റർ ചീരട്ടാമല	1986	1
7.	ഐ.പി.പി. സബ്സെന്റർ കട്ടുപാറ	1986	1
8.	ഐ.പി.പി. സബ്സെന്റർ പാലൂർ	1986	1

ആരോഗ്യം പട്ടിക 2

(നിരക്കുകൾ ആയിരത്തിൽ എത്ര എന്ന കണക്കിൽ)

ജനനനിരക്ക്	മരണനിരക്ക്	ശിശുമരണ നിരക്ക്	മാതൃമരണ നിരക്ക്	വൈകല്യ നിരക്ക്	കുട്ടികകളുടെ പോഷണക്കുറവ്
10.8	5	14	0.6	6.8	14

പട്ടിക-3

പുലാമന്തോൾ പഞ്ചായത്തിൽ കണ്ടുവരുന്ന രോഗങ്ങൾ

രോഗങ്ങൾ	സാധാരണ കണ്ടുവരുന്നത്	അസാധാരണ മല്ലാത്തത്	വിരളം	വളരെവിരളം
പകർച്ച വ്യാധികൾ	മണൽ, മുണ്ടിനീര് പകർച്ചപ്പനി ആസ്തമ, മറ്റുശ്വാസകോശ രോഗങ്ങൾ വില്ലൻചുമ ട്യൂബർകുലോസിസ് മഞ്ഞപിത്തം ത്വക്രോഗങ്ങൾ ടൈഫോയ്ഡ് ഛർദ്ദ്യാതിസാരം	ചൊള്ള ഗുഹ്യരോഗങ്ങൾ	ഭക്ഷ്യവിഷ ബാധ	തൊണ്ടമുള്ള് കോളറ മലേറിയ ടൈറ്റനസ് റാബിസ് പിള്ളവാതം ജർമ്മൻ-മീസിൽസ്
പകരാത്തവ	മാനസിക രോഗങ്ങൾ, ദന്തരോഗങ്ങൾ	കാൻസർ ഹൃദയസ്തംഭനം രക്തവാതം വാതരോഗങ്ങൾ വാൽവ്രോഗങ്ങൾ പക്ഷാഘാതം പ്രമേഹം അന്ധത രക്തസമ്മർദ്ദം	അഡിക്ഷൻ	പാരമ്പര്യ രോഗങ്ങൾ, ഹീമോഫീലിയ-തുടങ്ങിയവ

പരിസരമലിനീകരണവും ആരോഗ്യപ്രശ്നങ്ങളും

ഉയർന്ന ശുചിത്വബോധമുള്ളവരാണ് കേരളീയർ എന്നാണ് പൊതുവായ ധാരണയെങ്കിലും വ്യക്തിപരമായും വീടിനകത്തും ഇതൊതുങ്ങി നിൽക്കുന്നു. ചുറ്റുപാടിനെ ശുചിയായി സൂക്ഷിക്കുന്ന കാര്യത്തിൽ ഈ താല്പര്യം പലപ്പോഴും കാണുന്നില്ല. മുറ്റവും പുരയിടവും റോഡും പരിസരങ്ങളും പൊതുസ്ഥലങ്ങളും വൃത്തിയായി സൂക്ഷിക്കണംഎന്ന ധാരണ മിക്കയാളുകൾക്കുമില്ല. ഇതുമൂലം ഖരമാലിന്യങ്ങൾ അടിഞ്ഞുകൂടി ദുർഗ്ഗന്ധം വമിക്കുകയും, മലിനജലം കെട്ടിനിന്ന് കൊതുകിൻറേയും മറ്റു പ്രാണികളുടേയും എണ്ണം വർദ്ധിക്കുകയും ചെയ്യുന്നു. പൊതുസ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നതുകൊണ്ടുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങളും ചെറുതല്ല. മൊത്തം രോഗാതുരതയിൽ എഴുപതു ശതമാനവും പരിസര ജന്യ രോഗങ്ങളാണ്. സമഗ്രമായ ഒരു പരിസരാരോഗ്യ പരിപാടിയിലൂടെ ജനപങ്കാളിത്തത്തോടെ ആസൂത്രണം ചെയ്ത് നടപ്പാക്കിയാൽ മാത്രമേ ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണാനാകു. ശുദ്ധമായ കുടിവെള്ളത്തിൻെറ അപര്യാപ്തത, മലിനമായ പരിസരം എന്നീ ഘടകങ്ങളാണ് ഒരുകാലത്ത് നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞ മലമ്പനിപോലുള്ള പല രോഗങ്ങളുടേയും തിരിച്ചുവരവിനും ഛർദ്ദി, അതിസാരം, കോളറ മുതലായ രോഗങ്ങൾക്കും പ്രധാനകാരണം. അതിനാൽ ഈ പഞ്ചായത്തിൽപ്പെട്ട പുലാമന്തോൾ തുടങ്ങിയ ടൗൺ പ്രദേശങ്ങളിൽ നിന്നും മലിനജലം ഒഴുകിപ്പോകുന്നതിനും ചപ്പുചവറുകൾ നീക്കം ചെയ്യുന്നതിനും വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതും പരിസര മലിനീകരണം ഒഴിവാക്കുന്നതിനും മറ്റും ജനങ്ങൾക്കിടയിൽ ബോധവൽക്കരണം നടത്തേണ്ടതും മുഖ്യമായി ചർച്ചചെയ്യേണ്ട വിഷയങ്ങളാണ്.

ആരോഗ്യരംഗത്തെ പ്രധാനപ്രശ്നങ്ങളും നിർദ്ദേശങ്ങളും

ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങളിൽ പ്രധാനമായും പരാമർശിക്കപ്പെട്ടിട്ടുള്ളത് സർക്കാർ ആരോഗ്യകേന്ദ്രങ്ങളിലെ സേവന ലഭ്യതക്കുറവും നിലവിലുള്ള സംവിധാനങ്ങളിലെ പോരായ്മയുമാണ്. അതിലേക്കു വന്നിട്ടുള്ള നിർദ്ദേശങ്ങളിൽ ചെമ്പലശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രവും, സർക്കാർ ആയുർവ്വേദ ഡിസ്പൻസറിയും പത്തു കിടക്കകളുള്ള ആശുപത്രികളാക്കി ഉയർത്തുക എന്നതും മുഴുവൻ സമയത്തും ഡോക്ടർമാരുടെ സേവനം ഉറപ്പുവരുത്തുക എന്നതും പ്രധാന്യമുള്ളതാണ്. ഈ പ്രദേശത്തെ ജനങ്ങൾക്ക് പൂർണ്ണമായും ചികിത്സാസൗകര്യം ലഭിക്കണമെങ്കിൽ കിടത്തി ചികിത്സിക്കുന്നതിന് സൗകര്യമുള്ള ആശുപത്രി ഉണ്ടാവേണ്ടതുണ്ട്. പ്രസവവാർഡ്, ആഴ്ചയിൽ ഓരോ ദിവസമെങ്കിലും വിവിധ സ്പെഷലിസ്റ്റ് ഡോക്ടർമാരുടെ സേവനം എന്നിവയും അത്യാവശ്യമാണ്.

മുഴുവൻ സമയം ഡോക്ടർമാരുടെ സേവനം ലഭ്യമാക്കണമെങ്കിൽ കൂടുതൽ ഡോക്ടർമാരുടെ നിയമനവും, ഡോക്ടർമാർക്ക് താമസസൗകര്യവും ഉണ്ടായിരിക്കണം. മെഡിക്കൽ ബിരുദാനന്തര ബിരുദത്തിനുള പ്രവേശത്തിന്, അഞ്ചുവർഷത്തെ ഗ്രാമീണസേവനം നിർബന്ധമാക്കിയാൽ മാത്രമേ ഇതുപോലുള്ള സ്ഥലങ്ങളിൽ ഡോക്ടർമാരുടെ സേവനം ലഭ്യമാകുകയുള്ളൂ. അഞ്ചുവർഷത്തെ തൃപ്തികരമായ ഗ്രാമീണ സേവനം നടത്തിയതിൻെറ സാക്ഷ്യപത്രം പഞ്ചായത്ത് നൽകണമെന്ന് നിഷ്കർഷിക്കാവുന്നതാണ്.

ഈ പഞ്ചായത്തിൽ 5825 വീടുകളിൽ (താമസമുള്ളവ) 3291 വീടുകളിൽ മാത്രമേ കക്കൂസുകളുള്ളൂ. ബാക്കിവരുന്ന 2534 വീടുകളിൽ കക്കൂസുകളില്ലാത്തതിനാൽ പരിസര മലിനീ

കരണത്തിനിടയുണ്ട്. കക്കൂസുകളുള്ള വീടുകളിൽ തന്നെ ശാസ്ത്രീയരീതിയിലുള്ള കക്കൂസുകൾ കുറവായതുകൊണ്ട് ഫലത്തിൽ കൊതുകുവളർത്തൽ കേന്ദ്രങ്ങളായും മാറിയിരിക്കുന്നു. ഇതും ഈ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പ്രധാന പ്രശ്നമാണ്. രോഗവിവരങ്ങളുടെ വിവരങ്ങൾ (പട്ടിക 3) ആശങ്കാജനകമായിരിക്കുന്നത് ഇതിനാലും പരിസര മലിനീകരണം മൂലവുമാണ്. അതിനാൽ ശരിയായ ആരോഗ്യ ബോധവൽക്കരണവും കക്കൂസ് നിർമ്മിക്കാൻ കഴിവില്ലാത്തവർക്ക് കക്കൂസ് നിർമ്മിക്കാനുള്ള സംവിധാനമുണ്ടാകലും അത്യന്താപേക്ഷിതമാണ്.

കൂടാതെ കഴിഞ്ഞ രണ്ടുമൂന്നു കൊല്ലമായി കട്ടുപ്പാറ തിരുനാരായണപുരം ഭാഗങ്ങൾ കേന്ദ്രീകരിച്ച് വളരെ കൂടുതലായി ടൈഫോയിഡ് കണ്ടുവരുന്നതായി ഈ പഞ്ചായത്തിൽആരോഗ്യ സേവനരംഗത്ത് പ്രവർത്തിക്കുന്നവരിൽ നിന്നും അറിയുന്നു. കട്ടപ്പാറ പ്രദേശത്തെ ജലവിതരണവും അഴുക്കുചാൽ പ്രശ്നങ്ങളും മറ്റുമായി ഇതിന് ബന്ധമുണ്ട് എന്ന് കരുതേണ്ടിയിരിക്കുന്നു.

ഈ പഞ്ചായത്തിൽ പൊതുവിൽ എല്ലാ പകർച്ചവ്യാധികളും, മാനസികരോഗങ്ങളും സർവ്വസാധാരണമായി കാണുന്നുണ്ട്. മണൽ, വില്ലൻചുമ എന്നിവക്കെതിരെയുള്ള പ്രതിരോധ മരുന്നുകൾ വേണ്ടത്ര ഫലപ്രദമല്ലാതായും കാണുന്നു. ചികിത്സാ ചെലവുകൾ ഭയാനകമായി കൂടിവരുന്നു. വളർത്തു നായ്ക്കൾക്ക് കുത്തിവെപ്പ് നൽകാത്തതും ലൈസൻസില്ലാത്തവയെ പൂർണ്ണമായും നശിപ്പിക്കാൻ കഴിയാത്തതും പ്രശ്നമായി അവശേഷിക്കുന്നു. പൊതുചികിത്സാരംഗം കൂടുതൽ ഫലപ്രദമാക്കേണ്ടതും, ചികിത്സാ ചെലവു നേരിടാനായി സർക്കാർതലത്തിൽ ഇൻഷ്വറൻസ് പദ്ധതി കൊണ്ടുവരേണ്ടതുണ്ട്.

പൊതുജനാരോഗ്യമടക്കമുള്ള സമൂഹത്തിലെ പ്രശ്നങ്ങൾക്ക് സാമ്പത്തിക കാരണങ്ങളേക്കാൾ പ്രധാനമായി കാണുന്നത് പ്രതിരോധ നടപടികളുടെ പോരായ്മയും, വിദ്യാഭ്യാസ , സാമൂഹ്യ, സാംസ്ക്കാരിക അന്ധതയുമാണെന്ന് കാണുന്നു. മതരാഷ്ട്രീയസന്നദ്ധ സേവാ സംഘടനകളുടെ അകമഴിഞ്ഞ സഹകരണവും കൂട്ടായ തീവ്രയത്നവും കൊണ്ടു മാത്രമേ ഇതു പരിഹരിക്കാൻ കഴിയുകയുള്ളൂ.

ആരോഗ്യരംഗത്തെ പ്രശ്നങ്ങൾക്ക് ഗ്രാമസഭകളിൽ നിന്നും വന്ന പരിഹാര നിർദ്ദേശങ്ങൾ

1. ചെമ്മലശ്ശേരി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ രോഗികളെ കിടത്തി ചികിത്സിക്കാൻ സൗകര്യമുണ്ടാക്കുന്നതിന് പത്ത് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക. ഇരുപത്തിനാല് മണിക്കൂറും ഡോക്ടർമാരുടെ സേവനം കിട്ടുമെന്ന് ഉറപ്പുവരുത്തുക. പ്രസവവാർഡ് ഉണ്ടാക്കുക. ഹെൽത്ത് വർക്കർമാർ ആരോഗ്യപ്രശ്നങ്ങൾ ശരിയായി വിലയിരുത്തുന്നത് ഉറപ്പാക്കുക.

2. സർക്കാർ ആയുർവ്വേദ ഡിസ്പൻസറി പത്ത് കിടക്കകളുള്ള ആശുപത്രിയായി ഉയർത്തുക.

3. I.P.P. സബ്സെൻററുകളിൽ ആഴ്ചയിൽ ഒരുദിവസമെങ്കിലും ഡോക്ടറുടെ സേവനം ലഭ്യമാക്കുക. ഗൃഹസന്ദർശനം കാര്യക്ഷമമാക്കുക.

4. പഞ്ചായത്തിൽ കക്കൂസില്ലാത്ത എല്ലാവർക്കും കക്കൂസ് നിർമ്മിക്കുന്നതിനുള്ള സംവിധാനമുണ്ടാക്കുക.

5. ടൗൺ പ്രദേശങ്ങളിൽ അഴുക്കുചാൽ നിർമ്മിക്കുക. ശരിയായ ഡ്രൈനേജ് സിസ്റ്റം ഏർപ്പെടുത്തുക.

6. പുലാമന്തോളിൽ കംഫർട്ട് സ്റ്റേഷൻ നിർമ്മിക്കുക.

7. മത്സ്യമാംസ വില്പനക്കും അവശിഷ്ടങ്ങളുടെ സംസ്ക്കരണത്തിനും പ്രത്യേക സൗകര്യം ഏർപ്പെടുത്തുക.

8. ബോധവൽക്കരണം അനിവാര്യമാണ്.

9. **ചപ്പുചവറുകൾ** നിക്ഷേപിക്കുന്നതിനുള്ള **സ്ഥലവും സ്വീപ്പിങ്ങ്** സംവിധാനവും എല്ലാ **സ്ഥലങ്ങളിലും** ഉറപ്പാക്കുക.



5 6

ഗതാഗതം, ഊർജ്ജം മാർക്കറ്റ്

പുലാമന്തോൾ പഞ്ചായത്തിന്റെ തെക്കേ അറ്റത്തു കൂടി ഒഴുകുന്ന കുന്തിപ്പുഴ മലപ്പുറം, പാലക്കാട് ജില്ലകളെ വേർതിരിക്കുന്നു. ഇന്നു നിലവിലുള്ള പുലാമന്തോൾ പാലം 1924ൽ ഗതാഗതത്തിനു തുറന്നു കൊടുക്കുന്നതുവരെ പുഴയ്ക്കിരുവശങ്ങളിലുമുള്ള പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിച്ചിരുന്നത് അന്നു നിലവിലുണ്ടായിരുന്ന ഒരു മരപ്പാലമായിരുന്നു. ആ പാലം നാശോന്മുഖമായതോടെ കടത്തുതോണികളും, ചങ്ങാടവുമായി ആശ്രയം. അക്കാലത്ത് കുന്തിപ്പുഴയിലൂടെയുള്ള ജലഗതാഗതം പുഷ്ടി പ്രാപിച്ചിരുന്നു. ഈ പ്രദേശങ്ങളിൽ നിന്ന് പൊന്നാനിയിലേക്ക് മരച്ചീനി, നെല്ല് തുടങ്ങിയ കയറ്റിപോകുന്ന വള്ളങ്ങൾ ഉപ്പ് ചായപ്പൊടി മണ്ണെണ്ണ തുടങ്ങിയവയുമായി തിരിച്ചു പോന്നു. ഈ ജലമാർഗ്ഗം യാത്രയ്ക്കും പ്രധാന അവലംബമായി.

പാലത്തിന്റെ വരവോടെ പുലാമന്തോളിന്റെ മുഖച്ഛായയ്ക്ക് പ്രകടമായ മാറ്റം വന്നുതുടങ്ങി. റോഡുകളുടെ ക്രമാനുഗതമായവികസനം നടന്നു. അക്കാലത്ത് പഞ്ചായത്തിലൂടെ കടന്നുപോയിരുന്നത് മൂന്നേമൂന്നു റോഡുകൾ മാത്രമായിരുന്നു. അവയിൽ ഏറ്റവുംപ്രധാനം ഇന്നത്തെ തിരുവനന്തപുരം കണ്ണൂർ ഗ്രാൻറ് ട്രങ്ക് റോഡ് തന്നെ. ഇത് പഞ്ചായത്തിന്റെ ആസ്ഥാനമായ പുലാമന്തോളിലൂടെ കടന്നുപോകുന്നു.

രണ്ടാമത്തേത് പുലാമന്തോളിൽ നിന്ന് കുളത്തൂർ വഴി മലപ്പുറത്തേയ്ക്ക് പോകുന്ന റോഡ്. മൂന്നമത്തേത് ടിപ്പുസുൽത്താന്റെ പടയോട്ടക്കാലത്ത് നിർമ്മിക്കപ്പെട്ടതാണ്. തിരുനാരായണപുരം മില്ലിൻപടിയിൽ നിന്ന് തിരിഞ്ഞുപോകുന്നതും ഇന്ന് പഴയനിരത്ത് എന്ന് അറിയപ്പെടുന്നതുമായ റോഡ് മുൻകാലങ്ങളിൽ ടിപ്പു സുൽത്താൻ പാത എന്നായിരുന്നു ഇതിന്റെ നാമധേയം.

1955 കാലത്തിന് മുമ്പ് ഇവയെല്ലാം തന്നെ വെറും മണൽ നിരത്തുകളായിരുന്നു. അതിനു ശേഷം മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കാലത്ത് പ്രധാന റോഡായ ഗ്രാൻറ് ട്രങ്ക് റോഡ് ടാറിംഗ് നടന്നു. പക്ഷേ, 1934 കാലത്ത് തന്നെ ഈ

പാത വഴി ബസ് ഗതാഗതം ആരംഭിച്ചിരുന്നു. ചുണ്ടമ്പറ്റ വടക്കേമഠത്തിൽ രാമചന്ദ്രൻ തിരുമുൽപ്പാടിന്റെ ഉടമസ്ഥതയിലായിരുന്നു ആദ്യത്തെബസ് സർവ്വീസ് - രാമചന്ദ്രാമോട്ടോഴ്സ് അക്കാലത്ത് പുലാമന്തോളിൽ ബസ് ഷെഡ് ഉണ്ടായിരുന്നു. കാളവണ്ടിയും പോത്തുംവണ്ടിയും പരക്കെയും, കുതിരവണ്ടി വിരളമായും ചരക്കു ഗതാഗതത്തിനും യാത്രയ്ക്കും ഉപയോഗിച്ചിരുന്നു. രണ്ടാമത്തെ ബസ് സർവ്വീസ് പനച്ചിക്കൽ വീട്ടിൽ മുസ്ല്യാരുടെ ഉടമസ്ഥതയിൽ നടന്നിരുന്ന TMS ആയിരുന്നു. ഇത് തിരുവേഗപ്പുറ - പട്ടാമ്പി - പെരുന്തൽമണ്ണ റൂട്ടിൽ സർവ്വീസ് നടത്തി.

പഴയ തലമുറയുടെ സ്മരണകളിൽ ഈ പ്രദേശത്തെ ആദ്യകാറിന്റെ ഉടമസ്ഥൻ ചുണ്ടമ്പറ്റ കൃഷ്ണദാസ് തിരുമുൽപ്പാടാണ്.

1965ലാണ് കുളത്തൂർ റോഡിൽ ഇന്ന് നിലവിലുള്ള താമുള്ളിൽ പാലം നിർമ്മിക്കപ്പെടുന്നതും, റോഡ് ടാറിംഗ് നടക്കുന്നതും. പിന്നീട് ഈ റോഡിലൂടെ വാഹന ഗതാഗതവും ബസ്സ്സർവ്വീസുകളും ആരംഭിച്ചു. ഇതോടെ പുലാമന്തോളിൽ നിന്ന് മലപ്പുറത്തേയ്ക്കുള്ള ദൂരം ഗണ്യമായി കുറഞ്ഞു. എന്നിരിക്കിലും ഈ റൂട്ടിൽ ബസ് ഗതാഗതം ഇന്നും വേണ്ടത്ര പുരോഗമിച്ചിട്ടില്ല.

മൂന്നാമത്തെ റോഡായ ടിപ്പുസുൽത്താൻ റോഡ് ഇന്നും മണ്ണ് റോഡ് തന്നെ. അടുത്ത കാലത്തായി റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തെങ്കിലും നിർമ്മാണം സ്തംഭനാവസ്ഥയിലാണ്. പഴയ കാലത്ത് ഈ റോഡ് കോട്ടപ്പറമ്പ് ചിരട്ടാമല വഴി അങ്ങാടിപ്പുറവുമായി ബന്ധിപ്പിക്കപ്പെട്ടിരുന്നു. ഇപ്പോൾ നിലവിലുള്ളതും, നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതുമായ പാത മില്ലിൽ പടി തുടങ്ങി കട്ടുപ്പാറ ജുമാ മസ്ജിദ് പൂക്കോട്ടു വഴി ചീരട്ടാമല റോഡുമായിചേർന്ന് പുളിങ്കാവിലെത്തിച്ചേരുന്നു. ഈ റോഡ് ഗതാഗതയോഗ്യമാകുമ്പോൾ കടന്നുപോകുന്ന അവികസിത പ്രദേശങ്ങളുടെ പുരോഗതിയിലേക്കുള്ള ഒരു പ്രധാന നാഴികക്കല്ലായിരിക്കും അത്.

റോഡുകളുപടെ പടിപടിയായ വികസന ചരിത്രത്തിൽ പിന്നീട് വരുന്ന പ്രധാന റോഡുകൾ ചെമ്മലശ്ശേരി- വളപുരം റോഡ്, പുളിങ്കാവ് - ചിരട്ടാമലറോഡ്, ചെമ്മലശ്ശേരി - ചെമ്മല റോഡ്, ഓണപ്പുട - അങ്ങാടിപ്പുറം റോഡ് (മാലാപ്പമ്പ വഴി) തുടങ്ങിയവയാണ്. ഇതിൽ ചിരട്ടാമല പുളിങ്കാവ് റോഡ്, ചീരട്ടാമല, കോട്ടപ്പറമ്പ് തുടങ്ങിയ കുടിയേറ്റമേഖലകളിലെ ജനങ്ങൾക്ക് മെയിൻ റോഡുമായി ബന്ധപ്പെടുന്നതിൽ പ്രധാന ആശ്രയമാണ്. ഈ റോഡ് വികസന കാര്യത്തിൽ ഇന്നും എവിടെയുമെത്തിയിട്ടില്ല. പൊതുമരാമത്ത് ഏറ്റെടുത്തിട്ടുള്ളതാണെങ്കിലും നാമമാത്രമായ ഗതാഗതസൗകര്യം മാത്രമുള്ള ഈ പാതയുടെ വികസനം അടിയന്തിരപ്രാധാന്യം അർഹിക്കുന്നു.

വളപുരം പ്രദേശത്തിന്റെ വികസനത്തിൽ പ്രധാന വഴിത്തിരിവാകുന്ന ചെമ്മലശ്ശേരി വളപുരം വെങ്ങാട് റോഡ്. വികസന രംഗത്ത് അടിയന്തിര പ്രാധാന്യം അർഹിക്കുന്ന മറ്റൊന്നാണ്. ഈ റോഡും മരാമത്ത് വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതാണ്. ടാറിംങ്ങ് കഴിഞ്ഞതാണെങ്കിലും അറ്റകുറ്റപ്പണികളുടെ അഭാവം റോഡിന്റെ നാശത്തിന് കാരണമായിരിക്കുന്നു. ഈ റോഡിന്റെ വികസനത്തിനു പര്യാപ്തമായ ഗതാഗതസംവിധാനങ്ങൾക്കും വേണ്ടിയുള്ള മുറവിളി ഇന്നും മുഴങ്ങികേൾക്കുന്നു.

പഞ്ചായത്തിന്റെ മേൽനോട്ടത്തിലുള്ള ഒരു പ്രധാന റോഡാണ് ചെമ്മശ്ശേരി ചെമ്മല റോഡ്. പല ഘട്ടങ്ങളിലായി റോഡ് ടാറിംഗ് പൂർത്തിയായി വന്നപ്പോഴേയ്ക്കും നേരത്തേ തീർന്ന പല ഭാഗങ്ങളും പുതുക്കിപ്പണിയേണ്ട അവസ്ഥയിലെത്തിനിൽക്കുന്ന ഈ റോഡിലൂടെയുള്ള യാത്രാസൗകര്യവും തീരെ അപര്യാപ്തം തന്നെ.

വളപ്പുരം, കുന്നത്തുപള്ള്യാൻ കുളമ്പ് അമ്പലപ്പടി റോഡ്, പാലച്ചോട് എരുമത്തടം റോഡ്, എന്നിവയും പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിർമ്മാണം സ്തംഭിച്ചുനിൽക്കുന്നവയാണ്.

പുലാമന്തോൾ പഞ്ചായത്ത് നിലവിൽ വരുന്നത് 1962 ജനുവരി ഒന്നാംതിയ്യതിയാണ്. തുടർന്ന് നടന്നിട്ടുള്ള വികസനപ്രവർത്തനങ്ങളുടെ ഫലമായി ഘട്ടംഘട്ടമായി കുറേ റോഡുകൾ നിർമ്മിക്കപ്പെട്ടിട്ടുണ്ട്. വികസനം അനിവാര്യമായ ഈ റോഡുകളുടേയും നിലവിലുള്ള ടാർ റോഡുകളുടെയും വാർഡ് തിരിച്ചുള്ള വിവരങ്ങൾ താഴെ പട്ടികയിൽപ്പെടുത്തിയിരിക്കുന്നു.

പട്ടിക ഒന്ന്

ടാർറോഡുകളെ സംബന്ധിച്ച വിവരങ്ങൾ

ക്രമ നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം Km	വീതി മീറ്ററിൽ	യാത്രാ സൗകര്യം
1.	പുലാമന്തോൾ - പുളിങ്കാവ് റോഡ് (ട്രങ്ക് റോഡ്)	PWD	4.000	12	ഉണ്ട്
2.	പുലാമന്തോൾ ഓണപ്പുട റോഡ്	PWD	7.000	8	ഉണ്ട്
3.	ഓണപ്പുട മാലാപ്പറമ്പ് റോഡ്	PWD	3.000	8	ഉണ്ട്
4.	ചെമ്മശ്ശേരി- വളപ്പുരം റോഡ്	PWD	3.000	8	ഉണ്ട്
5.	ചെമ്മാശ്ശേരി ചെമ്മാല റോഡ്	പഞ്ചായത്ത്	3.500	8	ഇല്ല
6.	പുലാമന്തോൾ തിരുത്ത് റോഡ്	പഞ്ചായത്ത്	1.600	8	ഇല്ല
7.	കട്ടപ്പാറ പൂക്കോട്ടുകുളം റോഡ്	പഞ്ചായത്ത്	0.800	5	ഇല്ല
8.	പരിയാപുരം ചീരട്ടാമല റോഡ്	പഞ്ചായത്ത്	0.400	8	ഇല്ല
9.	പാലൂർ ഹരിജൻ കോളനി റോഡ്	പഞ്ചായത്ത്	0.500	6	ഇല്ല
10.	കരുവമ്പലം നീലുകാവിൽ കുളമ്പ് റോഡ്	പഞ്ചായത്ത്	0.500	8	ഇല്ല
11.	പുലാമന്തോൾ പുഴറോഡ്	പഞ്ചായത്ത്	0.500	8	ഇല്ല
12.	പാലച്ചോട് പാലൂർ കോട്ട റോഡ്	പഞ്ചായത്ത്	0.500	8	ഇല്ല
13.	ചെമ്മാശ്ശേരി നീളൻ കുന്ന് റോഡ്	പഞ്ചായത്ത്	0.200	8	ഇല്ല
14.	ആലമ്പാറ കാശുകുന്ന് റോഡ്	പഞ്ചായത്ത്	0.200	8	ഇല്ല
15.	വളപുറം ആന്തൂർകടവ് റോഡ്	പഞ്ചായത്ത്	0.180	7	ഇല്ല

പട്ടിക രണ്ട്

ടാറിംഗ് നടത്താൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള റോഡുകൾ

ക്രമ നമ്പർ	വാർഡ്	റോഡ്	ഉടമസ്ഥത	ദൂരം	വീതി
1.	I	പുലാമന്തോൾടൗൺ ദൂരത്താൻ കടവ് റോഡ്	പഞ്ചായത്ത്		
2.	I	ചെട്ടിയങ്ങാടി ഊരങ്ങോട്ടു പറമ്പ് കോളനി റോഡ്	പഞ്ചായത്ത്		
3.	II	ചേലാപ്പറമ്പത്ത് റോഡ്	പഞ്ചായത്ത്		
4.	II	തിരുനാരായണപരം യു.പി. ലക്ഷം വീട് റോഡ്	പഞ്ചായത്ത്		
5.	III	തിരുനാരായണപുരം വെളുത്തേടത്ത് പാററോഡ്	പഞ്ചായത്ത്		
6.	III	വടക്കേക്കര പൂക്കോട്ടുകുളം	പഞ്ചായത്ത്		
7.	IV	മില്ലിൻ പടി പുളിങ്കാവ് റോഡ്	PWD		
8.	IV	പുളിങ്കാവ് ചീരട്ടാമല റോഡ്	PWD		
9.	IV-	കട്ടുപ്പാറ ഇട്ടക്കടവ് റോഡ്	പഞ്ചായത്ത്		
10.	IV	കട്ടപ്പാറ പാലാനാട്ടുമന റോഡ്	പഞ്ചായത്ത്		
11.	V	പാലൂർ കിഴക്കേക്കര കനാൽ ബണ്ട് റോഡ്	പഞ്ചായത്ത്		
12.	V	ആലമ്പാറ വടക്കൻ പാലൂർ റോഡ്	പഞ്ചായത്ത്		
13.	V	ആറ്റുപുറത്ത് മന ചൊവ്വൂർ മന റോഡ് (അമ്പലംവഴി)	പഞ്ചായത്ത്		
14.	VI	വടക്കൻ പാലൂർ അയ്യാലിൽ റോഡ്	പഞ്ചായത്ത്		
15.	VI	ചെമ്മലശ്ശേരി PHC വടക്കൻ പാലൂർ റോഡ്	പഞ്ചായത്ത്		
16.	VII	മനങ്ങനാട് കിളിക്കുന്ന-ക്കാവ് ക്ഷേത്രം റോഡ്	പഞ്ചായത്ത്		
17.	VII	കുണ്ടറപ്പാടി പണിക്കോട് റോഡ്	പഞ്ചായത്ത്		
18.	VII	റേഷൻ കട റോഡ്	പഞ്ചായത്ത്		
19.	VII	കാവുവട്ടം കാവുകുന്ന് റോഡ്	പഞ്ചായത്ത്		
20.	VIII	ചെമ്മാലശ്ശേരി തെക്കേസിറ്റി	പഞ്ചായത്ത്		
21.	VIII	സ്കൂൾപടി പടിപ്പുര ഭാഗം			

		റോഡ്	പഞ്ചായത്ത്
22.	IX	വളപുരം - ആന്തൂരക്കടവ് റോഡ്	പഞ്ചായത്ത്
23.	IX	വളപുരം പാറക്കടവ് റോഡ്	പഞ്ചായത്ത്
24.	IX	കിഴക്കേക്കര ള്ളി മേലേപ്പറമ്പിൽ റോഡ്	പഞ്ചായത്ത്
25.	IX	വളപുരം പരപ്പള്ള്യാംത്തോട് റോഡ്	പഞ്ചായത്ത്
26.	IX	അമ്പലപ്പടി കരിമ്പാടത്തുപടി റോഡ്	പഞ്ചായത്ത്
27.	IX	ചവരക്കുന്ന് മുതിരപ്പറ്റ റോഡ്	പഞ്ചായത്ത്
28.	X	വളപുരം കുന്നത്തുപള്ള്യാൽ കുളമ്പ് അമ്പലപ്പടി റോഡ്	പഞ്ചായത്ത്
29.	X	കുരുവമ്പലം നീലുകാവിൽ കുളമ്പ് റോഡ്	പഞ്ചായത്ത്
30.	X	നീരിപ്പറ്റ മുണ്ടാത്തടം റോഡ്	പഞ്ചായത്ത്
31.	X	ഒറ്റക്കോട് റോഡ്	പഞ്ചായത്ത്
32.	XI	കുണ്ടറപ്പടി ചാമക്കുണ്ട് റോഡ്	പഞ്ചായത്ത്
33.	XI	താഴത്തേതിൽ പടി ഹരിജൻ കോളനി റോഡ്	പഞ്ചായത്ത്
34.	XI	ഓട്ടപാറ ഹരിജൻ കോളനി റോഡ്	പഞ്ചായത്ത്
35.	XII	പാലച്ചോട് എരുമത്തടം റോഡ്	പഞ്ചായത്ത്
36.	XII	പാലച്ചോടം പുഴക്കാട്ടിരി റോഡ്	പഞ്ചായത്ത്
37.	XII	എടത്തറച്ചോല പാലൂർകോട്ട റോഡ്	പഞ്ചായത്ത്
38.	XII	ചീരട്ടാമല ഹരിജൻ കോളനി റോഡ്	പഞ്ചായത്ത്

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾക്കുള്ള നിർദ്ദേശങ്ങൾ

ക്രമ നമ്പർ	വാർഡ്	റോഡ്	ഉടമസ്ഥത	ദൂരം	വീതി
01.	1	പാറമ്മൽആലമ്പാറ	പഞ്ചായത്ത്		
02.	1	പാലൂർ ടൗൺ ചെമ്മല ഇടവഴി	"		
03.	1	താമുള്ളിൽക്കടവ് വഴി	"		
04.	1	ആലഞ്ചേരി അമ്പലം റോഡ്	"		
05.	1	ആലഞ്ചേരിപ്പറമ്പിലേക്കുള്ള പുത്തമ്പിഷാരത്ത് ഇടവഴി	"		
6.	1	മില്ലിമ്പടി - പൂളക്കപ്പള്ള്യാൽ റോഡ്	"		
7.	1	മില്ലിമ്പടി കണ്ടേങ്കാവ് പള്ള്യാൽ റോഡ് ചെമ്മല കൊള്ളിത്തോട് റോഡ് ബന്ധിപ്പിച്ച് ലിങ്ക് റോഡ്	"		
8.	2	ചെറുത്ത് ഇടവഴി പാടം	"		
9.	2	മലാടത്ത് പറമ്പ് തിരുനാരായണപുരം യു.പി. റോഡ്	"		
10.	2	അമ്പലപടം നിരുനാരായണപുരം യു.പി.	"		
11.	2	തിരുനാരായണപുരം യു.പി. പള്ള്യാൽത്തെടികടവ് റോഡ് (ജുമാമസ്ജിദിന് കിഴക്കോട്ട്)	"		
12.	2	തിരുനാരായണപുരം യു.പി. പള്ള്യാൽ ത്തൊടികടവ് റോഡ് (പള്ളിക്ക് മുൻവശം തെക്കോട്ട്)	"		
13.	2	പുലാമന്തോൾ അമ്പലക്കടവ് റോഡ്	"		
14.	2	തിരുനാരായണപുരം യു.പി. കൊണ്ടത്തൊടിക്കടവ് റോഡ്	"		
15.	2	പുലാമന്തോൾ യു.പി. സ്കൂളിന് പിൻവശത്തുകൂടിയുള്ളഇടവഴി പള്ള്യാത്തൊടികടവ് റോഡ് വരെ	"		
16.	2	തിരുനാരായണപുരം യു.പി. മാടായിത്തൊടി വഴി	"		

17. 2 തിരുനാരായണപുരം യു.പി.
റേഷൻ കട മുതൽ പാടം വരെ

18. 2 പുലാമന്തോൾ പഴയമാർക്കറ്റിന്
മുൻവശത്തുകൂടിയുള്ള വഴി

19. 2 പെരിങ്ങാട്ടിൽ ഇടവഴി

20 2 തിരുനാരായണപുരം യു.പി.
റേഷൻ കട മുതൽ ചെമ്പത്ത്
കടവ് വരെ

21. 2 പുലാമന്തോൾ വില്ലേജ്
ഓഫീസിലേക്കുള്ള വഴി പഞ്ചായത്ത്

22. 3 പാലൂർ വടക്കേക്കര കട്ടുപ്പാറ
കനാൽ ബണ്ട് റോഡ്

23. 3 വടുവച്ചോല ഹരിജൻ കോളനി റോഡ്

24. 3 തിരുനാരായണപുരം പണ്ടേട്ടിൽ കടവ് റോഡ്

25. 3 തിരുന്നാരായണപുരം കയ്പഞ്ചീരിക്കടവ് റോഡ്

26. 3 തിരുനാരായണപുരം വിഷ്ണു
ക്ഷേത്രത്തിലേക്കുള്ള വഴി

27. 3 ചകിരിയേങ്ങൽ ഇടവഴി

28. 3 മങ്ങാട്ടുതൊടി ഹരിജൻ കോളനിറോഡ്

29. 3 മില്ലിൽ പടി ചോലപ്പറമ്പത്ത് ഹരിജൻ
കോളനി റോഡ്

30. 4 കക്കാട്ടു പള്ള്യാൽ റോഡ്

31. 4 കട്ടുപ്പാറ ലക്ഷം വീട് വടക്കൻ പാലൂർ റോഡ്

32. 4 മെയിൻ റോഡ് പുലിക്കുത്ത് തോട്ടം റോഡ്

33. 4 ഹെൽത്ത് സെൻറർ - ചെലമ്പാറ
ചീരട്ടാമല റോഡ്

34. 5 കനാൽ ബണ്ട് - പൂഴിക്കുന്ന് റോഡ്,
പള്ളി റോഡ് (ലിങ്ക് റോഡ്)

35. 5 മേനാടത്ത് ഇടവഴി

36. 5 പഞ്ചായത്ത് സ്റ്റേഡിയത്തി
നടുത്തുകൂടി പോകുന്ന ഇടവഴി

37. 5 പാലൂർ കിഴക്കേക്കര റോഡ്
(പാങ്ങിൽ ഇടവഴി)

38. 5 പൂഴിക്കുന്ന് ചേലാർകുന്ന് റോഡ്

39. 5 ചോലപ്പറമ്പ് റോഡ് പാടം
(പഞ്ചായത്ത് കിണറിനടുത്ത് തിരിഞ്ഞ്)

40. 5 കിഴക്കേക്കര വടക്കേക്കര റോഡ്

41. 5 കിഴക്കേക്കര കങ്കാട്ട് ഇടവഴി

42. 5 ചെട്ടിയങ്ങാടി - പള്ള്യാർക്കൊടി ഇടവഴി

43. 5 ഹൈസ്ക്കൂളിനടുത്ത് കരിമ്പനക്കൽ ഇടവഴി

44. 5 പുലാമന്തോൾ പമ്പ് ഹൗസ് റോഡ്

45. 6 മെച്ചശ്ശേരി ലക്ഷംവീട് പാലൂർ പള്ളി റോഡ്

46. 6 വടക്കൻ പാലൂർ മദ്രസ്സ കരിമ്പൻ
കുന്ന് റോഡം (പുറമ്പോക്കിലൂടെ)

47. 6 കുറ്റമ്പാറകുഴൽ കിണർ മിച്ചഭൂമി
റോഡ് (ഏറാടിപ്പുറത്തിനുമീതെ)

48. 6 പൂഴിക്കുന്ന് റോഡ് അമ്പലപ്പാറ
റോഡ് (ലിങ്ക് റോഡ്)

49. 6 ഞെളിയത്ത് കുളമ്പ് ചെമ്മലശ്ശേരി
രണ്ടാം മൈൽ

50 6 സോപ്പുകമ്പനി ഗ്രൗണ്ടക റോഡ്

51. 6 അയ്യാലിൽപ്പറമ്പ് കൊറ്റ്യേങ്ങൾ ച്ചോല റോഡ്

52. 7 പുതിച്ചിൽപ്പള്ള്യാൽ റോഡ്
മെയിൻ റോഡ് (ലിങ്ക് റോഡ്)

53. 7 മലങ്കീട് നാട് പാറക്കടവ്
പശുദ്രപ്പടിറോഡ് ചെമ്മല റോഡ് (ലിങ്ക് റോഡ്)

54. 7 ചെമ്മലശ്ശേരി പള്ളി - കാലക്കട റോഡ്

55 7 രണ്ടാംമൈൽ കൊണ്ടത്തെറി
പുതിച്ചിൽ റോഡ് (ലിങ്ക് റോഡ്)

56. 7 കരുവമ്പലം ബാങ്കിൻെറ
വടക്കുപടിഞ്ഞാറു ഭാഗം
കുമ്പിണിക്കുന്ന് ഭാഗത്തേയ്ക്ക്

57 7 കരുവമ്പലം ബാങ്കിതൻെറ
കിഴക്കുവശം ശ്രീകൃഷ്ണപുരം ക്ഷേത്ര റോഡ്

58 7 പതയൻകുന്ന് പാണർ തൊടികുന്നത്തുപാടം റോഡ്

59 7 താഴത്തേതിൽ പടി മനണ്ടന്തട് മെയിൻ റോഡ്
(പൊട്ടിപ്പാറപ്പാടം വഴി)

60 7 ചന്ദ്രത്തിൽ ഇടവഴി

61 7 കാവുവട്ടം വേങ്ങാട്ടുപള്ള്യാൽ കരുവുമ്പലം റോഡ്

62 7 ചെമ്മലശ്ശേരി തെക്കേസിറ്റി അരീക്കലം ഇടവഴി

63 7 രണ്ടാംമൈൽ ചെറുകാട് പാടം റോഡ്

64 7 കുണ്ടറപ്പറി പൊട്ടിപ്പാറ റോഡ്

65 7 പൂപ്പറ്റ റോഡ്, മണ്ണാത്തിറോഡ് (ലിങ്ക് റോഡ്)

66 8 ചെമ്മല മില്ലിൽപടി തുടിക്കല്ല് റോഡ്

67 8 കോലുണ്ണിപ്പള്ള്യാൽ മാടായിത്തോട് പുഴ റോഡ്

68 8 ഉപ്പുകോടൻ കുളമ്പ് വട്ടപ്പറമ്പ് റോഡ്
(പാമ്പാടം, പുഴ വഴി)

69 8 മനങ്ങനാട് റോഡ് - മൊമ്മല റോഡ് (ലിങ്ക് റോഡ്)

70 9 പളപുറം കിഴക്കേക്കരപ്പള്ളി റോഡ് മേലെപറമ്പിൽ
പാറക്കടവ് റോഡ് (ലിങ്ക് റോഡ്)

71 9 പരപ്പള്ള്യായിത്തോട് റോഡ്
മുതിരപ്പറ്റ റോഡ് (ലിങ്ക് റോഡ്)

72 9 മുതിരപ്പറ്റ റോഡ് പള്ള്യാൽക്കുഴി
റോഡ് (ലിങ്ക് റോഡ്)

73	9	വളപുരം പാറക്കടവ് റോഡ് അമ്പലറോഡ് (ലിങ്ക് റോഡ്)
74	9	വളപുരം റോഡ് മഠത്തിൽപ്പടി റോഡ് (ലിങ്ക് റോഡ്)
75	9	ചവറക്കുന്ന് മുതിരപ്പറ്റ റോഡ്
76	9	വളപ്പുരം റൈസ് മിൽ കിഴക്കേക്കരപ്പിള്ളി റോഡ് (ലിങ്ക് റോഡ്)
77	9	വളപുരം കരുവമ്പലം ഊടുവരമ്പ്
78	9	വളപുരം സ്കൂളിന്റെ പിൻഭാഗത്തേക്ക് റോഡ്
79	10	പുത്തൻചിറ നീലുകാവിൽ കുളമ്പ് കുഞ്ഞറ്റി വളപുരം റോഡ്
80	10	കുന്നത്തുപള്ള്യാൽ കുളമ്പ് നീലക്കവതി ക്കുളമ്പ് (മദ്രസ്സ വഴി)
81	10	വടക്കേക്കര പുന്നക്കാട് റോഡ് (കുന്നത്ത്പള്ള്യാൽ കുളമ്പ് വഴി)
82	10	ഓക്കോട് പുന്നക്കട് റോഡ്
83	10	നരിപ്പറ്റ മുണ്ടാത്തടം ടെനുലെപ്പാറ റോഡ്
84	10	ഓട്ടുപാറ കോളനി - ബാലവാടി റോഡ്
85	10	വളപുരം പടിഞ്ഞാറെക്കര മദ്രസ്സ റോഡ്
86	10	ചെരട്ടക്കുന്നത്ത് നെറുലെപ്പാറ റോഡ്
87	10	സമ്പിലുൽഇദാമദ്രസ്സ ഒറക്കോട് റോഡ്
88	10	വളപുരം പള്ളി നട വഴി
89	11	ആട്ടേരപ്പടി പുത്തതിക്കുളമ്പ് റോഡ്
90	11	പറയരുപടി റോഡ് പൊട്ടിപ്പാറ റോഡ് (ലിങ്ക് റോഡ്)
91	11	പാലിപ്പാട് റോഞ്ഞ് കോരങ്ങാട്
92	11	നീഴുകാവിൽ കുളമ്പ് റോഡ് - ചെമ്പാശ്ശേരി വെങ്ങാട് റോഡ് (ലിങ്ക് റോഡ്)
93	11	കരുവമ്പലം പള്ളിപ്പടി കോളനി റോഡ് (ലിങ്ക് റോഡ്) പഞ്ചായത്ത്
94	11	ചാമക്കുണ്ട് തലക്കുറിശ്ശി റോഡ്പഞ്ചായത്ത്
95	11	കുണ്ടറപ്പടി ഷാതെടിപ്പടി
96	11	നീലുകാവിൽ കുളമ്പ് റോഡ് കരുവാമ്പറമ്പ് കുട്ടാവ് റോഡ്
97	11	ബ്രാബിക്കൽപ്പടി പാമ്പലംപാടം റോഡ്
98	11	വില്ലേജ് പടി ഹരിജൻ കോളനി (പുത്തമ്പടി വഴി)
99	11	ഹരിജൻ കോളനി റോഡ് പാടം റോഡ്
100	11	അമ്പലവട്ടം ഇടവഴി
101	12	കുരിശുപള്ളി ചീരട്ടാമല റോഡ്
102	12	ചീരട്ടാമല കണ്ടപ്പോക്ക് റോഡ്
103	12	ഓണപ്പാടം പൂശാരിക്കുളമ്പ് റോഡ്
104	12	പാലൂർകോട്ട റോഡിൽ വണ്ണംകുളത്തേക്കുപോകുന്ന വഴി
105	12	ചീരട്ടാമല കിഴക്കേമുക്ക് റോഡ്
106	12	കോരത്തോട് മാലാപറമ്പ് റോഡ്

പഞ്ചായത്തിൽ ആകെ 100.763 കിലോമീറ്റർ റോഡുള്ളതിൽ 27.504 കി.മീ. ടാർ റോഡുകളാണ്. മൊത്തം ടാർ റോഡിൽ 17 കിലോമീറ്റർ സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ കീഴിലും ബാക്കി പഞ്ചായത്തിന്റെ കീഴിലുമാണ്. ടാറിംങ്ങ് നടത്താത്ത റോഡുകളിൽ തന്നെ 11 കി.മീ. നാലു റോഡുകളായി പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. കഴിഞ്ഞ സർക്കാറിന്റെ കാലത്ത് ഇവയിൽ ചിലത് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻറർ വിളിച്ചതുമാണ്. എന്നാലിപ്പോൾ ഈ റോഡുകളുടെ പണി നിർത്തി വെച്ചതായിട്ടാണ് അറിയാൻ കഴിഞ്ഞത്. കഴിയും വേഗം തടസ്സങ്ങൾ നീക്കി ഈ റോഡുകളുടെ പണി ഉടൻ ആരംഭിയ്ക്കേണ്ടതാണ്.ഇവ താഴെ കൊടുത്തിരിക്കുന്നു.

1. തിരുനാരായണപുരം പുളിങ്കാവ് റോഡ് (2 കി.മി.)
2. പുളിങ്കാവ് ചീരട്ടാമല റോഡ് (2 കി.മി.)
3. പാലച്ചോട് എരുമത്തടം റോഡ് (3.500കി.മി.)
4. വളപുരം കുന്നത്തുപള്ള്യാൻ കുളമ്പ് റോഡ് (3.500 കി.മി.)

ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങൾ

1. പുലാമന്തോൾ പ്രദേശത്തിന്റെ പുരോഗതിയുടെ പാതയിൽ പ്രധാന നാഴികക്കല്ലായ പുലാമന്തോൾ പാലം കാലപ്പഴക്കം കൊണ്ട് തകർച്ചയുടെ വക്കത്തെത്തിനിൽക്കുകയാണം. പാലത്തിലൂടെ ഗതാഗതം സാധ്യമല്ലാതെവന്നാൽ സർവ്വ പ്രൗഡിയും സമൃദ്ധിയും അതോടെ തൂത്തെറിയപ്പെടുന്ന അവസ്ഥ സംജാതമാവും. അമ്പതു കൊല്ലത്തെ നിലനിൽപ്പുകാലാവധിയോടെ ബ്രിട്ടീഷ് സർക്കാർ നിർമ്മിച്ച് 'ഘോഷൻ ബ്രിഡ്ജ്'

എന്ന് നാമകരണം ചെയ്തു 1924ൽ ഗതാഗതത്തിന് തുറന്നുകൊടുക്കപ്പെട്ട ഈ പാലം 72 സംവത്സരങ്ങൾ പിന്നിട്ടുകഴിഞ്ഞു. ഇതിനു ബദലായി ഈ പാലം നിലനിർത്തിക്കൊണ്ടുതന്നെ തൊട്ടടുത്ത് പുതിയ പാലം നിർമ്മിക്കപ്പെടണമെന്ന ആവശ്യം പഞ്ചായത്തിലെ എല്ലാ വാർഡുകളിലേയും ഗ്രാമസഭകളിൽ നിന്നുവന്ന നിർദ്ദേശങ്ങളിൽ അടിവരയിട്ടു പറഞ്ഞിട്ടുണ്ട്.

2. പഞ്ചായത്തിന്റെ പല ഭാഗങ്ങളിലും റോഡുകൾ താഴ്ന്നു കിടക്കുന്നതിനാൽ റോഡിൽ നീർക്കെട്ടുണ്ടാവുകയു അത് റോഡുകളുടെ തകർച്ചയ്ക്ക് കാരണമാവുകയും ചെയ്യുന്നുണ്ട്. വർഷംതോറും വേനൽക്കാലങ്ങളിൽ റോഡിൽ അറ്റകുറ്റപ്പണി നടക്കുകയും മഴക്കാലത്ത് നശിച്ചുപോകുകയും ചെയ്യുന്നതിനാൽ മുടക്കുപണം കടലിൽ ഒഴുക്കിയതിന് സമമായിത്തീരുന്നു. ഈ അവസ്ഥയ്ക്ക് പരിഹാരമെന്ന നിലയിൽ നിർദ്ദേശിക്കപ്പെടുന്നത് താഴ്ന്ന പ്രദേശങ്ങളിൽ റോഡുകൾ വേണ്ടത്ര ഉയർത്തുകയും, മതിയായ അരികുചാലുകൾ നിർമ്മിച്ച് അവ കാലാകാലങ്ങളിൽ സംരക്ഷിക്കുകയും ചെയ്യുക എന്നതാണ്.

3. റോഡുകൾക്ക് നിർമ്മിക്കപ്പെടുന്ന അരിക്ചാലുകൾ പൊതുസ്ഥലവും സ്വകാര്യസ്ഥലവും തമ്മിലുള്ള അതിരായിരിക്കുന്നതാണ് നല്ലതെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

4. ഓവുപാലങ്ങൾ കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികൾ നടത്തി സംരക്ഷിക്കേണ്ടതാണ്.

5. കട്ടുപ്പാറ, നാട്യമംഗലം എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ച് ഇട്ടക്കടവിലും വളപുരം, കണ്ടേങ്കാവ് പ്രദേശങ്ങളെ ബന്ധിപ്പിച്ച് ആതുരക്കടവിലും കുന്തിപ്പുഴയ്ക്ക് കുറുകെയും പാലൂർ ചെമ്മല പ്രദേശങ്ങളെ കോർത്തിണക്കി കൊള്ളിത്തോടിനും പുതിയ പാലങ്ങൾ നിർമ്മിക്കപ്പെടെണ്ടതാണ്.

6. പഞ്ചായത്തിന്റെ ആസ്ഥാനമായ പുലാമന്തോളിൽ ടാക്സി വാഹനങ്ങളുടെ ബാഹുല്യം പൊതുജനങ്ങൾക്ക് വളരെയെറെ ബുദ്ധിമുട്ട് ഉണ്ടാക്കുകയും, അപകടങ്ങൾക്കു കാരണമാവുകയും ചെയ്യുന്നു.

ഏതാണ്ട് അഞ്ഞൂറോളം വാഹനങ്ങൾ സർവ്വീസ് നടത്തുന്ന ഈ അങ്ങാടിയിൽ ടാക്സി പാർക്ക് അത്യന്താപേക്ഷിതമാണ്.

7. വാഹനബാഹുല്യം കണക്കിലെടുക്കുമ്പോൾ ഒരു പെട്രോൾ പമ്പ് അവശ്യം ആവശ്യമായി വരുന്നു.

8. പലപ്രദേശങ്ങളിലേക്കായി നിരവധി യാത്രക്കാർ കയറിയിറങ്ങുന്ന പുലാമന്തോൾ അങ്ങാടിയോടനുബന്ധിച്ച് ബസ്സ്സ്റ്റാൻറ്, കംഫർട്ട് സ്റ്റേഷൻ, പോലീസ് എയിഡ് പോസ്റ്റ് എന്നിവ ആവശ്യമാണ്.,

9. ബസ്സ്സ്റ്റാൻറിനോട് ബന്ധപ്പെട്ട് ഒരു ഷോപ്പിംഗ് കോംപ്ലക്സും നിർമ്മിച്ച് പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കേണ്ടതാണ്.

10. റോഡുകളിലേക്ക് തള്ളിനിൽക്കുന്ന കെട്ടിടങ്ങൾ പൊളിച്ച് മാറ്റി റോഡുകൾക്ക് വീതികൂട്ടി ജംങ്ഷനിലെ സ്ഥലപരിമിതിയ്ക്ക് പരിഹാരം കാണേണ്ടതാണ്.

11. പുലാമന്തോൾ ജംഗ്ഷനിൽ നിന്ന് മൂന്നു റോഡുകളിലേക്കും പ്രവേശിക്കുന്നിടത്ത് സ്പീഡ് ബ്രേക്കറുകൾ നിർമ്മിച്ച് വാഹനങ്ങളുടെ അമിതവേഗതയും തദ്വാരാ സംഭവിക്കുന്ന വാഹനാപകടങ്ങളെ നിയന്ത്രിക്കേണ്ടതാണ്.

12. ജംഗ്ഷനിൽ ട്രാഫിക് ഐലൻറ് സ്ഥാപിക്കുകയും വാഹന ഗതാഗതനിയന്ത്രണസംവിധാനം ഏർപ്പെടുത്തുകയും വേണം.

13. പഞ്ചായത്തിന്റെ പ്രധാന ഭാഗങ്ങളിലെല്ലാം ബസ് വെയിറ്റിംഗ് ഷെഡുകൾ നിർമ്മിക്കേണ്ടതാണ്.

14. നിലവിലുള്ള വെയിറ്റിംഗ് ഷെഡുകൾ പലതും അടച്ചു കെട്ടിയ രൂപത്തിലുള്ളവയാണ്. വാഹനങ്ങൾ ദൂരെനിന്നുതന്നെ കണത്തക്കവിധം ഇവ നവീകരിക്കപ്പെടണം.

15. റോഡിനോട് ചേർന്ന് വിദ്യാലയങ്ങളുള്ളയിടങ്ങളിൽ അവയ്ക്ക് മുൻവശമുള്ള റോഡിൽ സൂചനാ ബോർഡുകളും സ്പീഡ് ബ്രേക്കറുകളും സ്ഥാപിക്കേണ്ടതാണ്.

16. പുലാമന്തോൾ ഹൈസ്കൂൾ വിദ്യാർത്ഥികളുടെ ബസ് യാത്ര വളരെയേറെ ദുരിതം

നിറഞ്ഞതാണ്. എണ്ണത്തിൽ കുറഞ്ഞ ബസ്സുകളിൽ അപകടകരമായ അവസ്ഥയിൽ തിങ്ങി നിറഞ്ഞുള്ള യാത്ര മനസ്സാക്ഷിയെ കിടിലം കൊള്ളിക്കുന്ന കാഴ്ചതന്നെ. ഇതൊരു മാനുഷിക പ്രശ്നമെന്ന നിലയിൽ സജീവപരിഗണന കൊടുക്കുകയും, വിദ്യാർത്ഥികളുടെ യാത്രാ പ്രശ്നം പരിഹരിക്കാൻ സ്കൂൾ ബസ്സുകൾ ഏർപ്പെടുത്തുകയും ചെയ്യേണ്ടത് പ്രഥമ പരിഗണന അർഹിക്കുന്നു.

17. വിവിധ പ്രദേശങ്ങളിലേക്ക് വഴിപിരിഞ്ഞ് പോകുന്നതും യാത്രക്കാരുടെ ബാഹുല്യമേറിയതുമായ പുലാമന്തോൾ കുളത്തൂർ മലപ്പുറം റൂട്ടിൽ ഇപ്പോൾ ബസ് സൗകര്യം വളരെ പരിമിതമാണ്. ജീപ്പുകൾ സമാന്തര സർവ്വീസ് നടത്തുന്നു. പരമാവധി എട്ടു യാത്രക്കാർക്ക് കയറാവുന്ന ജീപ്പിൽ സ്ത്രീകളും കുട്ടികളുമടക്കം ഇരുപതിലേറെ യാത്രക്കാരെ കുത്തിനിറച്ച് നിരങ്ങി നീങ്ങുന്നത് ഈ പാതയിലെ നിത്യകാഴ്ചയാണ്. ഈ യാത്ര സ്ത്രീകളെ സംബന്ധിച്ചിടത്തോളം പ്രത്യേകിച്ച് അസഹനീയമാകുന്നതോടൊപ്പം പൊതുവേ അപകടങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നു. ഈ വസ്തുതകൾ കണക്കിലെടുത്തു ഈ റൂട്ടിൽ മതിയായ ബസ് യാത്രാസൗകര്യം ഏർപ്പെടുത്തുന്നതിന് സഹായകമായ നടപടികൾ അനിവാര്യമായിത്തീരുന്നു.

    പുലാമന്തോൾ കൊളത്തൂർ റൂട്ടിൽ ബസ്സ് സർവ്വീസ് അനുവദിക്കുക.

18. ചെമ്മല ചെമ്മലശ്ശേരി റോഡ്, പുലാമന്തോൾ തിരുത്ത് റോഡ്, ചെമ്മലശ്ശേരി വളപുരം റോഡ്, പുലാമന്തോൾ കുളത്തൂർ റോഡ് എന്നിവ റീടാറിംഗ് നടത്തേണ്ടതാണ്.

19. കുന്തിപ്പുഴയിലൂടെ മുൻകാലങ്ങളിൽ അഭിവൃദ്ധി പ്രാപിച്ചിരുന്ന ജലഗതാഗതം ഇപ്പോൾ തീർത്തും അവഗണിക്കപ്പെട്ട നിലയിലാണ്. ഏറ്റവും ചെലവുകുറഞ്ഞതും, സൗകര്യപ്രദവുമായ മാർഗ്ഗമെന്ന നിലയിൽ ഇത് പുനസ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിക്കാവുന്നതാണ്. കൂടുതലായി ബോട്ട് സർവ്വീസ് കൂടി ആരംഭിയ്ക്കേണ്ടതാണെന്ന് നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്.

20. ചെമ്മല ഭാഗത്തേയ്ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന ബസ്സ്യാത്രാസൗകര്യം ഇപ്പോൾ തീർത്തും ഇല്ലാതായിരിക്കുന്നു. സമാന്തര സർവ്വീസാണ് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നത്. ഇത് നിയന്ത്രിയ്ക്കുന്നതിനും, ബസ്ഗതാഗതം പുനസ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

21. ചെമ്മാല പുഴക്കടവിൽ നിന്ന് കണ്ടേങ്കാവിലേക്ക് കടത്തുതോണി ഏർപ്പെടുത്തണം.

സാദ്ധ്യതകൾ

പഞ്ചായത്തിലെ മൊത്തം റോഡുകളെ സംബന്ധിക്കുന്ന സമഗ്രമായ സ്ഥിതിവിവരരേഖ തയ്യാറാക്കി സൂക്ഷിക്കുന്നത് നന്നായിരിക്കും. റോഡരികിൽ സൗകര്യമുള്ള സ്ഥലങ്ങളിൽ തണൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിക്കാവുന്നതാണ്. കയ്യേറ്റം ചെയ്യപ്പെട്ട പൊതുസ്ഥലങ്ങൾ തിരിച്ചെടുക്കാൻ നടപടികൾസ്വീകരിക്കുന്നതുനിമിത്തം ചില റോഡുകളുടെയെങ്കിലും വീതിക്കുറവ് പരിഹരിക്കാൻ കഴിയും.

മുൻകാലങ്ങളിൽ JRY United Fund, Flood Scheme, പഞ്ചായത്ത് ഫണ്ട് എന്നിവ വിനിയോഗിച്ചാണ് റോഡുകളുടെ നിർമ്മാണവും, അറ്റകുറ്റപ്പണികളും നടന്നിട്ടുള്ളത്. ജനപങ്കാളിത്തത്തിന് വലിയ പ്രാധാന്യം നൽകപ്പെട്ടിട്ടില്ല. ഒമ്പതാം പദ്ധതി ജനകീയ പദ്ധതി എന്ന തുടർന്നുള്ള പ്രവർത്തനങ്ങളിൽ ജനപങ്കാളിത്തത്തിന്റെ പ്രാധാന്യം ഊന്നിപ്പറയേണ്ടിയിരിക്കുന്നു.

പുതിയ റോഡുകളുടെ നിർമ്മാണത്തിൽ വിഭവസമാഹരണത്തിന്റെ മുഖ്യപങ്കെന്ന നിലയിൽ ശ്രമദാനത്തിന് പ്രാധാന്യം നൽകിയിരിക്കണം. നമ്മുടെ പരിമിതമായ വിഭവശേഷിയും ഏറിയ ആവശ്യങ്ങളും കണക്കിലെടുക്കുമ്പോൾ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നിർമ്മാണ പ്രവർത്തനങ്ങൾ യഥാർത്ഥ്യമായിത്തീരണമെങ്കിൽ കായികശക്തിയടക്കമുള്ളവിഭവങ്ങളുടെ സമാഹരണം ജനങ്ങളിൽ നിന്ന് നടത്തേണ്ടിയിരിക്കുന്നു.

മതചിന്ത, കക്ഷിരാഷ്ട്രീയം, മറ്റു വിഭാഗീയതകൾ എന്നിവയ്ക്കതീതമായി നാടിന്റെ ശ്രേയസ്സിനായി ശക്തിയും ബുദ്ധിയും വിനിയോഗിക്കുക എന്നതാവട്ടെ നമ്മുടെ പരമമായ ലക്ഷ്യം.

ഊർജ്ജം

1959 നവംബർ 2-ാം തിയ്യതി ആണ് പുലാമന്തോൾ പഞ്ചായത്തിലെ ആദ്യ വൈദ്യുതി കണക്ഷൻ നല്കിയത്. മലവട്ടത്ത് അഹമദ് സാഹിബിന്റെ പേലിരാണ് ഒന്നാംനമ്പർ കണക്ഷൻ. 37 വർഷത്തിനുശേഷവും പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളും വൈദ്യുതീകരിക്കപ്പെട്ടു എന്ന് നമുക്ക് അവകാശപ്പെടാനാവില്ല. വൈദ്യുതിയും തദ്വാരാ പുരോഗതിയും ചെന്നെത്താത്ത നിരവധി പ്രദേശങ്ങൾ ഇനിയും അവശേഷിക്കുന്നു. പഞ്ചായത്തിലെ പത്താം വാർഡ് പ്രദേശങ്ങൾ എടുത്തു പറയത്തക്കതാണ്. അതേപോലെ പല കോളനി പ്രദേശങ്ങളും പൂർണ്ണമായി വൈദ്യുതീകരിക്കപ്പെടാത്തവയാണ്.

പഞ്ചായത്തിൽ ആകെ 3091 വൈദ്യുതി ഉപഭോക്താക്കളുണ്ട്. ഇതിൽ 2309 ഉം ഗാർഹിക ഉപഭോക്താക്കളാണ്. 436 കമേഴ്സിയൽ ഉപഭോക്താക്കളും 78 വ്യാവസായിക ഉപഭോക്താക്കളും 268 കാർഷിക ഉപഭോക്താക്കളുമുണ്ട്.

പെരിന്തൽമണ്ണ, കൊപ്പം എന്നീ 110 കെ.വി. സബ്സ്റ്റേഷനുകളിൽ നിന്നാണ് ഇവിടെ വൈദ്യുതി വിതരണത്തിനു ലഭിക്കുന്നത്. പുലാമന്തോൾ ഇലക്ട്രിക്കൽ സെക്ഷനാണ് വിതരണത്തിന് മേൽനോട്ടം വഹിക്കുന്നത്. ഇത് ഒരു മേജർ ഇലക്ട്രിക്കൽ സെക്ഷനായി ഉയർത്തണമെന്ന ആവശ്യം കുറേകാലമായി നിലനിൽക്കുന്നുണ്ട്. ഈ ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ 26 ട്രാൻസ്ഫോർമറുകൾ ഉണ്ട്. അവ സ്ഥിതിചെയ്യുന്ന സ്ഥലവും ഓരോന്നിന്റേയും ലോഡ്കപ്പാസിറ്റിയും അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.

പഞ്ചായത്തിൽ പലപ്രദേശങ്ങളിലും വോൾട്ടേജ് കുറവ് പ്രശ്നം സൃഷ്ടിക്കുന്നു. പ്രത്യേകിച്ചും പെരിന്തൽമണ്ണ സബ്സ്റ്റേഷനിൽ നിന്നും വൈദ്യുതി വിതരണം ചെയ്യപ്പെടുന്ന പ്രദേശങ്ങളിൽ പര്യാപ്തമായ ശേഷിയുള്ള ട്രാൻഫോർമർ സ്ഥാപിച്ച് ഈ പ്രശ്നം പരിമിതപ്പെടുത്തേണ്ടിയിരിക്കുന്നു.

പട്ടിക 1

പഞ്ചായത്ത് പ്രദേശത്തെ

ട്രാൻസ്ഫോർമറുകളെക്കുറിച്ചുള്ള വിവരങ്ങൾ

ക്രമ	പേര്	കപ്പാസിറ്റി
1.	കടുപ്പാറ No.I	
2.	PHED പമ്പ് ഹൗസ് പുലാമന്തോൾ	
3.	തിരുനാരായണപുരം	
4.	മില്ലിൻപടി	
5.	തിരുനാരായണപുരം 11P I	
6.	തിരുനാരായമപുരം 11P II	
7.	പുലാമന്തോൾ ടൗൺ	
8.	പാലൂർ തിരുത്ത്	
9.	പാലൂർ ഹൈസ്കൂൾ	
10.	പാലൂർ ടൗൺ	
11.	ആലമ്പാറ	
12.	ചെമ്മലശ്ശേരി	
13.	മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റ് I	
14.	മിനിഇൻഡസ്ട്രിയൽ എസ്റ്റേറ്റ് II	
15.	PTS സോമിൽ ചെമ്മാശ്ശേരി	
16.	കരുവമ്പലം I	
17.	കരുവമ്പലം II	
18.	മാലാപ്പറമ്പ്	
19.	തലക്കുറിശ്ശി	
20.	പാലൂർകോട്ട	
21.	ചെമ്മല I	
22.	ചെമ്മല II	
23.	വളപുരം I	
24.	വളപുരം II	
25.	തിരുനാരായണപുരം കനാൽ ഭാഗം	
26.	കട്ടുപ്പാറ നമ്പർ I	

15 സോഡിയം വാപ്പർ ലാമ്പുകൾ, 16 ട്യൂബുകൾ, 206 ബൾബുകൾ എന്നിവ അടങ്ങിയ തെരുവുവിളക്കുസംവിധാനമാണ് പഞ്ചായത്തിലുള്ളത്. പ്രതിമാസം 3,591 രൂപ ഈ ഈനത്തിൽ ചെലവ് വരന്നുണ്ട്.

വൈദ്യുതി രംഗത്തെ പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ വൈദ്യുതി എത്താത്ത കുറേ പ്രദേശങ്ങളുണ്ട്. 10-ാം വാർഡിന്റെ ഭൂരിഭാഗം പ്രദേശങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല. പുതിയ വൈദ്യുത ലൈനുകൾ ഏർപ്പെടുത്തി വൈദുതി എത്തിക്കുന്നതിൽ അടിയന്തിര പ്രാധാന്യം അർഹിക്കുന്ന സ്ഥലങ്ങൾ അന്യത്ര ചേർത്തിരിക്കുന്നു.

   പ്രേരണ വിതരണ രംഗങ്ങളിൽ ബോർഡിന്റെ അലംഭാവം മൂലം പ്രശ്നങ്ങൾ ഉണ്ടാകുന്നു. സമയാസമയങ്ങളിൽ ലൈനുകളുടെ അറ്റകുറ്റപ്പണികൾ നടത്തിയിട്ടില്ല. പലയിടങ്ങളിലും ശേഷിയുമായി പൊരുത്തപ്പെടാത്ത ലോഡാണ് ട്രാൻസ്ഫോർമറുകൾ നിർവ്വഹിക്കുന്നത്. ഇത് വോൾട്ടേജ് പോരായ്മക്കും വിതരണ പ്രശ്നങ്ങൾക്കും കാരണമാവുന്നു. വൈദ്യുത ലൈനുകളുമായി മുട്ടിക്കിടക്കുന്ന മരച്ചില്ലകളും പുതുതായി വൈദ്യുത ലൈനുകൾ വലിക്കേണ്ട പ്രദേശങ്ങൾ വാർഡ് അടിസ്ഥാനത്തിൽ.

ക്രമ നമ്പർ	വാർഡ്	ലൈൻ
01	1	അത്താണിക്കൽ പാലശ്ശേരിക്കുളമ്പ്
02	1	നീലത്ത് പാലശ്ശേരിക്കുളമ്പ്
03	1	കല്ലഞ്ചോലപ്പറമ്പ് കോളനി
04	3	വടുവച്ചോലകോളനി
05	3	വടക്കേക്കര
07	6	വടക്കൻ പാലൂർ സബ്സെൻറർ
08	6	കുഴൽക്കിണർ ഉനമ്പാറക്കുന്ന്
09	6	ഞെളിയത്ത് കുളനവ്പ് കാരക്കട
10	7	രണ്ടാം മൈൽ പള്ള്യാൽ ഭാഗം
11	7	കാര്യവട്ടം കല്ലിങ്ങൽ ഇടവഴി
12	7	കാവുവട്ടം കോളനി
13	7	രണ്ടാംമൈൽ നീളൻകുന്ന്
14	7	കുമ്മിണിക്കുന്ന്
15	7	ചെമ്മശ്ശേരിതെക്കേസിറ്റി ദൈക്കാട് പള്ളഞ്ചാൽ
16	8	ചെമ്മല കൊള്ളിത്തേട്
17	9	പാലോളിക്കുളമ്പ്
18	9	ചോലക്കൽ കുളമ്പ്
19	9	അപ്പക്കണ്ടം കുളമ്പ്
20	9	ഹരിജൻ ഏരിയ
21	10	പത്താംവാർഡ് പ്രദേശം മുഴുവൻ
22	11	പുത്താനിക്കുളമ്പ്
23	12	കോരങ്ങാട്ടുകുളമ്പ്
24	11	കരുവാൻ പറമ്പ്
25	11	ഓട്ടുപാറ ഹരിജൻ കോളനി
26	11	പട്ടന്മാരുതൊടി ഹരിജൻ കോളനി
27	11	കുണ്ടൂർ പള്ളഞ്ചാൽകുളമ്പ്
28	11	കുട്ടാവിൽ കുളമ്പ്
29	12	ചീരട്ടാമല ഹരിജൻ കോളനി

മറ്റു തടസ്സങ്ങളും വേണ്ട സമയത്ത് കൃത്യമായി മാറ്റപ്പെടാത്തതുകാരണം പലപ്പോഴും വൈദ്യുതവിതരണം തടസ്സപ്പെടുന്നു. ഇലക്ട്രിക് പോസ്റ്റുകൾ പലതും കാലാഹരണപ്പെട്ടവയും, അപകടകരമായ അവസ്ഥയിലുള്ളവയുമാണ്. പല വഴികളിലും പ്രധാന സ്ഥലങ്ങളിൽ പോലും തെരുവുവിളക്കുകളുടെ അഭാവം എടുത്തുപറയത്തക്കപോരായ്മയാണ്. ഉള്ളവതന്നെ പലതും കത്താത്തവയുമാണ്. പട്ടികജാതി കോളനികളടക്കം വൈദ്യുതികരിക്കപ്പെടേണ്ട നിരവധി പ്രദേശങ്ങളുണ്ട്.

ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിൽ ജീവനക്കാരുടെ താല്പര്യക്കുറവ്, റിഡിംഗ്, ബില്ലിംഗ് രംഗങ്ങളിലെ കൃത്യതക്കുറവും പാകപ്പിഴകളും പ്രശ്നങ്ങളുണ്ടാക്കുന്നു. പുറമെ കാര്യം നടക്കുന്നതിന് ഉപഭോക്താക്കൾ കൈക്കൂലി കൊടുക്കണമെന്ന അവസ്ഥയും നിലനില്ക്കുന്നു. അഴിമതിയുടെ കഥകൾ വേറെയും. പുതിയ കണക്ഷനുകൾക്ക് വർഷങ്ങൾ കാത്തിരിക്കേണ്ടിവരുന്നു.

പഞ്ചായത്തിലെ 5825 ഓളം വീടുകളിൽ 2309 എണ്ണം വൈദ്യുതികരിച്ചതും, ബാക്കി വൈദ്യുതീകരിക്കാത്തവയുമാണ്. ഭൂരിഭാഗം ഭവനങ്ങൾ വൈദ്യുതീകരിക്കപ്പെടാത്തവയെന്നു കാണുന്നു.

വളരെയേറെ ജനശ്രദ്ധ പിടിച്ചുപറ്റേണ്ട ഒരുവസ്തുതയാണ് ഇത്.

ഗ്രാമസഭാ നിർദ്ദേശങ്ങളുടെ രത്നചുരുക്കം

1. മാലാപറമ്പിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള 110 കെ.വി. സബ്സ്റ്റേഷൻ കാലതാമസം കൂടാതെ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ പ്രദേശത്തെ വോൾട്ടേജ് ക്ഷാമത്തിന് ഫലവത്തായ ഒരു പരിഹാരമാർഗ്ഗമായിരിക്കും ഇതെന്ന് എല്ലാഗ്രാമസഭകളും ഊന്നിപ്പറഞ്ഞിരിക്കുന്നു.
2. വൈദ്യുതി പ്രതിസന്ധി നേരിടുന്ന ഈ കാലത്ത് സൗരോർജ്ജം, കാറ്റിൽ നിന്നുള്ള ഊർജ്ജം ഉപയോഗിച്ചുള്ള വൈദ്യുതി എന്നിവയുടെ സാദ്ധ്യതയെക്കുറിച്ച് ചിന്തിക്കേണ്ടതാണ്. കാറ്റിൽ നിന്നുള്ള വൈദുതി പ്രോജക്റ്റുകൾ മാലാപ്പറമ്പ്, ചീരട്ടാമല, കിളിയമ്പാറ തുടങ്ങിയ പ്രദേശങ്ങൾ നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. സൗരോർജ്ജ തെരുവുവിളക്കുകൾസ്ഥാപിക്കുക,സൗരോർജ്ജറാന്തലുകളുടെ ഉപയോഗം വ്യാപകമായി പ്രചരിപ്പിക്കുക,സൗരോർജ്ജപാചകപാത്രങ്ങൾക്ക് പ്രചാരം നൽകുക എന്നിവ നിർദ്ദേശങ്ങളാണ്. പുതിയ ഊർജ്ജസ്രോതസ്സുകൾ കണ്ടെത്തുകയും ഉപയോഗപ്പെടുത്തുകയും ചെയ്യുക.
3. വോൾട്ടേജ് പോരായ്മയുള്ള പ്രദേശങ്ങളിൽ മതിയായ കപ്പാസിറ്റിയുള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതാണ്.
4. പട്ടികജാതി കോളനികളും, ലക്ഷംവീട് കോളനികളും പൂർണ്ണമായും വൈദുതീകരിക്കണം.
5. ബയോഗ്യാസ് പ്ലാൻറ് വ്യാപകമാക്കുക
6. പാചകാവശ്യത്തിനുള്ള മണ്ണെണ്ണ വിതരണം സമ്പന്നർക്കുമാത്രം പരിമിതപ്പെടുത്താതെ എല്ലാ നാട്ടിലുമുള്ളവർക്ക് ലഭ്യമാക്കുക.
7. പുലാമന്തോളിൽ ഇലക് ട്രിക്കൽ മേജർ സെക്ഷൻ അനുവദിക്കുക
8. പുലാമന്തോളിൽ പൊതുമേഖലയിലുള്ള പാചകവാതക ഏജൻസി അനുവദിക്കുക. പഞ്ചായത്തിൽ ഇപ്പോൾ ഗ്യാസ് കണക്ഷൻ ലഭിക്കുന്നില്ല.
9. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും തെരുവുവിളക്കുകൾ സ്ഥാപിക്കുക. പ്രധാന സ്ഥലങ്ങളിൽ സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുക.
10. അനർട്ടിന്റെ വിതരണം ഏജൻസി പുലാമന്തോൾ പഞ്ചായത്തിലും സ്ഥാപിക്കുക.

സാദ്ധ്യതകൾ

വൈദ്യുതകണക്ഷൻ ലഭിക്കുന്നതിന് കാത്തിരിക്കുന്ന അപേക്ഷകരുടെ എണ്ണം ആകെ 522 ആണ്. ഇതിൽ 457 സാധാരണകണക്ഷനും, 65 OYECയുമാണ്. ഇവ എത്രയുംവേഗം ലഭ്യമാക്കുന്നതിനുള്ള സാധ്യതകൾ ആരായേണ്ടതാണ്.

വൈദ്യുതബോർഡിലെ അഴിമതി അവസാനിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്. പ്രവർത്തനം സുതാര്യമാക്കുക, ജനകീയ പരിശോധനയ്ക്ക് വിധേയമാക്കാനുള്ള സംവിധാനം ഏർപ്പെടുത്തുക, വൈദ്യുത മേഖലയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയന്ത്രണമുണ്ടായിരിക്കുക, തുടങ്ങിയവയും പരിഗണനാർഹമാണ്.

പഞ്ചായത്തിലെ നല്ലൊരു ഭാഗം വീടുകളിൽ പാചകത്തിന് വിറക് ഉപയോഗിക്കുന്നു. പുകയില്ലാത്ത അടുപ്പുകൾ ഉപയോഗിക്കപ്പെടുന്നുണ്ട്. വിറക് പ്രബല പ്രദേശങ്ങളിലും സുലഭമല്ലാത്തതിനാലും അമിതമായ വിലയും കാരണം ധാരാളം പേർ പാചകത്തിന് മണ്ണെണ്ണ മുതലായവയാണ് ഉപയോഗിക്കുന്നത്. കാർഷിക മേഖലയായതിനാൽ വൈദ്യുതി എത്താത്ത പ്രദേശങ്ങളിൽ മണ്ണെണ്ണ, ഡീസൽ എന്നിവ ഉപയോഗിച്ച് ജലസേചനം നടത്തുന്നു. പഞ്ചായത്തിലെ ഒരു പ്രതിമാസ മണ്ണെണ്ണ ഉപഭോഗം 26075 ലിറ്ററാണെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

പുകയില്ലാത്ത അടുപ്പുകൾ, ക്ഷമതകൂടിയ അടുപ്പുകൾ, സോളാർ വിളക്കുകൾ, ക്ഷമത കൂടിയ വിളക്കുകൾ തുടങ്ങിയവയുടെ പ്രചാരണത്തിന് സാമൂഹ്യസംഘടനകൾ, വൈദ്യുതബോർഡ് എന്നിവയുടെ സഹകരണത്തോടെ പരക്കെയുള്ള

ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കാവുന്നതാണ്. ഗൃഹങ്ങളിലും തെരുവുവിളക്കുകളും ഉൾപ്പെടുന്ന സൗരവിളക്കുസംവിധാനം പഞ്ചായത്തുതലത്തിൽ തന്നെ ഏർപ്പെടുത്താവുന്നതാണ്. വൈദ്യുതി പ്രസരണ നഷ്ടം, ദുരുപയോഗം, എന്നിവ തടയുന്നതിനും അപകടങ്ങൾ ഒഴിവാക്കുന്നതിനും, ബോധവൽക്കരണം ആവശ്യമാണ്. ലോകം ആകെതന്നെ ഇന്ധനപ്രതിസന്ധിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് എല്ലാതരം ഇന്ധനങ്ങളുടേയും ഉപയോഗം ക്രമപ്പെടുത്തേണ്ടതുണ്ട്.

മാർക്കറ്റ്

പുലാമന്തോൾ പഞ്ചായത്ത് പ്രദേശത്തെ പ്രധാന ഉൽപ്പന്നങ്ങൾ നെല്ല്, വാഴ, നാളികേരം, അടയ്ക്ക, റബർ, കുരുമുളക്, മരച്ചീനി, പച്ചക്കറികൾ തുടങ്ങിയവയാണ്. ഉൽപന്നങ്ങളുടെവിപണനം സൗകര്യപ്രദമായ സംവിധാനത്തിന്റെ അപര്യാപ്തത വലിയ പ്രശ്നമാണ്. വിറ്റഴിക്കുന്നതിന് പ്രയാസം നേരിടുകയും ന്യായമായ വില ലഭ്യമല്ലാതെ വരികയും ചെയ്യുന്നുണ്ട്. പ്രധാനമായും കാർഷിക വൃത്തി ഉപജീവനമാർഗ്ഗമായി സ്വീകരിച്ച ഭൂരിഭാഗം വരുന്ന സാമാന്യജനങ്ങൾ ചൂഷണത്തിന് ഇരയാകുന്നു.

പഞ്ചായത്തിൽ രണ്ട് ആഴ്ചചന്തകൾ മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്നു. ഒന്ന് കട്ടുപ്പാറയിലും, രണ്ടാത്തേത് പുലാമന്തോളിലും. പഴയകാലത്ത് കട്ടുപ്പാറ ഒരു പ്രധാന വിപണനകേന്ദ്രം തന്നെയായിരുന്നു. അവിടെനിന്ന് ഉൽപ്പന്നങ്ങൾ കുന്തിപ്പ്വഴി പൊന്നാന്നി, കൊച്ചി, ചങ്ങനാശ്ശേരി,തുടങ്ങിയ സ്ഥലങ്ങളിലേക്ക് കയറ്റി അടക്കപ്പെട്ടിരുന്നതായി പഴമക്കാർ പറയുന്നു. പക്ഷേ, ഈ വിപണന കേന്ദ്രങ്ങളൊന്നും ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

പ്രധാന നാണ്യവിളയായ അടയ്ക്കയുടെ പിവണനത്തിന് സ്വകാര്യ കച്ചവടക്കാരെ മാത്രമേ ഇപ്പോൾ ആശ്രയിക്കാനാവൂ. അടയ്ക്കയുടെ വിപണനത്തിന് പുലാമന്തോൾ കേന്ദ്രീകരിച്ച് ആഴ്ചച്ചന്തയോ പൊതുമാർക്കറ്റോ അത്യാവശ്യമാണ്.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ സ്ഥലത്ത് കൃഷി ചെയ്യുന്ന റബറിന്റെ വിപണനത്തിനുതകുന്ന സംവിധാനമില്ല. പഞ്ചായത്ത് ആസ്ഥാനം കേന്ദ്രീകരിച്ച് പൊതുമാർക്കറ്റ് സംവിധാനം ഏർപ്പെടുത്തണം.

അതുപോലെത്തന്നെ നാളികേരം, നേന്ത്രക്കായ, കശുവണ്ടി, പച്ചക്കറികൾ എന്നിവ വിറ്റഴിക്കുന്നതിന് പാലൂർ കട്ടുപ്പാറ, കരുവമ്പലം പുലാമന്തോൾ തുടങ്ങിയപ്രദേശങ്ങളിൽ പൊതുമാർക്കറ്റും ആഴ്ചച്ചന്തയും ഏർപ്പെടുത്തേണ്ടിയിരിക്കുന്നു.

അടയ്ക്കയെ അടിസ്ഥാനമാക്കിയുള്ള ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിറ്റഴിക്കുന്നതിനും സഹകരണാടിസ്ഥാനമോ പൊതുമേഖലയിലോ ഉള്ള സംരംഭങ്ങൾക്ക് ഇവിടെ വളരെയേറെ സാധ്യതകളുണ്ട്.

നെല്ല് സംഭരിക്കുന്നതിനും, പുഴുങ്ങിക്കുത്തി അരിയാക്കിയും പൊടിച്ചും വിപണനം നടത്തുന്നതിന് സഹകരണാടിസ്ഥാനത്തിലുള്ള സംരംഭങ്ങളെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

നാളികേരസംഭരണം, സംസ്കരണം, വിപണനം, എന്നീ രംഗങ്ങളിലും ഇത് പ്രാവർത്തികമാക്കാവുന്നതാണ്. സ്വകാര്യവ്യക്തി ഒന്നിച്ചു ചേർന്നോ വിവിധ ഗ്രാമസഭകൾ പ്രതിനിത്യസഭാവത്തിൽ സംഘടിച്ചോ ഇത്തരം സംരംഭങ്ങൾ ഏറ്റെടുക്കാവുന്നതേയുള്ളൂ.

തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണുന്നതിനും, ഉൽപന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും, വിപണന രംഗത്തെ ഇത്തരം സംഘടിത സംരംഭങ്ങൾക്ക് നല്ല പങ്ക് വഹിക്കാനാവും.

പഞ്ചായത്തിലെ ഉൽപ്പന്നങ്ങളുടെ ലഭ്യതയെക്കുറിച്ച് ശരിക്കും പഠനം നടത്തുകയും ഇവയുടെ ഏറ്റക്കുറച്ചിലുകളെ സമീകരിക്കാനുതകുന്നതും, കുറ്റമറ്റതുമായ ഒരു മാർക്കറ്റിംഗ് സംവിധാനം ഉണ്ടാക്കുകയും ചെയ്യുന്നിലൂടെ സ്വയംപര്യാപ്തമായ ഒരുപഞ്ചായത്താക്കി ഇതിനെ രൂപപ്പെടുത്തിയെടുക്കാൻ കഴിയും.

മഹാത്മജി വിഭാവനം ചെയ്ത ഗ്രാമസ്വരാജ് എന്ന വ്യവസ്ഥിതിയിലേക്കുള്ള ആദ്യത്തെകാൽവെപ്പായിരിക്കും ഇത്.



5 7

പാർപ്പിടവും സാമൂഹ്യക്ഷേമവും

പാർപ്പിടം

സമീപകാലംവരേയും കാർഷിക വൃത്തിയെ മാത്രം ആശ്രയിച്ചുവന്ന ഈ പ്രദേശത്തെ ഭൂരിഭാഗം ജനങ്ങളും നിത്യവൃത്തിക്കുപോലും വിഷമിക്കുന്ന അവസ്ഥയിലായിരുന്നു. ന്യൂനപക്ഷം വരുന്ന ജന്മി - നാടുവാഴി വിഭാഗം മാത്രം സാമ്പത്തിക ഭദ്രതയുള്ളവരായിരുന്നു. സ്വഭാവികമായും ഭൂരിപക്ഷം വരുന്ന പാട്ടകുടിയാന്മാരുടെയും കർഷക തൊഴിലാളികളുടേയും മറ്റുപിന്നോക്ക വിഭാഗങ്ങളുടേയും പാർപ്പിട സൗകര്യങ്ങളും പരിമിതമായിരുന്നു. ഭൂരിഭാഗം വീടുകൾക്കും പുല്ല്, കൊടപ്പനയോല, തടുക്ക് തുടങ്ങിയവ കൊണ്ടുള്ള മേൽക്കൂരകളായിരുന്നു. അതുകൊണ്ടുതന്നെ കൊല്ലം തോറും മേൽക്കൂര പുതുക്കി മേയുക എന്നത് ഭൂരിപക്ഷം ദരിദ്രവിഭാഗങ്ങളെ സംബന്ധിച്ചിടത്തോളം താങ്ങാനാവാത്ത സാമ്പത്തിക ബാധ്യത സൃഷ്ടിച്ചിരുന്നു. മിക്കവാറും ഭവനങ്ങൾക്കും വിസർജ്ജന സൗകര്യങ്ങൾ ഇല്ലായിരുന്നു.

സാമാന്യജനങ്ങൾക്കിടയിലുണ്ടായ സാമ്പത്തിക വളർച്ച സ്വഭാവികമായും ഭവന നിർമ്മാണരംഗത്തും പ്രതിഫലനമുണ്ടാക്കിയിട്ടുണ്ട്. ഈ നിക്ഷേപങ്ങൾ ഉല്പാദനപരങ്ങളല്ലെങ്കിൽ കൂടി ജനങ്ങളുടെ ജീവിത സൗകര്യങ്ങളിൽ വരുത്തിയ അഭിലഷണീയമാറ്റങ്ങൾ പറയാതെവയ്യ. പഞ്ചായത്തിലെ ഏതാനും ലക്ഷംവീടുകളിലും ഹരിജൻ കോളനികളിലും മറ്റുചില പ്രദേശങ്ങളിലുമുള്ള പാർപ്പിടങ്ങളുടെ ശോചനീയാവസ്ഥ എടുത്തു പറയാതെ വയ്യ. ഗണ്യമായ ഒരു വിഭാഗം ഇപ്പോഴും ഭവനരഹിതരാണ്.

പഞ്ചായത്തിൽ ആകെ 5117 വീടുകളാണുള്ളത്. ഇവയിൽ ആയിരത്തിനുമുകളിൽ വീടുകൾ ഭേദപ്പെട്ടവയാണ്. ഏകദേശം 3000 ത്തോളം വീടുകൾ ഇടത്തരം വീടുകളും ബാക്കി ഓലമേഞ്ഞ വീടുകളും കുടിലുകളുമാണ്. ഇവയിൽ 200 - 250 വരെ വീടുകൾ മൊസൈക്ക്, കടപ്പ എന്നിവകൊണ്ടും ബാക്കി വീടുകൾ സിമൻറുകൊണ്ടും ചാണകം കൊണ്ടും നിലം പണിതീർത്തവയാണ്.

പട്ടിക !

വീടുകളുടെ വാർഡ് തലത്തിലുള്ള തരംതിരിവ്

വാർഡ്	ആകെ വിട്	ടെറസ്	ടെറസ്സ്/ ഓട്	ഓട്	ഓട്/ ഓല	ഓല/ കുടിൽ	മറ്റുള്ളവ
1	470	42	21	300	13	93	1
2	354	91	26	183	15	34	5
3	472	57	15	315	19	64	2
4	652	108	34	379	11	120	ó
5	528	30	ó	366	10	122	ó
6	521	37	4	329	8	139	4
7	334	21	2	197	42	72	ó
8	461	34	3	260	48	115	1
9	427	16	3	219	49	140	ó
10	512	45	ó	336	6	124	1
11	386	39	9	105	26	203	4
ആകെ	5117	520	117	2989	247	1226	18

NB. പഴയവാർഡുകളാണ് കണക്കിൽ കാണിച്ചിട്ടുള്ളത്

വിവിധ ജീവനക്കാർക്ക് സർക്കാർ മുഖേന ലഭിക്കുന്ന ഭവനവായ്പകൾ, ഡിസ്ട്രിക്ട് കോ-ഒപ്പറേറ്റീവ് ബാങ്ക്, കോ- ഓപ്പ് ഹൗസിംഗ് സൊസൈറ്റി, ഭവന നിർമ്മാണ ബോർഡ്, ഫെഡറൽ ബാങ്ക് പുലാമന്തോൾ ശാഖ, പെരിന്തൽമണ്ണ താലൂക്ക് കോ - ഒപ്പ് ഹൗസിംഗ് സൊസൈറ്റി, ഭൂപണയബാങ്ക്, എൽ. ഐ. സി. എന്നിവയിൽ നിന്നും ലഭിക്കുന്ന ഭവന നിർമ്മാണ വായ്പകൾ പഞ്ചായത്തിലെ ജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുണ്ട്.

വായ്പ ലഭ്യതയുടെ കാര്യത്തിലുള്ള ബുദ്ധിമുട്ടുകൾ പരിഹരിച്ച് സാധാരണക്കാർക്കുകൂടി എളുപ്പത്തിൽ ലഭ്യമാകത്തക്ക വിധത്തിൽ നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതാണ്. എങ്കിൽ കൂടുതൽ പേർക്ക് ഇത് പ്രയോജനകരമായിരിക്കും.

ഏറ്റവും അവസാനത്തെ സർവ്വെ പ്രകാരം ഈ പഞ്ചായത്തിൽ താഴ്ന്ന വരുമാനക്കാരായ കുടുംബങ്ങൾക്ക് പുതുതായി വീടുകൾ ആവശ്യമാണ്. വിവിധ പദ്ധതികളിലായി 45 വീടുകൾ വരുന്നു. 731 എണ്ണം ഇനിയും അനുവദിക്കപ്പെടേണ്ടവയാണ്.

പട്ടിക II

ഭവന നിർമ്മാണത്തെ സംബന്ധിക്കുന്ന വിവരം

(IRDP പ്രകാരം)

വാർഡ്	വീട് ആവശ്യമുള്ള കുടുംബങ്ങളുടെ എണ്ണം	വിവിധ പദ്ധതികളിലായി അനുവദിച്ച വീടുകൾ
1	54	26 പുലാമന്തോൾ വില്ലേജ്
2	31	
3	58	
4	59	
5	71	
6	75	
7	47	
8	78	19 കുരുവമ്പം വില്ലേജ്
9	95	
10	95	
11	113	
ആകെ	776	

പഴയ വാർഡുകളാണ് കണക്കിലുള്ളത്

പ്രകൃതിക്ഷോഭങ്ങൾ മൂലം വീടുകൾ നശിക്കുന്ന തിരുത്ത് പ്രദേശങ്ങൾ, പുഴയോരപ്രദേശങ്ങളായ പൊന്മല, കട്ടുപ്പാറ തുടങ്ങിയ സ്ഥലങ്ങളിൽ വെള്ളപ്പൊക്കം മണ്ണൊലിപ്പ് എന്നിവ നിയന്ത്രിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുകയും നാശനഷ്ടങ്ങൾ സംഭവിക്കുന്ന ഭവനങ്ങൾക്ക് പുരനർനിർമ്മാണം നടത്തുന്നതിന് പരിപാടികൾ ആസൂത്രണം ചെയ്യുകയും വേണ്ടിയിരിക്കുന്നു.

1975 - 76 ൽ 10 രൂപ മുതൽ വിദഗ്ധരായ തൊഴിലാളിക്ക് 15 രൂപ വരെ ആണ് കൂലി ഇപ്പോൾ 50 രൂപ 150 രൂപ വരെയായി വർദ്ധിച്ചിട്ടുണ്ട്

കെട്ടിടനിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് ഭവന നിർമ്മാണ രംഗത്തെ പ്രധാന പ്രശ്നമാണ്.

ഭവന നിർമ്മാണ വായ്പ അനുവദിക്കുന്നതിൽ ആനുപാതികമായ വർദ്ധനവ് ഉണ്ടായിട്ടില്ല.

മരം ഉപയോഗിച്ചു കൊണ്ടുള്ള വീടുനിർമ്മാണം തരതമ്യേന കുറയുകയും സാമ്പത്തിക ശേഷിയുള്ള ആളുകൾ കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിൽ താല്പര്യം പ്രകടിപ്പിച്ചു കാണുകയും ചെയ്യുന്നു. ഒരു സ്ഥിതി വിശേഷമാണ് പഞ്ചായത്തിൽ കണ്ടുവരുന്നത്. ഈ സാഹചര്യത്തിൽ പഴയ കാലഘട്ടത്തിലുണ്ടായിരുന്ന പോലെ വാസ്തുശില്പ രംഗത്ത് പുതിയ സംഭാവനകൾ ഒന്നും തന്നെ കാണുന്നില്ല. സ്വാഭാവികമായും വാസ്തുശില്പ രംഗത്തുള്ള വിദഗ്ധരുടെ എണ്ണവും കുറഞ്ഞുവരുന്നു. ഫർണീച്ചർ രംഗത്തു മാത്രം അല്പം ചില വാസ്തുശില്പ നൈപുണ്യം പ്രകടിപ്പിച്ചുകാണുന്നുണ്ട്.

കട്ടുപ്പാറ,തിരുനാരായണപുരം, ചെമ്മല ശ്ശേരി രണ്ടാംമൈൽ, മനങ്ങാട് എന്നിവിടങ്ങളിൽ ലക്ഷം വീടുപദ്ധതിയിൽ പെട്ട് 100 വീടുകൾ പഞ്ചായത്തിലുണ്ട്. ഇവയിൽ 100 കുടുംബങ്ങൾ താമസിക്കുന്നു. 1970കളിൽ ശ്രീ. അച്ചുതമേനോൻ ഗവൺമെൻറിൻെറ കാലത്ത് ശ്രീ. എം. എൻ. ഗോവിന്ദൻ നായർ നടപ്പിലാക്കിയ ഈ പദ്ധതിയിലെ വീടുകൾക്ക് കലാപ്പഴക്കം കൊണ്ടുവന്നിട്ടുള്ള കേടുപാടുകൾ പരഹരിക്കേണ്ട കാര്യങ്ങളിൽ പഞ്ചായത്തിൻെറ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു. വൈദ്യുതീകരിക്കാത്തവയിൽ വൈദ്യുതി എത്തിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുകയും വേണം. ഇവയുടെ അനധികൃത കൈമാറ്റം തടയപ്പെടേണ്ടതു തന്നെയാണ്.

പഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ 2181 ആണ്. ഇവരിൽ ഏറിയ പങ്കും ജീവിക്കുന്നത് വളരെ സൗകര്യങ്ങൾ കുറഞ്ഞ കുടിലുകളിലാണ്. ഇവരുടെ കാര്യത്തിൽ പഞ്ചായത്തിൻെറ അടിയന്തിര ശ്രദ്ധ പതിയേണ്ടിയിരിക്കുന്നു.

പഞ്ചായത്തിൽ മൊത്തത്തിൽ കൊല്ലം തോറും കെട്ടിമേയൽ ആവശ്യമായ വീടുകൾ 1500ൽപരം ഉണ്ട്. ഇവയുടെ വാർഷിക അറ്റകുറ്റപ്പണി ദരിദ്രകുടുംബങ്ങൾക്ക് താങ്ങാവുന്നതിൽ എത്രയോ മടങ്ങാണ്. അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം വേറെയും. ഇത് പരിഹരിക്കുന്നതിന് സർക്കാർ സഹായം അപര്യാപ്തമാണ്. അതിനാൽ വാർഡുതലത്തിൽ ഗുണഭോക്താക്കളുടെ സംഘടന രൂപികരിക്കുകയും സന്നദ്ധപ്രവർത്തകരുടെ സഹായം ഉപയോഗപ്പെടുത്തുകയും ചെയ്യാവുന്നതാണ്.

പഞ്ചായത്തിലെ മൊത്തം പാർപ്പിട പ്രശ്നങ്ങൾക്ക് ചില പരിഹാര നിർദ്ദേശങ്ങൾ

1. ഭവനനിർമ്മാണ സഹകരണ സംഘത്തിൻെറ രൂപീകരണം. ഇതുവഴി താഴെ പറയുന്ന കാര്യങ്ങൾ പഞ്ചായത്തിൽ പ്രാവർത്തികമാക്കാവുന്നതാണ്.
   a. ഭവന നിർമ്മാണത്തിന് വായ്പാസൗകര്യം, കുറഞ്ഞ പലിശനിരക്കിൽ ലഘുവായ വ്യവസ്ഥകളിൽ - താങ്ങാവുന്ന തവണ വ്യവസ്ഥയിൽ ലഭ്യമാക്കുന്നതിനുള്ള സംവിധാനം.
   b. ഭവന നിർമ്മാണ സാമഗ്രികൾ (സിമൻറ്, കമ്പി, ഓട്, കല്ല്, ഇഷ്ടിക, സിമൻറ്കട്ട തുടങ്ങിയവ) മിതമായ നിരക്കിൽ സുഗമമായ ലഭ്യത ഉറപ്പുവരുത്തുക.
   c. സാങ്കേതിക സഹായം മാനവശേഷി എന്നിവ ലഭ്യമാക്കുക.
2. നിർമ്മിതിയുടെ ഒരു യൂണിറ്റ് പഞ്ചായത്തിൽ തുടങ്ങുക.
3. പഞ്ചയാത്ത് തലത്തിൽ ഹൗസിംഗ് കോളനി

സ്ഥാപിച്ച് വാടകയ്ക്ക് നൽകുക.

4. വൻ തുക മുടക്കി നിർമ്മിക്കുന്ന കെട്ടിടമുടമകളിൽ നിന്ന് നിശ്ചിത സംഖ്യ ഈടാക്കി ദുർബല വിഭാഗങ്ങളുടെ ഭവന നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുക.
5. നിലവിലുള്ള ഭവന പദ്ധതികളുടെ തുക കാലോചിതമായി വർദ്ധിപ്പിക്കുക.
6, പഞ്ചായത്തിലെ മുഴുവൻ വീടുകളും പഞ്ചായത്തിന്റെ ഉത്തരവാദിത്തത്തിൽ ഇൻഷൂർ ചെയ്യുക.
7. ഭവന നിർമ്മാണ രംഗത്ത് വിവിധ ഏജൻസികളിൽ നിന്ന് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള സാങ്കേതികത്വം ലഘൂകരിക്കുക. കെട്ടിട നിർമ്മാണത്തിനുള്ള സ്റ്റേജ് സർട്ടീഫിക്കറ്റ് നൽകാനുള്ള അധികാരം പഞ്ചായത്തിന് നൽകുക.

മുൻ പ്രസ്താവിച്ച നിർദ്ദേശങ്ങളിലൂന്നി പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ഭവന രഹിതരുടെ പ്രശ്നങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണാവുന്നതാണ്. പ്രധാനപ്രശ്നം ഭവന നിർമ്മാണത്തിനനുയോജ്യമായ ഭൂമിയുടെ അപര്യാപ്തത തന്നെ. ജനസംഖ്യയിലുള്ള വർദ്ധന, പുതിയ കുടുംബ സംവിധാനങ്ങൾ, കൂട്ടുകുടുംബ വ്യവസ്ഥയുടെ ശിഥിലീകരണവും അണുകുടുബങ്ങളുടെ ആവിർ ഭാവവും ഈ സ്ഥല ദൗർലഭ്യത്തിന് തക്കതായ കാരണങ്ങളാണ്. പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലെ തരിശു ഭൂമികൾ ഉപയോഗിക്കപ്പെടാത്ത പുറമ്പോക്കു ഭൂമി എന്നിങ്ങനെ ലഭ്യമായ എല്ലാ ഉറവിടങ്ങളും ഉപയോഗപ്പെടുത്തി ഈ പ്രശ്നത്തിന്റെ തീവ്രത കുറക്കാവുന്നതാണ്. എന്നിരിക്കിലും പാടശേഖരങ്ങൾ നികത്തി കുടിയിരിപ്പുകളാക്കുന്ന പ്രവണത പരമാവധി നിരുത്സാഹപ്പെടുത്തേണ്ടതാണ്.

ഒമ്പതാം പദ്ധതിക്കാലത്ത് ജനങ്ങളുടേയും സർക്കാരിന്റെയും ലഭ്യമായ എല്ലാഉറവിടങ്ങളും പ്രതിബദ്ധതയോടെ ഉപയോഗപ്പെടുത്തി നമ്മുടെ പഞ്ചായത്തിലെ പാർപ്പിട പ്രശ്നപരിഹാരം പൂർണ്ണതയിൽ എത്തിക്കാൻ പരിശ്രമിക്കുക എന്നതാവട്ടെ നമ്മുടെ കർത്തവ്യം

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ സുരക്ഷിതത്വത്തിന്റെ കാര്യത്തിൽ ഭാരതത്തിലെ ഇതര സംസ്ഥാനങ്ങൾക്ക് മാതൃകയത്രെ കേരളം. അസംഘടിതമേഖലയെക്കൂടി സുരക്ഷിതത്വ സംവിധാനത്തിനുള്ളിൽ കൊണ്ടുവരാൻ കഴിഞ്ഞതാണ് കേരളത്തിന്റെ നേട്ടം. പഞ്ചായത്തിലെ നിലവിലുള്ള സാമൂഹ്യക്ഷേമപ്രവർത്തനങ്ങളെ വിലയിരുത്തുമ്പോൾ പ്രധാനമായും കണ്ടുവരുന്നത് രണ്ടുവിധത്തിലുള്ള ക്ഷേമ പ്രവർത്തനങ്ങളാണ്. ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുതകുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതികളും, തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനത്തിനായുള്ള ക്ഷേമ പദ്ധതികളുമത്രെ അവ.

സർവ്വെപ്രകാരം പുലാമന്തോൾ, കുരുവമ്പലം എന്നീ വില്ലേജുകളിലായി ദാരദ്ര്യ രേഖയ്ക്ക് താഴെയുള്ള (വാർഷികവരുമാനം 11000 രൂപയിൽ കുറവ്) കുടംബങ്ങളുടെ എണ്ണം 2229 എന്ന് കണക്കുകൾ കാണിക്കുന്നു. പുലാമന്തോൾ വില്ലേജ് സർക്കിളിൽ 1409 കുരുവാമ്പലം വില്ലേജ് സർക്കിളിൽ 820 എന്നിങ്ങനെയാണ് വില്ലേജ് തിരിച്ചകണക്കുകൾ. ഇവയിൽ പട്ടികജാതി കുടുംബങ്ങളുടെ എണ്ണം പുലാമന്തോൾ 132, കുവമ്പരം 52 എന്നിങ്ങനെയാണ് സർവ്വെചൂണ്ടിക്കാണിക്കുന്നത്. നാളിതുവരേയായി സാമ്പത്തികസഹായം ലഭിച്ച കുടുംബങ്ങളുടെ എണ്ണം യഥാക്രമം പുലാമന്തോൾ, കുരുവാമ്പലം വില്ലേജുകളിൽ 154, 70 എന്നിങ്ങനെ 31 കുടുംബങ്ങൾ കുരുവമ്പലം വില്ലേജിലും സാമ്പത്തികസഹായം ലഭിച്ചവരിൽ പെടുന്നു.

പട്ടിക 1. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം

(സർവ്വെപ്രകാരം - പുലാമന്തോൾ വില്ലേജ്)

പട്ടിക 2. ദാരിദ്രരേഖയ്ക്ക് താഴെയുള്ളവരുടെവിവിവരം

(സർവ്വെപ്രകാരം - കുരുവമ്പലം വില്ലേജ്)

പട്ടിക 1 ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ വിവിരം
സർവ്വെ പ്രകാരം (പുലാമന്തോൾ വില്ലേജ്)

വാർഡ്	സർവ്വെപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	പട്ടികജാതി പട്ടികവർഗ്ഗം	ഇതുവരേയായി സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ പട്ടികജാതി പട്ടിക വർഗ്ഗം
1	181	26		
2	144	6		
3	237	20		
4	236	20	154	74
5	289	30		
6	208	3		
7	114	1		
ആകെ	1409	132	154	74

പട്ടിക 2.

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ വിവരം സർവ്വെ പ്രകാരം (കുരുവമ്പലം വില്ലേജ്)

വാർഡ്	സർവ്വെപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങളുടെ എണ്ണം	പട്ടികജാതി പട്ടികവർഗ്ഗം	ഇതുവരേയായി സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ പട്ടികജാതി പട്ടിക വർഗ്ഗം
8	207	11		
9	84	4		
10	241	21	70	31
11	188	16		
ആകെ	820	52	70	31

പട്ടിക 1, 2 മറുപുറം നോക്കുക)

നിലവിലുള്ള പദ്ധതികളായ IRDP, DWCRA, ട്രൈസം തുടങ്ങി പദ്ധതികൾ പഞ്ചായത്തിൽ ലഭ്യമാകുന്നണ്ടെങ്കിലും ഇവ തീരെ അപര്യാപ്തമാണെന്നാണ് നമ്മുക്ക് ലഭിക്കുന്ന കണക്കുകൾ സൂചിപ്പിക്കുന്നത്. പ്രധാനമായും ഈ വക പദ്ധതികളെക്കുറിച്ചുള്ള അറിവില്ലായ്മയും, അനർഹരുടെ തള്ളിക്കയറ്റവും അർഹതപ്പെട്ടവരെ തഴയലും ആണ് ഇതിന്റെ കാരണങ്ങളെന്ന് കരുതപ്പെടുന്നു. ഉദ്യോഗസ്ഥതലത്തിലും ബഹുജനങ്ങളുടെ ഇടയിലുള്ള ബോധവൽക്കരണത്തിന്റെ കുറവും സാങ്കേതിക തടസ്സങ്ങളും യഥാസമയം ലഭ്യമല്ലായ്കയും ഇതിന്റെ പോരായ്മതന്നെയാണ്.

പഞ്ചായത്തിൽ പ്രധാനമായും കർഷകത്തൊഴിലാളികളും കെട്ടിട നിർമ്മാണ തൊഴിലാഴികളുമാണ് കൂടുതലെങ്കിലും മണൽ, കല്ലുവെട്ട്, ഇഷ്ടിക, ബീഡി തുടങ്ങിയവയുമായി ബന്ധപ്പെട്ട തൊഴിലാളികളും ഇല്ലാതില്ല. എന്നാൽ ക്ഷേമനിധിയിൽ അംഗങ്ങളായിട്ടുള്ള തൊഴിലാളികൾ കുറവാണെന്നാണ് മനസിലാക്കാൻ കഴിഞ്ഞത്. ഇതിനൊരപവാദമായി കാണുന്നത് വളരെ കുറച്ച് മാത്രം വരുന്ന അംഗങ്ങളുള്ള

ചെത്തുതൊഴിലാളികളാണ്. ഓട്ടോറിക്ഷ, മോട്ടോർ വാഹനതൊഴിലാളികൾക്കിടയിലും മേൽപറഞ്ഞ ന്യൂനത ദർശിക്കാവുന്നതാണ്.

പട്ടികജാതി വികസന കോർപ്പറേഷന്റെ ഓഫീസ് സ്ഥിതി ചെയ്യുന്നത് വളരെ ദൂരയൊയതു കൊണ്ട് പട്ടികജാതിയിൽ പെട്ട സാധരണക്കാർക്ക് കോർപ്പറേഷന്റെ പ്രയോജനം തീരെ കുറവാണ്. ഇതിന്റെ നടപടിക്രമങ്ങൾ കുറച്ചുകൂടെ ലളിതവൽക്കരിച്ച് പ്രവർത്തനം വിപുലമാക്കേണ്ടതാണ്. വനിതാ വികസന കോർപ്പറേഷന്റെ പ്രവർത്തനവും പഞ്ചായത്തിലെ സാധാരണക്കാർക്ക് വേണ്ട വിധം പ്രയോജനപ്പെടുത്തുന്നില്ല. ദേശീയ പിന്നോക്ക വിഭാഗവികസന കോർപ്പറേഷന്റെ സാമ്പത്തിക സഹായത്തോടെ കേരള സംസ്ഥാന പിന്നോക്ക വിഭാഗ വികസ കോർപ്പറേഷൻ സ്വയം തൊഴിലിന് വേണ്ടി നൽകുന്ന വായ്പയും പ്രയോജനപ്പെടുത്തിയവർ പഞ്ചായത്തിൽ ഉണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു.

ഒഴിവുള്ള വില്ലേജ് എക്സ്റ്റൻഷൻ ആപ്പീസറുടെ തസ്തിക നികത്തി, അനുയോജ്യമായ സ്ഥലത്ത് ഓഫീസ് സ്ഥാപിക്കേണ്ടതാണ്.

പദ്ധതികൾ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ആവശ്യമായ ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. ദാരിദ്ര്യ രേഖയുടെ സാമ്പത്തികപരിധി ഉയർത്തുക
2. ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ ദേശസാൽകൃതബാങ്കുകൾ കാണിക്കുന്ന അലംഭാവം മാറ്റി ഗുണഭോക്താക്കൾക്ക് കൂടുതൽ സൗകര്യപ്രദവും ലളിതവുമായ രീതിയിൽ വായ്പ ലഭ്യമാക്കാൻ സർക്കാർ തലത്തിൽ നടപടി സ്വീകരിക്കുക.
3. ഈ മേഖലയിൽ ഗുണഭോക്താക്കൾക്ക് സഹായം ലഭ്യമാക്കാൻ സഹകരണ ബാങ്കുകൾക്ക് കൂടുതൽ ഫണ്ട് അനുവദിക്കാൻ സർക്കാർ തലത്തിൽ സംസ്ഥാന - ജില്ലാ ബാങ്കുകൾക്ക് വേണ്ട നിർദ്ദേശം നൽകുക.
4. ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള സർവ്വേകൾ കൂടുതൽ കാര്യക്ഷമതയിലും സത്യസന്ധമായും നടത്തുക.
5. വർഷം തോറും സർവ്വേകൾ നടത്തുക.
6. ഗുണഭോക്താക്കളെ ബോധവൽക്കരണം നടത്തുക.

കക്കൂസുകളുടെ വിവരം

പഞ്ചായത്തിലെ സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകളുടെ എണ്ണം സർവ്വെ പ്രകാരം ഇപ്രകാരം കണക്കാക്കപ്പെടുന്നു

വില്ലേജ് തിരിച്ചുള്ള കണക്കുകൾ ചുവടെ

പുലാമന്തോൾ

സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ	-	669
വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 ന് ശേഷം)	-	46
ഇനി കക്കൂസുകൾ ആവശ്യമായ കുടുബങ്ങൾ	-	624

കുരുവമ്പലം

സാനിട്ടറി കക്കൂസുകൾ ഇല്ലാത്ത വീടുകൾ	-	497
വിവിധ പദ്ധതികളിലായി ഇതുവരെ അനുവദിച്ച കക്കൂസുകളുടെ എണ്ണം (1992 ന് ശേഷം)	-	13
ഇനിയും കക്കൂസുകൾ ആവശ്യമായ കുടുംബങ്ങൾ	-	484.

സർവ്വെ സൂചിപ്പിക്കുന്നത് പഞ്ചായത്തിലെ പരിധിയിൽ വരുന്ന കക്കൂസുകൾ ആവശ്യമുള്ളവരുടെ 5%ത്തിനുമാത്രമെ വിവിധ പദ്ധതികളിലായി ഇതുവരെ കക്കൂസുകൾ അനുവദിക്കുവാൻ കഴിഞ്ഞിട്ടുള്ളു. ഭൂരിഭാഗം വരുന്ന 95% ത്തിന് ഇനിയും അനുവദിക്കേണ്ടിയിരിക്കുന്നു. ഒമ്പതാം പദ്ധതിയുടെ സമാപ്തിയിലെങ്കിലും സാധാരണക്കാരന്റെ ഈ അത്യാവശ്യം പൂർത്തീകരിക്കപ്പെടും എന്ന ശുഭ പ്രതീക്ഷയാണ് നമുക്കുള്ളത്.

ഗ്രാമീണ കൈത്തൊഴിലുകാർക്ക്, ആധുനിക ഉപകരണങ്ങൾ നൽകുന്ന പരിപാടി (ടൂൾകിറ്റ്)

പഞ്ചായത്തിലെ ഇരുവില്ലേജുകളിലും കൂടി ഗ്രാമീണകൈത്തൊഴിലുകാരുടെ എണ്ണം സർവ്വേപ്രകാരം 82 ആണ്.ഈ പരിപാടി പ്രകാരം ഇതുവരെ സഹായം ലഭിച്ചവർ 47 ആണെന്ന് കണക്കുകൾ കാണിക്കുന്നു.

ഗ്രാമീണകൈത്തൊഴിലുകാർക്ക് വളരെ പ്രയോജനകരമായ ഈ പദ്ധതി പലതൊഴിലാളികളും അതിന്റെ അർഹമായ പ്രാധാന്യത്തോടെ കാണുന്നില്ല എന്നതാണ് വസ്തുത. തൊഴിലാളികളുടെ അജ്ഞത മുതലെടുത്ത് പലരും താഴ്ന്ന ചിലവിൽ ഇവ കൈക്കലാക്കുകയാണെന്ന പരാതി നിലനിൽക്കുന്നുണ്ട്. ഏതായാലും തുടർന്നുള്ള വർഷങ്ങളിലും ടൂൾകിറ്റ് കാര്യക്ഷമതയോടെ വിതരണം ചെയ്യണമെന്ന് തന്നെയാണ് നമ്മുടെ ആവശ്യം.

കെട്ടിട നിർമ്മാണ രംഗത്തും വാസ്തുശില്പരംഗത്തും നൂതനമായ അറിവുകൾ നേടാനും അവ പ്രായോഗികമാക്കാനുള്ള താൽപര്യവും നാം കാണിക്കണം. അതിനുള്ള സാങ്കേതിക പരിശീലനം നല്കാനുള്ള സംവിധാനം വേണം.

DWCRA (DEVELOPMENT OF WOMEN AND CHILDREN IN RURAL ARIA)

പത്തോ അതിൽ കൂടുതലോ സ്ത്രീകൾ ചേർന്ന് നടത്തുന്നതും സ്ത്രീകളുടേയും കുട്ടികളുടേയും പുരോഗതി ലക്ഷ്യം വെച്ചുകൊണ്ട് പ്രവർത്തിക്കുന്നതുമായ തൊഴിൽ സംരംഭമാണ് DWCRA. 1991 - 92ൽ ആരംഭിച്ച റെഡിമെയ്ഡ് ഗാർമെൻറ് നിർമ്മാണം ഈ പദ്ധതിയിലായി നമ്മുടെ പഞ്ചായത്തിൽ നടക്കുന്നുണ്ട്. പഞ്ചായത്തിലെ മൂന്ന് സ്ത്രീകൾ ചേർന്ന് നടത്തുന്ന ഈ സംരംഭം പ്രവർത്തനക്ഷമതയുടെ കാര്യത്തിൽ വളരെ മുൻപന്തിയിൽ തന്നെയാണെന്നാണ് അറിയുന്നത്. 1995 - 96 ൽ 10 പേർ ചേർന്ന് നടത്തുന്ന ആട് വളർത്തൽ സംരംഭവും തൃപ്തികരമായി നടക്കുന്നണ്ടെന്നറിയുന്നു. എന്നാൽ 1990 - 91 ൽ ആരംഭിച്ച ഹോട്ടൽ ബേക്കറി യൂണിറ്റ് ഇതിനൊരപവാദമായി ഇന്ന് പ്രവർത്തിക്കുന്നില്ല. ഈ പദ്ധതി പ്രകാരം ഇനിയും പുതിയ യൂണിറ്റുകൾ ആരംഭിക്കേണ്ടിയിരിക്കുന്നു. യൂണിറ്റുകൾക്കാവശ്യമായ മോണിറ്ററിംഗ് ഇല്ലാത്തത് ഇതിന്റെ ഒരു കുറവ് തന്നെയാണ്. ഉപഭോക്താക്കളെ കണ്ടെത്തി അതാത് പ്രദേശത്തിനനുയോജ്യമായ യൂണിറ്റുകൾ ആരംഭിക്കാൻ ശ്രദ്ധിക്കുന്നത് നന്നായിരിക്കും. അസംസ്കൃതവസ്തുക്കളുടെ ലഭ്യതയും മാർക്കറ്റും പ്രത്യേകം പരിഗണനാർഹമാണ്.

പട്ടിക 3.

ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പട്ടിക രൂപത്തിൽ

വർഷം	ആകെ	ആൺ	പെൺ	എസ്സി/എസ്സ്ടി	സ്വയം തൊഴിൽ കണ്ടെത്തിയവരുടെ എണ്ണം 92 മുതൽ 96 വരെ	ഇതരതൊഴിലിൽ ഏർപ്പെടുട്ടിരിക്കുന്നവർ 92 മുതൽ 96 വരെ
1992 - 93	4	-	4	2		
1993 - 94	3	1	2	2		
1994 - 95	10	2	8	2	7	3
1995 - 96	2	-	2	2		
ആകെ	19	3	16	8	7	3

സി. ബി. എൻ. പി.

സി. ബി. എൻ. പി. സ്ത്രീകളുടേയും കുട്ടികളുടേയും ക്ഷേമത്തിന് വേണ്ടി പ്രവർത്തിക്കുന്നു. സമൂഹത്തിലെ ഏറ്റവും പിന്നോക്കക്കാരാണ് ഇതിന്റെ ഉപഭോക്താക്കൾ. പ്രത്യേകം ട്രൈനിംഗ് ലഭിച്ച വളണ്ടിയർമാർ സർവ്വെ നടത്തിയാണ് ഉപഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. ഈ പദ്ധതിക്ക് കീഴിൽ 11000 രൂപ വരെ പലിശരഹിതമായി ആട് വളർത്തൽ, കോഴിവളർത്തിൽ തുടങ്ങിയ പദ്ധതികൾക്കായി നൽകി വരുന്നു . ഈ സംഖ്യ തുല്യമായ ഗഡുക്കാളായി ഒരു വർഷംകൊണ്ട് തിരിച്ചടച്ചാൽ മതി.

സ്ത്രീകളുടെ സമ്പാദ്യശീലം വർദ്ധിപ്പിക്കുന്നതിനുതകുന്ന രീതിയിൽ ചെറിയ സംഖ്യകൾ സ്വരൂപിച്ച് നമ്മുടെ പഞ്ചായത്തിൽ 55000 രൂപ ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ട്. ഈ ഫണ്ടിൽ നിന്ന് 2% പലിശക്ക് മെമ്പർമാർക്ക് കടം നൽകിവരുന്നു. പഞ്ചായത്തിൽ BNP യുടെ പ്രവർത്തനം കാര്യക്ഷമായി വർത്തിക്കുന്നു എന്നാണ് നമ്മുടെ വിലയിരുത്തൽ.

ക്രെഷുകൾ

സാധുക്കളായ സ്ത്രീ കൂലിവേലക്കാരുടെയും, രോഗികളായ സ്ത്രീകളുടേയും കുഞ്ഞുങ്ങളുടേയും പരിരക്ഷയെ കരുതി വിഭാവനം ചെയ്ത ഒരു പദ്ധതിയാണിത്. 5 വയസിന് താഴെയുള്ള കുഞ്ഞുങ്ങളെ സൂക്ഷിക്കാൻ മുന്നോട്ട് വരുന്ന സന്നദ്ധ സംഘടനകൾക്ക് ഇതിന്റെ സഹായം ലഭ്യമാകും. നമ്മുടെ പഞ്ചായത്തിൽ ഉചിതമായ സ്ഥലത്ത് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ക്രെഷുകൾ ആരംഭിക്കേണ്ടതാണെന്ന ആവശ്യം ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വന്നിട്ടുണ്ട്.

പെൻഷനുകൾ

1. വാർദ്ധക്യകാല പെൻഷൻ :-

നമ്മുടെ പഞ്ചായത്തിൽ 95 - 96 വർഷത്തിൽ 34 പേർക്ക് വാർദ്ധക്യകാല പെൻഷൻ നൽകിയിട്ടുണ്ട്. പ്രതിമാസം 100 രൂപ എന്നത് ഇരട്ടിയെങ്കിലും ആയി വർദ്ധിപ്പിക്കേണ്ടിയിരിക്കുന്നു.

2. കർഷകത്തൊഴിലാളി പെൻഷൻ :-

പഞ്ചായത്തിലെ രണ്ടു വില്ലേജുകളിലുമായി 1992 മുതൽ 96 വരെ നൽകിയ കർഷകത്തൊഴിലാളി പെൻഷന്റെ വിവരം താഴെ കൊടുക്കുന്നു. അർഹരായ പലർക്കും ഇനിയും പെൻഷൻ അനുവദിക്കേണ്ടിയിരിക്കുന്നു.

3. തൊഴിലില്ലായ്മ വേതനം :

1992 മുതൽ 1996 വരെയുള്ള കാലത്ത് പഞ്ചായത്തിൽ ആകെ 636 പേർക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നുണ്ട്. ഇനിയും എത്രയോ

പട്ടിക 4.

വർഷം	പുലാമന്തോൾ എണ്ണം	കുരുവമ്പലം എണ്ണം
1991 92	188	85
92 - 93	183	85
93 - 94	166	81
94 - 95	157	90
95 96	147	88
ആകെ	841	429

അർഹതയുള്ളവർ പഞ്ചായത്തിലുണ്ട്. അവർക്കു കൂടെ ലഭ്യമാക്കുന്നതിന് വേണ്ടി തൊഴിലില്ലായ്മ വേതനം നൽകാനുള്ള ചുമതല പഞ്ചായത്തിന് നൽകേണ്ടിയിരിക്കുന്നു.

വിധവാപെൻഷൻ വികലാംഗപെൻഷൻ, ക്ഷയരോഗ പെൻഷൻ എന്നിവ ലഭിക്കുന്നവരും പഞ്ചായത്തിലുണ്ടെന്നറിയുന്നു.

പൊതുവിതരണം

പഞ്ചായത്തിൽ ആകെ 11 പൊതുവിതരണ കേന്ദ്രങ്ങളുണ്ട്. 95 - 96 വർഷത്തിൽ പഞ്ചായത്തിൽ ആകെയുള്ള കാർഡുടമകളുടെ എണ്ണം 4037 ആണ്.

ഈ വർഷത്തിൽ ആകെ വിതരണം ചെയ്ത അരിയുടെ അളവ് 80684 കിൻറൽ ആണെന്നാണ് കണക്കുകൂം കാണിക്കുന്നത്

പുതുതായി അനുവദിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങൂം പലകാരണം കൊണ്ട് ഏറ്റെടുക്കുന്നില്ല.

പുതിയ കാർഡ് ഉണ്ടാക്കുന്നതിനുള്ള കാലത്താമസവും താലുക്ക് സപ്ലൈ ഓഫിസിൽ കയറിയിറങ്ങി സാധാരണക്കാരൻ പെടുന്ന പെടാപാടുകൂം എന്നിവ പരഹിരിക്കപ്പെടേണ്ടവതന്നെയാണ്. പൊതുവിതരണ രംഗത്ത് ഒഴിച്ചുകൂടാൻ കഴിയാത്ത ഒന്നെന്ന നിലക്ക് ആവശ്യമുള്ളവർക്ക എത്രയും വേഗം കാർഡുകൂം നല്കണം. ഈ ആവശ്യത്തിനും ഒരു പരിഹാരമെന്നോണം റേഷൻ കാഡുകൂംനല്കാനുള്ള അധികാരം ഗ്രാമ പഞ്ചായത്തുകൂംക്ക് നൽകേണ്ടതാണ്.

അങ്കൺവാടികൂം

നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം വിവിധ ഗ്രാമസഭകളിൽ നിന്നുള്ള വിവരങ്ങൂം പരിശോധിക്കുമ്പോൂം നിലവിലുള്ള അംഗൻവാടികളുടെ അവസ്ഥ വളരെ ദയനീയമാണ്. സാമൂഹ്യക്ഷേമ രംഗത്ത് കാതലായ പ്രവർത്തനം കാഴ്ച വെക്കേണ്ട അങ്കൺവാടികളിലേക്ക് പഞ്ചാത്തിൻെറ സത്വര ശ്രദ്ധ പതിയേണ്ടതിലേക്കാണ് ഇത് വിരൽചൂണ്ടുന്നത്. പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 28 അങ്കണവാടികളാണ് പഞ്ചായത്തിലുള്ളത്. ഇവയിലായി 56 ജീവനക്കാരുണ്ട് .1716 കുട്ടികൂംക്ക് ഈ അംഗണവാടികളിലൂടെ പോഷകാഹാര വിതരണവും നടത്തുന്നു.

മിക്ക അംഗണവാടികളും സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാത്തവയാണ്. പ്രാഥമിക സൗകര്യത്തിൻെറ കുറവ് മിക്ക അംഗണവാടികളിലും എടുത്തു പറയേണ്ടതുതന്നെയാണ്. ഇത് ജീവനക്കാർക്കും കുട്ടികൂംക്കും ഉണ്ടാകുന്ന പ്രയാസം വിസ്മരിക്കാവുന്നതല്ല.

സ്വന്താമായി കെട്ടിടമില്ലാത്തവയ്ക്ക് വാടക കണ്ടെത്തൽ, ഭക്ഷണംപാകം ചെയ്യുന്നതിനു വേണ്ട പാത്രങ്ങളുണ്ടാക്കൽ, കളിപ്പാട്ടങ്ങളുടെ കുറവ് പരീഹരിക്കൽ എന്നിവ ജീവനക്കാർ നേരിടുന്ന പ്രശ്നങ്ങളാണ്. വാടകയിനത്തിൽ സർക്കാർ നൽകുന്ന സംഖ്യയെങ്കിലും കാലോചിതമായും അടിയന്തിരമായും ഉയർത്തേണ്ടതാണ്. ഇവിടങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ (വർക്കർ, ഹെൽപർ) വേതനം വളരെ കുറവാണ്. രാവിലെ 9 മണിമുതൽ 3.5 വരേ ജോലി ചെയ്യുന്ന ഇവർക്ക് ലാസ്റ്റ് ഗ്രേഡ് സർവ്വൻറിൻെറ ശമ്പളമെങ്കിലും നൽകി ഈ ദുരവസ്ഥക്ക് അന്ത്യം കുറിക്കേണ്ടിയിരിക്കുന്നു. ഒമ്പതാം പദ്ധതിക്കാലത്ത് സാമൂഹ്യ ക്ഷേമപ്രവർത്തനത്തിൽ നമ്മുടെ പഞ്ചായത്ത് സമ്പൂർണ്ണമാവട്ടെ.

Digitized by Arya Samaj Foundation Chennai and eGangotri

പട്ടിക

പുലാമന്തോൾ പഞ്ചായത്ത് അംഗൺവാടികൾ

വാ.....മ്മ.	ആകെ അംഗൻവാടികൾ	ജനസംഖ്യ	പുരുഷന്മാർ	സ്ത്രീകൾ	0 - 6 കൊല്ലം കുട്ടികൾ	സ്ഥിരമായി കെട്ടിടം ഉള്ളത്	സ്ഥിരമായി കെട്ടിടം ഇല്ലാത്തത്	സ്ഥിരമായി കെട്ടിടംകിട്ടുന്നതിന് സ്ഥലം കിട്ടിയത്	സ്ഥിരമായി കെട്ടിടം കെട്ടുന്നതിന് സ്ഥലം കിട്ടാത്തത്	കളിപ്പാട്ടം ഉള്ളത്	കളിപ്പാട്ടം ഇല്ലാത്തത്	മഹിളാ സമാജം ഉള്ളത്	സ്ഥലം കിട്ടിയിട്ടും ഫൗണ്ട് അനുവദിക്കാത്തത്
I	4	3915	1956	1959	486	-	4	-	4	-	4	-	-
II	1	2376	1161	1215	222	-	1	1	1	-	-	-	-
II	1	2476	1219	1257	201	-	1	-	1	-	1	-	-
IV	3	3270	1648	1622	353	-	3	1	2	-	3	-	1
V	3	3636	1757	1879	437	1	2	2	2	-	3	-	-
VI	1	809	410	399	116	-	1	-	1	-	1	-	-
VII	2	2612	1322	1290	343	1	1	-	1	-	2	-	-
VIII	2	2646	1320	1326	304	-	2	-	2	-	2	-	-
IX	2	2042	1009	1033	265	-	2	-	2	-	2	-	-
X	3	3187	1623	440	-	-	3	-	3	-	3	-	-
XI	4	3840	1976	1864	4000	-	4	-	4	-	4	-	-

ICDS ഓഫീസ് അവശ്യം.

5 a

സംസ്ക്കാരം



ഒരു ജനതയുടെ യഥാർത്ഥ ചരിത്രം അവരുടെ സാംസ്കാരിക ചരിത്രമാണ്. ജനതയുടെ സംസ്ക്കാരം എന്തെന്ന പ്രശ്നം ഇവിടെ ഉത്ഭവിക്കുന്നു. രാഷ്ട്രീയ സാമ്പത്തിക സാമൂഹ്യ ജീവിതത്തിന്റെ പരിണിതഫലാണ് ഏതൊരു ജനതയുടെയും സംസ്കാരം. ഗ്രാമ സംസ്കാരത്തിന്റെ പുനരുദ്ധാനം കൊണ്ടുമാത്രമേ ഗ്രാമപഞ്ചായത്തുകളുടെ വികസന ലക്ഷ്യം പൂർത്തീകരിക്കാൻ കഴിയു. ഗ്രാമത്തിന്റെ ചരിത്രം, പാരമ്പര്യം, സ്ഥാപനങ്ങൾ, ശീലങ്ങൾ എന്നിവയെകുറിച്ചുള്ള പഠനം ജനകീയ കലാരൂപങ്ങൾ, ആചാര അനുഷ്ഠകലകൾ എന്നിവയെകുറിച്ചുള്ള ശാസ്ത്രീയ ഗവേഷണം കരകൗശല വിദ്യയുടേയും ഗ്രാമീണ സാങ്കതിക വിദ്യയുടേയും പുനരുദ്ധാരണവും, പരിഷ്ക്കരണവും എല്ലാം ഇതിന്റെ ഭാഗങ്ങളാണ്.

പഴയ ബ്രിട്ടീഷ് മലബാറിലെ മറ്റു പ്രദേശങ്ങളെപോലെ നമ്മുടെ ഗ്രാമപഞ്ചായത്തിനും അഭിമാനകരമായ ഒരു സാംസക്കാരിക പശ്ചാത്തലമുണ്ട്. സാമൂതിരയുടെ വാണിജ്യകേന്ദ്രങ്ങളുടെ ഇണക്കുകണ്ണിയായ കുന്തിപുഴയുടെ വടക്കേതീരത്ത് കിടക്കുന്ന പുലാമന്തോൾ പഞ്ചായത്ത് വിവിധ സാംസ്കാരങ്ങളുടെ സംഗമസ്ഥാനമായി മാറി. മൈസൂർ രാജക്കന്മാരുടെ പടയോട്ടവും, പിന്നീടുവന്ന ബ്രിട്ടീഷ് അധിനിവേശവും നമ്മുടെ ജീവിത ക്രമത്തെ നിർണ്ണായകമായി സ്വാധീനിച്ചു. ദേവാലയങ്ങളുടെയും മനുഷ്യാലയങ്ങളുടേയും വാസ്തുശില്പ വിദ്യയും, വസ്ത്രം, ഭക്ഷണം, കുടുംബബന്ധങ്ങൾ തുടങ്ങി എല്ലാ തുറകളിലും ഇതിന്റെ സ്വാധീനം കാണാം.

ഇന്ത്യയിലെ പ്രധാനപ്പെട്ട മൂന്നു മതവിഭാഗക്കാർ നമ്മുടെ പഞ്ചായത്തിൽ അധിവസിച്ചു വരുന്നു. ഹിന്ദുമതത്തിലെ വിവിധ ജാതി - ഉപജാതികളിൽ പെട്ടവരും മറ്റു മതങ്ങളിൽ കാണുന്ന വിവിധ ചിന്തകളും നമ്മുടെ മതക്രമത്തെ സ്വാധീനിച്ചു വരുന്നു. ഹിന്ദു ആരാധനാരീതികൾ - അമ്മദൈവങ്ങൾ, വൃക്ഷാരാധന, നാഗാരാധന തുടങ്ങിയവ - മുസ്ലീം, ക്രൈസ്തവ ആരാധനാലയങ്ങൾ എന്നിവയും നമ്മുടെ ഗ്രാമപഞ്ചായത്തിലുണ്ട്. പു

ലാമന്തോളിന്റെ ആയുർവേദ പാരമ്പര്യത്തെ ഉയർത്തിപ്പിടിക്കുന്ന ധന്വന്തരി ക്ഷേത്രം നമ്മുടെ ആരാധനാ രംഗത്തെ ഒരു സവിശേഷതയാണ്. മുസ്ലീം പള്ളികളും പ്രധാനമായും ജനാധിവാസ കേന്ദ്രങ്ങളിൽ കാണപ്പെടുന്നു. അവരുടെ സാമൂഹ്യസാംസ്കാരിക രംഗത്തെ ഗണ്യമായി സ്വാധീനിച്ചുവരികയും ചെയ്യുന്നു. മാലാപറമ്പിലെയും, ചിരട്ടാമലയിലെയും ക്രിസ്ത്യൻ പള്ളികളും കേവലം ആരാധനാലയങ്ങളും മാത്രമല്ല അധഃസ്ഥിതന്റെ നില ഉയർത്തുന്നതിനായി നടത്തുന്ന നിരവധി സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളും കൂടിയാണ്.

അങ്ങാടിപ്പുറം തിരുമാന്ധാംകുന്നിലമ്മയുടെ തട്ടകത്തിന്റെ ഭാഗമായി നടക്കുന്ന കളംപാട്ട്, ആലഞ്ചേരി, കിളിക്കുന്ന് കാവുകളിലെ പൂരങ്ങളും, പാലൂർ തൈപൂയ രഥോത്സവം എന്നിവയാണ് പ്രധാന ഹിന്ദുമത ആഘോഷങ്ങളും. മിക്ക മുസ്ലീം പള്ളികളിലും നടത്തുന്ന നേർച്ചകളും അനുസ്മരണങ്ങളും അതാതു പ്രദേശത്തിന്റെ ദേശീയോത്സവങ്ങളും എടുത്തു പറയത്തക്കതാണ്.

ആചാരാനുഷ്ഠാനങ്ങളും നാളിതുവരെ അകൽച്ചക്ക് കാരണമായിട്ടില്ലെന്നത് നമ്മുക്ക് അഭിമാനം നല്കുന്ന വസ്തുതയാണ്. ജാതി ജന്മി നാടുവാഴിത്ത കാലഘട്ടത്തിന്റെ ഗുണദോഷ സമ്മിശ്രമായ ജീവിത ഘടനയിൽ ഏറെ നേട്ടങ്ങളും കൈവരിക്കാൻ നമ്മുടെ പ്രദേശത്തിനു കഴിഞ്ഞു. ജന്മിത്തവും ജാതിവ്യവസ്ഥയും പരിപാലിച്ചുകൊണ്ടു തന്നെ അനുഷ്ഠാന - ആചാര കലകളെ പ്രോത്സാഹിപ്പിക്കാനും, പുതിയ കലകളെ ഉൾകൊള്ളാനും നമുക്ക് കഴിഞ്ഞു. ഇക്കാര്യത്തിൽ ശ്രീ. ചൊവ്വൂർ നീലകണ്ഠൻ നമ്പൂതിപ്പാടിന്റെ പങ്ക് എടുത്തു പറയത്തക്കതാണ്. കരകൗശല വിദ്യയിലെ ആധുനിക സങ്കേതങ്ങളും സ്വപ്രയത്നത്തിലൂടെ ആർജ്ജിച്ചെടുത്ത അദ്ദേഹത്തിന് രാഷ്ട്രപതിയുടെ കീർത്തിമുദ്രയും പുരസ്ക്കാരവും ലഭിക്കുകയുണ്ടായി. സ്വന്തമായി ഒരു നാടകസംഘം ഉണ്ടാക്കാനും,തമിഴ് സംഗീത നാടക സംസ്ക്കാരത്തിനു പകരം മലയാള സംഗീത നാടക സംസ്ക്കാരം വളർത്തികൊണ്ടുവരാനും അദ്ദേഹം പരിശ്രമിച്ചു. അഷ്ടവൈദ്യപ്രധാനികളും. മൂസ്സുമാർ ഈ പഞ്ചായത്തിന്റെ അഭിമാനമാണ്. മൂസ്സിനു പുറമെ വൈദ്യരംഗത്ത് പ്രഗത്ഭരായി പുലാമന്തോൾ പിഷാരത്ത് കൃഷ്ണ പിഷാരടി തെക്കത്ത് കൃഷ്ണൻ നായർ, കട്ടുപ്പാറ ആബ്ദുൾഖാദർ വൈദ്യർ, ബാലവൈദ്യത്തിൽ പ്രഗത്ഭനായിരുന്ന ഗോവിന്ദൻ വൈദ്യർ എന്നിവരും ഈ പഞ്ചായത്തിന് പ്രശസ്തിയുണ്ടാക്കിയവരാണ്. ജ്യോതിശ്ശാസ്ത്ര രംഗത്ത് പരമ്പരയായി മികച്ച ജ്യോത്സ്യന്മാരുടെ ആസ്ഥാനമായ പാലൂർകളരിയും എടുത്തു പറയേണ്ടതാണ്. തച്ചുശാസ്ത്രരംഗത്ത് അന്തരിച്ച പള്ളാനതൊടി ഗോപാലനാശാരിയുടെ പേരും സ്മർത്തവ്യമാണ്. അതുപോലെ വിഷവൈദ്യത്തിൽ കാഞ്ഞിരകടവത്തു വൈദ്യകുടുംബവും പ്രശസ്തിയാർജ്ജിച്ചതാണ്. കേരളത്തിന്റെ തനത്കാലാരൂപമായ കഥകളി രംഗത്തെ അതുല്യ പ്രതിഭകളായ മദ്ദള വിദഗ്ധൻ പാലൂർ അച്ചുതൻ നായർ, കുരുവമ്പലം മാരാത്ത്, ശങ്കരമാരാർ, പാറോത രാമൻ നായർ എന്നിവരെയും ഇവിടെ അനുസ്മരിക്കട്ടെ. ചാത്തിരാങ്കം (പാനേങ്കളി, സംഘക്കളി) എന്ന അനുഷ്ഠാന കല അവതിപ്പിക്കുന്നതിനുള്ള അവകാശം കുരുവമ്പലം പുളിക്കീഴ് മനക്കാർക്ക് ഉണ്ടായിരുന്നു. തിരുമാന്ധാംകുന്ന് പൂരത്തിന് അകമ്പടി സേവിക്കുന്നപിള്ളർ പണിക്കന്മാർ ഒരു പാരമ്പര്യത്തിന്റെ പ്രതീകമാണ്. ഗാനരംഗത്തെ നിരവധി പ്രതിഭകളും, സംഗീത നിരൂപകനായി ശ്രീ. വി. എസ്. എനും. നമ്മുടെ പഞ്ചായത്തിന്റെ യശസ്സ് ഉയർത്തിപ്പിടിക്കുന്നു.

ദേശീയ പ്രസ്ഥാനത്തിന്റെ കടന്നുവരവ് കലയും സാഹിത്യത്തിനും പുതുജീവൻ നല്കി. സ്വാതന്ത്ര്യസമരപ്രസ്ഥാനത്തിന്റെ ഭാഗമായ സാമൂഹ്യപരിഷ്കരണ പ്രവർത്തനങ്ങളും ജാതി ഉച്ചനീചത്വത്തിനെതിരായ പ്രചരണ പ്രവർത്തനങ്ങളും ശക്തി പ്രാപിച്ചു. കേവല വിദ്യാഭ്യാസം എന്നതിനപ്പുറം, വിദ്യാലയങ്ങൾക്ക് പുതിയ അർത്ഥം കൈവന്നു. വായനശാലകളും ഗ്രന്ഥശാലകളും രൂപം കൊണ്ടു പിന്നീടു രൂപം കൊണ്ട മലബാർ കേന്ദ്ര കലാസമിതിയിലും, സംഗീത നാടക അക്കാദമിയിലും ശ്രദ്ധേയമായ പങ്കാളിത്തം വഹിക്കാൻ നമുക്ക് കഴിഞ്ഞു. പ്രശസ്ത കവി മാധവജിയും സാഹിത്യകാരനായ ചെറുകാടും, അഭിനേതാവായ ടി. പി. ഗോപലനും ദേശീയ പുരോഗമന പ്രസ്ഥാനത്തിന്റെ സന്തതികളാണ്. പാലൂരിൽ രൂപം

കൊണ്ട മോഹന ആർട്ട് തിയ്യറ്റർ സംഘടിപ്പിക്കുന്നതിനും നിലനിർത്തുന്നതിനും ആദ്യ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. സി. എം . എ!സ്. കാണിച്ച താല്പര്യം എടുത്തു പറയത്തക്കതാണ്. ഈ പാരമ്പര്യം ഇന്നും നാം നിലനിർത്തിവരുന്നു. ശ്രദ്ധേയനായ കവി ശ്രീ. പി. പി. കെ. പൊതുവാളും ചെറുകഥാകൃത്ത് ശ്രീ ബാലൻ കണ്ണത്തുമെല്ലാം ഈ പൈതൃകത്തിന്റെ പിൻഗാമികളാണ്.

നാടൻ കലാരൂപങ്ങളായ കോൽക്കളി, പരിചമുട്ടുംകളി, ദഫ്മുട്ട് എന്നിവയും, നാടൻ പാട്ടുകളും, മാപ്പിളപ്പാട്ടുകളും എന്നിവയും കാലാനുസൃതം പിരഷ്കരിച്ച് നാം നിലനിർത്തിവരുന്നു. മാപ്പിളപ്പാട്ടു ഗായകനായ കൈതകുണ്ടൻ മൊയ്തീൻ, കോൽക്കളി വിദഗ്ധരായ മാക്കണ്ടത്തിൽ കുഞ്ഞാലി, ചീനിക്കുന്നിൽ ജമാൽ, നെറുവത്തൊടി മുഹമ്മത് പരിചമുട്ടുംകളിരംഗത്തെ പറയട്ടുപറമ്പിൽ വേലായുധൻ എന്നിവരെ ഇവിടെ അനുസ്മരിക്കട്ടെ, 'ആട്ട് 'എന്ന ആചാരകലയും ഈ രംഗത്തെ എടുത്തുപറയത്തക്ക ഒരു ഇനമാണ്.

ആധുനിക ഇലക്ട്രാണിക്സ് മാദ്ധ്യമങ്ങളുടെ കടന്നുവരവ് കാലാസാംസ്ക്കാരിക രംഗത്ത് സൃഷ്ടിച്ച പ്രത്യാഘാതം നാം കാണാതിരുന്നുകൂടാ. ഇവയുടെ തട്ടുതകർപ്പൻ പ്രകടനത്തിനിടയിൽ നമ്മുടെ സംസ്ക്കാരം ആശാസ്യമല്ലാത്ത നിരവധി മാറ്റങ്ങൾക്ക് വിധേയമാകുന്നു. ഗ്രന്ഥശാലകളുടെ നിലനില്പ് ഏറെ ഭീഷണിയെ നേരിടുന്നു. മുമ്പ് കാലഘട്ടത്തിന്റെ ചരിത്രം ഏറ്റെടുത്തിരുന്ന കലാസമിതികളും തികച്ചും നിർജ്ജീവമാണ്. കലാസാംസ്കാരികരംഗത്തെ സജീവസാന്നിദ്ധ്യമായിരുന്ന റിക്രിയേഷൻ ക്ലബ്ബുകളും കടലാസിൽ മാത്രം ഒതുങ്ങുന്നു. പഞ്ചായത്തിൽ ഒരു സിനിമാശാലയും, 70% ത്തിലേറെ വീടുകളിൽ റേഡിയോയും 20 % ൽ താഴെ വീടുകളിൽ ടി. വി.യുമുണ്ട്.

(വായനശാലകളും, ക്ലബ്ബുകളും എന്നിവ സംബന്ധിച്ച പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. മറുപുറം നോക്കുക)

പ്രചാരത്തിലുള്ള മിക്ക ഭാഷാ പത്രങ്ങളും വാരികകളും, മാസികകളും പ്രധാനപ്പെട്ട ഇംഗ്ലീഷ് പത്രങ്ങളും പഞ്ചായത്തിൽ ലഭ്യമാണ്. പ്രചരണത്തിന്റെ കണക്കുകളും പരിശോധിക്കുമ്പോൾ നിലവാരം കുറഞ്ഞ വാരികകൾക്കാണ് വായനക്കാർ കൂടുതൽ. വീടുകളിൽ പുസ്തകശേഖരമുള്ള അപൂർവ്വം ചില കുടുംബങ്ങളെങ്കിലും നമ്മുടെ പഞ്ചായത്തിലുണ്ട്. എന്നാൽ വിലപിടിച്ച രേഖകളും, താളിയോലകളും മുതലായവ കണ്ടെത്തുന്നതിനും സൂക്ഷിക്കുന്നതിനും വലിയ ഒരു പൈതൃകമുള്ള നമുക്ക് കഴിയാതെ പോയിരിക്കുന്നു.

കായികരംഗം

വള്ളുവനാടിന്റെ വീരേതിഹാസമായ ചാവേർപ്പടയിലെ അംഗങ്ങളായിരുന്നവരുടെ കുടുംബങ്ങളും മറ്റു സൈനിക സേവനങ്ങളും നടത്തിയ കുടുംബങ്ങളും ഉണ്ടായിട്ടും മുൻ തലമുറ നമുക്കായി പകർന്നു തന്ന ആയോധന പാരമ്പര്യം വേണ്ടത്ര കാത്തു സൂക്ഷിക്കാൻ നമുക്ക് കഴിഞ്ഞിട്ടില്ല.

വേനലറുതികളിൽ നാമ്പെടുക്കുന്ന കായിക ചലനങ്ങളും പുതുമഴയിൽ തന്നെ ഒലിച്ചുപോകുന്നതാണ് കാണാൻ കഴിയുന്നത്. ഒരു വിനോദമെന്നതിനപ്പുറം ശാരീരികവും മാനസികവുമായ വളർച്ചക്കുപകരിക്കുന്ന സപോർട്സ് നമ്മുടെ സംസ്കാരത്തിന്റെ അവശ്യഘടകമായി മാറ്റിയെടുക്കാൻ കഴിഞ്ഞിട്ടില്ല.

ദേശീയ സ്വാതന്ത്ര്യസമരം അലയടിക്കുന്ന നാളുകളിൽ ആളുകളുമായുള്ള നിത്യസമ്പർക്കത്തിനായി തുടങ്ങിവെച്ച വോളിബോളും, ഫുട്ബോളും തുടങ്ങിയ കളികളും പ്രാദേശികമായി കളിക്കാരെ സൃഷ്ടിച്ചു. ഈ മേഖലകളിലൊന്നും പ്രതിഭകളെ കണ്ടെത്താനും കഴിവനുസരിച്ച് പ്രോത്സാഹനം നല്കാനും നമുക്കായില്ല.

കളിച്ചുവളരാൻ നമുക്കുള്ളത് പുലാമന്തോളും ഹൈസ്കൂൾ ഗ്രൗണ്ട് മാത്രമാണ്. പഞ്ചായത്തിന് നിലവിലുള്ള മിനി സ്റ്റേഡിയം (വേണ്ടത്ര) ഉപയോഗ്യമല്ല. ഇലക്ട്രോണിക്സ് മാധ്യമങ്ങൾ അന്തർദേശീയ മത്സരങ്ങൾ ആസ്വദിക്കാൻ അവസരമുണ്ടാക്കിയെങ്കിലും അതുപോലെയുള്ള കായിക നിലവാരത്തിലേക്കുയരാൻ ആരുടെ ഭാഗത്ത് നിന്നും പരിശ്രമുണ്ടായില്ല. ബഹുമുഖ വളർച്ചക്കുതകുന്ന സ്പോർട്സ് വളരേണ്ടതുണ്ട്. അതിനായി ഗ്രാമങ്ങളും തോറും കളിസ്ഥലങ്ങളും നിർമ്മിച്ച്

നിലവിലുള്ള കലാസാംസ്ക്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	മെമ്പർമാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	ഏതു സ്ഥാപനത്തോടു അഫിലിയേറ്റു ചെയ്തിരിക്കുന്നു	പ്രവർത്തന മേഖലകൾ
1	അനശ്വര കല-സാംസ്കാരിക വേദി	1984	45	വാടക കെട്ടിടം	-	കേരള സംഗീത നാടക അക്കാദമി	കലാ-കായിക-സാംസ്കാരിക രംഗം
2	നാട്ടരങ്ങ് കലാ - സാംസ്കാരികവേദി	1985	-	ഇല്ല	-	കേരള സംഗീത നാടക അക്കാദമി	കലാ-കായിക-സാംസ്കാരിക രംഗം
3	മമത ആർട്സ് സ്പോർട്സ ക്ലബ്ബ് വളയപുരം	1989	55	ഇല്ല	-	നെഹ്റു യുവ കേന്ദ്ര	കലാ-കായിക-സാംസ്കാരിക രംഗം
4	ലൂയിസ് - ഇലവൻ കൊച്ചറൽ ക്ലബ്ബ്	1996	60	ഇല്ല	-	സൊസൈറ്റീസ് റേജിസ്ട്രേഷൻ ആക്ട്. റെജി. നമ്പർ : 476/96	കലാ-കായിക-സാംസ്കാരിക രംഗം
5	ടാസ്ക് തിരുനാരായണപുരം	1991	73	ഇല്ല	-	നെഹ്റു യുവകേന്ദ്ര	കലാ-കായിക-സാംസ്കാരിക രംഗം
6	കൈരളി തിയ്യറ്റേഴ്സ് കരുവമ്പലം	1980	49	ഇല്ല	-	കേരള സംഗീത നാടക അക്കാദമി	കലാ-സാംസ്കാരികരംഗം
7	പൗരസമിതി നീലുകാവിൽ കുളമ്പ്	1995	-	ഇല്ല	-	-	കലാ-സാംസ്കാരിക രംഗം
8	പ്രിയദർശിനി കലാ-സാംസ്കാരികസമിതി, പാലൂർ	1990	-	ഇല്ല	-	നെഹ്റു യുവകേന്ദ്ര	,,
9	സി. എച്ച്. ആർട്സ് & സ്പോർട്സ് ക്ലബ്ബ്	1996	15	ഇല്ല	-	-	,,
10	പുലാമന്തോൾ വോളി ക്ലബ്ബ്	-	-	ഇല്ല	-	-	കായിക രംഗം
11	സ്വാതി ആർട്സ് & സ്പോർട്സ് ക്ലബ്ബ് മരക്കാത്തുപറമ്പ്	-	-	-	-	-	കലാ-സാംസ്കാരിക രംഗം
12	അനുപമ കലാസാംസ്കാരിക വേദി	1987	-	ഇല്ല	-	-	,,

നിലവിലുള്ള കലാസാംസ്ക്കാരിക സ്ഥാപനങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	മെമ്പർമാരുടെ എണ്ണം	കെട്ടിടത്തിന്റെ വിവരം	ധനസഹായത്തിന്റെ വിവരം	ഏതു സ്ഥാപനത്തോടു അഫിലിയേറ്റു ചെയ്തിരിക്കുന്നു	പ്രവർത്തന മേഖലകൾ
13	സംഗീത് ആർട്സ് & സ്പോർട്സ് സാംസ്കാരിക വേദി	1994	-	-	-	-	കലാ-സാംസ്കാരിക രംഗം
14	മാലാപറമ്പ് ആർട്സ് സപോർട്സ്, ചെമ്മലശ്ശേരി	-	-	ഇല്ല	-	നെഹ്റു യുവ കേന്ദ്ര	കലാ-കായിക-സാംസ്കാരിക ആരോഗ്യ രംഗം
15	മൈത്രി ആർട്സ് സ് & പോർട്സ ക്ലബ്ബ് ചെമ്മലശ്ശേരി	1995	-	ഇല്ല	-		സ്പോർട്സ് ക്ലബ്ബ്
16	ആര്യപള്ളം സ്മാരക മഹിളാസമാജം	-	-	ഇല്ല	-		സാമൂഹ്യപ്രവർത്തനങ്ങൾ
17	പാലൂർ മഹിളാസമാജം	-	-	ഇല്ല	-		സാമൂഹ്യപ്രവർത്തനങ്ങൾ
18	മമത മഹിളാസമാജം വളപുരം	1993	-	ഇല്ല	-	നെഹ്റു യുവ കേന്ദ്ര	സാമൂഹ്യപ്രവർത്തനങ്ങൾ ബോധവൽക്കരണ പരിപാടികൾ
19	ഫ്രൻസ് ആർട്സ് & സ്പോർട്സ ക്ലബ്ബ്	-	-	ഇല്ല	-	സ്പോർട്സ് കൗൺസിൽ	സ്പോർട്സ് രംഗം
20	പ്രിയദർശിനി ഫോറം സാംസ്കാരികസമിതി, പാലൂർ	1990	-	ഇല്ല	-	നെഹ്റു യുവകേന്ദ്ര	സ്പോർട്സ് ആരോഗ്യം

തന്നിരിക്കുന്ന ലിസ്റ്റിൽ ഭൂരിഭാഗം സംഘടനകളും ഇന്ന് നിർജ്ജീവമാണ്

നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	പേരും മേൽവിലാസവും	സ്ഥാപിച്ച വർഷം	കൈട്ടിടത്തിന്റെ വിവരം	നിലവിലുള്ള മെമ്പർമാരുടെ എണ്ണം	പുസ്തകങ്ങളുടെ എണ്ണം	പ്രതിദനം പുസ്തക വിതരണം	ഏതുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു	സർക്കാർ ഗ്രാൻറ് ലഭിക്കുന്നുണ്ടോ എന്ന്	മറ്റഭിപ്രായം
1	പുലാമന്തോൾ പഞ്ചായത്ത് സാംസ്കാരിക നിലയം	1960	സ്വന്തം	100	700	10	പഞ്ചായത്ത്	ഉണ്ട്	പത്രം, വാരികകൾ തുടങ്ങിയവ കുറവ്. സാധരണക്കാർ വായന കുറവാണ്
2	കെ. വി. രാമൻ സ്മാരക ഗ്രന്ഥശാല, പാലൂർ	1983	വാടക	145	2650	15	ഗ്രന്ഥശാലാ സംഘം	ഉണ്ട്	വായനക്കാർ മുൻകാലങ്ങളെ അപേക്ഷിച്ച് കുറവാണ്
3	മമത ഗ്രന്ഥശാല വളയപുരം	1995	വാടക	76	810	8	നെഹ്റു യുവ കേന്ദ്ര	ഇല്ല	വായനശീലമുള്ളവർ കുറവാണ്. പത്രം, വാരികകൾ കുറവാണ്
4	ഗൈഡൻസ് ലൈബ്രറി & റീഡിംഗ് റൂം, കുട്ടപ്പാറ	1995	വാടക	303	828	25	നെഹ്റു യുവ കേന്ദ്ര	ഇല്ല	പത്രം, വാരികകൾ കൂടുതൽ ആവശ്യമാണ്
5	സെയ്താലി സ്മാരക ഗ്രന്ഥാലയം, കുട്ടപ്പാറ	1975	വാടക	180	2993	30	ഗ്രന്ഥശാലാ സംഘം	ഉണ്ട്	ടെലിവിഷൻ ഉണ്ട് വായനക്കാർ കുറവാണ്
6	ടാസ്ക് ലൈബ്രറി T.N. പുരം	1991	വാടക	73	172	10	നെഹ്റു യുവകേന്ദ്ര	ഇല്ല	കൂടുതൽ പത്രം, വാരിക ഇവ ആവശ്യമാണ്. കുടുതൽ മധ്യവയ്സകരാണ്
7	മാലാപറമ്പ് പൊതുജന വായനശാല	1975	സ്വന്തം	100	1000	9	ഗ്രന്ഥശാലാ സംഘം	ഉണ്ട്	പ്രവർത്തനം ഇടയ്ക്ക് മന്ദീഭവിച്ചു. എങ്കിലും ഇന്ന് ഊർജ്ജിതമാണ്

പ്രോത്സാഹനം നൽകിയും കായിക പ്രതിഭകൾക്ക് വളരാൻ അവസരമുണ്ടാക്കണം. (ഇല്ലെങ്കിൽ കായികരംഗത്ത് നിന്നും നമ്മുടെ പ്രദേശം തുടച്ചുമാറ്റപ്പെടും)

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. പഞ്ചായത്തിലെ സന്നദ്ധസംഘടനകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഭരണസമതിയും സംഘടനാപത്രിനിധികളും ഉൾപ്പെടുന്ന കോ. ഓർഡിനേഷൻ കമ്മിറ്റിക്ക് രൂപം നൽകുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക.
2. സാംസ്കാരിക പ്രവർത്തനങ്ങൾക്ക് ഉപയുക്തമാക്കുന്നരീതിയിൽ വാർഷിക കലണ്ടർ ഉണ്ടാക്കുക.
3. വിവരങ്ങൾ ലഭിക്കുന്നതിനും സന്നദ്ധസംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിനും പഞ്ചായത്തിൽ സംവിധാനമുണ്ടാക്കുക.
4. സന്നദ്ധസംഘടനകളുടേയും ഗ്രന്ഥ ശാലകളുടേയും പ്രവർത്തനത്തിന് സാമ്പത്തിക സഹായവും മാർഗ്ഗനിർദ്ദേശങ്ങളും നൽകുക.
5. മത്സരപരിപാടികൾ അർഹിക്കുന്നഗൗരവത്തോടെ നടത്തുക. അതിൽ സന്നദ്ധസംഘടനകളുടെ പങ്കാളിത്തം ഉറപ്പാക്കുക.
6. കേരളോത്സവത്തിനുപുറമേ തനതുകലകളുടേയും ശാസ്ത്രീയ കലകളുടേയും മറ്റും പ്രദർശനങ്ങൾക്ക് പഞ്ചായത്തിൽ അവസരങ്ങളുണ്ടാക്കുക.
7. സംഗീത സമിതി രൂപികരിക്കുക.
8. സ്കൂളുകളിൽ സാഹിത്യസമാജവും കൈയ്യെഴുത്ത് മാസികകളും നിർബന്ധമാക്കുക.
9. വായനശാലകൾ നവീകരിക്കുന്നതിന് ധനസഹായം നൽകുക.
10. എല്ലാവാർഡുകളിലും വായനശാലകൾ ആരംഭിക്കുക.
11. വായനശാലകളിലും സാംസ്കാരിക സ്ഥാപനങ്ങളിലും ഹരിജൻ കോളനികളിലും റേഡിയോ , ടെലിവിഷൻ തുടങ്ങിയവ സ്ഥാപിക്കുക. അവക്ക് പൊതുപ്രവർത്തസമയം ഏർപ്പെടുത്തുകയും ചെയ്യുക.
12. ഇല്കട്രോണിക്സ് മാധ്യമങ്ങളിലൂടെയുള്ള അധാർമ്മികതക്കെതിരായി ബോധവല്കരണം നടത്തുക.
13. ആവശ്യമുള്ള സ്ഥലങ്ങളിൽ കളിസ്ഥലങ്ങൾ നിർമ്മിക്കുക. പ്രശസ്ത ക്ലബ്ബുകളുടെ മത്സരങ്ങളുടെ പ്രദർശനം നടത്തുക.
14. വോട്ടേഴ്സ് ലിസ്റ്റ് തയ്യാറാക്കൽ, സെൻസസ്, റേഷൻ കാർഡ് എഴുത്ത് തുടങ്ങിയ ജോലികൾ സന്നദ്ധ സംഘടനാ പ്രവർത്തകരെ ഏൽപിക്കുക.
15. ചെറിയ വികസനജോലികൾ സന്നദ്ധസംഘടനകളെ ഏൽപ്പിക്കുക.
16. ജനകീയ സമിതികളിൽ സന്നദ്ധസംഘടനകളുടെ പ്രാതിനിധ്യം ഉറപ്പുവരുത്തുക.
17. നമ്മുടെ പഞ്ചയത്തിന്റെ സാമൂഹ്യ സാംസ്കാരിക ചരിത്ര പശ്ചാത്തലം പഞ്ചായത്തിലെ സ്കൂളുകളിലെ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുക.
18. ചരിത്ര സ്മാരകങ്ങളായ പാലൂർ കോട്ട, ചീരട്ട മലയിലെ കൗണ്ടർ കോട്ട തുടങ്ങിയവ സംരക്ഷിക്കുക.
19. സ്പോർട്സ് കൗൺസിലിന്റെ അധികാരങ്ങൾ പഞ്ചായത്തിന് കൈമാറുക.
20. മദ്യം, മയക്കുമരുന്ന്, അനാചാരങ്ങൾ എന്നിവക്കെതിരായും ആരോഗ്യം ഉപഭോക്തൃക്ഷേമം സാമൂഹ്യക്ഷേമം എന്നീ വിഷയങ്ങളിലും ബോധവൽക്കരണപരിപാടികൾ പഞ്ചായത്ത് സമിതി സന്നദ്ധസംഘടനകളുടെ സഹകരണത്തോടെ നടത്തുക.

വനിത

അവലോകനം

ഇന്ത്യയുടെ നിയമനിർമ്മാണ സഭകളിൽ സ്ത്രീകളുടെ പങ്കാളിത്തവും പദവിയും ഉയർത്താനുള്ള ശ്രമങ്ങൾ ആരംഭിച്ചിരിക്കുകയാണ്. ഇന്ത്യൻ ശരാശരിയേക്കാൾ ഉയർന്ന സാക്ഷരതയും സാമൂഹ്യബോധവും സമൂഹത്തിലുള്ള സ്ഥാനവും കേരളത്തിൽ കൂടുതലാണ്. സംസ്ഥാന ശരാശരിയേക്കാൾ താഴെയല്ല നമ്മുടെ പഞ്ചായത്തിലെ വനിതകളുടെ അവസ്ഥ എങ്കിലും സാമൂഹ്യബോധത്തിലും സാംസ്ക്കാരിക നിലവാരത്തിലും ഇനിയും ബഹുദൂരം മുന്നേറാൻ ഉണ്ട്.

രാജ്യത്തിന്റെ സ്വാതന്ത്ര്യസമ്പാദനത്തിന് മുമ്പുതന്നെ വനിതാ സംഘടനകൾ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തനമാരംഭിച്ചു എന്ന് അഭിമാനിക്കാമെങ്കിലും വികസന പ്രക്രിയകളിലെ പ്രധാന ദൗർബല്യങ്ങളിലൊന്ന്, സ്ത്രീകൾ അവഗണിക്കപ്പെടുന്നു എന്ന വസ്തുത പുലാമന്തോൾ പഞ്ചായത്തിലും നിലനിൽക്കുന്നു. പഞ്ചായത്തിൽ വനിതാ പ്രസ്ഥാനങ്ങൾ പ്രവർത്തനമാരംഭിച്ചത് 1942 ലാണ്.

പഞ്ചായത്തിലെ ജനസംഖ്യയിൽ സെൻസസ് കണക്കനുസരിച്ച് പുരുഷൻമാരേക്കാൾ സ്ത്രീകളാണ്. 1991 ലെ സെൻസസ് പ്രകാരം പഞ്ചായത്തിൽ 15447 പുരുഷൻമാരും 14156 സ്ത്രീകളുമാണുള്ളത്. 6 വയസ്സിൽ താഴെയുള്ള കുട്ടികളിൽ കൂടുതൽ ആൺകുട്ടികളാണ്. വീട്ടിനകത്ത് മാത്രം കഴിഞ്ഞിരുന്ന സ്ത്രീക്ക് ആ ചങ്ങലകെട്ടുകളെ തകർക്കാനും സമൂഹത്തിൽ അവഗണനയുടെ തോത് കുറക്കാനും സാധിച്ചിട്ടുണ്ട്. എണ്ണത്തിലുള്ള വർദ്ധനവ് സമൂഹത്തിലെ സ്ഥാനത്തിൽ പ്രതിഫലിക്കുന്നില്ല എന്നതാണ് വസ്തുത. ആഘോഷങ്ങളിലും, പൊതു പരിപാടികളിലും സ്ത്രീകളുടെ പങ്കാളിത്തം കൂടുതൽ കാണാമെങ്കിലും സാമൂഹ്യപ്രവർത്തന മേഖലയിൽ വളരെ പിന്നിൽതന്നെയാണ്.

രാവുണ്ണിനമ്പ്യാർ മാസ്റ്ററുടെ നേതൃത്വത്തിൽ 1911 ൽ ആരംഭിച്ച പള്ളിക്കൂടത്തിലൂടെയാണ് പഞ്ചായത്തിൽ സ്ത്രീകൾ ആദ്യമായി പൊതുവിദ്യാഭ്യാസ രംഗത്ത് എത്തിയത്. അഞ്ച്, ആറ് വയസ്സുവരെ മാത്രമെ പഠിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നുള്ളൂ. അതിനുശേഷം വീട്ടുതടങ്കലാണ് സമൂഹം സ്ത്രീകൾക്ക് വിധിച്ചിരുന്നത്. പിന്നോക്ക വിഭാഗങ്ങളിലെ സ്ത്രീകൾക്ക് ആദ്യക്ഷരങ്ങൾ പരിചയിക്കാൻ കാലം പിന്നെയും കുറെ കഴിയേണ്ടിവന്നു.

സാമൂഹ്യ പരിഷ്ക്കരണ രംഗത്ത് സ്ത്രീകൾ പുറകിലായിരുന്നു എന്ന് ഇതിനർത്ഥമില്ല. 1930 കളിൽ നമ്പൂതിരി സമുദായത്തിലെ ഘോഷാ ബഹിഷ്ക്കരണത്തിൽ നമ്മുടെ പഞ്ചായത്തിലെ നമ്പൂതിരി സ്ത്രീകളും പങ്കെടുത്തിരുന്നു. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക് എന്നനാടകം പാലൂരിൽ അവതരിപ്പിച്ചിട്ടുണ്ട്. ശ്രീ. വി.ടി. ഭട്ടതിരിപ്പാടിന് സ്വീകരണം നൽകിയിട്ടുണ്ട്. ഏകദേശം നാല്പതു വർഷം മുമ്പുതന്നെ നമ്മുടെ പഞ്ചായത്തിൽ നിന്ന് രണ്ട് മുസ്ലീം പെൺകുട്ടികൾ സ്കൂൾ വിദ്യാഭ്യാസം കഴിഞ്ഞ് നഴ്സിങ്ങിന് ചേർന്നു എന്നതും വസ്തുതയാണ്.

എസ്.എസ്.എൽ.സി. വരേയും പ്രീഡിഗ്രി തലത്തിലും പഠിക്കുന്നവരിൽ പഞ്ചായത്തിൽ വിദ്യാർത്ഥിനികളാണ് കൂടുതൽ. പത്തു വർഷം മുമ്പുവരെ പോലും ഹൈസ്ക്കൂളിൽമുസ്ലീം പെൺകുട്ടികൾ കുറവായിരുന്നു. സാമൂഹ്യപരമായ മാറ്റവും ഗവൺമെൻറ് പ്രോത്സാഹനവും ഇന്ന് സ്ഥിതിയിൽ ഗുണപരമായ മാറ്റം വരുത്തിയിട്ടുണ്ട്. പട്ടികജാതി പെൺകുട്ടികളും ഇന്ന് ഹൈസ്ക്കൂൾ തലംവരെയെങ്കിലും പഠിക്കുന്നുണ്ട്. ഉന്നത വിദ്യാഭ്യാസരംഗത്ത് പുരുഷൻമാരാണ് മുന്നിൽ എന്നുതന്നെയല്ല സ്ത്രീകൾ വളരെ പുറകിൽ തന്നെയാണ്. പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരിണി കുണ്ടറക്കൽ മായാദേവി പെരുമ്പ്രശ്ശ്യാരാണ്.

ഔദ്യോഗിക രംഗത്ത് നമ്മുടെ പഞ്ചായത്തിലും സ്ത്രീകൾ വളരെ പിന്നിലാണ്. അദ്ധ്യാപനരംഗത്തുമാത്രം അദ്ധ്യാപികമാരാണ് കൂടുതൽ. മറ്റ് മേഖലകളിലെല്ലാം സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്. അംഗൺവാടി മേഖ

ലയിൽ 56 സ്ത്രീകളുണ്ട്. ബാക്കിയുള്ളവർ പണി യെടുക്കുന്നത് സ്വകാര്യ സ്ഥാപനങ്ങളിലും കൂലി ക്കാരും കൃഷിപണിക്കാരുമാണ്. തുണക്കടകളിലും ഫാൻസി സ്റ്റോറുകളിലും മറ്റും ചുരുങ്ങിയ പ്രതി ഫലം നൽകി സ്ത്രീകളെ ജോലിക്ക് നിർത്തുന്നു. തൊഴിൽ എടുക്കുന്ന സ്ത്രീ -പുരുഷ അന്തരം കാണിക്കുന്ന പട്ടിക അന്യത്ര. എണ്ണം വർദ്ധിച്ചെ ങ്കിലും തൊഴിൽ മേഖലകളിൽ സ്ത്രീകൾ ഇന്നും അവഗണിക്കപ്പെടുന്നു. സാമൂഹ്യ ബന്ധങ്ങളിൽ വന്ന മാറ്റവും, കൂട്ടുകുടുംബങ്ങൾ ഇല്ലാതായതും സ്ത്രീ വിദ്യാഭ്യാസം നേടിയതും, എല്ലാറ്റിനും പുരുഷ ൻമാരെ ആശ്രയിക്കുന്നതിലുള്ള വിമുഖതയും മറ്റു കുടുംബ പ്രാരബ്ധങ്ങളുമാണ് സ്ത്രീകളെ തൊഴിൽ മേഖലയിലേക്ക് ആകർഷിച്ചത് . സർക്കാർ - അർദ്ധ സർക്കാർ സ്ഥാപനങ്ങളിലൊഴികെ മറ്റെല്ലാ രംഗ ങ്ങളിലും സ്ത്രീകൾക്ക് പുരുഷൻമാരെ അപേക്ഷിച്ച് വേദന കൂടുതലും വേതനം കുറവു മാണ്. വിവിധ രംഗങ്ങളിലെ കൂലി നിരക്കുകളുടെ പട്ടിക ചേർത്തിട്ടുണ്ട്.

കൂലി കൂടുതൽ വാങ്ങുന്നത് പുരുഷൻമാരെ ങ്കിലും സ്ത്രീകൾ വാങ്ങുന്ന കുറഞ്ഞ കൂലിയാണ് കുടുംബ ആവശ്യങ്ങൾക്ക് പൂർണ്ണമായി ഉപയോ ഗിക്കപ്പെടുന്നത്. തൊഴിലെടുക്കാത്ത സ്ത്രീകളില ധികവും ഗൃഹഭരണത്തിൽ ഏർപ്പെട്ടിരിക്കുന്നു. വളരെ കുറച്ചുപേർ ആടുമാടുകളെ വളർത്തുന്നു. പഞ്ചായത്തിൽ കുടുംബനാഥൻമാരാണ് കൂടുതലെ ങ്കിലും കൂടുതൽ ഉത്തരവാദിത്വം കുടുംബങ്ങളിലെ സ്ത്രീകളിലാണ് അർപ്പിതമായിരിക്കുന്നത്.

വിധവാ അഗതി പെൻഷനും, കർഷക തൊഴി ലാളി പെൻഷനും നീതിപൂർവ്വമല്ല വിതരണം ചെയ്യ പ്പെടുന്നത്. കിട്ടാനുള്ള കാലതാമസവും അർഹത പ്പെട്ടവർ പരിഗണിക്കാതെ പോകുന്നതുമാണ് പ്രധാന പോരായ്മ.

പഞ്ചായത്തിൽ 28 അംഗൻവാടികളും ഒരു P.H.C യും 6 സബ്ബ് സെൻററുകളും ഒരു ആയുർവേദ ഡിസ്പെൻസറിയും പ്രവർത്തിക്കുന്നു. ആരോഗ്യപ രിപാലനത്തിൽ P.H.C. കണക്കനുസരിച്ച് രോഗാ തുരതയുടെ കാര്യത്തിൽ സ്ത്രീകളുടെ സ്ഥിതി മോശമാണ് എന്ന്പ്രൈമറി ഹെൽത്ത് സെൻററിലെ കണക്കുകൾ സൂചിപ്പിച്ചു. അംഗനവാടികളുമായി ബന്ധപ്പെട്ട അമ്മമാരുടെ കണക്ക് താഴെ കൊടു ക്കുന്നു

ആകെ ഗർഭിണികൾ	-	239
മുലയൂട്ടുന്ന അമ്മമാർ	-	289
പ്രത്യേക പരിചരണം വേണ്ടവർ	-	189
അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ	-	189

വനിതകൾക്ക് മാത്രമായി ഒരു ഖാദി നൂൽനൂ ൽപ്പ് കേന്ദ്രവും, ഒരു സോപ്പുകമ്പനിയും (കുടിർ) DWCRA യൂണിറ്റും ഉണ്ട്. പഞ്ചായത്തിൽ മാലാ പറമ്പിലും, പാലൂരും, വളപുരത്തും മഹിളാ സമാജങ്ങൾ പ്രവർത്തിക്കുന്നുണ്ട്. CBNP യുടെ പ്രവർത്തനം സ്ത്രീകളുടെ നേതൃത്വത്തിലാ ണെങ്കിലും പദ്ധതിയെക്കുറിച്ചുള്ള ബോധവ ൽക്കരണത്തിൻെറ കുറവും പദ്ധതിയിലൂടെ യുള്ള വരുമാനകുറവും ത്രിഫ്റ്റ്സൊസൈറ്റി രൂപീകരണമടക്കമുള്ള പ്രവർത്തനവും മെച്ചപ്പെ ട്ടിട്ടില്ല.

വളരെ മുമ്പുതന്നെ അദ്ധ്യാപന രംഗത്തേക്ക് കടന്നുവന്ന T.P തിത്തി, ലക്ഷ്മിക്കുട്ടി പിഷാ രസ്യാർ തുടങ്ങിയവർ ഉണ്ടായിട്ടും പൊതുപ്ര വർത്തന രംഗത്ത് സ്ത്രീ പങ്കാളിത്തം കുറ വാണ്. സാക്ഷരത പ്രവർത്തനരംഗത്ത് സ്ത്രീ കൾ സജീവമായിരുന്നു. സാക്ഷരത ക്ലാസ്സുക ളിലും സ്ത്രീകളായിരുന്നു കൂടുതൽ. സാക്ഷര തായജ്ഞം കൂടുതൽ പ്രയോജനപ്പെട്ടതും സ്ത്രീ കൾക്കാണ്. കുടുംബത്തിലെ ഭാരിച്ച ഉത്തര വാദിത്വവും സമൂഹത്തിലെ പുരുഷ ആധിപ ത്യവും സ്ത്രീകൾക്ക് സാമൂഹ്യ പ്രവർത്തന രംഗത്തേക്ക് കടന്നുവരുവാനുള്ള വിലങ്ങുത ടികളാണ്. പുരുഷൻ തീർക്കുന്ന മണിമാളിക കളിലിരുന്ന്ജീവിതം തള്ളി നീക്കുന്നവരും ഇല്ലാ തില്ല. ഗൾഫ് പണസ്വാധീനവും അനുകരണ ഭ്രമവും, സ്ത്രീധന സമ്പ്രദായവും നമ്മുടെ പഞ്ചായത്തിൽ വ്യാപകമാകുന്നുണ്ട് (എന്ന് നാം പരിശോധിക്കണം).

സ്ത്രീകളെ ഉപഭോഗവസ്തുക്കളാക്കി വീണ്ടും മാറ്റുന്ന ആധുനിക മാധ്യമങ്ങൾ സ്ത്രീകളുടെ സാമൂഹ്യ പദവിക്ക് മങ്ങലേൽപ്പിക്കുന്ന പ്രവണത നമ്മുടെ പഞ്ചായത്തിലും സ്വാധീനം ചെലുത്തിയിട്ടുണ്ട്. ശൈശവ വിവാഹങ്ങൾ പൂർണ്ണമായും നിലച്ചിട്ടില്ല.

പട്ടിക - 1

കൂലിവിവരം

തൊഴിൽമേഖല	സ്ത്രീകൾ	പുരഷൻമാർ
കർഷകതൊഴിലാളി	50-60	100 - 125
നിർമ്മാണ തൊഴിലാളി	70-80	125 150

പ്രശ്നങ്ങൾ

ഗൾഫ് പണ സ്വാധീനം സ്ത്രീകളിൽ ധന വിനിയോഗത്തിൽ സ്വാതന്ത്ര്യം ഉണ്ടാക്കിയെങ്കിലും ധനകാര്യ മാനേജ്മെൻറ് തൃപ്തികരമായി നിർവ്വഹിക്കപ്പെടുന്നില്ല.

അനുയോജ്യമായ തൊഴിൽ മേഖല ഇല്ലെന്നത് ഒരു ശാപമായി നിലനിൽക്കുന്നു. ഖാദി നൂൽനൂൽപ്പ് കേന്ദ്രത്തിൽ വേതനം കുറവും സൗകര്യങ്ങളുടെ കുറവും മൂലം അവിടെഒഴിഞ്ഞ് പോക്ക് തുടരുന്നു. ശാസ്ത്രീയമായ സമീപനത്തിലൂടെ ഈ മേഖലയെ മാറ്റിയെടുക്കാൻ കഴിയും. ഉല്പാദന - വിപണന മാർഗ്ഗങ്ങൾ മെച്ചപ്പെടുത്തി കുടിർസോപ്പ് നിർമ്മാണ യൂണിറ്റും മാറ്റിയെടുക്കണം.

സ്ഥാപനങ്ങൾ - പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള സൗകര്യങ്ങൾ ഇല്ല. ഇത് സ്ത്രീകളുടെ ആരോഗ്യത്തെ ബാധിക്കുന്നു. പൊതു സ്ഥാപനങ്ങൾ, പൊതു സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഇതിനായി സൗകര്യങ്ങൾ ഉണ്ടാക്കണം. ജോലിക്കു പോകുന്ന സ്ത്രീകളുടെ കുട്ടികളെ പരിചരിക്കുന്നതിനുള്ള സംവിധാനം ഇല്ല. സാമൂഹ്യ ബോധത്തിൻെറ കുറവ്, വേണ്ടത്ര പരിശീലനമില്ലായ്മ, ഉല്പാദിപ്പിക്കപ്പെടുന്ന വസ്തുക്കൾ മര്യാദ വിലക്ക് വിറ്റഴിക്കാൻ കഴിയുന്നില്ല. ഇത് ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ നിരാശരാക്കുന്നു.

ആവശ്യത്തിന് ബസ് സർവ്വീസുകൾ പഞ്ചായത്തിൽ കുറവായതുകൊണ്ട് 'പാരലൽ സർവ്വീസിന്' കൂടുതൽ ആശ്രയിക്കേണ്ടിവരുന്നത് സ്ത്രീകളിലും വിദ്യാർത്ഥിനികളിലും യാത്ര ബുദ്ധിമുട്ടാക്കിതീർക്കുന്നു. സ്ത്രീകളുടെ വായനാനിലവാരം കുറവാണ്. വായനശാലകളുമായി ബന്ധപ്പെടുന്ന സ്ത്രീകളുടെ എണ്ണം പരിമിതമാണ്.

പട്ടിക - 2

91 - സെൻസസ്

തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം	പുരുഷൻമാരുടെ എണ്ണം
കർഷകൻ	50	1016
കർഷകതൊഴിലാളി	566	1679
മൃഗസംരക്ഷണം	16	98
ചെറുകിടവ്യവസായം	80	390
കെട്ടിടനിർമ്മാണം	150	391
ഗതാഗതം & വാർത്താവിനിമയം	15	250
വ്യാപാരം	25	644
മറ്റുള്ളവ	237	795

91 സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ തൊഴിലില്ലാത്തവരുടെ എണ്ണത്തിൽ 22661 പേരിൽ 14051 പേരും സ്ത്രീകളാണ്.

സാദ്ധ്യതകളും നിർദ്ദേശങ്ങളും

1. സ്ത്രീകൾക്കായുള്ള ബോധവൽക്കരണ പരിപാടികൾ വ്യാപകമായി സംഘടിപ്പിക്കണം

2. അന്ധവിശ്വാസങ്ങളേയും, അനാചാരങ്ങളേയും ചെറുത്തുതോല്പിക്കാൻ സ്ത്രീകളെ പ്രാപ്തരാക്കണം.

3. സ്വന്തമായ വരുമാനം കണ്ടെത്തുന്നതിന് ചെറുകിട വ്യവസായങ്ങൾ ആരംഭിക്കാൻ ആവശ്യമായ പരിശീലനവും, സാമ്പത്തിക സഹായവും ഉറപ്പുവരുത്തണം

4. ഉൽപ്പന്നങ്ങൾ വിറ്റഴിക്കാനുള്ള സൗകര്യം ഉണ്ടാക്കണം.

5. അടുക്കളത്തോട്ടം എല്ലാ വീടുകളിലും നിർബന്ധമാക്കണം.

6. കൂലിയിലുള്ള (അന്യായമായ) വിവേചനം അവസാനിപ്പിക്കാൻ സംവിധാനം ഉണ്ടാക്കണം.

7. പഞ്ചായത്ത് മദ്യവിമുക്തമാക്കുന്നതിന് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിക്കണം.

8. യാത്രാപ്രശ്നം പരിഹരിക്കുന്നതിന് K.S.R.T.C. ബസ്സുകളുടെ സർവ്വീസ് ആരംഭിക്കണം.

9. ജോലിക്ക് പോകുന്ന സ്ത്രീകളുടെ കുട്ടികളെ പകൽസമയത്ത് പരിപാലിക്കുന്നതിന്, പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രഷേ സമ്പ്രദായം ഉണ്ടാക്കണം.

10. DWCRA യൂണിറ്റ്, കുടിർ സോപ്പ് നിർമ്മാണയൂണിറ്റ്, ഖാദി നൂൽ നൂൽപ്പ് കേന്ദ്രംഎന്നിവ മെച്ചപ്പെടുത്തണം.

11. അംഗൻവാടികൾക്ക് സ്വന്തമായ കെട്ടിടവും, കളിസ്ഥലവും, മറ്റു സൗകര്യങ്ങളും നൽകണം.

12. CBNP യെ കുറിച്ചും ബോധവൽക്കരണം നടത്തി പ്രവർത്തനം വിപുലമാക്കണം.

13. വിദ്യാലയങ്ങളിൽ മാതൃ - രക്ഷാകർതൃ സംഘടന രൂപീകരിക്കുകയും മാതൃസംഗമങ്ങൾ നടത്തുകയും വേണം.

14. സ്ത്രീകൾക്ക് പൊതു പ്രശ്നങ്ങളിൽ ഇടപെടാനും പ്രവർത്തിക്കാനും സൗകര്യംവേണം.

15. സ്ത്രീധന സമ്പ്രദായം നിയമംമൂലം നിരോധിച്ചാൽ പോരാ, വാങ്ങുന്നവരേയും കൊടുക്കുന്നവരേയും കർശനമായി ശിക്ഷിക്കാനുള്ള നടപടിയുണ്ടാവണം.

16. മഹിളാ സമാജങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

17. അശരണരായ സ്ത്രീകൾക്ക് സൗജന്യ നിരക്കിൽ വീടുനിർമ്മിച്ചു കൊടുക്കണം.

18. അംഗൻവാടികൾ കേന്ദ്രീകരിച്ച് മഹിളാസമാജങ്ങൾ രൂപീകരിക്കുകയും, പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്തുതലത്തിൽ വനിതാക്ഷേമബോർഡ് ഏർപ്പെടുത്തുകയും വേണം.

19. വനിതാ സഹകരണസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കണം.

20. വിവാഹങ്ങളുടെ ആർഭാടം ഒഴിവാക്കണം.



പട്ടിക 1
കാർഷിക വായ്പ സംഘങ്ങൾ

ക്രമ നമ്പർ	സംഘങ്ങളുടെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗങ്ങൾ	ഓഹരി മൂലധനം (000)	വായ്പകൾ (000)	നിക്ഷേപങ്ങൾ(000)	വായ്പ കൊടുത്തത്		പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ	
								കാർഷികം	കാർഷിക കേതരം		ലാഭം(000)	നഷ്ടം (000)	സ്ഥിരം	മറ്റുള്ളവർ
1	പുലാമന്തോൾ സർവ്വീസ് സഹകരണ ബാങ്ക്	23.7.52 (1952)	പുലാമന്തോൾ വില്ലേജ്	8771	596	4500	18254	1783	16387	240 ലക്ഷം	-	2597	5	1
2	കുരുവമ്പലം സ.സ. ബാങ്ക്	1919 (10.1.'19)	ചെമ്മലശ്ശേരി കുരുവമ്പലം	6974	593	4677	9156	1605	8813	143 ലക്ഷം		2017	8	3
			പട്ടിക – 2 ക്ഷീരവ്യവസായ സംഘങ്ങൾ											
1	പുലാമന്തോൾ പാൽ വിതരണസംഘം	1972	ചെമ്മലശ്ശേരി, മാലാപാമ്പ് പ്രദേശങ്ങൾ	324	3520	-	-	-	-	18520	15591	-	1	-
			പട്ടിക 3. സ്കൂൾ സഹ. സംഘങ്ങൾ											
1	പുലാമന്തോൾ ജി.എച്ച്.എസ്.	1958	പുലാമന്തോൾ ജി.എച്ച്.എസ്.	10189	10466	-	-	-	-	8371.16	4099	-	-	-
2	ചെമ്മല എ.യു.പി.എസ്. സംഘം	1976	ചെമ്മല എ.യു.പി.എസ്.	1100	5689	-	-	-	-	7385	2533	-	-	-
3	ചേലക്കോട് എ.യു.പി.എസ്. സംഘം	1976	എ.യു.പി.എസ്. പുലാമന്തോൾ, എ.എം.എൽ.പി.എസ്. ടി.എൻ.പുരം, എ.എൽ.പി.എസ്. പാലൂർ, എ.യു.പി.എസ്. ചേലക്കോട്	2514	4003	-	-	-	-	6934	2713	-	-	-
4	കുരുവമ്പലം ജി.യു.പി.എസ്. സംഘം	1989	കുരുവമ്പലം ജി.യു.പി.എസ്.	1805	3733	-	-	-	-	4059	825	-	-	-
			പട്ടിക 4. പട്ടികജാതി സഹ. സംഘം											
1	പുലാമന്തോൾ പഞ്ചായത്ത് പട്ടികജാതി സഹ. സംഘം	1986	പുലാമന്തോൾ പഞ്ചായത്ത്	444	109499	-	-	21481	65090	102830	-	65890	1	-

സഹകരണം

1918 ൽ രജിസ്റ്റർ ചെയ്ത് 1919 ജനുവരി മാസത്തോടെ പ്രവർത്തനം ആരംഭിച്ചതും ചെമ്മലശ്ശേരി ആസ്ഥാനമായതുമായ വിവിധോദ്ദേശ ഐക്യനാണയ സംഘത്തോടെയാണ് സഹകരണപ്രസ്ഥാനത്തിന്ന് ഈ പഞ്ചായത്തിൽ തുടക്കം കുറിക്കുന്നത്. 1961 മെയ്മാസം19 മുതൽ ഈ സംഘമാണ് ഇന്നത്തെ കുരുവമ്പലം സർവ്വീസ് സഹകരണ ബാങ്കായി മാറിയത്. 1952-ൽ ആരംഭിച്ച പുലാമന്തോൾ ഐക്യനാണയസംഘമാണ് 1961 മുതൽ പുലാമന്തോൾ സർവ്വീസ് സഹകരണബാങ്കായി പ്രവർത്തിച്ചു വരുന്നത്.

സഹകരണസംഘങ്ങളുടെ ഇന്നത്തെ അവസ്ഥ

പുലാമന്തോൾ പഞ്ചായത്തിലെ പ്രമുഖ സഹകരണ സ്ഥാപനങ്ങളായി കുരുവമ്പലം സർവ്വീസ് സഹകരണബാങ്കും പുലാമന്തോൾ സർവ്വീസ് സഹകരണബാങ്കും ഇന്നും നിലനിൽക്കുന്നു. ഇവ കൂടാതെ ഇപ്പോൾ ഒരു പട്ടിക ജാതി സഹകരണസംഘവും 4 സ്കൂൾ സഹകരണ സംഘങ്ങളും ഒരു ക്ഷീരവ്യവസായ സഹകരണ സംഘവും പ്രവർത്തിച്ചുവരുന്നു. രജിസ്റ്റർ ചെയ്തു എങ്കിലും വ്യവസായവകുപ്പിന്റെ കീഴിലുള്ള പുലാമന്തോൾ പഞ്ചായത്ത് സെറീകൾച്ചർ സഹകരണ സംഘവും, പുലാമന്തോൾ ടൈൽവർക്കേഴ്സ് സഹകരണസംഘവും കാര്യമായ പ്രവർത്തനം ഇതുവരെയും തുടങ്ങാൻ കഴിഞ്ഞിട്ടില്ല. കട്ടുപ്പാറയിൽ ജില്ലാ ബാങ്ക് ബ്രാഞ്ചും പ്രവർത്തിക്കുന്നുണ്ട്.

ഒരുവിധം നന്നായി പ്രവർത്തിച്ചുവന്നിരുന്ന പുലാമന്തോൾ പഞ്ചായത്ത് സഹകരണ ഡിസ്പൻസറി ഏതാനും വർഷങ്ങളായി പ്രവർത്തനം നിലച്ചു. പ്രവർത്തനക്ഷമമാക്കാൻ കഴിയാതെ സഹകരണവകുപ്പ് ഈ ഡിസ്പൻസറി സമാപ്തീകരണത്തിന് തുടക്കം കുറിച്ചിരിക്കുകയാണ്.

കാർഷികമേഖല

ഏകദേശം ഒരുകോടി രൂപ കാർഷിക വായ്പയായി നൽകാൻ ആവശ്യമാണെങ്കിലും 31 ലക്ഷത്തോളം രൂപയേ ഈ മേഖലയിൽ വായ്പ നൽകാൻ കഴിയുന്നുള്ളു.

പുലാമന്തോൾ സർവ്വീസ് സഹകരണബാങ്ക്; ഈ ബാങ്കിന്റെ പ്രവർത്തനമേഖല പുലാമന്തോൾ പഞ്ചായത്തിലെ ഒന്നു മുതൽ 5 കൂടിയ വാർഡും 6, 12 വാർഡുകളിലെ ഭാഗങ്ങളും ഉൾപ്പെടുന്നതാണ്. 1500 കർഷക കുടുംബങ്ങളുണ്ട്. മുഴുവൻ കർഷകരും അംഗങ്ങളായിട്ടില്ലെങ്കിലും ഭൂരിഭാഗം കർഷകരും അംഗങ്ങളാണ്. ഹ്രസ്വകാല കാർഷിക വായ്പയായി 18 ലക്ഷം രൂപ മാത്രമെ നൽകാൻ കഴിഞ്ഞിട്ടുള്ളു. ബാങ്കിന്റെ കീഴിൽ നടത്തുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതിയിൽ നാണ്യവിളകൾക്കും നെൽകൃഷിക്കും കൂടി ഏകദേശം 100 ഏക്കർ സ്ഥലത്ത് ജലസേചനം നടത്താൻ കഴിയുന്നുണ്ട്. ഇതിന്റെ പ്രവർത്തനം കുറ്റമറ്റതാക്കിതീർക്കുന്നതിന് നിലവിലുള്ള കനാലുകൾ മാറ്റി ഉണ്ടാക്കേണ്ടതുണ്ട്. ഇതിന്നായി പുതിയ സ്ഥിരം കനാലുകൾ നിർമ്മിക്കുന്നതിന് കൃഷിവകുപ്പിന്റെ സാമ്പത്തിക സഹായത്തോടെ പദ്ധതികൾ ആവിഷ്ക്കരിക്കേണ്ടതും കൂടുതൽ സ്ഥലത്തേക്ക് ജലസേചനം നടത്തേണ്ടതുമാണ്. ഈ പദ്ധതി പൂർണ്ണമായുംകൃഷിക്ക് ഉപയുക്തമായതിനാൽ വൈദ്യുതി സൗജന്യമായി നൽകേണ്ടതാണ്.

കുരുവമ്പലം സർവ്വീസ് സഹ. ബാങ്ക്; പഞ്ചായത്തിലെ ചെമ്മലശ്ശേരി കുരുവമ്പലം(7മുതൽ 12 കൂടിയ വാർഡും 6-ാം വാർഡിന്റെ ഭാഗവും) പ്രദേശങ്ങൾ പ്രവർത്തനമേഖലയാണ്. 16 ലക്ഷം രൂപ കാർഷിക ഹ്രസ്വകാല വായ്പയായി നൽകിയിട്ടുണ്ട്. ഇത് ആകെ ആവശ്യമായ വായ്പയുടെ 30 ശതമാനം മാത്രമെ വരുന്നുള്ളു. 3000 കാർഷിക കുടുംബങ്ങളുണ്ട്. അവരെ മുഴുവനും അംഗങ്ങളാക്കാൻ കഴിഞ്ഞിട്ടില്ല.വളം, കീടനാശിനി എന്നിവ വിതരണം നടത്തുന്നുണ്ട്. ഓണച്ചന്ത നടത്തിവരാറുണ്ട്. മാലാപറമ്പ് കുടിയേറ്റ മേഖലയിൽ ഇതിന്റെ ഒരു ബ്രാഞ്ച് പ്രവർത്തിക്കുന്നുണ്ട്. കാർഷിക കാർഷികേതര കടങ്ങളും വളം കീടനാശിനി മുതലായവയും വിതരണം നടത്തുന്നുണ്ട്. മുൻ വർഷങ്ങളിൽ കൊപ്ര സംഭരണവും നടത്തി

യിരുന്നു.

ഈ രണ്ടു ബാങ്കുകളും ലാൻറ് രജിസ്റ്റർ പ്രകാരം ക്രെഡിറ്റ് ലിമിറ്റ് സ്റ്റേറ്റ്മെൻറ് തയ്യാറാക്കി വർഷംതോറും ജില്ലാ ബാങ്കിൽനിന്നും അംഗീകാരം വാങ്ങുന്നുണ്ടെങ്കിലും അർഹമായ എല്ലാവർക്കും ആവശ്യമായ തുക വായ്പ നൽകാൻ നിലവിലുള്ള സംവിധാനത്തിൽ കഴിയുന്നില്ല.

ഇവ കൂടാതെ പുലാമന്തോളിലുള്ള ഫെഡറൽബാങ്കും സൗത്ത് മലബാർ ഗ്രാമീൺ ബാങ്കുംഒരു പരിധിവരെ കർഷകർക്ക് ഹ്രസ്വകാല വായ്പകൾ നൽകിവരുന്നുണ്ട്.

പഞ്ചായത്തിലെ സഹ. സംഘങ്ങളുടെ പട്ടിക താഴെ കൊടുത്തിരിക്കുന്നു.

ദീർഘകാല വായ്പ

പെരിന്തൽമണ്ണ താലൂക്ക് പ്രവർത്തനപരിധിയുള്ള പെരിന്തൽമണ്ണ കാർഷിക വികസന ബാങ്ക് ഈ പഞ്ചായത്തിലും കാർഷീകാവശ്യങ്ങൾക്കും, ഭവനനിർമ്മാണത്തിന്നും,മറ്റു പദ്ധതിവായ്പകളും നൽകിവരുന്നുണ്ട്. വേണ്ടത്ര ഫണ്ട് ഈ സംഘത്തിന് ലഭ്യമാണെങ്കിലും വായ്പ ലഭിക്കുന്നതിലും, വിതരണത്തിലുമുള്ള പ്രയാസങ്ങൾ പൊതുജനങ്ങളെ വായ്പ വാങ്ങുന്നതിൽനിന്നും നിരുത്സാഹപ്പെടുത്തുന്നുണ്ട്.

ഹൗസിങ്ങ് സൊസൈറ്റിയും ഭവനനിർമ്മാണ വായ്പ ഈ പഞ്ചായത്തിൽ വിതരണം നടത്തുന്നുണ്ട്.

വിവിധ രംഗങ്ങളിൽ നടപ്പാക്കേണ്ട പരിഷ്ക്കാരങ്ങൾ;

1) വളം കീടനാശിനി വില, കൂലി തുടങ്ങിയവയിൽ ഉണ്ടായ ക്രമാതീതമായ വർദ്ധനവ് കണക്കിലെടുത്ത് കാർഷിക കടങ്ങൾക്ക് അനുവദിക്കുന്ന സംഖ്യ വർദ്ധിപ്പിക്കുക. അതായത് വായ്പാ തോത് വർദ്ധിപ്പിക്കുകയും പരിധി വർദ്ധിപ്പിക്കുകയും ചെയ്യുക.

2) A.P.C.R ഇനത്തിൽ പലിശ സബ്സിഡി-പ്രൊഡക്ഷൻ ഇൻസൻറീവ് ഇപ്പോൾ വായ്പതീർത്ത് വർഷങ്ങൾക്കുശേഷമാണ് ലഭ്യമാക്കുന്നത്. ഇത് വായ്പ തീർക്കുന്ന അവസരത്തിൽ ലഭ്യമാക്കാൻ നടപടി വേണം. ഈ പദ്ധതി ബാങ്കുകളുടെ അവധിബാക്കി കുറച്ചു കൊണ്ടുവരുന്നതിന്ന് വളരെ സഹായകരവുമാണ്.

3) കാർഷിക വായ്പാരംഗത്ത് ഇൻഷുറൻസ് ഏർപ്പെടുത്തണം. വിളനാശം, വായ്പക്കാരൻറെ മരണം എന്നിവയ്ക്ക് ഇൻഷുറൻസ് ഏർപ്പെടുത്തുന്നത് സംഘങ്ങൾക്കും ഗുണകരമായിരിക്കും.

4) ഇപ്പോൾ നിലവിലുള്ള ത്രിതല സമ്പ്രദായം പുന:ക്രമീകരിക്കുക. ഇത് വായ്പകൾക്ക് പലിശ വർദ്ധനവിന് കാരണമാവുന്നു. നബാർഡിൽനിന്നും പ്രൈമറി സംഘങ്ങൾക്ക് നേരിട്ട് ലഭ്യമാക്കേണ്ടതും, പ്രവർത്തനചിലവ് നബാർഡ് വഹിക്കേണ്ടതുമാണ്. ഈ ക്രമീകരണത്തിലൂടെ പലിശനിരക്ക് 5, 6 ശതമാനത്തിൽ കവിയുന്നില്ലെന്ന് ഉറപ്പുവരുത്തുക.

5) എല്ലാ കർഷകരെയും അംഗങ്ങളാക്കേണ്ടതാണ്.

6) ഓഹരിവില കൂട്ടുകയും, ഓഹരി അനുപാതം ക്രമീകരിക്കുന്നതിന്ന് നടപടി ഉണ്ടാവുകയും വേണം.

7) കാഷ് ക്രഡിറ്റ് സമ്പ്രദായം വായ്പാരംഗത്ത് നടപ്പിലാക്കുക.

8) വായ്പാ വിതരണത്തിൽ ഉണ്ടാവുന്ന കാലതാമസം ഒഴിവാക്കുക.

9) ഇന്ന് നിലവിലുള്ള കാർഷിക വായ്പ ക്രഡിറ്റ് ലിമിറ്റ് പദ്ധതി ലഘൂകരിക്കുക. ഉദ; കർഷകന് ആവശ്യപ്പെടുന്ന സമയത്ത് വായ്പ ലഭ്യമാക്കുകയും, ആയത് ജില്ലാ ബാങ്കിൽനിന്നുള്ള റീ ഇമ്പേഴ്സ്മെൻറ് നടത്താനുള്ള സംവിധാനം ഉണ്ടാവുന്നതിന്നും നടപടി സ്വീകരിക്കുക.

10) ലാൻറ് രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിക്കേണ്ടതും ഓരോ വർഷത്തേക്കും ആവശ്യമായ വായ്പാ തുക തിട്ടപ്പെടുത്തേണ്ടതുമാണ്.

11) ലോ കോസ്റ്റ് നിക്ഷേപങ്ങൾ സ്വീകരിച്ച് സംഘത്തിന്ന് കാർഷികേതര വായ്പ നൽകുന്നതിന്നാവശ്യമായ ഫണ്ടു കണ്ടെത്തേണ്ടതും വർദ്ധിച്ചുവരുന്ന കാർഷികേതര വായ്പയുടെ ആവശ്യം കണക്കിലെടുത്ത് അംഗങ്ങ

ളുടെ IMBP വർദ്ധിപ്പിക്കേണ്ടതുമാണ്.

12) ആവശ്യമായ സ്ഥലങ്ങളിൽ വളവിതരണ ഡെപ്പോ തുറക്കേണ്ടതാണ്.

13) ബാങ്കിങ്ങ് രംഗത്തെ കടുത്ത മത്സരം കണക്കിലെടുത്ത് വിവിധ സർവ്വീസ് മേഖലകൾ സർവ്വീസ് ബാങ്കുകൾക്ക് മാത്രമായി നീക്കിവെക്കണം.

14) ചിട്ടി വ്യവസ്ഥകളിൽനിന്നും സർവ്വീസ് ബാങ്കുകൾക്ക് ഇളവ് അനുവദിക്കുക.

15) കീ ലോൺ സമ്പ്രദായത്തിലൂടെ കർഷകർക്ക് ഉല്പന്നങ്ങളുടെ വിലയിടിവ് തടയാൻ സഹായം നൽകുക. സ്വയംപര്യാപ്തമല്ലാത്ത സംഘങ്ങൾക്ക് ഈ ആവശ്യത്തിന് ഗവർമ്മേണ്ട് പ്രവർത്തനമൂലധനം അനുവദിക്കേണ്ടതാണ്.

പാർപ്പിട പ്രശ്നം; പെരിന്തൽമണ്ണ റൂറൽ ഹൗസിങ്ങ് സംഘം, കാർഷിക ഗ്രാമവികസന ബാങ്ക് എന്നിവയാണ് വീടുനിർമ്മാണത്തിന് ആവശ്യമായ ധനസഹായം ചെയ്യുന്ന ഏജൻസികൾ. ഈ രണ്ടു ഏജൻസികൾക്കും എല്ലാ വായ്പക്കാരുടേയും ആവശ്യം പൂർത്തീകരിക്കാൻ കഴിയുന്നില്ല എന്നതിനു പുറമെ വായ്പകൾ അനുവദിച്ചവർക്കുതന്നെ ആവശ്യമായ സമയത്ത് ലഭ്യമല്ലാത്ത സ്ഥിതിയും ഉണ്ട്. ആവശ്യമായ ഫണ്ട് ലഭ്യമാക്കി ഈ ദൗർബല്യങ്ങൾ പരിഹരിക്കേണ്ടതാണ്.

സഹകരണ ആരോഗ്യരംഗം

നിലവിലുള്ള പഞ്ചായത്ത് സഹകരണ ഡിസ്പെൻസറി സമാപ്തീകരണം നടക്കുമ്പോൾതന്നെ അയൽ പഞ്ചായത്തുകളിലേക്കുകൂടി പ്രവർത്തനപരിധി വ്യാപിപ്പിച്ചുകൊണ്ട് എല്ലാവിധ സ്പെഷാലിറ്റികളും ഉള്ള ഒരു ആശുപത്രി രൂപീകരിക്കാവുന്നതാണ്. ഷെയർ സംഭാവന എന്ന നിലയിൽ ഗൾഫ് മലയാളികളിൽനിന്ന്ഫണ്ടു സ്വരൂപിക്കാവുന്നതാണ്.

കോഴിവളർത്തൽ സഹ. സംഘം; ഈ പഞ്ചായത്തിലെക്കാവശ്യമായ മുട്ട, കോഴിയിറച്ചി എന്നിവ ഇവിടെതന്നെ ഉണ്ടാക്കുന്നതിന് നേതൃത്വം നൽകാൻ കഴിയുന്ന വിധത്തിൽ പഞ്ചായത്തിലെ എല്ലാ വീടുകളും യൂണിറ്റുകളാക്കി ഒരു സംഘം രൂപീകരിക്കേണ്ടതും അതിന്റെ നേതൃത്വത്തിൽ കോഴിത്തീറ്റ നീർമ്മാണം, വിതരണം എന്നിവയും മുട്ട, കോഴികൾ എന്നിവയുടെ വില്പനയും നടത്തേണ്ടതാണ്. മൃഗഡോക്ടരുടെ സേവനവും ലഭ്യമാക്കണം.

ക്ഷീരവ്യവസായ സഹ. സംഘങ്ങൾ; പഞ്ചായത്തിലെ ഏക ക്ഷീരവ്യവസായ സഹ. സംഘമായ പുലാമന്തോൾ പാൽ വിതരണ സഹ. സംഘം ചെമ്മലശ്ശേരി, മാലാപറമ്പ് വാർഡുകളിൽ മാത്രമൊതുങ്ങിനിൽക്കുകയാണ്. രണ്ടു ക്ഷീരോല്പാദക സഹ. സംഘങ്ങൾകൂടി 10 വാർഡുകളിലായി രൂപീകരിക്കാൻ നടപടി എടുക്കേണ്ടതാണ്. നിലവിലുള്ള പുലാമന്തോൾ പാൽവിതരണ സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കാൻ നടപടി ആവശ്യമാണ്.

നിർദ്ദേശങ്ങൾ

1) പഞ്ചായത്തിൽ എല്ലാ വാർഡുകളിലും ക്ഷീരവ്യവസായ സാധ്യതകൾ വികസിപ്പിക്കുന്നതിന് പാലൂർ ആസ്ഥാനമായും, ചേലക്കാട് ആസ്ഥാനമായും രണ്ടു സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.

2) കാലിത്തീറ്റ, തീറ്റപ്പുൽ എന്നിവ വിതരണം ചെയ്യാൻ ഏർപ്പാടുണ്ടാക്കേണ്ടതാണ്.

3) നല്ലയിനം കറവുമാടുകളെ സംഘങ്ങൾവഴി വിതരണം ചെയ്യാനും മൃഗസംരക്ഷണ വിദഗ്ദ്ധരുടെ സേവനം തക്കസമയത്ത് കിട്ടാനും സംവിധാനം വേണ്ടിയിരിക്കുന്നു.

കൺസ്യൂമർ മേഖല

പുലാമന്തോൾ പഞ്ചായത്തിൽ സ്കൂൾ സ്റ്റോറുകളൊഴികെ കൺസ്യൂമർ മേഖലയിൽ സഹകരണസംഘങ്ങൾ ഒന്നുംതന്നെയില്ല. ആകെയുള്ള 4 സ്കൂൾ സ്റ്റോറുകളാകട്ടെ കുട്ടികളുടെ പുസ്തകവിതരണത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്നു. ഇതിന്റെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്തേണ്ടതും വിപുലീകരിക്കേണ്ടതും അത്യാവശ്യമാണ്.

മാർക്കറ്റിങ്ങ് ആൻറ് പ്രോസസിങ്ങ്; മങ്കട അഗ്രിക്കൾച്ചറൽ മാർക്കറ്റിങ്ങ് ആൻറ് പ്രോസസിങ്ങ് സംഘത്തിന്റെ കീഴിൽ പുലാമന്തോളിൽ നാളികേരം വാങ്ങി കൊപ്രയാക്കാനും

വെളിച്ചെണ്ണ എടുക്കുന്നതിനും ആധുനിക രീതിയിലുള്ള മില്ലും സ്ഥാപിക്കണം. അടക്കാ സംസ്ക്കരണകേന്ദ്രം ആരംഭിക്കാവുന്നതാണ്. അടക്കാ കച്ചവടക്കാർക്ക് സീസണിൽ ആവശ്യമായ വായ്പ ലഭ്യമാക്കാനും പദ്ധതി ആവിഷ്ക്കരിക്കേണ്ടതാണ്.

വ്യവസായസംഘങ്ങൾ; പുലാമന്തോൾ ടൈൽ വർക്കേഴ്സ് സഹ. സംഘത്തിന്റെ പ്രവർത്തനം വിപുലീകരിക്കേണ്ടതും പാലൂരിൽ കമ്പനി ഇഷ്ടിക ഹോളോബ്രിക്സ് എന്നിവ നിർമ്മാണത്തിന്ന് ഒരു യൂണിറ്റ് തുടങ്ങേണ്ടതുമാണ്.

റബ്ബർ വ്യവസായ സംഘം; കുരുവമ്പലം ചെമ്മലശ്ശേരി മാലാപറമ്പ് എന്നീ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് ട്രെഡ് റബ്ബർ ഫാക്ടറി സ്ഥാപിക്കാൻ ഒരു സംഘം രൂപീകരിക്കേണ്ടതാണ്.

തൊഴിൽ സാധ്യതകൾ; ക്ലാസിഫിക്കേഷൻ മാറ്റത്തിലൂടെ സർവ്വീസ് ബാങ്കുകളിൽ അടുത്ത 5 വർഷത്തിന്നുള്ളിൽ പുലാമന്തോൾ ബാങ്കിൽ 5 ഉം കുരുവമ്പലം ബാങ്കിൽ 2 ഉം പേർക്ക് പുതുതായി തൊഴിൽ ലഭ്യമാക്കാൻ കഴിയും. ക്ഷീരോല്പാദന സംഘങ്ങളുടെ രൂപീകരണവും നിലവിലുള്ള സംഘത്തിന്റെ പ്രവർത്തന വിപുലീകരണവും വഴി 25 പേർക്ക് നേരിട്ടും കറവുമാടുകളുടെ പരിചരണം, പുൽകൃഷി എന്നിവയിലൂടെ 200 പേർക്കെങ്കിലും ഭാഗികമായും ജോലിസാധ്യതയുണ്ട്.

കോഴിവളർത്തൽ സംഘത്തിലൂടെ 10 പേർക്ക് നേരിട്ടും ഇരുനൂറ്റമ്പത് പേർക്ക് ഭാഗികമായും തൊഴിൽസാധ്യതയുണ്ട്. പട്ടികജാതി സംഘത്തിന്റെ കീഴിൽ ടൈലറിങ്ങ്യൂണിറ്റും റെഡിമെയ്ഡ് വസ്ത്രനിർമ്മാണവും ആരംഭിക്കുമ്പോൾ 75 സ്ത്രീകൾക്ക് ജോലിസാധ്യതയുണ്ട്.

റബ്ബർ അധിഷ്ഠിത വ്യവസായം 50 പേർക്കും കമ്പനി ഇഷ്ടിക നിർമ്മാണം 75 പേർക്കും തൊഴിൽനേടാൻ സഹായകരമാകും.

മാർക്കറ്റിങ്ങ് ആൻറ് പ്രോസസിങ്ങ് രംഗത്ത് പുതിയ പദ്ധതികളിലൂടെ 250 ഓളം പേർക്ക്ഭാഗിക തൊഴിൽസാധ്യതയും 50 പേർക്ക് മുഴുവനായും തൊഴിൽസാധ്യതയുമുണ്ട്. ഏകദേശം450 ലക്ഷം രൂപ സഹകരണ മേഖലയിൽ മുടക്കിയാൽ 317 പേർക്ക് പൂർണ്ണമായും 1000 പേർക്ക് ഭാഗികമായും തൊഴിലവസരം സൃഷ്ടിക്കാവുന്നതാണ്. ഈ പദ്ധതിയിലൂടെ 1500 കുടുംബങ്ങൾക്കും അതിന്റെ പ്രയോജനം ലഭ്യമാകുന്നതാണ്.

ദുർബ്ബല വിഭാഗങ്ങലുടെ ഉന്നമനത്തിന്ന് സഹകരണ പ്രസ്ഥാനംപോലെ ശക്തമായ മറ്റൊരു ഏജൻസിയില്ലെന്നത് തർക്കമറ്റ കാര്യമാണ്. ഇപ്പോൾ നമ്മുടെ പഞ്ചായത്തിൽ കാര്യമായും ക്രെഡിറ്റ് മേഖലയിൽ ഒതുങ്ങുന്ന പ്രവർത്തനം വിവിധ മേഖലകളിലേക്ക് ജനപങ്കാളിത്തത്തിലൂടെ വ്യാപിക്കേണ്ടതാണ്. ജനപങ്കാളിത്തം കാര്യക്ഷമമാക്കാൻ സഹകരണ വിദ്യാഭ്യാസം തുടർച്ചയായി നടക്കേണ്ടതാണ്.

മുകളിൽ പറഞ്ഞ മേഖലയിലൂടെ പ്രവർത്തനം നടക്കുമ്പോൾ പഞ്ചായത്തിലെ ജനങ്ങളുടെ സാമ്പത്തികാഭിവൃദ്ധിയിൽ കാര്യമായ മുന്നേറ്റം ഉണ്ടാകുന്നതാണ്.

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പുലാമന്തോൾ പഞ്ചായത്തിലെ 12 ഗ്രാമസഭകൾ ചർച്ച ചെയ്ത് സമർപ്പിച്ച റിപ്പോർട്ട് കോർഗ്രൂപ്പ് സ്ഥലത്തെ സഹകാരികളും കാരണവൻമാരുമായി ചർച്ച ചെയ്ത് ക്രോഡീകരിച്ച നിർദ്ദേശങ്ങളോടെ സമർപ്പിച്ചിട്ടുള്ളതാണ്.

5

11

പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം

പുലാമന്തോൾ പഞ്ചായത്തിന്റെ ചരിത്രത്തിൽ നിർണായകമായ ഒരു സ്ഥാനം പട്ടികജാതി വിഭാഗക്കാർക്ക് ഉണ്ട്. പഞ്ചായത്തിന്റെ വടക്കൻ പ്രദേശങ്ങൾ മുൻകാലത്ത് വനപ്രദേശങ്ങൾ ആയിരുന്നുവെങ്കിലും, പട്ടികവർഗ്ഗത്തിൽപെട്ടവർ നമ്മുടെ പഞ്ചായത്തിൽ ഇല്ല. മറ്റു പ്രദേശങ്ങളിലെപോലെ ഇവിടേയും പട്ടികജാതി വിഭാഗത്തിൽപെട്ടവരുടെ അധിവാസകേന്ദ്രങ്ങൾ ജനസാന്ദ്രത കുറഞ്ഞ പുറമ്പോക്കുകളിലാണ്. ജാതിപരമായ ഉച്ചനീചത്വങ്ങളും, അയിത്തവും, സ്വയം വെച്ചുപുലർത്തുന്ന അന്ധവിശ്വാസങ്ങളും ഇവരെ സാമൂഹ്യജീവിതത്തിന്റെ മുഖ്യധാരയിൽ നിന്നും അകറ്റി നിർത്തി. തനതായ ചില ആചാരങ്ങളും, തനിമയാർന്ന ഇവരുടെ ജീവിതരീതിയും കാലം കടന്നുപോകുന്തോറും മാറ്റങ്ങൾക്ക് വിധേയമായിട്ടുണ്ട്.

മണ്ണാൻ, വേലൻ, പാണൻ, പറയൻ, ചെറുമൻ, കണക്കൻ, കൂടാന്മാർ എന്നീ ജാതിക്കാരാണ് മുഖ്യമായും പട്ടികജാതിയിൽ ഉൾപ്പെടുന്നവർ. മാലാപറമ്പ്, ചീരട്ടാമല എന്നീ കുടിയേറ്റ പ്രദേശങ്ങളിൽ മതപരിവർത്തനം ചെയ്ത പട്ടികജാതിക്കാർ നാമമാത്രമായ തോതിൽ ഉണ്ട്. ഗവണ്മെണ്ട് സ്ഥാപനങ്ങളിൽ ജോലി നോക്കുന്ന ജീവനക്കാരിൽ മറ്റു പ്രദേശങ്ങളിൽ നിന്നും വന്ന പട്ടിക ജാതി വിഭാഗത്തിൽപ്പെടുന്നവരും അപൂർവ്വമായി ഉണ്ട്.

പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന മണ്ണാൻ സമുദായത്തിൽപെട്ടവർ പ്രധാനമായും കെട്ടിടനിർമ്മാണ പ്രവർത്തിയിൽ ഏർപ്പെടുന്നവരാണ്. പാരമ്പര്യമായി നിലനില്ക്കുന്ന ആര്യവൈദ്യം പഠിച്ച് ചികിത്സ നടത്തുന്നവരും ഉണ്ട്. ഇവരിൽ പുലാമന്തോളിലെ കുട്ടഞ്ചീരി തറവാട്ടുകാർ പേരുകേട്ട പാരമ്പര്യ വൈദ്യന്മാർ ആണ്. കെട്ടിട നിർമ്മാണരംഗത്ത് പുതിയ രീതികൾ കടന്നുവരികയും, ഓരോ മേഘലയിലും വൈദഗ്ദ്ധ്യം നേടിയവർ മറ്റു പ്രദേശങ്ങളിൽ നിന്നും കടന്നുവരികയും ചെയ്തപ്പോൾ ഇവരുടെ പ്രധാന പ്രവർത്തന മേഖല ഏതാണ്ട് അപ്രസക്തമായി. പുതിയ തലമുറപോലും കെട്ടിടനിർമ്മാണരംഗത്തെ ആധുനിക സംവിധാനങ്ങൾ പഠിക്കുന്നതിന് സാഹചര്യം ഉണ്ടായി

ട്ടും വിമുഖത കാണിക്കുകയാണ്. പുതിയ ചികിത്സാരീതികൾ കടന്നുവന്നതോടെ ആരോഗ്യ രംഗത്തും ഇവർക്ക് പ്രസക്തി നഷ്ടപ്പെടുന്നു. മണ്ണാൻ, വണ്ണാൻ, പെരുമണ്ണാൻ, പെരുവണ്ണാൻ ഇവരെല്ലാം ഒരേ വിഭാഗത്തിൽപെടുന്നവരാണെങ്കിലും പല പ്രകാരം ജാതിപേർ രേഖകളിൽ വന്നതു കാരണം ആനുകൂല്യങ്ങൾ നഷ്ടപ്പെടുന്ന ഒരു സ്ഥിതി മുൻകാലത്ത് ഉണ്ടായിരുന്നു.

വേലൻ വിഭാഗത്തിൽപെട്ട കുടുംബങ്ങൾ താരതമ്യേന കുറവായ ഗൃഹവൈദ്യമായിരുന്നു പ്രധാന തൊഴിലെങ്കിലും ഇവർ ഇന്ന് മറ്റുജോലികളിൽ വ്യാപൃതരാണ്. പട്ടികജാതി ജനസംഖ്യയിലെ നല്ലൊരു ശതമാനം പാണൻ വിഭാഗത്തിൽ പെടുന്നവരാണ്. മുളയും, ഓലയും ഉപയോഗിച്ച് കുടകൾ നിർമ്മിക്കുകയായിരുന്നു ഇവരുടെ പ്രധാനതൊഴിൽ. ആവശ്യക്കാരുടെ കുറവ്, കാർഷിക രംഗത്തെ മരവിപ്പ്, അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം എന്നിവ കാരണം പരമ്പരാഗത തൊഴിൽ പ്രതിസന്ധിയിലാണ്. കാലാനുസൃതം മറ്റു ജോലികളിൽ വ്യാപൃതരാകുന്നതിന് ഇവർ ശ്രമിച്ചുവരുന്നു. കലാ - സംഗീത രംഗത്ത് ഒരു വലിയ പൈതൃകം ഇവർക്കുണ്ടെങ്കിലും ആ രംഗം വേണ്ടരൂപത്തിൽ പ്രോത്സാഹിക്കപ്പെട്ടിട്ടില്ല. സ്വസമുദായവുമായി ഉള്ള ബന്ധങ്ങൾ നിലനിർത്തുന്നതിന് പഞ്ചായത്തിന്റെ അകത്തും പുറത്തും ഇവർ ശ്രമിക്കുന്നു.

മുളകൊണ്ടും, ഈറ്റ (ഓട) കൊണ്ടും കുട്ട, വട്ടി തുടങ്ങിയവ ഉണ്ടാക്കുന്ന തൊഴിലിൽ ഏർപ്പെട്ട പറയവിഭാഗമാണ് പട്ടികജാതികളിലെ മറ്റൊരു വിഭാഗം. നാട്ടിലെ മുളംകൂട്ടങ്ങൾ നശിക്കുകയും, ഈറ്റ കിട്ടാൻ നിയന്ത്രണങ്ങൾ വരികയും ചെയ്തപ്പോൾ പരമ്പരാഗത തൊഴിലിൽ നിന്നും ഇവർ ക്രമേണ അകന്നു. പുതിയ തൊഴിലുകൾ സ്വീകരിക്കാനും അതുമായി പൊരുത്തപ്പെടാനും ഇവർ ശ്രമിച്ചുവരുന്നു. മറ്റു പട്ടികജാതി വിഭാഗങ്ങളെ അപേക്ഷിച്ച് നേരിയ വിദ്യാഭ്യാസ പുരോഗതി ഇവർ നേടിയിട്ടുണ്ട്.

ചെറുമൻ, കണക്കൻ, കൂടാൻ എന്നീ വിഭാഗക്കാർ ഏതാണ്ട് ഒരേ ജീവിതക്രമത്തെ പിന്തുടരുന്നവരാണ്. ജീവിതക്രമത്തിലും ആചാരനുഷ്ഠാനങ്ങളിലുള്ള നേരിയവ്യത്യാസങ്ങൾ മാത്രമാണ് ഇവരെ വേർതിരിക്കുന്നത്. അരോഗ്യദൃഢഗാത്രരും, അദ്ധ്വാനശീലരുമായ ഇവർ പുലാമന്തോളിലെ കാർഷിക രംഗത്തെ പ്രധാന തൊഴിലാളികൾ ആണ്. കൃഷി ആകർഷകമല്ലാതായതോടുകൂടി മറ്റു ജോലികളിൽ ഏർപ്പെടുന്നതിന് ഇവർ ശ്രദ്ധിച്ചിട്ടുണ്ട്.

[പട്ടികജാതി കോളനികൾ, കുടുംബങ്ങൾ, അംഗങ്ങൾ, വിഭാഗങ്ങൾ എന്നിവയുടെ പട്ടിക അന്യത്ര ചേർത്തിരിക്കുന്നു]

പട്ടിക 1അംഗീകരിച്ച കോളനികൾ

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	ആകെ വീട്	അംഗങ്ങളുടെ എണ്ണം	കോളനികളുടെ വിസ്തീർണ്ണം ഏ. സെൻറ്
1.	5	തിരുത്തിന്മേൽ	30	142	2.30
2.	2	മരക്കാടത്ത് പറമ്പ്	25	118	2.50
3.	1	ഊരങ്ങോട്ടുപറമ്പ്	13	51	0.80
4.	5	പാലൂർ - ചേലാറകുന്ന്	25	118	2.90
5.	5	പാലൂർ കിഴക്കേക്കര	30	165	3.80
6.	5	ചോലപറമ്പ്	35	182	4.30
7.	3	വെളുത്തേടത്ത് പാറ	15	89	0.92
8.	3	വടുവച്ചോല	10	39	0.59
9.	12	കോഴിതൊടി	6	35	0.55
10.	7	വെങ്ങാട്ടുപള്ള്യാൽ	9	48	1.10
11.	7	കാവുവട്ടം കോളനി (തെക്കേതിൽ)	11	53	0.90
12.	10	ഓട്ടുപാറ	19	106	1.15
13.	11	കുരുവമ്പലം - (പട്ടന്മാരുതൊടി കോളനി)	27	156	4.17
14.	12	ചിരട്ടാമല	9	45	0.60
			264	1347	26.58

പട്ടിക 2

അംഗീകരിക്കേണ്ട കോളനികൾ

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനിയുടെ പേര്	ആകെ വീട്	അംഗങ്ങളുടെ എണ്ണം
1.	1	പനങ്ങാട്ടുപറമ്പ്	11	72
2.	9	വളപുരം - ആലിക്കൽ അമ്പലവട്ടം	11	44
3.	9	കാവുവട്ടം - വലിയപറമ്പ്	7	36
4.	11	കുരുവമ്പലം - കരിപറമ്പ്	5	23
5.	12	പൂശാലികുളമ്പ്	12	61
6.	12	മാലാപറമ്പ് - എടത്രച്ചോല	11	50
7.	11	ഇയ്യനാത്ത് - പൂതാനികുളമ്പ്	10	47
8.	12	കണ്ണാടിപാറ - മാലാപറമ്പ്	9	34
9.	5	മലയച്ചംപുലാക്കൽ	10	51
10.	5	പുതുശ്ശേരിപറമ്പ്	11	58
11.	6	കല്ല്യാട് കോളനി	8	41
12.	8	കക്കുന്ന് - കല്ലംചോലപറമ്പ്	14	68
13.	7	പള്ള്യാൻ കോളനി	4	26
			123	611

പട്ടിക 3

ലക്ഷംവീട് കോളനി - 4 സെൻറ് കോളനി

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനികളുടെ പേര്	വീട്	അംഗങ്ങളുടെ എണ്ണം
1.	4	കട്ടുപ്പാറ	4	23
2.	2	തിരുനാരായണപുരം	5	27
3.	7	വളപുരം	3	12
4.	6	ചെമ്പലശ്ശേരി	10	46
5.	6	നാല് സെൻറ് കോളനി	7	23
			29	131

സമൂഹത്തിലെ പിന്നോക്ക വിഭാഗത്തിൽപ്പെട്ടപട്ടികജാതിക്കാരുടെ ഉന്നമനത്തിനു വേണ്ടി ഒട്ടനവധി ക്ഷേമപ്രവർത്തനങ്ങൾ സർക്കാർ ഭാഗത്തുനിന്നും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ, ബാങ്കുകൾ തുടങ്ങിയവയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നുണ്ടെങ്കിലും അവ ഫലപ്രാപ്തിയിലെത്തുന്നില്ല. ഇതിലെ വിവിധ രംഗങ്ങളിലെ അവസ്ഥ പരിശോധിക്കേണ്ടതായിട്ടുണ്ട്.

വിദ്യാഭ്യാസം/ഉദ്യോഗരംഗം:-

പ്രി മെട്രിക്ക്, പോസ്റ്റ് മെട്രിക്ക് തലങ്ങളിൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനം സൗജന്യമാണ്. 10-ാം ക്ലാസുവരെ ലംപ്സം ഗ്രാൻറും, കോളേജ് തലത്തിൽ സ്റ്റൈപ്പൻറും നൽകിവരുന്നു. മറ്റു വിദ്യാർത്ഥികളോടൊപ്പം എത്താൻ പ്രവേശന കാര്യത്തിലും, ഉദ്യോഗ നിയമനത്തിലും സംവരണമുണ്ട്. എന്നാൽ ആനുകൂല്യം വേണ്ടത്ര പ്രയോജനപ്പെടുത്തുന്നില്ല. സ്ക്കൂളുകളിലെ കൊഴിഞ്ഞുപോക്കിൻെറ കണക്കു പരിശോധിച്ചാൽ പട്ടികജാതിക്കാരുടെ എണ്ണം താരതമ്യേന കൂടുതലാ

ണ്. മിക്കവിദ്യാർത്ഥികളുടേയും പഠനം പത്താം ക്ലാസ്സിൽ അവസാനിക്കുന്നു. കൂടിയ പഠനസൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നുണ്ടെങ്കിലും ഇക്കാര്യത്തിൽ വേണ്ടത്ര ഊർജ്ജസ്വലരല്ല. ഉദ്യോഗരംഗത്തെ സ്ഥിതിയും വ്യത്യസ്തമല്ല. പല ഉയർന്ന തസ്തികകളിലും പട്ടികജാതി വിഭാഗത്തിൽപെട്ടവർ ജോലി നോക്കുന്നുണ്ടെങ്കിലും നമ്മുടെ പഞ്ചായത്തിൽ നിന്ന് ജുഡീഷ്യറി, പോലീസ്, സിവിൽ സർവ്വീസ് തുടങ്ങിയ മേഖലകളിൽ ഏതെങ്കിലും ഉയർന്ന ജോലി കൈകാര്യം ചെയ്യുന്നവരായിട്ടില്ല. ചെറിയ ജോലികൊണ്ട് തൃപ്തിപ്പെടുക, ഉള്ള ജോലിയിൽ ഉയരാൻ ശ്രമിക്കാതിരിക്കുക എന്ന പ്രവണതയാണ് പൊതുവെ കാണുന്നത്.

പട്ടിക 5
പട്ടികജാതി വിദ്യാർത്ഥികളുടെ വിവരം

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനികളുടെ പേര്	SSLC എണ്ണം	പ്രീഡിഗ്രി എണ്ണം	ഡിഗ്രി എണ്ണം	ജോലിയുള്ളവരുടെ എണ്ണം
1.	3	വടുവച്ചോല	8	5	1	4
2.	3	വെളുത്തേടത്ത്പാറ	14	3	-	-
3.	12	കോഴിതൊടി	1	-	-	-
4.	2	മരക്കാടത്ത്	17	4	1	3
5.	5	പാലൂർ - ചേലാറകുന്ന്	12	2	2	1
6.	1	ഊരങ്ങോട്ടുപറമ്പ്	8	1	-	-
7.	5	ചോലപറമ്പ്	23	6	-	1
8.	1	പനങ്ങാട്ടുപറമ്പ്	8	2	-	2
9.	11	ഓട്ടുപാറ	9	3	1	-
10.	2	ലക്ഷംവീട് UP. TN പുരം	1	-	-	-
11.	11	പട്ടന്മാരുതൊടി - കുരുവമ്പലം	6	1	-	-
12.	4	കട്ടുപ്പാറ ലക്ഷംവീട്	1	-	-	-
13.	5	തിരുത്തിന്മേൽ	14	2	-	1
14.	7	കാവുവട്ടം - വലിയപറമ്പ്	8	2	-	-
15.	7	വേങ്ങാട്ടുപള്ള്യാൻ - വളപുരം	9	-	-	1
16.	7	തെക്കേതിൽ കാവുവട്ടം	7	1	-	-
17.	11	കുരുവമ്പലം - കരിപറമ്പ്	4	-	-	-
18.	12	ചീരട്ടാമല	-	1	1	-
19.	12	പൂശാലികുളമ്പ്	8	1	-	-
20.	12	എടത്രച്ചോല - മാലാപറമ്പ്	5	1	-	3
21.	11	ഇയ്യനാത്ത് ചൂതാനികുളമ്പ്	-	-	-	-
22.	12	മലയച്ചംപുലാക്കൽ	11	-	-	-
23.	5	കിഴക്കേക്കര - പാലൂർ	32	3	-	-
24.	5	പുതുശ്ശേരി പറമ്പ്	12	1	1	-
25.	6	കല്ല്യാട് - പാലൂർ	6	-	-	-
26.	6	നാല് സെൻറ് - പാലൂർ	2	-	-	-
27.	8	കക്കുന്ന് - കല്ലംചോലപറമ്പ്	3	-	-	-
28.	7	പള്ള്യലിൽ - ചെമ്പലശ്ശേരി	8	-	-	1
			237	39	7	17

പഞ്ചായത്തിൽ L.P. വിഭാഗത്തിൽ 249-ഉം, . വിഭാഗത്തിൽ 172-ഉം, ഹൈസ്ക്കൂൾ വിഭാഗത്തിൽ 123 കുട്ടികളും പഠിക്കുന്നുണ്ട്. 554 വിദ്യാർത്ഥികളും ലംസം ഗ്രാൻറ് വാങ്ങുന്നുണ്ട്.

ആരോഗ്യരംഗം

പഴയകാലത്ത് പട്ടികജാതി കേന്ദ്രങ്ങളും പൊതുവെ അനാരോഗ്യകരമായ ചുറ്റുപാടുകളിലായിരുന്നു. പകർച്ചവ്യാധികളും, രോഗത്തെക്കുറിച്ചുള്ള അജ്ഞത, പലതരം അന്ധവിശ്വാസങ്ങളും തുടങ്ങിയവയെല്ലാം ഈ വിഭാഗത്തിന്റെ തീരാശാപമായിരുന്നു. ഈ ഒരു ദുരവസ്ഥക്ക് വളരെ മാറ്റം വന്നിട്ടുണ്ടെങ്കിലും കൂടുതൽ ബോധവൽക്കരണം നടത്തേണ്ടതായിട്ടുണ്ട്.

തൊഴിൽ രംഗം

പട്ടികജാതിക്കാർക്കു വേണ്ടി എല്ലാ മേഖലയിലും തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ പല പദ്ധതികളും സർക്കാർ ആവിഷ്ക്കരിച്ചിട്ടുണ്ട്. തൊഴിൽ വ്യവസായസംരംഭകത്വ പരിപാടികളും, കൃഷി വകുപ്പിന്റെ പ്രത്യേക ഘടക പദ്ധതി, വിദേശയാത്രാ സഹായം തുടങ്ങിയ ആനുകൂല്യങ്ങളും ഉപയോഗിക്കാൻ നാം പൊതുവെ വിമുഖരാണ്. ഒരു മിനി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് നമുക്ക് ഉണ്ടെങ്കിലും പട്ടികജാതിയൂണിറ്റുകളും ഇല്ല. കാർഷികോപകരണങ്ങളും , നടിൽ വസ്തുക്കളും മറ്റും ഉള്ളവർക്ക് കൈമാറാനുള്ള പ്രവണതയും ശക്തമാണ്: ആനുകൂല്യങ്ങളും മറ്റുള്ളവർക്ക് കൈമാറി താല്ക്കാലികാശ്വാസം നേടുന്ന സ്വഭാവത്തിനെതിരെ ബോധവൽക്കരണം നടത്തിയേപറ്റൂ.

പാർപ്പിടം

അവാസയോഗ്യമായ പാർപ്പിടം ഇല്ലായ്മ, ഒറ്റപ്പെട്ടുകിടക്കുന്ന പാർപ്പിടപ്രദേശത്തേക്ക് ഗതാഗത സൗകര്യം, വെള്ളം, വെളിച്ചം ഇല്ലായ്മ മുതലായ പ്രശ്നങ്ങളും ഇവർക്കുണ്ട്. പട്ടികജാതി വികസന വകുപ്പിൽ നിന്നും, കോർപറേഷനിൽ നിന്നും, മറ്റു ധനകാര്യസ്ഥാപനങ്ങളിൽ ഭവനനിർമ്മാണത്തിന് ധനസഹായം ലഭിക്കുന്നുണ്ട്. പദ്ധതിയെക്കുറിച്ചുള്ള അറിവിന്റെ കുറവ്, വരുമാന പരിധിയിലെ പ്രശ്നങ്ങളും, കൈവശ രേഖയില്ലായ്മ, ഉള്ള രേഖയുടെ അപര്യാപ്തത തുടങ്ങിയ പല പ്രശ്നങ്ങളും ഇവർക്കുണ്ട്. എങ്കിലും പാർപ്പിടങ്ങളും പുതുക്കി പണിയുന്നതിന് വലിയ പുരോഗതി നാം കൈവരിച്ചിട്ടുണ്ട്.

(പട്ടിക 4 മറുപുറം നോക്കുക)

മേൽപറഞ്ഞ പാശ്ചാത്തലത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങളും പരിഗണിക്കാവുന്നതാണ്.

1. പുറമേക്ക് നാം ഇല്ലെന്ന് നടിക്കുന്നുവെങ്കിലും അവശേഷിക്കുന്ന ജാതി ഉച്ചനീചത്വങ്ങളും ക്കെതിരെ ബോധവൽക്കരണം നടത്തുക.
2. 4-ാം ക്ലാസു മുതൽ പട്ടികജാതി വിദ്യാർത്ഥികൾക്ക് പ്രത്യേക പഠന സൗകര്യം നൽകുക. കഴിവുകളും കണ്ടെത്തി അനുകൂല സാഹചര്യങ്ങളും നിർദ്ദേശിക്കുക.

   കായിക രംഗം - സ്പോർട്ട്സ് സ്ക്കൂൾ
   ഗാനം - സംഗീത കോളേജ്
   ആചാര കലകൾക്ക് - നാടൻ കലാ അക്കാദമി മുതലായവ

3. പഞ്ചായത്തിലെ പഠനത്തിൽ നല്ല നിലവാരം പുലർത്തുന്നവരെ കൂടുതൽ മാർക്ക് കിട്ടാനും, മറ്റുള്ളവരെ അതിനനുസരിച്ച് സഹായിക്കുക. ജയിച്ച വിദ്യാർത്ഥികൾക്ക് ആവശ്യത്തിനനുസരിച്ച് നിർദ്ദേശങ്ങളും നൽകുക.
4. പഞ്ചായത്ത് ഓഫീസിൽ എംപ്ലോയ്മെൻറ് ഗൈഡൻസ് ബ്യൂറോ തുടങ്ങുക. രാജ്യത്തിന്റെ നാനാഭാഗത്തുള്ള തൊഴിൽ അവസര വാർത്തകളും ലഭ്യമാക്കുക.
5. വിവിധ ധനസഹായ സ്ഥാപനങ്ങളുടെ സഹായങ്ങളെക്കുറിച്ച് 3 മാസത്തിലൊരിക്കൽ എല്ലാ വാർഡിലും പട്ടികജാതി സെറ്റിൽമെൻറിൽ വെച്ച് ബോധവൽക്കരണം നടത്തുക.
6. റവന്യൂ/പഞ്ചായത്ത് പുറംപോക്കിൻ സ്ഥലം കണ്ടെത്തി കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തി പുലാമന്തോൾ/കൊളത്തൂർ ഹൈസ്ക്കൂളിലേക്കുള്ള അകലം നിജപ്പെടുത്തി. പട്ടികജാതി പെൺകുട്ടികൾക്ക് ഹോസ്റ്റൽ പണിയുക.

പട്ടിക 4

കോളനികളിൽ നടത്തേണ്ട വികസന പദ്ധതികൾ

ക്രമ നമ്പർ	വാർഡ് നമ്പർ	കോളനികളുടെ പേര്	ആവശ്യമുള്ള വീടുകളുടെ എണ്ണം	ആവശ്യമുള്ള കക്കൂസുകളുടെ എണ്ണം	ആവശ്യമുള്ള വൈദ്യുതി കണക്ഷനുകളുടെ എണ്ണം	ശ്മശാനം ആവശ്യമുള്ള കോളനികൾ
1.	3	വടുവച്ചോല	2	2	5	വേണ്ട
2.	3	വെളുത്തേടത്ത് പാറ	1	5	10	വേണ്ട
3.	12	കോഴിതൊടി	1	1	-	വേണം
4.	2	മരക്കാടത്ത് പറമ്പ്	3	6	9	വേണം
5.	5	ചേലാറകുന്ന്	3	15	15	വേണ്ട
6.	1	ഊരങ്ങോട്ടു പറമ്പ്	5	13	6	വേണ്ട
7.	5	ചോലപറമ്പ്	5	2	10	വേണ്ട
8.	1	പനങ്ങാട്ടുപറമ്പ്	3	5	4	വേണ്ട
9.	11	ഓട്ടുപാറ	12	15	15	വേണ്ട
10.	2	ലക്ഷംവീട് തിരുനാരായണപുരം	-	4	1	വേണം
11	11	പട്ടന്മാരുതൊടി-കുരുവമ്പലം	5	16	24	വേണ്ട
12.	4	ലക്ഷംവീട് കട്ടുപ്പാറ	2	4	4	വേണം
13.	5	തിരുത്ത്	2	13	16	വേണം
14.	7	വളപുരംലക്ഷംവീട്	-	3	3	വേണം
15.	9	ആലിക്കൽ അമ്പലവട്ടം	9	11	11	വേണം
16.	7	കാവുവട്ടം വലിയപറമ്പ്	4	4	6	വേണം
17.	7	വളപുരം - വെങ്ങാട്ടുപള്ള്യാൽ	6	6	3	വേണം
18.	7	കാവുട്ടം-തെക്കേതിൽ	8	5	11	വേണ്ട
19.	11	കുരുവമ്പലം - കരിപറമ്പ്	3	5	5	വേണം
20.	12	പൂശാലി കുളമ്പ്	10	12	12	വേണം
21.	12	എടത്രച്ചോല	5	7	7	വേണം
22.	11	ഇയ്യനാത്ത്-പൂതാനികുളമ്പ്	10	10	10	വേണം
23.	12	കണ്ണാടിപാറ	9	9	9	വേണം
24.	5	മലയച്ചംപുലാക്കൽ	3	2	5	വേണം
25.	5	കിഴക്കേക്കര കോളനി	5	6	12	വേണം
26.	5	പുതുശ്ശേരി പറമ്പ്	2	4	3	വേണം
27.	6	കല്ല്യാട്	1	3	7	വേണം
28.	6	നാല് സെൻറ് കോളനി	-	6	7	വേണം
29.	8	കക്കുന്ന്-കല്ലം ചോലപറമ്പ്	11	12	12	വേണം
30.	6	ചെമ്മലശ്ശേരി ലക്ഷംവീട്	-	2	10	വേണം
31.	7	പള്ള്യാൻ - ചെമ്പലശ്ശേരി	2	1	3	വേണം

7. പട്ടികജാതി സൊസൈറ്റിയുടെ സേവനം മെച്ചപ്പെടുത്തുക.

8. എല്ലാ ഗുണഭോക്താക്കളുടേയും സ്ഥിതി വിവര കണക്കുകൾ പഞ്ചായത്തിൽ സൂക്ഷിക്കുക. അനർഹരായവർക്ക് ആനുകൂല്യം കിട്ടുന്നുണ്ടോ കിട്ടിയവർ ശരിയായി ഉപയോഗിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക.

പട്ടിക ജാതി - ക്ഷേമം മുൻനിർത്തി സത്വര ശ്രദ്ധ പതിയേണ്ട ചില നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

1. കാർഷിക മേഖല അഭിവൃദ്ധിപ്പെടുത്തി തൊഴിൽ സാദ്ധ്യത വർധിപ്പിക്കുക.

2. എല്ലാ കോളനികളിലും കുടിവെള്ള പ്രശ്നവും, പരിഹരിക്കുക. (മിനി ജലസേചന പദ്ധതികൾ, പൈപ്പ് ലൈൻ, കിണർ എന്നിവ ഉണ്ടാക്കുക)

3. വീട്, കക്കൂസ്, റോഡ്, വൈദ്യുതി എന്നിവ പരിഹരിക്കുക. (പട്ടിക 4 സ്ഥിതി വിവരകണക്കുകൾ ഉണ്ട്.)

4. ലക്ഷംവീട് കോളനിയിലെ കൂട്ടായ വീടുകൾ വിഭജിച്ച് ഒറ്റ വീടാക്കി മാറ്റുക.

5. എല്ലാ കോളനികളിലും, ലക്ഷംവീട്ടിലും പൊതുശ്മശാനം ഉണ്ടാക്കുക. ഉള്ള ശ്മശാനങ്ങൾ മതിൽകെട്ടി സംരക്ഷിക്കുന്നതിന് സഹായം നൽകുക. കൂടാതെ ചെലവു ചുരുങ്ങിയ രീതിയിൽ ദഹിപ്പിക്കാൻ സംവിധാനം ഉണ്ടാക്കുക. (ചിരട്ട, ചകിരി എന്നിവ ഉപയോഗിച്ച്)

6. പായ നെയ്ത്ത്, കൊട്ട, പരമ്പ് എന്നിവയുടെ നിർമ്മാണം വ്യവസായികാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക.

7. പട്ടികജാതി സഹകരണ സംഘം മുഖേന ഒരു ഇൻഡസ്ട്രിയൽ യൂണിറ്റ് സ്ഥാപിക്കുക (ഹോളോ ബ്രിക്സ്, മെഴുകുതിരി, ലെയ്ത്ത് വർക്ക്, പ്ലാസ്റ്റിക്ക് സാധനങ്ങൾ)

8. സ്ത്രീകൾക്ക് തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്നതിന് സഹകരണ മേഖലയിൽ പായ നെയ്ത്ത്, റെഡിമെയ്ഡ്, കയറുല്പന്നങ്ങളുടെ നിർമ്മാണം, അലക്ക് സോപ്പ് നിർമ്മാണം എന്നിവ ആരംഭിക്കുന്നതിന് പദ്ധതികൾ ആവിഷ്ക്കരിക്കുക.

9. എല്ലാ കോളനികളിലും ടി. വി. സ്ഥാപിക്കുക. വായനശാലകൾ സ്ഥാപിക്കുക. ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

10. അംഗീകരിക്കാത്ത കോളനികളെ അംഗീകരിച്ച് ഗ്രാമപഞ്ചായത്തിൽ പരസ്യം ചെയ്യുക. (അംഗീകരിക്കേണ്ട കോളനികളുടെ പേര് പട്ടിക 2 നോക്കുക)

11. അംഗനവാടി, വയോജന വിദ്യാകേന്ദ്രങ്ങൾ തുടങ്ങുക.

12. കൃഷിഭവൻ മുഖേന നൽകി വരുന്ന സഹായങ്ങൾ എല്ലാ കോളനികളിലും ഉറപ്പെടുത്തി പാട്ടവ്യവസ്ഥയിൽ കൃഷി ഭൂമി പഞ്ചായത്ത് വാങ്ങി പച്ചക്കറി തോട്ടങ്ങൾ ഉണ്ടാക്കുകയും അത് വിറ്റഴിക്കുന്നതിന് ചന്തകൾക്ക് രൂപം കൊടുക്കുകയും ചെയ്യുക. കോളനികൾക്ക് കൃഷിഭവൻ മുഖേന നൽകി വരുന്ന സഹായങ്ങൾ പച്ചക്കറി ഉൽപാദനത്തിനായി വിനിയോഗിച്ചുകൊണ്ട് തൊഴിൽ സാദ്ധ്യത വർദ്ധിപ്പിക്കുക. കൃഷിഭവൻ നൽകിവരുന്ന ഉപകരണങ്ങൾ അടക്കം ഇതിന് ഉപയോഗപ്പെടുത്താൻ കഴിയണം.

13. എല്ലാ പെൻഷനും ഗ്രാമപഞ്ചായത്ത് മുഖേന വിതരണം ചെയ്യുക. എല്ലാ പദ്ധതികൾക്കും ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് പഞ്ചായത്ത് സമിതികളെ ചുമതലപ്പെടുത്തുകയും മേൽനോട്ടത്തിന് സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

14. കോളനികളിലെ പുരയിടത്തിലെ മണ്ണൊലിപ്പ് തടയുന്നതിന് ആവശ്യമായ നടപടികൾക്ക് രൂപം നൽകുക.

വിഭവസമാഹരണം

അവലോകനം;- പഞ്ചായത്തിന്റെ വരുമാന മാർഗ്ഗങ്ങളിൽ പ്രധാനമായവ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, മണൽ ലേലം ചെയ്യുന്നതിൽ നിന്നുള്ള വരുമാനം, ഗവ. ഗ്രാൻറ്, വസ്തു കൈമാറ്റനികുതി, ലൈസൻസ് ഫീസ് മുതലായവയാണ്. 1995 - 96 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിന് വിവിധ ഇനങ്ങളിൽ നിന്നും പിരിഞ്ഞ തുക താഴെ പറയുംപ്രകാരമാണ്.

കെട്ടിടനികുതി	-	199379.35
തൊഴിൽനികുതി	-	139299.00
വിനോദനികുതി	-	66616.25
അഡി.വിനോദ നികുതി	-	40079.80
വസ്തുകൈമാറ്റ നികുതി	-	179207.10
ലൈസൻസ്ഫീസ്	-	15855.50
മറ്റിനങ്ങൾ	-	1080242.75
ആകെ		1720679.75

മുൻ വർഷങ്ങളിലെ കണക്കുകൾ വിശകലനം ചെയുമ്പോൾ കെട്ടികനികുതി 93 - 94, 94- 95 എന്നീ സാമ്പത്തിക വർഷങ്ങളിലേത് 92 - 93 സാമ്പത്തിക വർഷത്തിലേതിനേക്കാൽ കുറവായി കാണുന്നു. എന്നാൽ 1995 - 96 വർഷത്തിൽ വർദ്ധിച്ചതായി കാണുന്നു. തൊഴിൽ നികുതി 1992 - 93 സാമ്പത്തിക വർഷത്തിൽ 92 - 91 നേക്കാൾ കുറവായി കാണുന്നു. വിനോദനികുതി 1995 - 96 ൽ 94 - 95 നേക്കാൾ കുറവായി കാണുന്നു. വസ്തു കൈമാറ്റനികുതി 1993 - 94 സാമ്പത്തിക വർഷത്തേക്കാൾ 94 - 95, 95 - 96 സാമ്പത്തിക വർഷങ്ങളിൽ കുറവായി കാണുന്നു. ലൈസൻസ് ഫീസ് മുൻവർഷങ്ങളേക്കാൾ ഓരോ വർഷവും വർദ്ധിച്ചതായി കാണുന്നു. മൊത്തം വരുമാനം 1993 - 94 സാമ്പത്തിക വർഷം മുതൽ വർദ്ധിച്ചുവരുന്നതായി കാണുന്നു.

മുൻ വർഷങ്ങളിലെ വരുമാനം താഴെപറയും പ്രകാരമാണ്.

	1986-87	1987-88	1988-89
1. കെട്ടിടനികുതി	39209.00	29105.83	41286.24
2. തൊഴിൽനികുതി	34989.00	38243.00	42031.00
3. വിനോദനികുതി	2468.00	------	29671.05
4. അഡീ. വിനോദനികുതി	1499.80	-------	17989.50
5. വസ്തു കൈമാറ്റനികുതി	80962.00	132691.00	106191.00
6. ലൈസൻസ് ഫീസ്	7953.25	802.10	6164.50
7. മറ്റിനങ്ങൾ	331424.05	178620.02	315449.30
ആകെ	498505.10	379461.95	558782.59

	1989-90	1991-92	1993-94
1. കെട്ടിടനികുതി	103442.92	118263.32	156387.32
2. തൊഴിൽനികുതി	58710.00	77157.00	92635.00
3. വിനോദനികുതി	37280.50	44926.80	66191.45
4. അഡീ. വിനോദനികുതി	22721.50	27144.70	38506.40
5. വസ്തുകൈമാറ്റ നികുതി	171327.10	117107.00	238336.00
6. ലൈസൻസ് ഫീസ്	9675.23	6028.50	5912.10
7. മറ്റിനങ്ങൾ	166591.00	1054418.13	738157.23
ആകെ	569748.30	1445045.45	1336125.50

ചെലവിനങ്ങളിൽ പ്രധാനമായവ എസ്റ്റാബ്ലിഷ്മെൻറ് ചെലവ്, പൊതുമരാമത്ത്, വിദ്യാഭ്യാസം, പൊതുജനാരോഗ്യം, ശുദ്ധജല വിതരണം, തെരുവ്വിളക്ക് മുതലായവയാണ്. 1995-96 സാമ്പത്തിക വർഷത്തിലെ ചെലവിനങ്ങൾ താഴെപറയും പ്രകാരമാണ്.

ഭരണം	-	513728.55
പൊതുമരാമത്ത്	-	682675.00
വിദ്യാഭ്യാസം	-	2329.95
പൊതുജനാരോഗ്യം, ജലവിതരണം	-	260737.00
തെരുവുവിളക്ക്	-	42576.00
മറ്റുള്ളവ	-	182130.10
ആകെ	-	1765132.60

മുൻ വർഷങ്ങളിലെ കണക്കുകൾ അവലോകനം ചെയ്യുമ്പോൾ ഭരണചെലവ് ഓരോ വർഷവും വർദ്ധിച്ചുവരുന്നതായി കാണുന്നു. എന്നാൽ 92 - 93 ൽ 91 - 92 നേക്കാൾ കുറവായി കാണുന്നു. പൊതുമാരാമത്ത് ചെലവ്വർഷം തോറും വർദ്ധിച്ചുവരുന്നതായി കാണുന്നു. പൊതുമാരാമത്ത് വർക്കുകൾ നോമിനിമുഖേനയും പഞ്ചായത്ത് നേരിട്ടും കോൺട്രാക്ടർമുഖേനയും നടത്തുന്നു. ജലവിതരണചെലവും പൊതുജനാരോഗ്യചെലവും 94 - 95 വർഷത്തിൽ 93 - 94 വർഷത്തേക്കാൾ കുറവായി കാണുന്നു. മറ്റിനങ്ങളും 94 - 95 വർഷം 1993 - 94 നേക്കാൾ കുറവായി കാണുന്നു.

മുൻ വർഷങ്ങളിലെ ചെലവിനങ്ങൾ താഴെ പറയും പ്രകാരമാണ്.

	1986-87	1988-89
1. ഭരണം	133596.85	169844.35
2. പൊതുമാരാമത്ത്	17012.00	79850.00
3. വിദ്യാഭ്യാസം	345.00	1296.75
4. പൊതുജനാരോഗ്യം, ജലവിതരണം	15000.00	312.00
5. തെരുവുവിളക്ക്	29173.20	29673.00
6. മറ്റുള്ളവ	345312.55	77431.45
ആകെ	540429.60	358407.55

	1990-91	1992-93
1. ഭരണം	247974.90	289083.75
2. പൊതുമരാമത്ത്	99990.00	185630.00
3. വിദ്യാഭ്യാസം	1348.50	5446.10
4. പൊതുജനാരോഗ്യം, ജലവിതരണം	22500.00	152.039.00
5. തെരുവുവിളക്ക്	29173.00	38304.00
6. മറ്റുള്ളവ	598469.90	655848.95
ആകെ	999456.40	1326351.65

സഹകരണ ബാങ്കുകൾ, സഹകരണ സംഘങ്ങൾ, മറ്റു ബാങ്കുകൾ എന്നിവ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്നുണ്ട്. സഹകരണ ബാങ്കുകൾ രണ്ടെണ്ണം പ്രവർത്തിക്കുന്നുണ്ട്. ഒന്ന് പുലാമന്തോളിലും മറ്റൊന്ന് കുരുവമ്പലത്തും. ഈ സ്ഥാപനങ്ങൾ കൃഷിക്കാർക്കും കച്ചവടക്കാർക്കും വ്യവസായങ്ങൾക്കും തൊഴിലാളികൾക്കും ഉദാരമായ വായ്പകൾ നൽകുന്നു. കൂടാതെ കാർഷികാവശ്യങ്ങൾക്ക്വളം, കീടനാശിനി മുതലായവയും നൽകുന്നുണ്ട്. IRDP ലോണും കൊടുക്കുന്നുണ്ട്.സ്വകാര്യ ബാങ്കായ ഫെഡറൽ ബാങ്കിൻെറ ഒരു ശാഖ പുലാമന്തോളിൽ പ്രവർത്തിക്കുന്നു.സൗത്ത് മലബാർ ഗ്രാമീണ ബാങ്കിൻെറ ഒരു ശാഖയും പുലാമന്തോളിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്കുകളും ജനങ്ങൾക്ക് വായ്പകൾ നൽകുന്നുണ്ട്. ജില്ലാ സഹകരണബാങ്കിൻെറ ഒരു ശാഖയും കട്ടുപ്പാറയിൽ പ്രവർത്തിക്കുന്നുണ്ട്. പുലാമന്തോളിൽ പട്ടികജാതി പട്ടികവർഗ്ഗ സഹകരണസംഘവും പ്രവർത്തിക്കുന്നു. ഒരു ക്ഷീരസഹകരണസംഘം മാലാപറമ്പിൽ പ്രവർത്തിച്ചുവരുന്നു.

പഞ്ചായത്തിലെ ജനങ്ങളിൽ 10 % ത്തോളം വിദേശ രാജ്യങ്ങളിലാണ്. ഇതിൽ ഭൂരിഭാഗം പേരും ഗൾഫ് രാഷ്ട്രങ്ങളിലാണ് . വിദേശങ്ങളിലേക്കുള്ള കുടിയേറ്റം കുറെ വർഷങ്ങൾക്കു മുമ്പ് ആരംഭിച്ചിട്ടുണ്ടെങ്കിലും വർദ്ധനവ് ദൃശ്യമായിരിക്കുന്നത് ഈ അടുത്തകാലങ്ങളിലാണ്. ഗൾഫ് വരുമാനത്തിൻെറ പ്രതിഫലനങ്ങൾ അധികമായും ദൃശ്യമാകുന്നത് കച്ചവട മേഖലയിലും കെട്ടിടനിർമ്മാണത്തിലുമാണ്. വിദേശ മലയാളികളിൽ നിന്നും വിഭവ

സമാഹരണത്തിനുള്ള സാധ്യത കാണാൻ കഴിയുന്നു.

ജനസംഖ്യയുടെ കാര്യത്തിൽ ഒട്ടും പിറകോട്ടല്ല പുലാമന്തോൾ പഞ്ചായത്ത്. 1981 ലെ സെൻസസ് പ്രകാരം ജനസംഖ്യ 23062 ആണ്. 1991 സെൻസസ് പ്രകാരം ജനസംഖ്യ 30042 ആണ്. അതുകൊണ്ട് മനുഷ്യവിഭവം വേണ്ട വിധത്തിൽ ലഭ്യമാക്കാൻ സാധിക്കും.സന്നദ്ധ സംഘടനകൾക്കും മറ്റും യുവതീയുവാക്കളെ സന്നദ്ധസേവനത്തിന് സജ്ജമാക്കാൻ കഴിയും. സന്നദ്ധ സേവനത്തിലൂടെ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയും. സന്നദ്ധ സേവനത്തിന് യുവതീയുവാക്കളെ പ്രേരിപ്പിക്കുന്നതിന് സ്റ്റഡി ക്ലാസ്സുകളും മറ്റും സംഘടിപ്പിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ വരുമാനസാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തായ്മ.

2. സന്നദ്ധ പ്രവർത്തനങ്ങൾക്ക് മനുഷ്യവിഭവം വേണ്ടവിധത്തിൽ വിനിയോഗിക്കാൻ കഴിയുന്നില്ല.

3. ഭരണച്ചെലവിൽ വർദ്ധനവ്.

4. കോൺട്രാക്ടർമാരും മറ്റിടത്തട്ടുകാരും തട്ടിയെടുക്കുന്ന അമിതലാഭം.

5. ലഭിയ്ക്കാവുന്ന വിഭവങ്ങൾ സമാഹരിക്കാനും വിനിയോഗിക്കാനും വേണ്ടത്ര കഴിയുന്നില്ല.

6. പഞ്ചായത്ത് സ്റ്റേഡിയത്തിനും ഓപ്പൺ എയർ തിയ്യറ്ററിനും വേണ്ടി ലഭിച്ച സ്ഥലം ഉപയോഗശൂന്യമായി കിടക്കുന്നു (വാർഡ് V)

7. പഞ്ചായത്ത് റോഡുകൾ, കിണറുകൾ, കുളങ്ങൾ, ഷോപ്പിങ് കോംപ്ലക്സ്, വാഹനങ്ങൾ പാർക്ക് ചെയ്യാനുള്ള സ്ഥലം തുടങ്ങിയവക്ക് സ്ഥലം കണ്ടെത്താൻ കഴിയായ്മ.

8. ഗൾഫ് മലയാളികളുടെ വരുമാനത്തിന്റെ ഭാഗം ക്ഷേമപ്രവർത്തനങ്ങൾക്ക് വേണ്ട വിധത്തിൽ ചെലവഴിക്കാൻ കഴിയുന്നില്ല.

9. പുറമ്പോക്ക് സ്ഥലം വേണ്ടരീതിയിൽ വിനിയോഗിക്കാൻ കഴിയുന്നില്ല.

10. പുഴയോരത്തുള്ള കടവുകൾ വേണ്ടവിധത്തിൽ സൗകര്യപ്പെടുത്താത്തതുകൊണ്ട് മണൽകോരി വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നില. (ചെമ്മല, വളപുരം, ടി.എൻ. പുരം).

11. കാർഷികവസ്തുക്കളും നാണ്യവിളകളായ റബ്ബർ, കുരുമുളക്, കശുവണ്ടി തുടങ്ങിയവക്ക് സംഭരണ ശാലകളും വിപണന സൗകര്യങ്ങളും ഇല്ലാത്തതുകൊണ്ട് വരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല.

12. പഞ്ചായത്തുതലത്തിൽ ചെറുകിട ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കാത്തതുകൊണ്ടും ഉള്ളത് വേണ്ടവിധത്തിൽ വിനിയോഗിക്കാൻ കഴിയാത്തതുകൊണ്ടും കാർഷികവരുമാനം വർദ്ധിപ്പിക്കാൻ കഴിയുന്നില്ല.

13. ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ ലഭിക്കുന്നതിനുള്ള തടസ്സങ്ങൾ.

14. പ്രാദേശിക ആവശ്യങ്ങൾക്കനുസരിച്ച് സ്കീമുകൾ തയ്യാറാക്കുന്നതിനുള്ള അസൗകര്യങ്ങൾ.

15. വായ്പകൾ ലക്ഷ്യംവിട്ടുള്ള വിനിയോഗം.

16. സംഭാവനകളുടേയും മറ്റും അടിസ്ഥാനത്തിലുണ്ടാകുന്ന പൊതുഫണ്ടുകളുടെ ദുർവിനിയോഗം.

17. സുതാര്യക്കുറവ്.

സാദ്ധ്യതകൾ

1. പഞ്ചായത്ത് പരിധിയിലുള്ള ജലസ്രോതസ്സുകളിൽ നിന്നുള്ള മത്സ്യവിഭവങ്ങൾ യഥാസമയം ലേലം. ചെയ്ത് പഞ്ചായത്തിന് വരുമാനം വർദ്ധിപ്പിക്കാം. ഇന്നു നടക്കുന്നവിഷം കലക്കൽ, തോട്ട പൊട്ടിക്കൽ മുതലായവ അവസാനിപ്പിച്ച് മത്സ്യസംരക്ഷണം ഉറപ്പുവരുത്താം.

2. റിട്ടയർ ചെയ്ത വിദഗ്ദ്ധരേയും തൊഴിൽരഹിതരായ അഭ്യസ്തവിദ്യരേയും,തൊഴിലില്ലായ്മ വേതനം ലഭിക്കുന്ന യുവാക്കളേയും സന്നദ്ധ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാൻ കഴിയും. ഇതിന് രാഷ്ട്രീയ പാർട്ടികളുടെ സഹകരണം ഉണ്ടാക്കണം.

3. പുലാമന്തോൾ സെൻററിൽ ഓട്ടോ, ടാക്സിസ്റ്റാൻറ് നിർമ്മിച്ച് പ്രത്യേക ഫീസ് ചുമത്താവുന്നതാണ്.

4. പൊതുമാർക്കറ്റ് നിർമ്മിച്ച് അതിൽനിന്നും പഞ്ചായത്തിന് വരുമാനമുണ്ടാക്കാം.

5. ഷോപ്പിങ്ങ് കോംപ്ലക്സ്, കമ്മ്യൂണിറ്റിഹാൾ എന്നിവ നിർമ്മിച്ച് വരുമാനം വർദ്ധിപ്പിക്കാം.

6. പഞ്ചായത്തിലെ വിവിധ കടവുകളിലേക്കുള്ള റോഡുകൾ നന്നാക്കി വാഹനങ്ങൾ പ്രവേശിക്കുവാൻ സൗകര്യപ്പെടുത്തുകയും മണൽ കോരാൻ അനുമതി നൽകുകയും ചെയ്യാവുന്നതാണ് (ചെമ്മല, വളപുരം, ടി.എൻ. പുരം)

7. പൊതുശ്മശാനത്തിന് നിശ്ചിതഫീസ് ഏർപ്പെടുത്തുക.

8. അലഞ്ഞുതിരിഞ്ഞ് നടക്കുന്ന കന്നുകാലികൾക്ക് ആല നിർമ്മിച്ച് പിഴ ചുമത്തുക.

9. പഞ്ചായത്ത് നിയമം നൽകുന്ന പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തുക.

10. ബാങ്ക് വായ്പയോടെ വ്യവസായങ്ങൾ തുടങ്ങി വരുമാനം വർദ്ധിപ്പിക്കാം.

11. ഗൾഫ് മലയാളികളുടെ ബാങ്ക് നിക്ഷേപത്തിൽ നിന്ന് വായ്പ എടുത്ത് വരുമാനം ലഭിക്കുനന സംരംഭങ്ങൾ ഏർപ്പെടുത്താൻ കഴിയും.

12. നികുതിയുടെ മിനിമം നിരക്ക് ഉയർത്താനുള്ള നടപടികൾ.

13 ഭരണചെലവ് കുറയ്ക്കൽ

14. വിദ്യാഭ്യാസ ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾക്കുള്ള നിധികൾ സ്വരൂപിക്കൽ

15. ധനകാര്യ സ്ഥാപനങ്ങൾക്കുവേണ്ടിയുള്ള സ്കീമുകൾ തയ്യാറാക്കാൻ പ്രത്യേക സംവിധാനം.

16. പഞ്ചായത്തിന്റെ ചെലവുകൾ സുതാര്യമാക്കാൻ നടപടികൾ.

17. സന്നദ്ധ സംഘങ്ങൾക്കായുള്ള സഹായധന പദ്ധതികൾ ഫലപ്രദമായി ഉപയോഗപ്പെടുത്തൽ.

18. പുറമ്പോക്ക് ഭൂമികൾ വികസന പ്രവർത്തനത്തിനുവേണ്ടി വിനിയോഗിക്കാം.

19. ഉപയോഗശൂന്യമായി കിടക്കുന്ന പഞ്ചായത്ത് സ്റ്റേഡിയം (Ward V) കമ്മ്യൂണിറ്റി ഹാളോ കല്യാണമണ്ഡപമോ ആക്കി വരുമാനം വർദ്ധിപ്പിക്കാം.

20, പരമ്പരാഗത വ്യവസായങ്ങളെ (കൊട്ട, പായ, പനമ്പ് മുതലായവ) പ്രോത്സാഹിപ്പിച്ച് വിഭവം സമാഹരിയ്ക്കാം.

ഉപസംഹാരം

1995 സപ്തംബർ 30 -ാം തിയ്യതിയാണ് പുലാമന്തോൾ ഗ്രാമ പഞ്ചായത്ത് ഭരണസമിതി അധികാരമേറ്റത്. കക്ഷി രാഷ്ട്രീയത്തിനും പ്രാദേശിക പരിഗണനക്കുമതീതമായി ജനകീയ പങ്കാളിത്തത്തോടെ വികസനരംഗത്ത് ഒരു മുന്നേറ്റത്തിന് ഈ ഭരണസമിതി പ്രതിജ്ഞാബദ്ധമാണ്.

പുലാമന്തോൾ ഗ്രാമപഞ്ചായത്ത് പ്രദേശത്ത് വിവിധ വികസന പദ്ധതികൾ കർഷകർക്ക് പ്രയോജനകരമാംവണ്ണം പുനരാവിഷ്കരിക്കാനും അവയുടെ ഗുണങ്ങൾ പൂർണ്ണമായും കർഷകരിൽ എത്തിക്കാനുള്ള നടപടികളും എല്ലാവർക്കും കുടിവെള്ളവും ഗതാഗത സൗകര്യവുമൊരുക്കുന്നതിനുമാണ് പഞ്ചായത്ത് മുൻഗണന നൽകുന്നത്. നിലവിലുള്ള ജലവിതരണ പദ്ധതികളുടെ അപാകതകൾ തീർക്കുന്നതിനും പദ്ധതിയുടെ പ്രയോജനകരമില്ലാത്ത പ്രദേശങ്ങളിൽ ചെറുകിട ഇടത്തരം പദ്ധതികൾ ജനപങ്കാളിത്തത്തോടെ പഞ്ചായത്ത് നേരിട്ട് നടത്തുന്നതിനും ഉദ്ദേശിക്കുന്നു. പഞ്ചായത്തിന്റെ ഈവക അഭിലാഷങ്ങൾ നിറവേറ്റുന്നതിന് ഇന്നത്തെ ജനകീയാസൂത്രണ പരിപാടി വളരെയധികം പ്രയോജനപ്പെടുമെന്ന വിശ്വാസത്തിൽ ഈ പരിപാടി വിജയകരമായി നടത്തുന്നതിന് പരിശ്രമിക്കുന്നുണ്ട്. ഇതിന് കക്ഷി രാഷ്ട്രീയത്തിനും മറ്റു സങ്കുചിത താല്പര്യങ്ങൾക്കും അതീതമായി നല്ല ജനപിന്തുണയും ലഭിക്കുന്നുണ്ട്.

പരിമിതമായ വരുമാനവും സംസ്ഥാന ഗവൺമെൻറിന്റെ ഗ്രാൻറുകളടക്കമുള്ള സാമ്പത്തികസഹായവും കൊണ്ട് കഴിഞ്ഞ ഒരുവർഷക്കാലം പരമാവധി പ്രവർത്തനങ്ങൾ നടത്തുന്നതിന് പഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. കട്ടുപ്പാറ - പൂക്കോട്ടുകുളം റോഡ്, ചേലാർക്കുന്ന് ഹരിജൻ കോളനിറോഡ്, ചെമ്മല പുഴക്കടവ് റോഡ് (അവസാനഭാഗം), കരുവമ്പലം - നീലികാവിൽ കുളമ്പ് റോഡ് (500 മീറ്റർ) തുടങ്ങിയ റോഡുകൾ ടാർചെയ്ത് ഗതാഗത യോഗ്യമാക്കിയത് ഈ കാലയളവിലാണ്. വളപുരം കുന്നത്ത് പള്ള്യാൽ കുളമ്പ്റോഡ്, കുരുവമ്പലം താഴത്തേതിൽ പടി - ഹരിജൻ കോളനി റോഡ് തുടങ്ങിയവ മെറ്റൽ ചെയ്യുന്നതിനും സാധിച്ചിട്ടുണ്ട്.

ദുർബല വിഭാഗങ്ങളിൽപ്പെട്ട എൺപതു പേർക്ക് പുരകെട്ടി മേയുന്നതിന് ധനസഹായവും, ജെ.ആർ.വൈ., ഐ.എ.വൈ, മില്യൺവെൽ തുടങ്ങിയ പദ്ധതികളിലായി നിരവധിപേർക്ക് വീടുണ്ടാക്കുന്നതിനുള്ള ധനസഹായവും നൽകിയിട്ടുണ്ട്. കക്കൂസില്ലാത്ത വീടുകളിൽകക്കൂസ് നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

ആരോഗ്യരംഗത്ത് അലോപ്പതി, ആയുർവ്വേദ ഡിസ്പൻസറികൾ കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള ആശുപത്രികളായി ഉയർത്തുന്നതിനും പഞ്ചായത്തിന് പദ്ധതിയുണ്ട്.

സാംസ്ക്കാരിക വളർച്ചക്കാവശ്യമായ പ്രോത്സാഹനങ്ങൾ നൽകുന്നതിനും കേരളോത്സവംപോലുള്ള പരിപാടികൾ നടത്തുന്നതിനും പഞ്ചായത്ത് വളരെയധികം പ്രാധാന്യം കാണുന്നു. പഞ്ചായത്തിലെ വായനശാലകൾക്ക് പത്രമാസികകൾ വിതരണം ചെയ്യുന്നതോടൊപ്പം നിലവിലുള്ള സാംസ്ക്കാരിക നിലയം കൂടുതൽ ഫലപ്രദമായ റഫറൻസ് ലൈബ്രറിയാക്കുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

ജനകീയാസൂത്രണത്തിന്റെ ഭാഗമായി ഈ പഞ്ചായത്തിൽ നടത്തിയ ശില്പശാലകളും വിശേഷാൽ ഗ്രാമസഭകളും സാന്നിദ്ധ്യം കൊണ്ടും ചർച്ചകൾ കൊണ്ടും സജീവമായിരുന്നു. വികസന രേഖ തയ്യാറാക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കോർ ഗ്രൂപ്പും അർപ്പണമനോഭാവത്തോടെ പ്രവർത്തിച്ചു. സന്നദ്ധ പ്രവർത്തകരുടെ ത്യാഗമനോഭാവത്തോടെയുള്ള പ്രവർത്തനങ്ങൾ പഞ്ചായത്തിന് ഭാവി വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് ആവേശവും ശുഭാപ്തി വിശ്വാസവും നൽകുന്നുണ്ട്.

IX -ാം പഞ്ചവത്സര പദ്ധതിയിൽ, പദ്ധതി

യുടെ 40 % പഞ്ചായത്ത് സമിതികളിലൂടെ ചെല വഴിക്കപ്പെടാൻ പോവുകയാണ്. വികസന പദ്ധതിക ളാവട്ടെ, ഗുണഭോക്താക്കളായ ജനങ്ങളുടെ അഭി പ്രായങ്ങളും നിർദ്ദേശങ്ങളും ഉൾപ്പെടുത്തി തയ്യാറാ ക്കിയവയാണ്. തീർച്ചയായും ഈ സംരംഭം വിജയി ക്കുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

പുലാമന്തോൾ പഞ്ചായത്തിലെ 30,000 ത്തോളം വരുന്ന ജനങ്ങൾ അഭിമുഖീകരിക്കുന്നവിവിധ പ്രശ്ന ങ്ങളാണ് ഗ്രാമസഭകളിലൂടെ സമാഹരിച്ചിട്ടുള്ളത്. സംസ്ഥാന സർക്കാരിന് ലഭ്യമാകുന്ന പദ്ധതിവിഹി തത്തിന്റെ പകുതി തന്നാൽപോലും നമ്മുടെ പ്രശ്ന ങ്ങൾക്ക് പരിഹാരം കാണാനാവില്ല എന്നുറപ്പാണ്. എങ്കിലും നമ്മുടെ പഞ്ചായത്തിലെ വിഭവങ്ങളും സാധ്യതകളും വിലയിരുത്തി, പ്രശ്നങ്ങളുടെ മുൻഗ ണനാക്രമം നിശ്ചയിച്ച് പരിഹാരമാർഗ്ഗം തേടേണ്ട തുണ്ട്. കക്ഷിരാഷ്ട്രീയ, മത ചിന്തകൾക്കതീതമായി പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടേയും ആത്മാർത്ഥമായ സഹായസഹകരണം നമുക്കുണ്ടാ ക്കിയെടുക്കണം.

പഞ്ചായത്തിൽ എല്ലാ മേഖലയിലും നിലവി ലുള്ള വിഭവങ്ങളെക്കുറിച്ചും ലഭ്യമായ വിവരങ്ങൾ വച്ചുകൊണ്ടുള്ള ഒരു വികസനരേഖ വിശദമായി ചർച്ച ചെയ്യുന്നതിന് ഇവിടെ സമർപ്പിക്കുന്നു.

കെ.ടി. ഫാത്തിമസുഹറ
പ്രസിഡണ്ട്
പുലാമന്തോൾ ഗ്രാമപഞ്ചായത്ത്

കുറിപ്പുകൾ

വികസന രേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

ചരിത്രം

1. കെ. അബുഹാജി
2. കെ.ടി. ജമാൽ
3. പി.പി.കെ. പൊതുവാൾ
4. ടി. സെയ്തലവിക്കുട്ടി
5. സി.പി. ചിത്രഭാനു

കൃഷി, ജലസേചനം

1. കെ.കെ. ഹൈദ്രസ്
2. കെ.പി. മുഹമ്മദ്മാസ്റ്റർ
3. കെ. ഹംസക്കുട്ടി
4. വേണുപാലൂർ
5. വി.യു. സദാനന്ദൻ
6. സി.ആർ. മാസ്റ്റർ
7. മഠത്തിൽ അബ്ദുറഹിമാൻ
8. പി. രാമൻനായർ

വിദ്യാഭ്യാസം

1. കെ. അബ്ദുഹാജി
2. കെ.ഐ. മുഹമ്മദ്കുട്ടി
3. പി.ഡി. സുഭാഷ്
4. വി.കെ. ശശിധരൻ

കുടിവെള്ളം - ആരോഗ്യം

1. പി.കെ. ഉണ്ണികൃഷ്ണപണിക്കർ
2. കെ.ടി. ജമാൽ
3. ടി.ജെ. അബ്രഹാം
4. എം. മുകുന്ദൻ
5. കെ. ഷാനവാസ് B.Tech
6. ഡോ. വാസുദേവൻ

മത്സ്യബന്ധനവും മൃഗപരിപാലനവും

1. എം. മുസ്സഹാജി
2. പി.ടി. മൊയ്തീൻ
3. കെ. മോഹൻദാസ്
4. കെ. സതീഷ്

വ്യവസായം

1. എം. മൂസ്സഹാജി
2. എൻ. മണിലാൽ
3. എ.കെ. അച്യുതാനന്ദൻ

ഗതാഗതം, ഊർജം, മാർക്കറ്റ്

1. കെ.ടി. നാരായണൻകുട്ടി
2. കെ.പി. മുഹമ്മദ്കുട്ടി
3. കെ. അബ്ദുറഹിമാൻമാസ്റ്റർ
4. കെ. ഉസ്മാൻമാസ്റ്റർ

സാമൂഹ്യക്ഷേമവും പാർപ്പിടവും

1. തങ്കമ്മ ക്ലമൻറ്
2. എൻ. അബുബക്കർ
3. എം.ഇ. സെയ്തലവി
4. മോഹൻ പൂവത്തിങ്ങൽ
5. വേലു

സംസ്ക്കാരം

1. എ. സരോജിനി
2. സി.വി. മുരളി
3. എൻ. ഹംസമൗലവി
4. സി. മുസ്തഫ
5. അനിയൻ പുളിക്കീഴ്

വനിത

1. എ. സരോജിനി
2. സി.വി. മുരളി
3. പി.സി. രുഗ്മിണി ദേവി
4. ശാരദ

സഹകരണം


1. പി. വിജയലക്ഷ്മി
2. എൻ.പി. മരക്കാർ
3. വി.കെ. ഉസ്മാൻ
4. ടി. ഹംസ
5. സി. ഹംസ
6. കെ. മനോഹരൻ

പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം

1. പി. ഭാസ്ക്കരൻ
2. എൻ. മണിലാൽ
3. എം. ചാത്തൻ
4. കെ.ടി. വേലായുധൻ
5. ടി.കെ. വേലായുധൻ
6. പി. വാസു

വിഭവസമാഹരണം

1. ഉസ്മാൻമാസ്റ്റർ
2. പി. രാമചന്ദ്രൻമാസ്റ്റർ
3. പി. മുഹമ്മദ്കുട്ടി
4. സി. ഗോവിന്ദൻ



അധികാരം ജനങ്ങളിലേക്ക്